# ആമുഖം

കൃതികളെക്കുറിച്ചുള്ള നമ്മുടെ ഓരോ പ്രസ്താവത്തിലും ഒരു മൂല്യനിർണ്ണയമുണ്ട്. അതാകട്ടെ, അദൃശ്യമായ ചില മൂല്യസംഹിതകളുമായി — പ്രത്യയശാസ്ത്രമണ്ഡലങ്ങളുമായി — ബന്ധപ്പെട്ടിരിക്കുന്നു’’ (സച്ചിദാനന്ദൻ).

നാട്ടുവഴികളിലൂടെയും നാട്ടുമൊഴികളിലൂടെയുമുള്ള സഞ്ചാരങ്ങൾ സമൂഹപരിണാമത്തിന്റെ സൂക്ഷ്മചരിത്രങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. ഭാവനയും യാഥാർത്ഥ്യവും തിരിച്ചറിയാനാവാത്തവിധം ദേശചരിത്രത്തിൽ കലർന്നുകിടക്കുന്നതുകൊണ്ട് കൃതികളുടെ ഘടനയ്ക്കുള്ളിൽ അതു രാസപ്രവർത്തനം നടത്തുന്നു. ഒരു ദേശത്തിന്റെ ചരിത്രമെന്നാൽ സമൂഹപരിണാമത്തിന്റെ ചരിത്രമാണ്. പ്രാചീനസാഹിത്യകൃതികൾ കേരളസമൂഹപരിണാമത്തിന്റെ സൂക്ഷ്മചരിത്രം രചിക്കാനുള്ള ഉപാദാനങ്ങളാണ്. ദേശചരിത്രത്തെ തിരിച്ചറിയാനുള്ള വഴികളിൽ ചരിത്രാന്വേഷണത്തിനുള്ള ഉപാദാനങ്ങളും സംസ്കാരവിശകലനത്തിനുള്ള മാതൃകകളുമായി നിലകൊള്ളുകയാണു പ്രാചീനസാഹിത്യഗ്രന്ഥങ്ങൾ. എല്ലാ വിജ്ഞാനവ്യവഹാരങ്ങളെയുംപോലെ സാഹിത്യവും ഭാവനാനിഷ്ഠമാണ്. സാഹിത്യം ഭാഷയുടെ വിശേഷനിർവഹണരൂപമാണ്. ഭാഷയും സാഹിത്യവും സംസ്കാരവും ചരിത്രവും ഇടകലരുന്ന ചിന്തകളാണ് ഈ ഗ്രന്ഥത്തിലെ ഗവേഷണപ്രബന്ധങ്ങൾ മുന്നോട്ടുവയ്ക്കുന്നത്.

സാഹിത്യത്തിനും ചരിത്രത്തിനും ഒരുപോലെ സ്വീകാര്യമായ യുക്തികളിലൂടെ പ്രാചീന കേരളദേശത്തിന്റെ നാട്ടുവാണിയപാരമ്പര്യം സ്ഥാപിക്കപ്പെടുകയാണ് കെ. വി. ദിലീപ്കുമാറിന്റെ നാട്ടുവാണിയത്തിന്റെ കാണാപ്പുറങ്ങളിൽ. വസ്തുക്കൾ ചില വ്യാവഹാരിക യുക്തികളിലൂടെ അവയുടെ ചരിത്രം പ്രഖ്യാപിക്കുന്നുവെന്നതു മനുഷ്യകേന്ദ്രിത ജീവിതസങ്കല്പങ്ങൾക്കുമേലുള്ള തിരുത്തിയെഴുതലാകുന്നു.

ഭാഷയുടെ ശാസ്ത്രീയമായ പാരമ്പര്യാന്വേഷണമാണ് ടി. ബി. വേണുഗോപാലപ്പണിക്കർ നടത്തുന്നത്. ദ്രാവിഡവും പ്രാകൃതവും തമ്മിലുള്ളബന്ധം മുൻപുതന്നെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. മലയാളവും

പ്രാകൃതവും തമ്മിലുള്ള ബന്ധം സജീവമായ ചർച്ചയ്ക്കു വിഷയമായിട്ടുമില്ല. മലയാളവും പ്രാകൃതവും തമ്മിലുള്ള ബന്ധത്തെ ലീലാതിലകമുൾപ്പെടെയുള്ള ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മവിശകലനം നടത്തുകയാണു വേണുഗോപാലപ്പണിക്കർ.

പി. ശ്രീകുമാറിന്റെ 'അക്കാദമികഭാഷ: തത്ത്വം, സങ്കേതം, പ്രയോഗം' അക്കാദമികഭാഷാപ്രയോഗത്തിന്റെ യുക്തിയെയും ശാസ്ത്രീയതയെയും കുറിച്ചുള്ള വേറിട്ട അന്വേഷണമാകുന്നു. അക്കാദമിക് രചനകളിൽ ഏർപ്പെടുന്ന യുവഗവേഷകർക്കു വഴികാട്ടുന്ന മാതൃകയിലാണ് ശ്രീകുമാർ ഈ പുതുസമീപനം അവതരിപ്പിച്ചിരിക്കുന്നത്.

Translating Identity: Apocalypse and Rebirth in Basheer's Ntuppuppa-ൽ മുഹമ്മദ് ഷെഫീക്ക് ബഷീറിന്റെ *ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു*വിനെ മുൻനിർത്തി മുസ്ലീം സമുദായത്തിന്റെ സംസ്കാരചരിത്രമാതൃകകളുടെ വിവർത്തനീയത വിശകലനം ചെയ്യുന്നു.

മലയാളത്തിലെ കാലഭേദപ്രത്യയങ്ങളെക്കുറിച്ചു പി. റ്റി. എബ്രഹാം എഴുതുന്നു. കാലഭേദപ്രത്യയങ്ങളും പ്രയോഗങ്ങളും മലയാളത്തിന്റെ കാലപ്രകരണചർച്ചയിൽ സജീവമാകാനിടയുണ്ട്. ഭൂത-ഭൂതേതരകാലഭേദങ്ങൾ മലയാളവ്യാകരണത്തിലെ പുതിയ അന്വേഷണങ്ങൾക്കു വഴിമരുന്നിടുകയാണ്.

അന്വേഷണത്തിന്റെ സമഗ്രതകൊണ്ടും ആഖ്യാനയുക്തികൾകൊണ്ടും മലയാളസാഹിത്യപഠനത്തിൽ സ്കറിയാ സക്കറിയയുടെ വാക്കു കാണൽ - ഗദ്യത്തിലെ പഴമകളും പുതുമകളും ശ്രദ്ധേയമാകുന്നു. പ്രകരണനിഷ്ഠമായ വായനയിൽനിന്നു വായനക്കാരൻ വ്യക്തിനിഷ്ഠമായി സ്വരൂപിക്കുന്നതാണു വാക്കിന്റെ അർത്ഥബോധം എന്നു സാഹിത്യ-ഭാഷാശാസ്ത്ര-സമൂഹപഠനസിദ്ധാന്തങ്ങളുടെ പുനർവായനയിൽ സ്കറിയാ സക്കറിയ കണ്ടെത്തുന്നു.

ഈ ലക്കത്തിലെ ഗവേഷണരംഗത്തിനും സവിശേഷതയുണ്ട്. കൊടുങ്ങല്ലൂരിന്റെ സാംസ്കാരികത്തനിമയും കേരളീയാവബോധവും എന്ന ഗവേഷണപ്രബന്ധത്തെ രാഘവൻ പയ്യനാട് വിലയിരുത്തുന്നു. കേരളസമൂഹരൂപീകരണത്തിന്റെ സൂചനകളെ ഭാഷാനിഷ്ഠമായി വിവരിച്ചെടുക്കാനുള്ള സി. ആദർശിന്റെ ശ്രമങ്ങളുടെ ഗൗരവം ചോർന്നുപോകാതെ രാഘവൻ പയ്യനാട് എഴുതുകയാണ് ഗവേഷണരംഗത്തിൽ.

**ഡോ. ജോസഫ് സ്കറിയ**
ഇഷ്യു എഡിറ്റർ

# നാട്ടുവാണിയത്തിന്റെ കാണാപ്പുറങ്ങൾ

ദിലീപ്കുമാർ കെ. വി.

## മുൻകുറി

മനുഷ്യർക്കുമാത്രമല്ല, അവർ ഉപയോഗിച്ചുപോരുന്ന ഉപഭോഗവസ്തുക്കൾക്കുമുണ്ട് സാമൂഹികവും സാംസ്കാരികവുമായ ഒരു ജീവിതം. വ്യക്തികളുടെ ജീവചരിത്രങ്ങൾ ദേശചരിത്രത്തിലെയും ലോകചരിത്രത്തിലെയും ഇരുൾമൂടിയ ഇടങ്ങളിലേക്കു വെളിച്ചം വീശുന്നത് നമുക്കു കാണാം(1). മനുഷ്യർ ഉപയോഗിക്കുന്ന വസ്തുക്കൾക്കുമുണ്ട്, ഇതുപോലെ പ്രസക്തമായ ജീവചരിത്രം. ആദ്യത്തെ വകുപ്പിൽപെട്ടവ ബൃഹച്ചരിത്രങ്ങളും(macro histories) രണ്ടാമത്തെ വകുപ്പിലുള്ളവ സൂക്ഷ്മചരിത്രങ്ങളും(micro histories)ആണ്. എന്നാൽ രണ്ടാമതു പറഞ്ഞവ, പക്ഷേ, വേണ്ടവിധത്തിൽ എഴുതപ്പെട്ടിട്ടില്ല. വ്യക്തികളെപ്പോലെ, ചരക്കുകളും ഒറ്റപ്പെട്ട പ്രതിഭാസങ്ങളല്ല, അവ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു സങ്കീർണഘടനയുടെ സാമ്പത്തികാംശമാണ്. ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ട് മധ്യകാലകേരളത്തിലെ അങ്ങാടിച്ചരക്കുകളുടെ സാമൂഹിക-സാംസ്കാരികജീവിതത്തിലേക്കുള്ള ഒരന്വേഷണമാണ് ഇവിടെ നടത്തുന്നത്:

മലനാടിന്റെ പുറവാണിയം—വിദേശക്കച്ചവടം—പണ്ടേ സാമ്പ്രദായികചരിത്രകാരന്മാർക്കു ഹരമാണ്. അവരതിനെ പലപാടു പ്രകീർത്തിച്ചിട്ടുമുണ്ട്. എന്നുതന്നെയല്ല, നമ്മുടെ രാജചരിത്രങ്ങളധികവും വിദേശികളുമായി കച്ചവടമുറപ്പിച്ചതിന്റെയും അവർക്ക് ഇവിടെ പാളയവും പാണ്ടികശാലയും കെട്ടാൻ അനുവാദം കൊടുത്തതിന്റെയുമാണല്ലോ. എന്നാൽ വേണ്ടവിധം ചരിത്രാന്വേഷകരുടെ കണ്ണെത്താത്ത ഒരു മേഖലയാണ് കേരളത്തിലെ നാട്ടുവാണിയം. ആവശ്യമായ രേഖകൾ ലഭ്യമാവാഞ്ഞതോ മാമൂൽചരിത്രാഖ്യാനങ്ങളിൽ ഇവ പ്രസക്തമാവാതെ പോയതോ ആയിരിക്കാം കാരണം. വാണിയം മാത്രമല്ല, മറ്റു തരത്തിലുള്ള വിനിമയങ്ങളും — കാഴ്ച, ദാനം, വഴിപാട് — അന്വേഷണപരിധിയിൽ വരാവുന്നതാണ്. എന്തായാലും പുറവാണിജ്യത്തെ

പ്പറ്റിയുള്ള സൂചനകൾ വച്ചുകൊണ്ടു മാത്രം പ്രാചീന-മധ്യകാലകേരളത്തിന്റെ വാണിജ്യചരിത്രം മെനഞ്ഞെടുക്കാനാവില്ല; സാമ്പത്തികജീവിതത്തിലേക്കു കടന്നുചെല്ലാനുമാവില്ല.

പതിമൂന്നാം നൂറ്റാണ്ടിന്റെ രണ്ടാംപാതിമുതൽക്കെങ്കിലും നാട്ടുവാണിയവുമായി ബന്ധപ്പെട്ട വിവരണങ്ങളും പരാമർശങ്ങളും മലയാളകൃതികളിൽ കണ്ടുവരുന്നുണ്ട്. മുഖ്യമായും പ്രാചീന മണിപ്രവാളകൃതികളിലും *പയ്യന്നൂർപ്പാട്ടി*ലും കാണുന്ന അങ്ങാടിവിവരണങ്ങളെടുക്കുക. കിട്ടിയേടത്തോളം രചനകളിൽ, നീണ്ടവിവരണങ്ങൾ കാണുന്നത് *ഉണ്ണിയാടീചരിതം*, *ഉണ്ണുനീലിസന്ദേശം*, *അനന്തപുരവർണ്ണനം* എന്നിവയിലാണ്. സമാന്തരമായി *മന്ത്രാങ്കം ആട്ടപ്രകാര*ത്തിലുമുണ്ട് സാമാന്യം വിസ്തൃതമായൊരു അങ്ങാടിവിവരണം. അന്നത്തെ കേരളത്തിലെ ഉല്പാദനം, വിപണനം, ഉപഭോഗം എന്നിവയിലേക്കു വെളിച്ചംവീശാൻപോന്ന സൂചനകളാണവ.

ഒരുകാര്യം പ്രത്യേകം പറയേണ്ടതുണ്ട്. മണിപ്രവാളകാവ്യങ്ങളിൽ തെളിയുന്നത് അക്കാലത്തെ അങ്ങാടികളുടെ ഒരു യഥാതഥപരിച്ഛേദമാണ്. ആ വഴി പലപ്പോഴും കടന്നുപോയ കവികളുടെ നേരനുഭവംതന്നെ. എന്നാൽ *മന്ത്രാങ്ക*ത്തിൽ വിവരിക്കുന്നതാവട്ടെ, ഉജ്ജയിനിയിലെ ശാഖാനഗരവും. ഭാസന്റെ *പ്രതിജ്ഞായൗഗന്ധരായണ*ത്തിലെ ഒരങ്കമാണിത്. മഹാസേനന്റെ തടവിൽ കിടക്കുന്ന ഉദയനരാജാവിനെ മോചിപ്പിക്കാൻ അദ്ദേഹത്തിന്റെ മന്ത്രിമാർ വേഷം മാറിനടക്കുന്നതാണ് *മന്ത്രാങ്ക*ത്തിലെ കഥാസന്ദർഭം. അവിടത്തെ അങ്ങാടിയിൽ കാണുന്ന ചരക്കുകളെന്ന നിലയ്ക്കാണ് വിദൂഷകൻ ഇവ വിവരിക്കുക. പക്ഷേ, എല്ലാം കേരളത്തിലെ നാട്ടുചന്തകളിൽ വിറ്റഴിഞ്ഞവതന്നെ. *അനന്തപുരവർണ്ണന*ത്തിലും *മന്ത്രാങ്ക*ത്തിലും ഒരേ ചരക്കുകൾ ഇങ്ങനെ പ്രത്യക്ഷപ്പെടുന്നതു കാണാം:

1. വടുവട്ടി കലപ്പെട്ടു
   ചീട്ടു കഞ്ചട്ടി ചട്ടുകം (*മന്ത്രാങ്കം*)

   കട്ടിൽ വട്ടി കലൈപ്പട്ടു
   ചട്ടി വട്ടക ചട്ടുകം (*അനന്തപുരവർണ്ണനം*)

2. കുപ്പി തൊപ്പികൾ കർപ്പൂരം (*മന്ത്രാങ്കം*)
   ഇപ്പി കുപ്പി തലൈത്തൊപ്പി (*അനന്തപുരവർണ്ണനം*)

3. വെള്ളു(വെള്ളി?) വെള്ളരി വെള്ളിക്കോൽ (*മന്ത്രാങ്കം*)
   വെള്ളി വള്ളരി വെള്ളകിൽ (*അനന്തപുരവർണ്ണനം*)

4. പാര കോരിക ചൂരക്കോൽ
മേലരി ചീര ചീരകം (*മന്ത്രാങ്കം*)

കാരയും താരിയും താരും
ചീരകം ചീര കോരിയ(ക) (*അനന്തപുരവർണ്ണനം*)

5. കിണ്ടി കുണ്ടിക തണ്ടക്കോൽ (*മന്ത്രാങ്കം*)
കിണ്ടി കുണ്ടിക തണ്ടിക (*അനന്തപുരവർണ്ണനം*)

ഈ സാദൃശ്യം കേവലം ആകസ്മികമാണെന്നു കരുതാനാവില്ല. കൂത്ത്-കൂടിയാട്ടപ്രയോഗങ്ങളുടെ സ്വാധീനം മണിപ്രവാളകൃതികളിൽ പലപാടു തെളിയുന്നുണ്ട്. ദൃശ്യ-ശ്രാവ്യമാതൃകകൾ ഇങ്ങനെ മുന്നിലുള്ളപ്പോൾ കവികൾക്ക് ഈ ശൈലി പകർത്താൻ മറ്റു കാരണങ്ങൾ ആവശ്യമില്ല.

മേൽപ്പറഞ്ഞ വിവരണങ്ങളെ വേണ്ടപോലെ വിശകലനം ചെയ്താൽ അന്നത്തെ ജീവികാസമ്പാദനം, സമൂഹരൂപീകരണം, കച്ചവടബന്ധങ്ങൾ, ഉപഭോഗസംസ്കൃതി എന്നിവയിലേക്കു തിരിയുന്ന നാട്ടുവഴികളിൽ ചെന്നെത്താം. അതെങ്ങനെയാണെന്നു വഴിയേ പറയും.

ഒരു ചരക്കിനെ നിർവചിക്കുന്നതും അതിന്റെ മൂല്യം നിർണ്ണയിക്കുന്നതും സാമൂഹിക-സാംസ്കാരികസന്ദർഭങ്ങളിൽ അതിന്നുള്ള ഉപയുക്തതയാണ്. അതായത്, ചരക്ക് ഒരാവശ്യത്തിന്റെ(demand) സൂചകമാണ് എന്നർത്ഥം. നാട്ടിൽ ഒരുപയോഗവുമില്ലാത്ത ഒരു വസ്തുവിന് ചരക്ക് എന്ന പദവി(commodity-hood) ലഭിക്കില്ല. എന്നുതന്നെയുമല്ല, ഒരു കേവലവസ്തു, ഒരു ചരക്കാവുന്നത്, അതിന് അങ്ങാടികയറാനുള്ള സാംസ്കാരികാനുമതി കിട്ടുമ്പോൾ — അതിന്റെ വിനിമയമൂല്യം അംഗീകൃതമാവുമ്പോൾ — മാത്രമാണ് (Appadurai 1998: 41) എന്നിരിക്കെ മണിപ്രവാളകൃതികളിലെ അങ്ങാടിവിവരണങ്ങൾ ചെന്നുതൊടുന്ന ചരക്കുകൾ — കട്ടിലോ പിഞ്ഞാണമോ പട്ടോ മുലക്കച്ചയോ മീനോ മരുന്നുകളോ ഒക്കെ — ആ വാക്കുകളുടെ വാച്യാർത്ഥങ്ങൾക്കപ്പുറത്തേക്കു ചെല്ലുന്ന സൂചകങ്ങളാണെന്നു കാണണം. ഒരു ചരക്ക് എപ്പോൾ, എങ്ങനെ ഉപയോഗിക്കുന്നു, അതിനു കല്പിക്കുന്ന സ്ഥാനം — ദിവ്യത്വം/ ശുദ്ധി — എന്ത് തുടങ്ങിയവയൊക്കെ അതതു ദേശകാലസംസ്കാരങ്ങൾക്കു ചേരുംപടിയായിരിക്കും. ഇങ്ങനെ നോക്കിയാൽ ഒരു വസ്തുവിന്റെ സാന്നിധ്യം സംസ്കാരചിഹ്നമാവുമെന്നു പറയണം. തുരിക്കച്ചേലയും പൂണൂലും രണ്ടു സമുദായങ്ങളെ പ്രതിനിധീകരിക്കുന്നത് ഇതുകൊണ്ടാണ്. ഈ ബന്ധങ്ങളെ താഴെക്കാണുംവിധം വിവരിക്കാം:




ഇത്രയുമെത്തുമ്പോൾ ചില പുതിയ ചോദ്യങ്ങൾ ഉയർന്നുവരാം: ഈ അങ്ങാടികളുടെ സ്വഭാവമെന്തായിരുന്നു? ഏതൊക്ക ചരക്കുകൾക്കായിരുന്നു വിപണിയിൽ സ്ഥാനമുണ്ടായിരുന്നത്? അന്യദേശങ്ങളിൽനിന്ന് ആരൊക്കെ യാണ് മലനാട്ടിലേക്കു കച്ചവടത്തിനു വന്നിരുന്നത്? കിണ്ണം ചട്ടി, കോരിക, കലം തുടങ്ങിയവയ്ക്കൊപ്പം ചരക്കും ഉരുളിയും (ചെമ്പു)കിടാരവും വരുന്നത് എന്തുകൊണ്ട്? നാട്ടുചന്തകളിൽ പരക്കെ കാണുന്ന ഓട്ടുപാത്രങ്ങൾ എന്തിന്റെ സൂചകങ്ങളാണ്? നാട്ടുനെല്ലുകളായ മോടൻ, കുറുവ, പൊങ്കാളി തുടങ്ങിയവയ്ക്കൊപ്പം വരവിനങ്ങളായ പാണ്ഡിയനും ചോഴനും കൊങ്ങണനും (കരക്കൊങ്ങണൻ-*ഉണ്ണുനീലിസന്ദേശം*, പൂർവഭാഗം, ശ്ലോ. 82) വില്പനക്കെത്തിയത് എന്തുകൊണ്ട്? അങ്ങാടിയിലെ മത്സ്യവൈവിധ്യം നൽകുന്ന സൂചനയെന്ത്? ഏതു തരം തുണികൾക്കായിരുന്നു നാട്ടിൽ പ്രചാരം? തുണിക്കൊപ്പം തൊപ്പി, തലേക്കെട്ട്, മുലക്കച്ച തുടങ്ങിയ പണിതീർന്ന(ready-made) വസ്തുക്കളും വിപണിയിലെത്തിയതെന്തുകൊണ്ട്? ഇവയുടെ ഉപഭോക്താക്കൾ ആരായിരുന്നു? ആഭരണങ്ങളുടെ ഗുണനിലവാരം ഗണിച്ചതെങ്ങനെ? ഒരേ അങ്ങാടിയിൽ സ്വദേശിയും പരദേശിയുമായ പലതരം നാണയങ്ങൾ കൈമാറ്റത്തിന്നെത്തുന്നതെന്തുകൊണ്ട്? നാണയങ്ങളുടെ മൂല്യം കണക്കാക്കിയിരുന്നതെങ്ങനെ? ഈ ചോദ്യങ്ങൾക്കൊന്നും പക്ഷേ, ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമില്ല. എന്നുവച്ച്, ഈ ചോദ്യങ്ങൾ തള്ളിക്കളയേണ്ടവയല്ല. കേരളചരിത്രത്തിന്റെ പരമ്പരാഗതദിശ തെറ്റിക്കാനുള്ള ഉപാദാനങ്ങൾ ഇവയുടെ ഉത്തരത്തിലുണ്ട്.

## അങ്ങാടിമാഹാത്മ്യം

കാർഷികരംഗത്തിന്റെ—മുഖ്യമായും നാണ്യവിളക്കൃഷികളുടെ— അഭിവൃദ്ധിയാണു മധ്യകാലകേരളത്തിന്റെ മുഖമുദ്ര. അന്നത്തെ പേർപെറ്റ നഗരങ്ങളാകട്ടെ, വാണിജ്യസ്ഥാനങ്ങളെന്ന നിലയ്ക്ക് അല്ലെങ്കിൽ കാർഷിക-കാർഷികേതരോല്പന്നങ്ങളുടെ വിനിമയസ്ഥാനങ്ങളെന്ന നിലയ്ക്കാണ് വിളിപ്പെട്ടിരിക്കുന്നതും (അച്യുതനുണ്ണി, രാഘവവാരിയർ 2007: 12). അതുകൊണ്ടുതന്നെ അക്കാലത്തെ സവിശേഷമായ ഒരു പൊതുസ്ഥലമായിരുന്നു (public space) തെക്കും വടക്കും കേരളത്തിലങ്ങിങ്ങ് തെഴുത്തുവന്നിരുന്ന വാണിയങ്ങൾ അഥവാ അങ്ങാടികൾ. നഗരങ്ങളോടോ തുറമുഖങ്ങളോടോ ക്ഷേത്രസങ്കേതങ്ങളോടോ അടുപ്പിച്ചു കച്ചവടം നടത്താനുള്ള സ്ഥിര/അസ്ഥിരസ്ഥാനങ്ങളെയാണ് അങ്ങാടി എന്നു പറയുക. കായങ്കുളം, കരിയനാട്, പുത്തിടം (*ഉണ്ണുനീലിസന്ദേശം*), ശ്രീപർവതം (*ഉണ്ണിയാടീചരിതം*), അനന്തപുരം (*അനന്തപുരവർണനം*), തിരുമരുതൂർ (*ഉണ്ണിയച്ചീചരിതം*) എന്നീ അങ്ങാടിസ്ഥാനങ്ങളെപ്പറ്റിയുള്ള വിവരണങ്ങളാണു മണിപ്രവാളകൃതികളിൽ കിട്ടാനുള്ളത്. ഇവയിൽ കരിയനാടുചന്തപോലെയുള്ളവ അസ്ഥിരസങ്കേതങ്ങളാണ്.

ചൂഴം വിൽക്കും വിവിധവിഭവം നോക്കിനാലുച്ചയോളം
കോഴിക്കോടും പുനരതിനെടോ കൊല്ലവും തുല്യമല്ല.
ആഴിപ്പെണ്ണും നിഖിലജനവും വൈകിനാൽ വാങ്ങുമസ്മിൻ
കോഴിക്കൂടും ചെറിയകുറുമാർപോലുമില്ലങ്ങുപിന്നെ

(പൂ. സ. 125)

കായങ്കുളം, പുത്തിടം, ശ്രീപർവതം, അനന്തപുരം അങ്ങാടികൾ സ്ഥിരസ്ഥാനങ്ങളാണെന്ന പ്രതീതിയുളവാകുന്നു.

രണ്ടുതരത്തിലാണ് ഈ കൃതികളിൽ അങ്ങാടി പ്രത്യക്ഷപ്പെടുന്നത്. ഒന്ന്, നാടനും മറുനാടനുമായ പലതരം ചരക്കുകളുടെ വിവരണമായിട്ട്.

അനന്തതീർത്ഥമാടാമ-
ങ്ങനന്തേനൈവ നിർമ്മിതം
പാപഘ്നമാടിനാൽ പിന്നെ-
രാവണശ്രേണികാണലാം. (ശ്ലോ: 40)

എന്നു വിഭവസമൃദ്ധമായി തെളിഞ്ഞുവരുന്ന അങ്ങാടിത്തെരുവുകളിലേക്കാണ് *അനന്തപുരവർണ്ണന*ത്തിൽ കവി വായനക്കാരനെ ക്ഷണിക്കുന്നത്. പദ്മനാഭദർശനത്തേക്കാൾ പ്രാമുഖ്യം കൊടുക്കുന്നത് അങ്ങാടിക്കാഴ്ചകൾക്കാണെന്ന പ്രതീതിയാണുണ്ടാവുന്നത്. നെല്ലും തേങ്ങയും മരുന്നും

മീനും ചട്ടിയും കലവും തുണിക്കെട്ടുകളും പലതരം നാണയങ്ങളും ലോഹ നിർമിതികളുമെല്ലാമായി അങ്ങാടികൾ നിറന്നു തികന്നുനിൽക്കുകയാണ്.

രണ്ടാമതായി, കൊടുക്കൽ/വാങ്ങൽ പ്രക്രിയകളുമായി ബന്ധപ്പെട്ട സംഭാഷണങ്ങളുടെ രൂപത്തിലും അങ്ങാടികൾ ഭാഷാഗവേഷകരുടെ ശ്രദ്ധ യിലേക്കു കയറുന്നു. മേൽപ്പറഞ്ഞ കൃതികളിലെല്ലാം ഒരേപോലെയല്ല ചര ക്കുകളെ അവതരിപ്പിക്കുന്നത്. *ഉണ്ണിയച്ചീചരിത*ത്തിൽ ചരക്കുകളുടെ നേരി ട്ടുള്ള വിവരണമില്ല, മറിച്ച് ഈ പേരുകൾ കടന്നുവരുന്നത് അങ്ങാടിയിലെ വിലപേശലുകളുടെ രൂപത്തിലാണ്:

1. കമ്പിയൊരെൺപതു നമ്പി പറൈഞ്ഞതു-
   ചെമ്പുനിറത്തിനതയ്മ്പതു പോരും

2. പുഴ്ക്കരമൂലമമുക്കിരവും കൊൾ..

(*ഉണ്ണിയച്ചീചരിതം*, ഗദ്യം 12)

3. പരൽക്കു പത്യനെൽ കൊള്ളേൻ
   വാഴൈക്കാക്കു വരാൽ തരാം...
   ചോളന്തരിക വാഴെക്കു
   കോളല്ല പുഴമീനിതു
   വിളക്കിൻ നെയ്ക്കു തേങ്ങാകൊൾ
   കളിക്കൊട്ടയുവപ്പു ഞാൻ ....

(*അനന്തപുരവർണ്ണനം*: ശ്ലോകം 88, 90)

4. ചോണാടെല്ലാം മിളകു പിരിയം, ചോഴിയക്കാടു ചത്താൻ
   വേണാട്ടിക്കിത്തിരമമഴിയും വെച്ചിയൂർച്ചെന്റിതൊണ്ടോ... (63)

   പത്തോ കൊണ്ടൂ പരിച? പനിനീർ മറ്റു മുന്നേതു നല്ലൂ
   കുത്തോ കാചൊന്റതിനു തിരമം ചൊല്ലു നീ കാരിതേവാ (85)

(*ഉണ്ണുനീലിസന്ദേശം*, പൂർവഭാഗം, ശ്ലോ. 63, 85)

എന്നിങ്ങനെ പറഞ്ഞും തർക്കിച്ചും മലയാളികളും പരദേശികളും അങ്ങാടി കളിൽ നിറഞ്ഞുതുളുമ്പുന്ന കോലാഹലങ്ങളും ഇവിടങ്ങളിൽ കേൾക്കാം. അന്നത്തെ കവികളുടെ നാട്ടഭിമാനത്തിന്റെ സൂചകങ്ങൾകൂടിയാണിവ. അതുകൊണ്ടുതന്നെ പലപ്പോഴും പ്രാദേശികമായ ഈ വിനിമയസ്ഥാനങ്ങളെ അക്കാലത്തെ പേർപെറ്റ നഗരങ്ങളോടോ(കൊടുങ്ങല്ലൂർ, കോഴിക്കോട്, മംഗ ലാപുരം, ദോരസമുദ്രം തുടങ്ങിയവ) പുരാണപ്രസിദ്ധങ്ങളായ നഗരങ്ങളോ ടോ(അളക, അമരാവതി) താരതമ്യം ചെയ്യുന്നതു കാണാം.

## വിഭവപ്പെരുപ്പം:

അതവിടെ നിൽക്കട്ടെ, നമുക്കു വിവരണങ്ങളിലേക്കു തിരിയാം. *മന്ത്രാങ്ക*ത്തിൽ അറുനൂറോളവും *ഉണ്ണിയാടിചരിത*ത്തിൽ ഇരുനൂറ്റമ്പതിന്നടുത്തും *അനന്തപുരവർണ്ണന*ത്തിൽ ഇരുനൂറ്റിയിരുപതിലധികവും *പയ്യന്നൂർപാട്ടി*ൽ നൂറ്റിയെൺപതോളവും *ഉണ്ണുനീലിസന്ദേശ*ത്തിൽ എൺപതിന്നടുത്തും ചരക്കുകളുടെ പേർ പറഞ്ഞു കാണുന്നു(2). *ഉണ്ണിയാടീചരിത*ത്തിലെ ചരക്കുകളുടെ പട്ടികമാത്രം താഴെക്കൊടുക്കട്ടെ:

> മാങ്ങ, തേങ്ങ, വാളുറ(വാൾ, ഉറ?), നൂറ്, കുറണ്ടി, കരണ്ടകം, ഓടം, ഇടങ്ങഴി, പൈങ്ങാ, മങ്ങലി, ചൂരൽ, ചുരക്കാ, ചൂരിയകാന്തം, ചൂരവിളമ്പൻ, ചീര, മുരിങ്ങ, മുലെക്കിളി, ചൊൽക്കിളി, വല്ലകി, വില്ല്, മടക്കട, ചിറ്റുളി, വെറ്റില, കുണ്ടിക, കിണ്ടി, പളുങ്ക്, പുളിങ്ങ, വീണിയ, തൂണി, ചരക്കുരുളി (ചരക്ക്), പഴക്കാ (?), കിങ്ങിണി, മാങ്ങ, വറുത്തരി, കത്ത്റിക, കൈപ്പരം, ഉപ്പ്, പെരിപ്പ്, നെരിപ്പട, തപ്പ് (?) തരിപ്പണം, അപ്പം, ഇലപ്പുറം (?) മുപ്പലി, പെപ്പ് (?) കൊഴുപ്പ, കുഴിപ്പരൽ, കുപ്പി, വിരിപ്പവൽ, ചെമ്പ്, ചിലമ്പ്, വലംപിരിശംഖ്, പരമ്പുളി, കമ്പിളി, കമ്പ്, കരിമ്പ്, പിരമ്പ്, കരിമ്പടം, അമ്പ്, പെരുമ്പറ, പമ്പരം, ആപ്പുളി (?), പഴമ്പുളി, മാമ്പഴം, അമ്പഴം, ആലങ്ങ, മലർ നാരങ്ങ, മീൻതല, കൂർക്ക, നറുക്കില, തൈലപ്പെട്ടി, ചരട്ടുളി, പെട്ടകം, ഇട്ടിയമട്ടടി (?), ചൊട്ട, കലപ്പെട്ട് (?), ഇട്ടി (?), ചിരട്ട, ചവിട്ടു, തവിട്ടട, കട്ടിൽ, കടുത്തല കത്തി, പരുത്തി, ഉലക്ക, ഇലക്കറി, ചക്കര, ചിക്കിര, ക്ഷൗരക്കത്തി, അരിവാൾ, തൈൽ, പാൽ, പിണ്ണാക്ക്, എണ്ണ, വെളിച്ചെണ്ണ, വഴുതിനങ്ങ, വാഴപ്പഴം, ഉരൽ, ഉരുളി, കിടാരം, വിത്ത്, നെല്ല് (പത്തായം), കോതമ്പ്, കടുക്, എള്ള്, കടലെണ്ണ, ചാമ കുറുമ്പ്, ചോളം, പയറ്, കുഴിയൻ, കൽപ്പ് (?) മലംതിന, ചെറുതിന, മുതിര, തിരുത്തി, ഉഴുന്ന് (ഇത്യാദി ഉപധാന്യം പലവും),
>
> <u>മീൻ തരങ്ങൾ:</u> വാള, വരാൽ, തിരണ്ടി, സ്രാവ്, കറ്റ്ല, അയല, ചെമ്മീൻ, വഴുത, പുമ്മീൻ, കൊഴുമീൻ, ഏട്ട
>
> <u>തുണിത്തരങ്ങൾ:</u> ചൊക്കൻ, കിള്ളി വടക്കൻ, തെക്കൻ, കിളിമൂക്കൻ, തിരുമണി - മോളിർക്കാണിതടുപ്പ്. തുരിക്കച്ചേല, തലച്ചുറ്റ് (തലേക്കെട്ട്), പാച്ചേല്, ചുരുട്ട, ഇരട്ടവിളിമ്പൻ, നെല്ലൂരൻ, പരിവീചി (?), കൊറുക്കൻ, യാമണ്ണൻ, മരുതണഅണൻ, കൊണ്ടിയനൂൽ (?) കാംകി, തലപ്പണി, അറുചാൺ (?) കോലിയൻ, കോതപംമ്പൻ, നീർപ്പാവെട്ടിയൻ, അച്ചൻചേല, കരിപ്പുരൽ, തവരായൻ, പല്ലറക്കത്തൻ, നീലവിളിമ്പൻ.

മരുന്നുകൾ - ഏലം, പുഷ്കരമൂലം, മഞ്ചണ, മാഞ്ചി വിഴാലരി, ജീരകം, ഏലത്തരി, ചുക്ക്, അരിതാരം, തിരുവട്ട, വയന, ഏലാവാലുകം, അഞ്ജനം, മാക്കീരക്കല്ല്, ഇന്തുപ്പ്, ഇപ്പി, ശതാവരി, കൊട്ടം, താതിരി, തകരം, തിപ്പലി, തീമ്പൂ, മുന്തിരിങ്ങ, അത്തിത്തിപ്പലി, നാപ്പുല്ല്, മാനയോല, ഗുൽഗുലു, കഷായക്കല്ല്, മഞ്ഞൾ, നറുമ്പ, മരമഞ്ഞൾത്തോൽ, കാതീതം, കാർകോയിൽ, കടുക്ക, തുത്തം, കൊത്തമല്ലി, കരിഞ്ചീരകം, അയമോദകം, അഭ്രകം, ഉള്ളി, കന്മദം, വെള്ളകിൽ, പീതകരോഹിണി, ചെഞ്ചില്യം, മഞ്ചട്ടി, തവർക്കാരം, ജാതിക്ക, തക്കോലം, ശതകുപ്പ, കരാമ്പൂ, ചെവ്വള്ളിക്കൊടി, നീലം, അമുക്കിരം, അതിവിടയം, ചെറുതേക്ക്, കർക്കടശൃംഗി, അരക്ക്.

പൂക്കൾ: മുല്ല, അരിമ്പ (?), കരിംകൂവളം, ചെങ്ങെഴിനീർ, മലര്, ജമന്തി, ചെമ്പകം, കൈതപ്പൂവ്, പിച്ചകം, വപാടലിപ്പൂ, കുവളപ്പൂവ്, കുറുമുഴിപ്പൂ.

സൗന്ദര്യവർദ്ധകവസ്തുക്കൾ: ചന്ദനം, അകിൽതൈലം, കർപ്പൂരം, പനിനീർ, പുഴുവിൻനൈ, കസ്തൂരി, യവാഗ്, കുങ്കുമം.

നാണയങ്ങൾ: കാശ്, പൊന്ന്, പണം, ത്രമം, വെള്ളിക്കാശ്, തുരിക്കക്കാശ്, മുമ്മുറി, വെള്ളപ്പണം, ചോഴിയാർ കാശ്, മാചണി ഗുളിക, മുണ്ടിയവട്ട്.

ഇവിടത്തെ ചരക്കുകളിൽ മിക്കതും അഞ്ചു കൃതികളിലും പറഞ്ഞുകാണുന്നു. ചില ചരക്കുകളുടെ പേർ ഒരേ കൃതിയിൽത്തന്നെ ആവർത്തിക്കുന്നതും കാണാം. എന്താണ് ഇവയുടെയൊക്കെ പ്രസക്തി? വ്യക്തികളുടെ ജീവചരിത്രങ്ങൾ ദേശ-ലോകചരിത്രത്തിലേക്കു വെളിച്ചം വീശുമെന്നു തുടക്കത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. ഒരു പ്രദേശത്തു പരക്കെ പ്രചാരത്തിലിരുന്ന ഉപഭോഗവസ്തുക്കളുടെ ചരിത്രം ചികഞ്ഞുപോകുന്നത് അവിടത്തെ സമൂഹരൂപീകരണത്തിലേക്കുള്ള വഴി തുറന്നേക്കാം.

ചരക്കുകൾ വളരെ സങ്കീർണ്ണങ്ങളായ സാമൂഹികരൂപങ്ങളെ (social forms) പ്രതിനിധാനം ചെയ്യുകയും അതതു കാലങ്ങളിലെ വിജ്ഞാനവിതരണത്തെ അടയാളപ്പെടുത്തുകയും ചെയ്യുമെന്ന് സാമ്പത്തികശാസ്ത്രജ്ഞർ നിരീക്ഷിച്ചിട്ടുണ്ട് (Arjun Appadurai, 1988, P. 41). സാങ്കേതികവും സാമൂഹികവും മാത്രമല്ല, സൗന്ദര്യാത്മകവുംകൂടിയായ (aesthetic) വിജ്ഞാനങ്ങളെയാണ് ചരക്കുകൾ പ്രതിനിധാനം ചെയ്യുക(3). ഉദാഹരണത്തിന് ഓട്ടുകിണ്ടി, വാൽക്കണ്ണാടി തുടങ്ങിയവ. കൂട്ടുലോഹങ്ങളുണ്ടാക്കുന്ന ലോഹവിജ്ഞാനീയത്തിന്റെ വികാസമില്ലാതെ ഇതുണ്ടാക്കാനാവില്ല. അതുകൊണ്ട്, വാൽക്ക

ണ്ണാടിയെ സാങ്കേതികവിദ്യയുടെ നിലവാരസൂചകമായി കണക്കാക്കാമെന്ന് രാഘവവാരിയർ നിരീക്ഷിക്കുന്നു(1997: പു. 70). വാൽക്കണ്ണാടിയിൽ നടത്തുന്ന മിനുക്കലുകളും കൊത്തുപണികളും ഇതുണ്ടാക്കുന്നവരുടെ കലാബോധത്തിന്റെ തെളിവാണല്ലോ. മാത്രമല്ല, ഏതേതു സന്ദർഭങ്ങളിൽ ആരെല്ലാം ഇതുപയാഗിക്കുന്നു എന്നത് ഉപയുക്തസമൂഹത്തിന്റെ സാംസ്കാരികജീവിതത്തെക്കൂടി അടയാളപ്പെടുത്തും(4). വെള്ളോട്ടുവ്യവസായവുമായി ബന്ധപ്പെട്ട് ഉപജീവനം തേടുന്ന ഒരു കൂട്ടായ്മ തെഴുത്തുവരുന്നതും കണ്ണാടിയിലെന്നപോലെ കാണാം.

ചീനാബന്ധമാണ് കേരളത്തിലെ വെള്ളോട്ടുവ്യവസായത്തെ വികസിപ്പിച്ചത് എന്നും നിരീക്ഷണമുണ്ട് (രാഘവവാരിയർ 1997: 69–70). അങ്ങനെ വരുമ്പോൾ കേരള-ചീനാബന്ധത്തിന്റെ സൂക്ഷ്മതലങ്ങളിലേക്കുകൂടിയായിരിക്കുമല്ലോ വാൽക്കണ്ണാടികൾ വെളിച്ചം വീശുക. ഇതു കേരളത്തിലെ മാത്രം കഥയല്ല. ഗുപ്തകാലത്തോടടുത്ത് ഭാരതീയലോഹവിജ്ഞാനത്തിന്നുതന്നെ വലിയവികാസം ഉണ്ടായതായി റൊമിലാ ഥാപർ നിരീക്ഷിച്ചതു ശ്രദ്ധിക്കുക:

> ഡൽഹിയിൽ മെഹ്റൗലിയിലുള്ള ഇരുമ്പുതൂണാണ് ലോഹപ്പണിയിലെ ഉന്നതനിലവാരത്തിന്ന് സാക്ഷ്യം. അതിന്റെ ഉയരം 23 അടിയാണ്. ഒന്നാംതരം ലോഹംകൊണ്ടാണ് അതുണ്ടാക്കിയിരിക്കുന്നത്-അതിൽ ഇതേവരെ തുരുമ്പു വന്നിട്ടേയില്ല എന്നു പറയാം... ഇപ്പോൾ ബർമിംഗ്ഹാം മ്യൂസിയത്തിൽ ഉള്ള ഒരു ബുദ്ധപ്രതിമയാണ് മറ്റൊരു ഉജ്ജ്വലസൃഷ്ടി. ചെമ്പുകൊണ്ടുള്ള ഈ പൂർണകായപ്രതിമ രണ്ടു ഭാഗങ്ങളായാണ് വാർത്തിരിക്കുന്നത്. മിനുക്കിയ ലോഹക്കണ്ണാടികൾക്കും സമ്പന്നർക്കിടയിൽ വലിയ പ്രചാരമുണ്ടായിരുന്നു (2010: 396).

സൂക്ഷ്മമായി നോക്കിയാൽ ഒന്നു മനസ്സിലാകും. *മന്ത്രാങ്ക*ത്തിലും മണിപ്രവാളകൃതികളിലും പറയുന്ന ചരക്കുകളെല്ലാം മധ്യകാലങ്ങളിൽ അതതു നാടുകളിലെ ജനങ്ങൾ ഉല്പാദിപ്പിച്ചും ശേഖരിച്ചും കൈമാറ്റം ചെയ്തും ഉപയോഗിച്ചുംപോന്നവയാണ്: ഭക്ഷ്യവസ്തുക്കൾ, വീട്ടുപകരണങ്ങൾ, തുണിത്തരങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, മരുന്നുകൾ, ആരാധനാദ്രവ്യങ്ങൾ, ആർഭാടവസ്തുക്കൾ തുടങ്ങിയ നിത്യോപയോഗവസ്തുക്കൾതന്നെ. ഇവയൊന്നുമില്ലാതെ ഏതെങ്കിലും പരിഷ്കൃതസമൂഹം പുലർന്നുപോന്ന ചരിത്രമില്ല; ഉണ്ടാവാനിടയില്ല. അങ്ങനെ വരുമ്പോൾ, അങ്ങാടിയും ചരക്കുകളും ഒരു സമൂഹത്തിന്റെ ജീവിതത്തിലേക്കുള്ള ദിശാസൂചികളാവും.

## നാളങ്ങാടിയും അല്ലങ്ങാടിയും

തെന്നിന്ത്യയിൽ രണ്ടുതരത്തിലുള്ള വാണിജ്യസ്ഥാനങ്ങൾ — നാളങ്ങാടിയും അല്ലങ്ങാടിയും — ഉണ്ടായിരുന്നതിന്ന് പഴന്തമിഴ്പാട്ടുകളിൽത്തന്നെ തെളിവുകളുണ്ട്. *പത്തുപ്പാട്ടി*ൽപെട്ട മധുരൈക്കാഞ്ചിയിൽ(വിവർത്തനം-മേലങ്ങത്ത് നാരായണൻകുട്ടി 2000:186, 188-89) ഇവ രണ്ടും സാമാന്യം വിവരിക്കുന്നുണ്ട്. ഉച്ചതിരിയുമ്പോഴേക്കും ആളൊഴിയുന്നവയായിരുന്നു നാളങ്ങാടികൾ. അല്ലങ്ങാടികൾ രാത്രിയിലും പ്രവർത്തിക്കും. വൈകുന്നേരം മാത്രം ആളുകൂടുന്ന അന്തിച്ചന്തകളും അക്കാലങ്ങളിലുണ്ടായിരുന്നു. ഈ ചന്തകളായിരുന്നു നാടിന്റെ ഐശ്വര്യമുദ്രകൾ.

പ്രാചീനതമിഴകത്ത് ഏതു ചരക്ക് എവിടെ കിട്ടുമെന്ന് അറിയിക്കാൻ ഓരോ വ്യാപാരിയും തങ്ങളുടെ കടയ്ക്കു മുകളിലായി ചരക്കുകളുടെ വിവരങ്ങൾ എഴുതിവച്ച കൊടിപറപ്പിക്കുമായിരുന്നുവത്രേ. സംഘം കൃതികളുടെ ചരിത്രസാമൂഹികപശ്ചാത്തലം മുൻനിർത്തി, സംഘകാലഭരണസംവിധാനത്തെപ്പറ്റിയും സംഘം തമിഴരുടെ സാമൂഹികജീവിതത്തെപ്പറ്റിയും പഠിച്ച എൻ. സുബ്രഹ്മണ്യൻ ഇതു ചർച്ച ചെയ്യുന്നുണ്ട്:

> ....പലസ്ഥലത്തുനിന്നുള്ള കച്ചവടക്കാർ തങ്ങളുടെ ചരക്കുകളുമായി ചന്തയിൽ ഒത്തുകൂടിയപ്പോൾ സാധനത്തിന്റെ പേരും ഉടമസ്ഥന്റെ പേരും ചിപ്പത്തിന്റെ (ചുമട്) പുറത്ത് എഴുതാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. സാധനങ്ങൾ നിറച്ച ചക്കടാവണ്ടികളിലും ചരക്ക് ഉടമസ്ഥൻ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നു. ...ഏതു ചരക്ക് എവിടെ കിട്ടുമെന്നു പൊതുജനങ്ങളെ അറിയിക്കാൻ ലളിതമായ ഒരു പരസ്യസമ്പ്രദായം ഇവർ ഏർപ്പെടുത്തിയിരുന്നു. ഓരോ വ്യാപാരിയും കടയ്ക്കു മുകളിലായി സാധനവിവരം രേഖപ്പെടുത്തിയ കൊടി പറപ്പിക്കുകയായിരുന്നു ഈ മാതൃക. (2003: പു. 222-23)

മധുരൈക്കാഞ്ചിയിലെയും (365-73) പട്ടിനപ്പാലൈയിലെയും (172-82) വിവരണങ്ങളിൽ കൊടികുത്തിയ കടകളെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. മുഖ്യമായും കള്ളുകടയെ സൂചിപ്പിക്കുന്ന കൊടിയുടെ കാര്യമാണു പറയുന്നത്. കടകളുടെ അസ്ഥിരതയെ സൂചിപ്പിക്കുന്നതാവാം ഇതെന്ന് കേരളചരിത്രഗവേഷകരും പറയുന്നു. ഇതു മണിപ്രവാളകൃതികളിൽ കാണാനില്ല. അതുകൊണ്ട് കടകൾക്കും ചരക്കുകൾക്കും പഴക്കവും തഴക്കവും വന്ന് സ്ഥിരപ്പെട്ട മാതൃകകളാവണം ഈ കൃതികളിൽ തെളിയുന്നതെന്നു രാഘവവാരിയരും രാജൻ ഗുരുക്കളും കരുതുന്നു (1999: 82). മണിപ്രവാളകൃതികളിൽ

പറയുംപോലെയുള്ള വാണിയങ്ങൾ സംഘകാലകേരളത്തിലെ ഉൾനാടുകളിൽ ഉണ്ടായിരുന്നോ എന്നറിഞ്ഞുകൂടാ. എന്നാൽ മധ്യകാലത്തെത്തുമ്പോൾ കിട്ടുന്ന ചിത്രം വ്യത്യസ്തമാണ്. ഇക്കാലത്തേക്ക് പടിഞ്ഞാറൻ തുറമുഖങ്ങൾക്കു സമാന്തരങ്ങളായി ഉൾനാടുകളിലും (hinderlands) വാണിയങ്ങൾ ഉണ്ടായിരുന്നു. അനന്തപുരം, കായംകുളം, മുച്ചന്തിക്കൽ, പയ്യന്നൂർ ചന്തകൾ ഇക്കൂട്ടത്തിൽ പെടുന്നു. സാമ്പ്രദായികചരിത്രം ഈ വഴിക്ക് വേണ്ടപോലെ സഞ്ചരിച്ചിട്ടില്ല. അതുകൊണ്ട് ഇവയ്ക്ക് അർഹിക്കുന്ന ചരിത്രപ്രസിദ്ധി കിട്ടിയില്ലെന്നേയുള്ളൂ.

പല ഭാഷകൾ പേശിക്കൊണ്ട് അങ്ങാടിയിൽ ചുറ്റിത്തിരിയുന്ന, പാണ്ടിത്തട്ടാന്മാർ, ആരിയർ, കന്നടർ, മാളവർ (മാൾവ, നർമ്മദാതീരം-മധ്യപ്രദേശ്) വംഗർ, തുലിംഗർ, കലിംഗർ(ഒറീസ്സ), ബർബറർ, ചോഴർ, കൊങ്കണർ, (തെന്നിന്ത്യ), തുലിക്കർ, ഗൗഡർ തുടങ്ങിയ പരദേശികളെപ്പറ്റി മണിപ്രവാള കൃതികളിലും *മന്ത്രാങ്ക*ത്തിലും പരാമർശമുണ്ട്. *മന്ത്രാങ്ക*ത്തിലെ പേരുകൾക്ക്—ഇഷീകന്മാർ, സൗവീരന്മാർ, ദശാർണന്മാർ—പുരാണച്ഛായ കൂടും(5). ഇവർ ഏറിയകൂറും ഇടനിലക്കാരായിരിക്കണം. ഗോതമ്പ്, ചോളം, മുന്തിരി തുടങ്ങിയ മറുനാട്ടുവിളകളും കുങ്കുമം, ഗുൽഗുലു, കന്മദം, ഇന്തുപ്പ് തുടങ്ങിയ മരുന്നുകളും ചില തുണിക്കെട്ടുകളും മറ്റും അങ്ങാടികളിലേക്ക് എത്തിക്കുന്നവർതന്നെ. ദൂരദേശങ്ങളിലെ ഉല്പാദനകേന്ദ്രങ്ങളിൽനിന്ന് ചരക്കുകൾ വിപണിയിലെത്തുന്നത് ഇവർ വഴിയാണ്. തെക്കും തെക്കുകിഴക്കുമുള്ള കടൽത്തീരങ്ങളിലെ ഉപ്പളങ്ങളിൽനിന്നുള്ള ഉപ്പുമായി കിഴക്കും വടക്കുമുള്ള ഉൾപ്രദേശങ്ങളിലേക്കു വാണിയത്തിനെത്തിയിരുന്ന ഉമണന്മാരെക്കുറിച്ച് സംഘംകൃതികളിൽ പലപാടു പരാമർശിക്കുന്നു(6).

*ഉണ്ണിയാടീചരിത*ത്തിലെ ശ്രീപർവ്വതം അങ്ങാടിയിലെ പരദേശികളുടെ പട്ടിക നോക്കാം. ഇക്കൂട്ടത്തിൽ ചീനരുമുണ്ട്. ക്രി. മു. രണ്ടാം നൂറ്റാണ്ടിന്നുമപ്പുറത്തേക്കു നീളുന്ന ചരിത്രമുണ്ട്, ചൈനയുമായുള്ള കേരളക്കരയുടെ വാണിജ്യത്തിന്ന്(K. A. Nilakanta Sastri, 2001: 10). പതിന്നാല്-പതിനഞ്ച് ശതകങ്ങളിലും ചീനസ്സഞ്ചാരികൾ കേരളത്തിലെത്തിയിരുന്നതിന് അവരുടെ കുറിപ്പുകൾ സാക്ഷ്യം വഹിക്കുന്നു. കൊല്ലം തുറമുഖത്തും കടുത്തുരുത്തിയിലും നിരന്നു കിടക്കുന്ന ചീനക്കപ്പലുകളെപ്പറ്റി *ഉണ്ണുനീലിസന്ദേശ*ത്തിൽ പറയുന്നതു നോക്കുക:

1. ചൊങ്കും ചമ്പ്രാണിയുമുടനുടൻ വന്ന ചോണാടനുംകൊ-
ണ്ടാക്രാമന്തീ ജലധിമഖിലം നിന്നുടേ കീർത്തിപോലെ ..
(കൊല്ലംവർണന, ശ്ലോ. 70)

2. ദ്വീപാൽദ്വീപാൽ കടലരികൊളം ചൊങ്കിൽവന്നർത്ഥജാലം
കൂടക്കൂടക്രമുകമരിചം കൊണ്ടുചെന്റങ്ങു നൽകി
(കടുത്തുരുത്തിയുടെ വർണന, ശ്ലോ. 7)

ചൊങ്ക്, ചീനക്കാരുടെ ജങ്ക് എന്ന വലിയ കപ്പലാണ്. എങ്കിലും മുച്ച ന്തിക്കൽ, കരിയനാട് ചന്തകളിലെ വിഭവങ്ങളിൽ ചീനച്ചട്ടികളോ ചീനഭ്ഭര ണികളോ ഉള്ളതായി പ്രത്യേകം പേരെടുത്തു പറയുന്നില്ല. ഈ മൗനം പക്ഷേ, അവയുടെ അസാന്നിധ്യത്തെ കുറിക്കുന്നതാവണമെന്നില്ല. അനന്തപുരത്ത ങ്ങാടിയിൽ പിഞ്ഞാണവുമുണ്ടു വില്പനയ്ക്ക് (*അനന്തപുരവർണനം*, 68). ഇത് പിങ്ഗ്യോങ് എന്നു ചീനരും ഫിൻജാനി എന്ന് അറബികളും പറഞ്ഞു പറഞ്ഞ് നമ്മുടെ പിഞ്ഞാണമായ കഥ മണിപ്രവാളകൃതികൾക്കു പുറത്തെവി ടെയെങ്കിലും കണ്ടുകിട്ടാൻ സാധ്യതയില്ല.

## ഭക്ഷണവും വസ്ത്രവും

മധ്യകാലത്തും അങ്ങാടികളിലെ പ്രധാനപ്പെട്ട ചരക്കുകളായിരുന്നു ഭക്ഷ്യവസ്തുക്കളും തുണിത്തരങ്ങളും. വൈവിധ്യങ്ങൾ തരുന്ന സൂചന അതാ ണ്. അന്നും മലനാട്ടിലെ മുഖ്യഭക്ഷ്യധാന്യം അരിതന്നെയായിരുന്നു. ഗോതമ്പ്, മുതിര, ചാമ, എള്ള്, ചോളം, വരക്, മലന്തിന, ചെറുതിന, ഉഴുന്ന്, കടല എന്നിവയെ ഉപധാന്യങ്ങളെന്നു വിശേഷിപ്പിക്കുന്നതിൽനിന്ന് ഇക്കാര്യം വ്യക്തമാണ്. പലതരമുണ്ടായിരുന്നു, അരിയും നെല്ലും:

കൂരൻ ചോഴൻ പഴവരി കരക്കൊങ്ങണൻ വെണ്ണൽ കണ്ണൻ
മോടൻ കാടൻ കുറുവ കൊടിയൻ പങ്കി പൊക്കാളി ചെന്നെൽ
ആനക്കോടൻ കിളിയിറകനങ്ങാരിയൻ വീരവിത്തൻ
കാണാം മറ്റും പലവിധമുടൻ നെല്ലു കല്യാണകീർത്തേ
(*ഉണ്ണുനീലിസന്ദേശം*, 82)

ഇതിലെ ചോഴൻ ചോളനാട്ടിൽനിന്നുള്ളതാണ്, കരക്കൊങ്ങണൻ, കൊങ്ങ ണദേശത്തെ മോടൻ കൃഷി(high-land cultivation)യിൽനിന്നു വരുന്നതും (ദാമോദരൻപിള്ള, *ഉണ്ണുനീലിസന്ദേശം*, 1972: 162). മോടൻ, കുന്നിൻപുറ ങ്ങളിലും പൊക്കാളി, താഴ്ന്ന ചെളിപ്പാടത്തുമാണു കൃഷിചെയ്യുക. ഈ പേരു കൾ നെൽകൃഷിയുടെ വൈവിധ്യത്തിന്റെകൂടി സൂചകങ്ങളാണെന്നർത്ഥം. വൈവിധ്യംമാത്രമല്ല, കാർഷികവ്യാപനവും സൂചിപ്പിക്കുന്നുവെന്ന് എം. ആർ. രാഘവവാരിയരും രാജൻഗുരുക്കളും വാദിക്കുന്നു:

> ഭക്ഷ്യധാന്യങ്ങളിൽ മുഖ്യം നെല്ലുതന്നെ. നെൽക്കൃഷിയാകട്ടെ, മണ്ണിന്റെ ഗുണം, ഭൂമിയുടെ കിടപ്പ്, നിർപ്പറ്റ് എന്നിങ്ങനെ പലപല ഘടകങ്ങളെ ആശ്രയിച്ചാകയാൽ ഓരോ പ്രദേശങ്ങളിൽ ഓരോ

> മാതൃകയിലായിത്തീർന്നു.... അങ്ങാടികളിൽ വിൽക്കാൻവെച്ച പദാർത്ഥങ്ങളുടെ ഇടയിൽ പലതരം നെല്ലിനങ്ങളെക്കുറിച്ചു പറയുന്നു. ഇവയിൽ പലതും നാടൻവിഭാഗത്തിലുള്ളതാണെങ്കിലും ചോളൻ, പാണ്ടി തുടങ്ങിയ ചിലതെങ്കിലും മറുനാടൻ ഇനങ്ങളാവണം. കുറുവ, ചെന്നെല്ല്, പൊക്കാളി, ആനക്കോടൻ, കിളിയറ, വീരവിത്തൻ, കാടൻ, മോടൻ എന്നിങ്ങനെയുള്ള നെൽവിത്തുകൾ ലഭ്യമായിരുന്നു. നെൽക്കൃഷിയിൽ ഏർപ്പെട്ട ചില പ്രത്യേകതകളോ മണ്ണിന്റെ തരംനോക്കിയുള്ള കൃഷിയോ ഒക്കെയാവാം ഈ തരഭേദങ്ങൾ സൂചിപ്പിക്കുന്നത്. മോടൻ തുടങ്ങിയുള്ള വിത്തുകളെപ്പറ്റിയുള്ള പ്രസ്താവമാകട്ടെ, മലഞ്ചെരുവുകളിലും മറ്റും നടന്ന പുനംകൃഷിയിലേക്കു വിരൽചൂണ്ടുന്നു.
> (*കേരളചരിത്രം,* 1992: 200).

നെല്ലുല്പാദനത്തിൽ കേരളം സ്വയം പര്യാപ്തമായിരുന്നില്ലെന്നുള്ള പാശ്ചാത്യനിരീക്ഷണങ്ങളുമായി മറുനാട്ടുനെല്ലുകളുടെ പേരുകൾ ചേർത്തു വായിക്കാം. കൊല്ലം തുറമുഖത്തെ ചോണാടൻ(ചോളനാടൻ)കപ്പലുകളിൽ ചോളനാട്ടിൽനിന്നുള്ള നെല്ലും മലനാട്ടിലേക്കു വന്നിട്ടുണ്ടാവണം. മേൽക്കൊടുത്ത ശ്ലോകത്തിലെ ചോഴൻ, മറ്റെവിടെനിന്നു വരാനാണ്?

ഇതിന്നു സമാന്തരമായി മന്ത്രാങ്കം ആട്ടപ്രകാരത്തിലെ പരാമർശങ്ങളേയും പരിഗണിക്കണം. ആരിയൻ, പാണ്ടിയൻ, അതികൻ, തുളുവക്ക, കിളിവാലി, കരിമുണ്ടകൻ തുടങ്ങി നാൽപതോളം ഇനങ്ങൾ ഇവിടെ പറയുന്നുണ്ട്. വിതയ്ക്കുന്ന നിലത്തിന്റേയും വിളവെടുക്കാൻവേണ്ട കാലയളവിന്റേയും വ്യത്യാസങ്ങളുടെ സൂചകങ്ങൾകൂടിയാണ് ഇത്തരം പേരുകളിൽ പതിഞ്ഞിരിക്കുക. ഇവയിൽ പലതും *ഉണ്ണുനീലിസന്ദേശ*ത്തിലോ *അനന്തപുരവർണന*ത്തിലോ കാണുന്നില്ല. അവയ്ക്കു തെക്കൻദിക്കുകളിൽ പ്രചാരമില്ലാത്തതാവാം ഒരുപക്ഷേ ഈ അഭാവത്തിന്നു കാരണം.

നെല്ലിനങ്ങളുടെ ഈ വൈവിധ്യത്തെ, നെൽക്കൃഷിയെസ്സംബന്ധിച്ച പിൽക്കാലനിരീക്ഷണങ്ങളുമായി ചേർത്തുവച്ചു ചിന്തിക്കാവുന്നതാണ്. 1800 നവംബർ 29 മുതൽ 1801 ജനുവരി 15 വരെ മലബാറിലൂടെ സഞ്ചരിച്ച ഫ്രാൻസിസ് ബുക്കാനൻ മലബാറിൽ പലയിടത്തും നെൽക്കൃഷി കുറവാണെന്നു നിരീക്ഷിക്കുന്നതു കാണാം. കോഴിക്കോടിന്നു വടക്കോട്ടു നീങ്ങുംതോറും നെൽക്കൃഷിക്കു പറ്റിയ മണ്ണു കുറഞ്ഞുവരുന്നതായി സോയിൽ സർവെ റിപ്പോർട്ടുകൾ ഉദ്ധരിച്ചുകൊണ്ട് രാഘവവാരിയരും ചൂണ്ടിക്കാണിക്കുന്നു(7). 15-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കൊച്ചി സന്ദർശിച്ച മാഹുവാൻ ഈ ഭാഗത്ത് മണ്ണിനു ഫലപുഷ്ടി കുറവാണെന്നു നിരീക്ഷിക്കു

ന്നുണ്ട് (K. A. Nilakanta Sastri, 2001: 307). സാമൂതിരി തെക്കോട്ടു പടനീക്കിയത് വടക്കൻഭാഗങ്ങളെ അപേക്ഷിച്ച് കൂടുതൽ ഫലപുഷ്ടിയുള്ള നെൽവയലുകളുടെ നിയന്ത്രണം കൈക്കലാക്കാൻകൂടിയായിരുന്നു എന്ന് എൻ. എം. നമ്പൂതിരി നിരീക്ഷിച്ചത് (*മലബാർപഠനങ്ങൾ സാമൂതിരിനാട്* 2009, പു. 68 -69) ഈ പശ്ചാത്തലത്തിൽ കൂടുതൽ അർത്ഥവത്തായിത്തീരുന്നു. പോർച്ചുഗീസുകാർ സാമൂതിരിക്കുള്ള അരിക്കപ്പലുകൾ മുടക്കിയതിനേയും(ഹെർമൻ ഗുണ്ടർട്ട് 1992: പു. 65) ഇവിടെ കൂട്ടിവായിക്കണം.

ചരക്കുകൾക്ക് വൈവിധ്യമിയറ്റിക്കൊണ്ട് പലതരം പയറുവർഗ്ഗങ്ങളും പച്ചക്കറികളും പഴങ്ങളും അക്കാലത്തെ വിപണികളിലിടം നേടിയിരുന്നു. നാട്ടുവിളകളായ പയറ്, കൂർക്ക, കരിഞ്ചേമ്പ്, കുമ്പളങ്ങ, ചീര, മുരിങ്ങ, വഴുതനങ്ങ, കൈപ്പയ്ക്ക തുടങ്ങിയ പച്ചക്കറികൾ പറമ്പുകൃഷിയുടെ (horticulture) പ്രചാരത്തിന്റെ തെളിവുകളാണ്. കൂട്ടത്തിൽ പാചകശാസ്ത്രത്തിന്റെ (gastronomy) വികാസത്തിന്റേയും. മലയാളന്റെ സദ്യകൾ എത്ര വിഭവസമൃദ്ധമായിരുന്നുവെന്നാണ് ഇവ സൂചിപ്പിക്കുന്നത്. *പുരുഷാർത്ഥക്കൂത്തി*ൽ, അശനപുരുഷാർത്ഥം വിവരിക്കുന്നിടത്ത്, മധ്യകാലകേരളത്തിലെ മേലേക്കിടക്കാരുടെ പാചകവിധികളുടെ സാമാന്യം നല്ലൊരു വിവരണമുണ്ട് (കൃഷ്ണചന്ദ്രൻ 1994, 243-60)(8). പിൽക്കാലത്ത് തുള്ളൽക്കൃതികളിലും വെണ്മണിക്കവികളുടെ ചില രചനകളിലും സദ്യയുടെ വർണ്ണനകൾ സ്ഥാനം പിടിക്കുന്നതു നോക്കുക. ഈ വൈവിധ്യം ഇവിടെയെത്തിയ യാത്രികരേയും അദ്ഭുതപ്പെടുത്തുന്നുണ്ട് ക്രി. വ. 1225 കാലത്ത് കേരളത്തിലെത്തിയ ചൗ ജ-കുവ (Chau Ja-Kua) എന്ന ചീനസ്സഞ്ചാരി നാട്ടുകാരുടെ പാചകവൈവിധ്യത്തെപ്പറ്റി അദ്ഭുതപ്പെടുന്നുണ്ട് (Ed. K. A. Nilakanta Sastri, p. 138).

അങ്ങാടിയിൽ കുരുമുളകും ഇഞ്ചിയും സുലഭമായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ല. മാമ്പഴം, വാഴപ്പഴം, നാരങ്ങ, മുന്തിരിങ്ങ, ഈത്തപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങളും കൈമാറ്റത്തിന്നു കിട്ടിയിരുന്നു. ഇവയിൽ ഒടുക്കം പറഞ്ഞ രണ്ടും മറുനാട്ടുവിളകളാണ്. നാരങ്ങ, നാടനുമാകാം. പച്ചമാങ്ങ, അമ്പഴങ്ങ തുടങ്ങി ഉപ്പിലിടാനുള്ള വകകളും വിപണനത്തിനെത്തും. എന്നാൽ, നെല്ലിക്കയുടെ പരാമർശമില്ല. പച്ചപ്പുളിമാത്രമല്ല, പഴമ്പുളിയും ആവണങ്ങളിലുണ്ട്. വാളൻപുളിയും ഉപ്പിലിട്ട നെല്ലിക്കയും നിറച്ച മരഭരണികൾ വണ്ടിക്കയ്യിൽ കെട്ടിക്കത്തൂക്കി വരുന്ന ഉമണച്ചാത്തുകളെപ്പറ്റി പെരുമ്പാണാറ്റുപ്പടയിൽ(51-58) പറയും. പഴമ്പുളിക്ക് മരുന്നെന്ന സ്ഥാനവുമുണ്ട്. വാഴപ്പഴവും പലവിധമെന്നു *മന്ത്രാങ്കം ആട്ടപ്രകാരം* പറയുന്നു. കരിമ്പുമുണ്ട് ഈ പട്ടികയിൽ. ഈ വിഭവവൈവിധ്യം മാഹുവാനും സമ്മതിക്കുന്നു (Ed. K. A. Nilakanta Sastri, p. 307).

പാചകത്തിന്നുള്ളവ മാത്രമല്ല, നേരിട്ടുപയോഗിക്കാവുന്ന പാകത്തിൽ ഭക്ഷ്യവസ്തുക്കളും വിപണനത്തിന്നെത്തുന്നുണ്ട്. പലതരം ശർക്കര, പഞ്ച സാര, കൊട്ടത്തേങ്ങ, മുന്തിരിങ്ങ, എള്ളുണ്ട, അപ്പം, അട, കാരിക്ക തുടങ്ങിയ വയാണ് *മന്ത്രാങ്ക*ത്തിൽ പരാമർശിച്ചിട്ടുള്ളത്. അവൽ, തേങ്ങ, ചക്കര, വറു ത്തരി, ചിലതരം അപ്പങ്ങൾ തുടങ്ങിയവ ചന്തയിൽ വരുന്നതായി അനന്തപു രവർണ്ണനവും ഉണ്ണിയാടീചരിതവും സൂചിപ്പിക്കുന്നു. ചിലപ്പോൾ തവിട്ടട(തവി ടുകൊണ്ടുള്ള പലഹാരം), നെരിപ്പട(ചുട്ടെടുത്ത പലഹാരം?) വിരിപ്പവൽ എന്നിങ്ങനെ പേരെടുത്തു പറയുന്നതും കാണാം. അപ്പങ്ങളുടെ പേരുകൾ അവയുടെ നിർമാണകൗശലത്തിലേക്കുംകൂടി വെളിച്ചം വീശുന്നു. പൊതിച്ചോറും ഉണ്ടായിരുന്നു(പത്തം - ഭക്തമെന്ന് അനന്തപുരവർണ്ണനം- ശ്ലോ. 44). ഉപ്പുമാങ്ങയും തൈരും ഊണിന്റെ വട്ടങ്ങളെന്ന നിലയ്ക്കുത ന്നെയായിരിക്കണം വിപണിയിലെത്തുന്നത്. ഒരുപക്ഷേ, അക്കാതങ്ങളിൽ വീട്ടിന്നു പുറത്തുപോകുന്നവരുടെ ഭക്ഷണാവശ്യങ്ങൾ നിറവേറ്റിയിരുന്നത് ഇങ്ങനെയായിരിക്കാം. അങ്ങാടികളുടേയോ നഗരങ്ങളുടെയോ പരിസരങ്ങ ളിൽ സത്രങ്ങളുള്ളതായി വിവരണങ്ങളിൽ കാണാത്തതു ശ്രദ്ധയർഹിക്കുന്ന വിഷയമാണ്. തൈരും വെണ്ണയും അങ്ങാടിയിലെത്തുന്നത് പയ്യന്നൂർപ്പാട്ടിലും വിവരിക്കുന്നതുകാണാം(102). കൂട്ടത്തിൽ പലതരം വറവുവിഭവങ്ങളുമുണ്ട് അങ്ങാടിയിൽ. ഇവയെയാണു ബറുപൊരിയെന്നു *പയ്യന്നൂർപ്പാട്ടി*ൽ പറയു ന്നത്. മുറുക്കുന്നവർക്ക് വേണമെങ്കിൽ അടക്കയും വെറ്റിലയും നൂറും സുല ഭം. എന്നാൽ, പുകയില കാണുന്നില്ല. ഇതു പിൽക്കാലത്ത് യൂറോപ്യൻമാരുടെ കടന്നുകയറ്റത്തോടെ വന്നെത്തിയതാണ്.

അപ്പക്കച്ചവടം കേരളത്തിലെമാത്രം കാര്യമായിരുന്നില്ല. ഭക്ഷ്യവിഭവ ങ്ങൾ വിപണിതേടുന്നത്, മധ്യകാലത്തിന്റെ പൊതുസ്വഭാവമാണ്. ഭക്ഷണ ത്തിന്റെ ചരിത്രത്തെക്കുറിച്ചു പഠനം നടത്തിയ ഗവേഷകർ ഇങ്ങനെ ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഭക്ഷണത്തിന്റെ ചരിത്രത്തെക്കുറിച്ച് ഫെലിപ്പ് ആർമെസ്റ്റോ നടത്തിയ പഠനത്തിൽ (Felipe Fernando Armesto 2002: 245-49) ഇവയിൽനിന്നു ചിലത് ഉദ്ധരിക്കുന്നുണ്ട്. മുഖ്യമായും മധ്യ കാലയൂറോപ്പിലെ ഭക്ഷണശീലങ്ങളെക്കുറിച്ചുള്ള കാർലൈനിന്റെ നിരീക്ഷ ണങ്ങളെ[9] മുൻനിർത്തിയാണ് ആർമെസ്റ്റോ ഇക്കാര്യം പറയുന്നത്.

ദക്ഷിണഭാരതത്തിലെ പ്രമുഖനഗരങ്ങളിലും ഈ കാലങ്ങളിൽ ഭക്ഷ്യ വസ്തുക്കൾ വിൽപനയ്ക്കെത്തിയിരിക്കണം. തമിഴകത്തെ അങ്ങാടികളിൽ നടന്നിരുന്ന പലഹാരവില്പനയെപ്പറ്റി *പത്തുപ്പാട്ടി*ൽ ചില പരാമർശങ്ങളു ണ്ട്. ഇങ്ങനെയാണ് മധുരൈക്കാഞ്ചിയിൽ വിവരിക്കുന്ന രാവങ്ങാടിയിലെ ഒരു ദൃശ്യത്തിന്റെ വിവരണം (623-26):

> ....നല്ല വരകളുള്ള തേൻകൂടിന്നു തുല്യമായ പലഹാരങ്ങൾ(വട്ടപ്പം, അട), തിളപ്പിച്ച ശർക്കരപ്പാവിൽ പരിപ്പും പീരയും ചേർത്ത് കുഴച്ച് അകത്തുവെച്ചുണ്ടാക്കിയ (കൊഴക്കട്ട, സുഖിയൻ) മോദകം എന്നിവ വിൽക്കുന്നവരും ശർക്കരപ്പാവും അരിമാവും വിൽക്കുന്ന അപ്പക്കച്ച വടക്കാരും പലഹാരങ്ങൾ മുന്നിൽവെച്ച് ഉറക്കംതൂങ്ങി വീഴുന്നു.
> (വിവർത്തനം, മേലങ്ങത്ത് നാരായണൻകുട്ടി, പു. 202)

## വീട്ടുപകരണങ്ങൾ

ഇനിയുള്ളത് അടുക്കളയിലേക്കുള്ള വിവിധതരം ഉപകരണങ്ങളാണ്. ചട്ടികൾ, കലങ്ങൾ, കിടാരങ്ങൾ, ഉരുളികൾ, ചരക്കുകൾ തുടങ്ങി ആഹാരം പാകം ചെയ്യാനുള്ള വിവിധതരം പാത്രങ്ങളും ചട്ടുകം, കോരിക, പിഞ്ഞാണവട്ടകകൾ, കിണ്ണം, തളിക, താലം, കരണ്ടി തുടങ്ങി വിളമ്പാനുള്ള ഉപകരണങ്ങളുമാണ് ഈ വകുപ്പിൽ വരുന്നത്. ഇവ എക്കാലത്തും വിപണികളിലെ ആകർഷണങ്ങളാണ്. ശ്രീപർവതം-അനന്തപുരം-മുച്ചന്തിക്കൽ അങ്ങാടികളിൽ ഇവ സുലഭമാണ് എന്നാണ് കൃതികളിലെ വിവരണങ്ങളിൽനിന്നു മനസ്സിലാകുന്നത്:

> കട്ടിൽ വട്ടി കലൈപ്പട്ടു
> ചട്ടി വട്ടക ചട്ടുകം (അനന്തപുരവർണ്ണനം: 44)
>
> ചെരിപ്പു മലർകയ്പെക്കാ
> ചരക്കുരുളി കമ്പിളി (അനന്തപുരവർണ്ണനം: 53)
>
> പട്ടും ചൊട്ടക്കയറുമുറിയും കട്ടിലും കട്ടിയാവും
> തട്ടും ചട്ടിക്കലവുമിലയും കൊട്ടയും കെട്ടുനാരും
> (ഉണ്ണുനീലിസന്ദേശം: 80)
>
> വാഴപ്പഴമുരലുരുളികിടാരം - (ഉണ്ണിയാടീചരിതം: ഗദ്യം 11)

ചട്ടികൾക്കും കലങ്ങൾക്കുമൊപ്പം ചരക്കുരുളികളും കിടാരങ്ങളും വരുന്നത് വൻതോതിലുള്ള പാചകസന്ദർഭങ്ങളെ ഉദ്ദേശിച്ചായിരിക്കണം. അമ്പലവട്ടങ്ങളിലും പ്രഭുഭവനങ്ങളിലും മറ്റും നടന്നിരുന്ന വലിയസദ്യകളുടെ സൂചകങ്ങളായിരിക്കണം ഇവ. ഉരുളികൾ മരുന്നുനിർമ്മാണത്തിനും ഉതകിയിട്ടുണ്ടാവണം. അനന്തപുരവർണ്ണനത്തിൽ പരാമർശിച്ച 'അനത്തെണ്ണ' (ശ്ലോകം 54) കാച്ചിയ മരുന്നുകൾ ചേർത്ത് തിളപ്പിച്ചെടുത്ത എണ്ണയാണ്.

അടുക്കളപ്പാത്രങ്ങളോടൊപ്പം പലമാതിരി വട്ടികളും കുട്ടകളും പെട്ടികളും പെട്ടകവും മുറവും ചെപ്പും വിനിമയത്തിനുണ്ട്. ഈറ്റ, മുള, ചൂരൽ, പുല്ല് എന്നിവകൊണ്ടാണ് കുട്ടകളുടെയും വട്ടികളുടെയും നിർമ്മിതി. പുൽവട്ടി എന്നൊന്ന് പ്രത്യേകം പറഞ്ഞുകാണുന്നു. ഇവകൊണ്ട് ഉപജീവനം

കഴിക്കുന്ന ചില കൂട്ടായ്മകൾ സ്ഥാനപ്പെട്ടുവരുന്നതിന്റെ സൂചകമാണ് ഈ ചരക്കുകൾ. തൈലംപോലുള്ള ഔഷധങ്ങൾ സൂക്ഷിക്കാനാണു തൈലപ്പെട്ടി. കുങ്കുമം, കസ്തൂരിപോലുള്ള സൗന്ദര്യസംവർദ്ധകവസ്തുക്കൾ സൂക്ഷിക്കുന്ന ചെറിയ ലോഹ-മര-ദന്തനിർമ്മിതികളും(ചെപ്പ്) ഉറികളും അങ്ങാടിയിലുണ്ട്. നാഴി, ഇടങ്ങഴി തുടങ്ങിയ അളവുപാത്രങ്ങളെയും ഇവിടെ ചേർക്കാം.

ഇതുവരെ പറഞ്ഞത് സാന്നിധ്യങ്ങളെപ്പറ്റിയാണ്. അസാന്നിധ്യവും സംസ്കാരസൂചകമാവും. ഉദാഹരണത്തിന്, മദ്യം. പഴന്തമിഴ്പാട്ടുകളിൽ കള്ളുകടകളെ കാര്യമായി വിവരിക്കുന്നുണ്ട് (മധുരൈക്കാഞ്ചി 370-73). പലപ്പോഴും കള്ള് അതിഥിസൽക്കാരത്തിന്റെ മുഖ്യവിഭവമാകുന്നതും കാണാം. പതിറ്റുപ്പത്ത്, പൊരുനരാറ്റുപ്പട (84-89), ചിറുപാണാറ്റുപ്പട (236-45) എന്നിവയിൽ രാജകീയസൽക്കാരത്തിന്റെ ഭാഗമായും ഇതു വിവരിക്കും. എന്നാൽ, അനന്തപുരം-ശ്രീപർവതം-പുത്തിടം അങ്ങാടികളിൽ കള്ളുകടകളുള്ളതായി പറയുന്നില്ല. ഇതിന്റെ കാരണം വിശദീകരിക്കാൻ സാമൂഹികശാസ്ത്ര-സാമ്പത്തികനരവംശശാസ്ത്രപഠനങ്ങൾക്കു (Economic Anthropology) കഴിഞ്ഞേക്കും(9).

ഉണ്ടാൽപ്പോര, ഉടുക്കുകയും വേണമല്ലോ. അതിന് വിവിധതരം തുണികളും പട്ടുകളും അങ്ങാടിയിലെത്തിയിരുന്നു. എന്നാൽ വിദേശസഞ്ചാരികളുടെ കുറിപ്പുകളിൽ പറയുന്നത് സാധാരണക്കാർ ഏറിയകൂറും നഗ്നരായാണു നടന്നിരുന്നതെന്നത്രേ. ദരിദ്രരായ സാധാരണക്കാർ കഷ്ടിച്ച് ഒരു കഷ്ണം തുണികൊണ്ട് അര മറച്ചിരുന്നുവെന്നുമാത്രം എന്ന ഫ്രൈയർ ഒഡോറിക്കിന്റെ (Friar Odoric) നിരീക്ഷണം(10) നീലകണ്ഠശാസ്ത്രികൾ ഉദ്ധരിക്കുന്നുണ്ട്.

മുണ്ടുകളും ചേലകളും നാട്ടിൽ പെരുമ നേടിയിരുന്നത് മുഖ്യമായും രണ്ടു തരത്തിലായിരുന്നു. ഒന്ന്, അതുണ്ടാവുന്ന നാടിന്റെ പേരിൽ - കിള്ളിവടക്കൻ, കോതപറമ്പൻ, തെക്കൻ, നെല്ലൂരൻ എന്നിങ്ങനെ. രണ്ട്, നിർമ്മിതിയിലെ പ്രത്യേകതകളെ - ഇഴയുടെ അടുപ്പം/അകൽച്ച, കരയുടെ നിറം, എണ്ണം എന്നിവയെ - അടിസ്ഥാനമാക്കി. ഇരട്ടവിളിമ്പൻ, നീലവിളിമ്പൻ(*ഉണ്ണിയാടീചരിതം*, ഗദ്യ: 11), മൂട്ടിൽക്കര (*ഉണ്ണുനീലിസന്ദേശം*: 80) തുടങ്ങിയ പേരുകൾ ശ്രദ്ധിക്കാം. വസ്ത്രനിർമാണത്തിലെ വൈവിധ്യത്തിലേക്കാണ് ഇവ കൈചൂണ്ടുന്നത് എന്നർത്ഥം. കച്ചവടക്കാരുടെ സമുദായം സൂചിപ്പിക്കുന്ന ചേലകളും ഉണ്ട്. ഉദാഹരണം, തുരിക്കച്ചേല. ഇതിലെ 'തുരിക്കൻ', മലനാട്ടുകാരനല്ല, പരദേശിമുസ്ലീമാണ്. തുരിക്കച്ചേല, അവർ വിൽക്കാൻ കൊണ്ടുവന്നതാവാനാണു വഴി. നെയ്ത്തു കുലത്തൊഴിലായിരുന്ന മുസ്ലീങ്ങൾ ഈ പ്രദേശങ്ങളിലെല്ലാം ഉണ്ടല്ലോ. ഭക്തകവിയായ കബീറിനെ കുട്ടിക്കാലത്ത് എടുത്തു വളർത്തിയത് ഒരു നെയ്ത്തുകാരനാണെന്നാണല്ലോ പഴമ.

സമൂഹത്തിലെ മേലേക്കിടയിലുള്ളവർക്കുവേണ്ടി പലനിറത്തിലുള്ള വിലകൂടിയ പട്ടുകളും ചേലകളും അങ്ങാടിയിലെത്തിയിരുന്നു എന്നു കാണാം. *അനന്തപുരവർണ്ണന*ത്തിൽ കാഞ്ചനപ്പട്ടും 'വീരവാളി'യും പ്രത്യേകം എടുത്തുപറയുന്നുണ്ട് (ശ്ലോ. 61, 62). സ്വർണ്ണക്കസവു പിടിപ്പിച്ച പട്ടാണ് വീരവാളിയെന്ന് ഒരു വ്യാഖ്യാനമുണ്ട് (രത്നമ്മ 1997: 27). എങ്കിൽ, കൈവേലകളുടെ വികാസത്തിന്റെ സൂചനകളിലൊന്നല്ലേ ഇത്? മേൽത്തരം വസ്ത്രങ്ങളുടെ കൂട്ടത്തിൽ ചെമ്പടവും (ചെമ്പുനിറമുള്ളത്) പച്ചപ്പടവും കൈമാറ്റത്തിന്നുള്ളതായും പറയുന്നുണ്ട് (ഗദ്യം 12). എന്നാൽ ഇവ ഏതു നാട്ടിൽനിന്നാണു വരുന്നതെന്നു വ്യക്തമല്ല, സ്വദേശിയോ പരദേശിയോ ആവാം. കമ്പിളിക്കും കരുമ്പടങ്ങൾക്കുമൊപ്പം കട്ടി കുറഞ്ഞ, മിനുസമുള്ള കമ്പിളിയും അനന്തപുരത്തങ്ങാടിയിൽ കിട്ടും. നാട്ടിൻപുറങ്ങളിൽ ചകലാസ്സെന്നു പറയുന്ന തരമാണിത്. കമ്പിളി-കരുമ്പടങ്ങൾ തിരുമരുതൂരടുത്തുള്ള അങ്ങാടിയിലും വിനിമയത്തിനെത്തുന്നുണ്ട് (*ഉണ്ണിയച്ചീചരിതം* ഗദ്യം -12 ). ഈ മൂന്നും പുറംനാട്ടുൽപന്നങ്ങളാണല്ലോ.

ആഭരണങ്ങളും പലവിധമുണ്ടായിരുന്നു. വെപ്പുമുടിയും അക്കാലത്ത് അങ്ങാടിയിൽ കിട്ടിയിരുന്നു എന്നത് കൗതുകകരമാണ്. *പയ്യന്നൂർപാട്ടി*ൽ, 'വാർകുഴൽ ' എന്ന് പരാമർശിക്കുന്നത ് ഇതിനെയാണ്(102-ാം പാട്ട്). ചിലപ്പതികാരത്തിലെ പുകാർ നഗരത്തെക്കുറിച്ചുള്ള വിവരണം മുൻനിർത്തി, തിരുപ്പനും പൊയ്മുടിയും വില്ക്കുന്നവർ പഴയ തമിഴകത്തും ഉണ്ടായിരുന്നു എന്നു സുബ്രഹ്മണ്യൻ നിരീക്ഷിക്കുന്നുണ്ട് (2003. പു. 222)[(11)]. ഈ സൗന്ദര്യബോധത്തിന്റെ തുടർച്ച 14-15 നൂറ്റാണ്ടുകളിലുമുണ്ടായിരുന്നു എന്നു വ്യക്തം (ഇപ്പോഴും ഇതിങ്ങനെതന്നെയാണല്ലോ!).

ഇവയ്ക്കൊപ്പം തൊപ്പി, തലപ്പാവ്, മുലക്കച്ച തുടങ്ങിയ പണിതീർന്ന (readymade) വസ്തുക്കളുമുണ്ട്. അക്കാലത്ത് ഹിന്ദുസ്ത്രീകൾ മാറുമറച്ചിരുന്നില്ല. എന്നല്ല, ദരിദ്രർക്ക് വസ്ത്രംതന്നെ കമ്മിയായിരുന്നു(12) എന്നിരിക്കേ 'മുലക്കുപൂഷണി'(*പയ്യന്നൂർ പാട്ട്*, 104), 'മുലൈക്കച്ച്' (*അനന്ത.* 61), 'കച്ച്' (*ഉണ്ണിയച്ചി,* ഗദ്യം 12) തുടങ്ങിയ പരാമർശങ്ങൾ അന്യമതക്കാരുടെ സാന്നിധ്യത്തിന്റെയും സ്വാധീനത്തിന്റെയുംകൂടി സൂചകമാണ്. അവർക്കുവേണ്ടി ഒരു ഉല്പന്നം അങ്ങാടിയിലെത്തുന്നു എന്നതു നിസ്സാരമായ ഒരു കാര്യമല്ല. അരവരെ മറയ്ക്കുന്ന കുപ്പായമിട്ട മുസ്ലിംസ്ത്രീകളെ കണ്ടതായി പതിനേഴാം നൂറ്റാണ്ടിൽ ന്യുഹാഫ് രേഖപ്പെടുത്തുന്നുണ്ട് (1996: 56).

കേരളത്തിൽ ഇരുപതാംനൂറ്റാണ്ടാദ്യംവരെ ഹിന്ദുസ്ത്രീകൾ കുപ്പായം ധരിക്കാറുണ്ടായിരുന്നില്ല. 'കുപ്പായമിടുക' എന്ന നാടൻപ്രയോഗം സ്ത്രീയുടെ മതംമാറ്റത്തെ സൂചിപ്പിക്കുന്നതാണ്; തൊപ്പിയിടുക, പുരുഷന്റെയും.

എന്നാൽ അങ്ങാടികളിൽ വില്പനയ്ക്കെത്തിയിരുന്ന തൊപ്പി മതംമാറ്റവുമായി ബന്ധപ്പെട്ട ചിഹ്നംമാത്രമാണെന്നു പറയാനാവില്ല. അതു കേരളത്തിന്റെ ഒരു തനതുൽപന്നമല്ലല്ലോ. 'കുപ്പായ'പ്രയോഗത്തിന്റെ ഒരു നാട്ടുസന്ദർഭം നോക്കാം. വടക്കൻപാട്ടിൽ ഒരിടത്ത് ഒതേനൻ ചീരു എന്ന സ്ത്രീയുമായുള്ള വിവാഹബന്ധം വേണ്ടെന്നു പറയുന്ന ഒരു സന്ദർഭമുണ്ട്. അവളുടെ കുട്ടിക്കാലത്തെ വൈരൂപ്യത്തെപ്പറ്റിയുള്ള ധാരണയാണ് കാരണം. അയാൾ പറഞ്ഞുനിർത്തുന്നത് ഇങ്ങനെയാണ്:

> അച്ഛനുമമ്മക്കും വേണ്ടെങ്കില്
> വടകരപ്പൊക്കപ്പൻ ചോനകന്റെ
> കൊപ്പരയിൽ കാക്കാനങ്ങാക്കിക്കോട്ടെ
> കുപ്പായട്ടാറ്റാനങ്ങാക്കിക്കോട്ടെ!

എങ്ങനെയുണ്ട്? അവളെ കുപ്പായമിടുവിച്ചോ (മതം മാറ്റിയോ) മറ്റോ ചോനകന്റെ അടുത്തേക്ക് അയക്കാനാണ് ഒതേനന്റെ നിർദ്ദേശം! ഈ വസ്ത്രസംസ്കൃതി കൂടുതൽ സൂക്ഷ്മമായ പഠനമർഹിക്കുന്ന വിഷയമാണ്.

**മീഞ്ചന്ത!**

മധ്യകാലമാവുമ്പോഴേക്കും പടിഞ്ഞാറൻതീരത്തെ മത്സ്യബന്ധനതന്ത്രങ്ങൾ ഏറെ വികസിച്ചിരുന്നു എന്നുവേണം കരുതാൻ. സൂചകങ്ങൾ ആ വഴിക്കാണു തിരിയുന്നത്. പലതരം മത്സ്യങ്ങൾ മാത്രമല്ല, വല, ചാട്ടുളി തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങളും അങ്ങാടിയിലെത്തുന്നത് ഇതുകൊണ്ടാണ്. മത്സ്യോൽപ്പന്നങ്ങളുമുണ്ട് കൂട്ടത്തിൽ. *അനന്തപുരവർണ്ണന*ത്തിലും *ഉണ്ണിയാടീചരിത*ത്തിലും വിവരിക്കുന്ന മീൻതരങ്ങൾ വൻതോതിലുള്ള മത്സ്യബന്ധനത്തിന്റെ സൂചകങ്ങളാണെന്നു തീർച്ച. അറുപതിലധികം മീനുകളുടെ പേരുകൾ *മന്ത്രാങ്ക*ത്തിൽനിന്നു കിട്ടും. അഞ്ചു ശ്ലോകങ്ങളിലായി (83–87) അൻപതിലധികം മീനുകൾ *അനന്തപുരവർണ്ണന*ത്തിലും പതിനെട്ടെണ്ണം *ഉണ്ണുനീലിസന്ദേശ*ത്തിലും (പൂർവസന്ദേശം 83) പരാമൃഷ്ടങ്ങളാണ്. ഇരുപത്തഞ്ചോളം മീനുകൾ *ഉണ്ണിയാടീചരിത*ത്തിലുമുണ്ട് (ഗദ്യം 11).

വില്പനച്ചരക്കായി ശുദ്ധജലമത്സ്യങ്ങളും കടൽമത്സ്യങ്ങളോടൊപ്പമുണ്ട്. ആഴക്കടൽ മത്സ്യബന്ധനവും സാധാരണമായിരുന്നു. പുഴ, കടൽ, ചതുപ്പ്, ശുദ്ധജലാശയങ്ങൾ എന്നിവിടങ്ങളിൽനിന്നുള്ള മീനുകളാണ് വിവരണങ്ങളിലുള്ളത്. സ്രാവ് തുടങ്ങിയ വലിയ മത്സ്യങ്ങളെ ചാട്ടുളിയെറിഞ്ഞു പിടിക്കുകയാവണം പതിവ്; ചെറിയവയെ വലയുപയോഗിച്ചും. പുഴയിലും കടലിലും മറ്റും വലയും ചൂണ്ടയും ചാട്ടുളിയും ഉപയോഗിക്കാം. ചതുപ്പുനിലങ്ങളിൽ ഇവ ഉപയോഗിക്കാൻ സാധ്യമല്ല. സ്വാഭാവികമായും മത്സ്യബന്ധ

നതന്ത്രങ്ങളിലും വൈവിധ്യം ഉറപ്പാണല്ലോ. മത്സ്യത്തിൽനിന്നുള്ള ഉപോല്പന്നമായി സ്രാവിൽനിന്നെടുക്കുന്ന എണ്ണയും - കൊമ്പെണ്ണ(?) - അങ്ങാടിവിഭവമാണ് (*അനന്തപുരവർണ്ണനം* 56). ഉപ്പുമീൻ, ഉപ്പിട്ടുണക്കിയ മീൻതന്നെ. ചരട്ടുളി അഥവാ ചാട്ടുളി അങ്ങാടിയിലെത്തിയതു പ്രധാനമാണ്. ഇതു വൻതോതിലുള്ള സ്രാവുവേട്ടയെ സൂചിപ്പിക്കുന്നു:

> ഏറ്റം വമ്പേറിന ചുറകുമീൻ കൊന്റുകൊന്റിട്ടു മുക്കോ-
> രാറ്റൂടേ വന്റണയുമതുകൊണ്ടത്ര വൈകായവേണ്ടും (80)

എന്ന് *കോകസന്ദേശ*ത്തിൽ കാണുന്നത് ഇതിന്റെ സൂചകമായിരിക്കണം. മധ്യകാലകേരളത്തിലെ മത്സ്യബന്ധനത്തിന്റെ ഒരു പരിച്ഛേദംതന്നെ ഈ ശ്ലോകങ്ങളിലുണ്ടെന്നു തോന്നുന്നു. മീൻപിടിച്ചും മുത്തുശേഖരിച്ചും ജീവിതം കഴിച്ചുകൂട്ടുന്ന മുക്കുവരെപ്പററി വിദേശസഞ്ചാരികളും പറയുന്നുണ്ട്.

പഴന്തമിഴ്പാട്ടുകളിൽ ഇറച്ചിവാണിഭം ആഘോഷപൂർവം വിവരിച്ചിട്ടുള്ളതായി സംഘകാലജീവിതത്തെപ്പറ്റിയുള്ള പഠനത്തിൽ സുബ്രഹ്മണ്യൻ പറയുന്നു (2003: 221). വേടപ്പെൺകൊടിമാർ വീടുവീടാന്തരം കൊണ്ടു നടന്ന് ഇറച്ചി കൈമാറ്റം ചെയ്യുന്നതിന്റെ വിവരണമുണ്ട്. മണിപ്രവാളകൃതികളിൽ മീനുണ്ടെങ്കിലും ഇറച്ചിവില്പന കാണുന്നില്ല.(13) എന്നാൽ *മന്ത്രാങ്ക*ത്തിലെ അങ്ങാടിച്ചരക്കുകളുടെ കൂട്ടത്തിൽ മാനിറച്ചി, മുയലിറച്ചി, പന്നിയിറച്ചി തുടങ്ങിയവ വിവരിക്കുന്നതും കാണാം.

**ഔഷധം**

ആയുർവേദത്തിന്റെയും നാട്ടുവൈദ്യത്തിന്റെയും പ്രാമാണ്യം വ്യക്തമാക്കുന്നവയാണ് മണിപ്രവാളകൃതികളിൽ കാണുന്ന മരുന്നുകച്ചവടം. അശോകകാലംമുതൽക്കെങ്കിലും ആയുർവേദം തെന്നിന്ത്യയിൽ പ്രവേശിച്ചിരുന്നുവല്ലോ. പതിന്നാലാം നൂറ്റാണ്ടായപ്പോഴേക്ക് *ആലത്തൂർ മണിപ്രവാളം* എന്ന പേരിൽ ഒരു വൈദ്യശാസ്ത്രഗ്രന്ഥം ഉണ്ടാവാൻപാകത്തിലായിരുന്നു കേരളത്തിലെ വൈദ്യശാസ്ത്രപ്രചാരം എന്നു മനസ്സിലാക്കണം. ഗൃഹവൈദ്യത്തേയും ഇവിടെ പരിഗണിക്കാം.(14) *മന്ത്രാങ്ക*ത്തിലും മണിപ്രവാളകൃതികളിലുംകൂടി എൺപതിലധികം മരുന്നുകളുടെ പേർ പരാമർശിച്ചുകാണുന്നുണ്ട്. ഇന്നും ആയുർവേദഗ്രന്ഥങ്ങളിലെ ഔഷധയോഗങ്ങളിലും നാട്ടുചികിത്സയിലും ഉപയോഗിക്കുന്നവയാണ് ഇവയെല്ലാം. ചിലതിനെ കവി സുഗന്ധദ്രവ്യങ്ങളുടെ പട്ടികയിലാണു പെടുത്തിയിട്ടുള്ളതെന്നു തോന്നും. മലക്കറികളുടെ കൂട്ടത്തിൽ പരാമർശിച്ചിട്ടുള്ളവയെ (മുരിങ്ങ, അമ്പഴം, പുളി തുടങ്ങിയവ) ഇവിടെ പരിഗണിച്ചിട്ടില്ല. അതുപോലെ അടയ്ക്ക, വെറ്റില എന്നിവ

യെയും തൽക്കാലം ഔഷധപ്പട്ടികയിൽ പെടുത്തുന്നില്ല. പേർ പരാമർശിച്ചു കാണുന്ന അങ്ങാടിമരുന്നുകളിൽ ചിലതെല്ലാം കേരളത്തിലുള്ളതും മറ്റുപലതും പുറത്തുനിന്നുള്ളവയുമാണ്. *ഉണ്ണിയച്ചീചരിത*ത്തിൽ ചരക്കുകളുടെ വിവരണമായിട്ടല്ല, അങ്ങാടിഭാഷണത്തിന്റെ രൂപത്തിലാണു മരുന്നുകളുടെ പരാമർശം വരുന്നത്. തിപ്പലി, ചുക്ക്, ചക്കര, പുഷ്ക്കരമൂലം, അമുക്കിരം

> കേലം വേലമരക്കു തുരിക്കം
> പുഷ്കരമൂലം മഞ്ചണ മാഞ്ചി...
> നീലമമുക്കിരമതിവിടയഞ്ചെറു-
> തേക്കുമരക്കും കർക്കടശൃംഗിപ്രഭൃതിമരുന്നും

എന്ന് *ഉണ്ണിയാടീചരിത*വും (ഗദ്യം 11)

> ഏലം കോലം കടുകു തകരം കുന്തിരിക്കം തുരിക്കം
> ചോനപ്പുല്ലും ചുകിലുമകിലും നാകുണം തൂണിയാകം
> തീമ്പൂ കഞ്ചാവുലുവ വിടയം മാഞ്ചി മഞ്ചട്ടി കൊട്ടം
> ചാതിക്കായും പലവുമവിടെക്കാണലാം തേ മരുന്നും

എന്ന് വിവരണരൂപത്തിൽ *ഉണ്ണുനീലിസന്ദേശ*വും (പൂർവസന്ദേശം: 80) ഇവയെപ്പറ്റി പറയുന്നുണ്ട്. പല നാടുകളിൽനിന്നാണ് ഇവ കൊണ്ടുവരുന്നത് എന്ന് ചില നിരീക്ഷണങ്ങളുണ്ട്. ഇതനുസരിച്ച് കുങ്കുമവും കന്മദവും ഹിമാലയപ്രദേശങ്ങളിൽനിന്നാണു വരുന്നത്. അതിവിടയം, അത്തിത്തിപ്പലി, അയമോദകം, ഇന്തുപ്പ്, ഉലുവ, ഉള്ളി, കടുക്, കടുക്ക, കാർകോകിൽ, കൊട്ടം, കൊത്തമല്ലി, ഗുഗ്ഗുലു, ജീരകം, തകരം, പീതകരോഹിണി, പുഷ്കരമൂലം, മാഞ്ചി തുടങ്ങിയവയും വരവുൽപ്പന്നങ്ങൾതന്നെ. ഇവ ഡക്കാൻ പീഠഭൂമിയുടെ വടക്ക്-വടക്കുപടിഞ്ഞാറു മുതൽ വടക്കുകിഴക്ക് മേഘാലയവരെയുള്ള ഭാഗങ്ങളിൽനിന്നാണു വരുന്നത്. തക്കോലം, തുരുഷ്ക്കം, നറുമ്പശ തുടങ്ങിയ വൈദേശികോൽപന്നങ്ങളും അങ്ങാടിയിൽ വരും.(15) മുന്തിരിയും വിദേശത്തുനിന്നുവരുന്നതായി മധ്യകാലസഞ്ചാരിയായ അബു സെയ്ദ് (Neelakanta Sastri, p. 127) പറയുന്നു. ഏലം, കുരുമുളക്, ഇഞ്ചി, ചുക്ക്, ജാതി, മഞ്ഞൾ തുടങ്ങിയ പ്രാദേശികവിഭവങ്ങളും അങ്ങാടികളിലെത്തുമെന്നു പ്രത്യേകം പറയേണ്ടതില്ല. ഇക്കാര്യം വിദേശസഞ്ചാരികളുടെ കുറിപ്പുകളും സാക്ഷ്യപ്പെടുത്തുന്നു. ആടലോടകം, ബ്രഹ്മി, ചിറ്റമൃത്, നെല്ലിക്ക പോലുള്ളവയുടെ വിനിമയം കാണുന്നില്ല. അവ അതതു പ്രാദേശികമാത്രകളിൽ, പറമ്പിടകളിൽ, ലഭ്യമാണെന്നതായിരിക്കണം ഒരു കാരണം. ചുരുക്കത്തിൽ, ഇന്ന് അങ്ങാടിയിൽ ലഭ്യമാകുന്ന മിക്ക മരുന്നുകളും അന്നും വിനിമയത്തിനെത്തിയിരുന്നു എന്നു മനസ്സിലാക്കാം.

ആയുർവേദമരുന്നുകളെ പൊതുവേ മൂന്നായി തിരിക്കാം: സസ്യജം, ജന്തുജം, ധാതുജം. സസ്യങ്ങളുടെ ഇല, കായ, വേര്, തൊലി, പുഷ്പം തുടങ്ങിയവയും എണ്ണകൾ, കർപ്പൂരം, കായംപോലുള്ള സസ്യോൽപന്നങ്ങളും ആദ്യവിഭാഗത്തിൽ പെടും. ആനക്കൊമ്പ്, മാൻകൊമ്പ്, കസ്തൂരി, പുഴുവിൻനെയ്യ്, ഗോരോചനം, തേൻ, അരക്ക്, നെയ്യ്, പാല് തുടങ്ങിയവ ജന്തുജന്യങ്ങളാണ്. ഇവയിൽ ചിലതിന് സുഗന്ധ/അലങ്കാരദ്രവ്യങ്ങളുടെ പദവിയുമുണ്ടെന്നു വേണമെങ്കിൽ പറയാം. മീനെണ്ണ, ഔഷധമായി ഉപയോഗിച്ചിരുന്നുവോ എന്നറിയില്ല.(16) എന്നാൽ കടൽനാക്ക് (*മന്ത്രാങ്കം*)പലരോഗങ്ങൾക്കും മരുന്നാണ്. മാൻകൊമ്പ്(കലങ്കൊമ്പ്) കഴിക്കാനുള്ള ഔഷധങ്ങളിലും പുറത്ത് അരച്ചുപുരട്ടുന്ന പ്രയോഗങ്ങളിലും വേണ്ടതാണ്. കൊമ്പഞ്ചാദി - സുവർണ്ണമുക്താദിഗുളികകളിൽ ഇതുചേർക്കും. അടുത്ത വകുപ്പിലുള്ളത് സാമാന്യമായി ലോഹങ്ങൾ, ഗന്ധകം, രസം, കന്മദം, മനയോല തുടങ്ങിയവയാണ്. ഇവയും ഭാരതത്തിന്നകത്തുനിന്നും പുറത്തുനിന്നും വന്നുചേരും.

ഇനി ഔഷധമായി മാത്രമല്ല, സൗന്ദര്യസംവർദ്ധകങ്ങളായും (cosmetics) ഉപയോഗിക്കുന്നവയാണുള്ളത്. സുഗന്ധദ്രവ്യങ്ങളെന്ന നിലയ്ക്കും ഇവ പ്രധാനങ്ങളാണ്. അകിൽത്തൈലം, കളഭം, ചന്ദനം, ചാന്ത്, കുങ്കുമം, കസ്തൂരി, പനിനീർ, കർപ്പൂരം(17) തുടങ്ങിയവ ഇങ്ങനെ വിപണിയിലെത്തുന്നവയാണ്. പനിനീർ വൈദേശികോല്പന്നമാണെന്ന് *പത്തുപ്പാട്ടി*ലെ പട്ടിനപ്പാലയിൽനിന്നറിയാം.(18) സാധ്യതയുണ്ട്. പനിനീർപുഷ്പംതന്നെ പരദേശിയാണല്ലോ. മധ്യകാലത്ത്, മുഗൾസംസ്കൃതിയുമായി ബന്ധപ്പെട്ട ചിത്രങ്ങളിലാണു പനിനീർപുഷ്പം ആദ്യമായി വരുന്നത്. ഭാരതീയേതിഹാസങ്ങളിലോ പ്രാചീന-മധ്യകാലസാഹിത്യങ്ങളിലോ പനിനീർപുഷ്പം കടന്നുവരുന്നതായി കാണുന്നില്ല.

അനുഷ്ഠാനത്തിന്റെ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട പല വസ്തുക്കളും ചരക്കുപദവിനേടി അങ്ങാടിയിൽ വരുന്നുണ്ട്. ധാരക്കിടാരം, അർഘ്യവട്ടക, നിലവിളക്ക്, പുകക്കുറ്റി (ധൂപക്കുറ്റി), തൂക്കുവിളക്ക്, കൊടിവിളക്ക് തുടങ്ങി പൂജാസന്ദർഭങ്ങളിൽവേണ്ട പല വസ്തുക്കളും അങ്ങാടിയിലെത്തുന്നതായി *മന്ത്രാങ്ക*ത്തിൽ പറയുന്നുണ്ട്. മാൻതോലും ഇക്കൂട്ടത്തിൽ പെടും. അമ്പലങ്ങളിൽ ശുദ്ധികലശം നടത്തുന്ന വേളകളിൽ മന്ത്രപൂതമാക്കിയ കലശം വെയ്ക്കുന്നത് മാൻതോലിലാണ്. ഉപനയനം കഴിഞ്ഞ നമ്പൂതിരിക്കുട്ടികൾ പൂണൂലിനോടൊപ്പം മാൻതോൽ ധരിക്കുന്ന പതിവുണ്ടായിരുന്നു. അനന്തപുരത്തങ്ങാടിയിൽ കൃഷ്ണാജിനം വരുന്നതിനെ ഈ മണ്ഡലവുമായി ബന്ധിപ്പിച്ചുവേണം പരിചിന്തിക്കാൻ (*അനന്തപുരവർണ്ണനം,* 59). തോലെന്ന് *ഉണ്ണുനീലിസന്ദേശ*ത്തിലും ഒരു പരാമർശം കാണുന്നുണ്ട് (പൂ. സ., 81). അരണിയും അങ്ങാടിച്ചരക്കാണ്. അരണി കടഞ്ഞാണ് യജ്ഞത്തിന്നും മറ്റും തീ

കത്തിക്കുക. കർപ്പൂരം, ചന്ദനം, അകിൽ, തിരുവട്ടപ്പശ തുടങ്ങിയവയ്ക്കും അനുഷ്ഠാനത്തിന്റെ വ്യവഹാരലോകത്തു പ്രവേശനമുണ്ട്. കരിംകൂവളം, താമര തുടങ്ങിയ പൂജാപുഷ്പങ്ങളെയും വേണമെങ്കിൽ ഇക്കൂട്ടത്തിൽ പെടുത്താം. എങ്കിലും അങ്ങാടിയിലെ പൂക്കച്ചവടം ഈ വകുപ്പിലേക്കുള്ളതാണോ എന്നു തീർത്തു പറഞ്ഞുകൂടാ. *മധുരൈക്കാഞ്ചി*യിലെ പൂവാണിയം ആഘോഷത്തിന്നുള്ളതാണ്.

## ഇടനില

ഉൽപാദകരും കച്ചവടക്കാരും ഉണ്ടെങ്കിൽ ഇടനിലക്കാരുമുണ്ടാവും.(19) പല ഉല്പന്നങ്ങളെയും അതാതിന്റെ പ്രഭവസ്ഥാനങ്ങളിൽനിന്ന് അങ്ങാടികളിലെത്തിക്കുന്നത് ഇവരാണ്. നല്ലൊരുദാഹരണം പടിഞ്ഞാറൻതീരത്തെ കുതിരക്കച്ചവടമായിരുന്നു.(20) ചോനകക്കുതിരയൊന്നുക്ക് രണ്ടായിരം ആനയച്ചിന് ചോണാട്ടിൽ വിറ്റിരുന്നത് ചോനകരായിരുന്നില്ല, മറിച്ച് ഇടനിലക്കാരായ മലയാളച്ചെട്ടിമാരായിരുന്നു(രാഘവവാരിയർ, രാജൻ ഗുരുക്കൾ 1999:213). ഇത് *ഉണ്ണിയച്ചീചരിത*ത്തിൽ പരാമർശിച്ചുകാണുന്നത് ഇങ്ങനെയാണ്.

ചോനകക്കുതിര ചോണാട്ടുവിറ്റാൽ നമ-
ക്കാനയച്ചുടനിരണ്ടായിരം കിട്ടലാം (ഗദ്യം 18)

കുരുമുളകിന്റെയും കഥ അങ്ങനെത്തന്നെ. 'മിളകുതരകിന്നക്കടാമ്പിയാടീ' എന്ന മുച്ചന്തിക്കലെ സംഭാഷണം (പൂ. സ. 85) ഇതിന്റെ സൂചനയാണ്. തരക്, ഇടനിലയാണല്ലോ. കടൽത്തീരങ്ങളിലെ ഉപ്പളങ്ങളിൽനിന്ന് ഉൾനാടുകളിലേയ്ക്ക് ഉപ്പു കൊണ്ടുപോയിരുന്നത് ഉൽപ്പാദകരായിരുന്ന പരതവരല്ല; ഉമണച്ചാത്തുകൾ എന്ന വണിക്സംഘങ്ങളായിരുന്നല്ലോ. അങ്ങനെ വരുമ്പോൾ, പുതിയൊരു വാണിജ്യശൃംഖലകൂടി തെളിയുകയായി: ഉല്പാദകർ/ശേഖരിക്കുന്നവർ > ഇടനിലക്കാർ > ഉപഭോക്താക്കൾ.

*പത്തുപ്പാട്ടി*ലെ ചിറുപാണാറ്റുപ്പടൈയിലും (51-67) പെരുമ്പാണാറ്റുപ്പടൈയിലും (59-66) കാളവണ്ടിയിൽ ഉപ്പുമായിവരുന്ന ഈ വ്യാപാരിക്കൂട്ടങ്ങളെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്. ഇവർ അതിന്റെ ഉല്പാദകരല്ലല്ലോ. ആ ജോലി നെയ്തൽനിലങ്ങളിലെ പരതവരാണു ചെയ്തിരുന്നത്. ഇതുപോലെ കമ്പിളിയും കുങ്കുമവും കസ്തൂരിയും കന്മദവും ഇന്തുപ്പും മുന്തിരിയും കടുകും ജീരകവും ഗോതമ്പും ചോളവുമെല്ലാം നാട്ടുചന്തകളിലെത്തിയിരുന്നതും ഇടനിലക്കാർ വഴിയായിരിക്കണം.(21) ആരിയർ, കന്നടർ, മാളവർ, വംഗർ തുടങ്ങിയവരെയാണ് *ഉണ്ണിയാടീചരിത*ത്തിൽ പരാമർശിക്കുന്നത്. *മന്ത്രാങ്ക*ത്തിലെ പട്ടിക ഇങ്ങനെയാണ്:

ചോനകർ, സരസ്സാക്കർ, ചൂതർ, തച്ചിയർ, ദ്രമിളർ, തിലിംഗർ, കലിംഗർ, കാശ്മീരർ, ആരണ്ഡർ, സിംഹളർ, വിദർഭർ, മാഗധികർ, സാല്വർ, കേകയന്മാർ, മാളവന്മാർ, ഇഷീകന്മാർ, അശ്മകന്മാർ, ദശാർണന്മാർ, സൗവീരന്മാർ, പാണ്ഡികൾ, കൊങ്കണന്മാർ, കിങ്കരന്മാർ(?), യവനന്മാർ, ചവനന്മാർ, സൈന്ധവന്മാർ, ചോളന്മാർ.

*അനന്തപുരവർണ്ണന*ത്തിലെ പരദേശിപ്പേരുകൾ ഒരു ശ്ലോകത്തിലൊതുങ്ങും:

തുലിംഗരും മാണ്ഡകരും
കലിംഗരോടിഹ ചോനകർ
ഗൗഡരും പാണ്ടിനാടാന്മാർ
കുടയാരിയർ ചോഴിയർ(ശ്ലോ. 101)

ഇങ്ങനെ പല നാട്ടുകാരും ഒന്നുചേരുന്നത് അക്കാലത്ത് എല്ലാ അങ്ങാടികളിലും സാധാരണയായിരുന്നു. മധുരൈക്കാഞ്ചിയിലെ(356-60) അങ്ങാടിവർണനയിൽ വിവിധവസ്തുക്കൾ വാങ്ങാനെത്തിയ, പല ഭാഷക്കാരായ ജനക്കൂട്ടത്തിന്റെ കോലാഹലത്തെപ്പറ്റി പറയുന്നുണ്ട്. ഇതോടൊപ്പം ശ്രദ്ധിക്കാവുന്ന മറ്റൊന്നുകൂടിയുണ്ട്. വാണിജ്യരംഗവുമായി ബന്ധപ്പെട്ട, മലയാളത്തിലെ പല പദങ്ങളുടേയും വരവ് ഇങ്ങനെയാണ്. ചെട്ടി, പീടിക, കച്ചോടം, ചന്ത, അത്താണി തുടങ്ങിയവ ഈ വഴിക്ക് വന്നവയാണെന്നു കാണാം. വിദേശവ്യാപാരം മാത്രമല്ല, നാട്ടുകച്ചവടവും ഭാഷയുടെ പദസമ്പത്തിലേക്കു മുതൽകൂട്ടുമെന്നർത്ഥം.

ആധുനികഭാരതത്തിലെ ആന്ധ്ര, തമിഴ്നാട്, കർണ്ണാടക, ഒറീസ, ബംഗാൾ, മധ്യപ്രദേശ്, ഗുജറാത്ത്. കൊങ്കൺ തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ളവരെയാണ് മണിപ്രവാളകൃതികളിൽ സാമാന്യമായി സൂചിപ്പിച്ചിട്ടുള്ളത്. ഇവരേയും ഉപഭൂഖണ്ഡത്തിന്നു പുറത്തുനിന്നെത്തിയ ബർബരരും ചീനരുമടക്കമുള്ളവരേയും ഒന്നടങ്കമാണ് പരദേശികളെന്നു വിളിക്കുന്നത്. തുലിക്കർ, ഡക്കാനിൽനിന്നുള്ള മുസ്ലീങ്ങളാണ്. ഇവരെപ്പറ്റി *ഉണ്ണുനീലിസന്ദേശ*ത്തിലും(പൂർവഭാഗം, ശ്ലോ. 21) പറയുന്നതു ശ്രദ്ധിക്കുക. പടിഞ്ഞാറുനിന്നുള്ള ഉല്പന്നങ്ങളുമായി കച്ചവടത്തിനെത്തിയവരാണ് ചോനകർ. ഗ്രീക്കുകാരെ കുറിക്കാനാണ് യവനശബ്ദം സംസ്കൃതസാഹിത്യത്തിലുംമറ്റും പൊതുവെ ഉപയോഗിച്ചിട്ടുള്ളത്. ഇവിടെ പരാമർശിക്കുന്നത് അറബികളെയുമായിരിക്കാം. പിൽക്കാലത്ത് ചോനകശബ്ദം മുസ്ലീങ്ങളെ കുറിക്കുന്നത് കേരളഭാഷാചരിത്രത്തിന്റെ ഭാഗമാണല്ലോ. ബർബരരും പടിഞ്ഞാറു മധ്യധരണ്യാഴിയുടെ പരിസരങ്ങളിൽനിന്നുള്ളവരാണ്.

ഈ നാട്ടുചന്തകളിലെ വാണിയത്തിന്നു വിദേശികളും സാക്ഷ്യം വഹിക്കുന്നതു കാണാം. കായങ്കുളത്ത് കുരുമുളക്, തേങ്ങ, അടയ്ക്ക, മീൻ എന്നി

വയും വളപട്ടണത്ത് തദ്ദേശീയമായ തുണിത്തരങ്ങളും വിനിമയത്തിനെത്തിയിരുന്നതായി 1330-49 കാലത്ത് ഇവിടെയെത്തിയ ചൈനീസ് സഞ്ചാരി വാങ്ത-യുവാൻ (Wang Ta-Yuan) നിരീക്ഷിച്ചിട്ടുണ്ട് ( K. A. N. Sastri 2001: 293-95).

ഇടനിലയായി കുട്ടികളും രംഗത്തുണ്ടായിരുന്നുവോ? കച്ചവടക്കാർക്കിടയിൽ ചെറുസഹായവുമായി കുട്ടികൾ ഇടപെടുന്നതിനെപ്പറ്റി മാർക്കോപോളോ പറയുന്നതു ശ്രദ്ധിക്കുക:

> All parents who have male children, as soon as these have attained the age of 13, dismiss them from their home, and do not allow them further maintenance in the family. For they say that the boys are then of an age to get their living by trade... And these urchines are running about all day from pillar to post, buying and selling. At the time of pearl-fishery, they run to the beach and purchase, from the fishers or others, five or six pearls, according to their ability, and take these to merchants... And every day they take their food to their mothers to be cooked and served, but do not eat a scrap at the expense of their fathers- (K. A. N. Sastri 2001 p. 170-71).

ഇതു മുഴുവൻ മുഖവിലക്കെടുക്കാൻ പറ്റില്ല. കച്ചവടക്കാരായ ആളുകളുടെയിടയിലെ കാര്യം മാത്രമാണിത്. ഇവർ മിക്കവാറും കേരളീയ ജാതിഘടനയിൽ പെടുന്നവരാവാൻ വഴിയില്ല. എന്നാൽ, കോഴിക്കോടും ചെറിയ കുറുമാർപോലുമില്ലങ്ങുപിന്നെ എന്നു കരിയനാട്ടെ നാളങ്ങാടിയെപ്പറ്റി *ഉണ്ണുനീലിസന്ദേശം* (ശ്ലോ. 126) പറയുന്നതും പരിഗണിക്കാം.

## വിദേശബന്ധങ്ങൾ

പ്രാചീനമധ്യകാലചരിത്രകാരന്മാർ വളരെ ആഴത്തിലും പരപ്പിലും ചർച്ച ചെയ്തിട്ടുള്ളതാണ് കേരളത്തിന്റെ പുറവാണിയം അഥവാ വിദേശക്കച്ചവടം. പൊതുവേ, ഇന്ത്യയ്ക്കു പുറത്തുള്ള നാടുകളുമായി നടന്ന കച്ചവടത്തെയാണ് ഇവർ ഉന്നമിടുന്നത്. പ്രാദേശികമായ ഓരോ സാമ്പത്തിക മാത്രകളും (economic units) അതാതിന്റെ പുറത്തുള്ളവയുമായി നടത്തിയ വാണിയങ്ങൾ ഇവരുടെ പരിഗണനയിൽ വരുന്നില്ല. അതവർക്കു നാട്ടുവാണിയം മാത്രമാണ്. എന്നാൽ, ഭാഷാടിസ്ഥാനത്തിൽ പരദേശികളേയും തന്നാട്ടുകാരേയും കൃത്യമായി വേർതിരിക്കുന്ന (*ഉണ്ണിയാടീചരിതം*, ഗദ്യം-11)

സംസ്കൃതികളെസ്സംബന്ധിച്ച് പരദേശത്തിന്റെ — വൈദേശികതയുടെ — അർത്ഥം കൂടുതൽ സൂക്ഷ്മമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഇവിടെ പോകുന്നില്ല.

പഴന്തമിഴ്പാട്ടുകളിലും തമിഴകത്തിന്റെ പുറവാണിയം പ്രാധാന്യത്തോടെ പരാമർശിച്ചു കാണുന്നു. വെള്ളപ്പായകൾ കെട്ടിയ, കാറ്റു വലിക്കുന്ന കപ്പലുകളിൽ വന്ന പലവക സാമഗ്രികൾ കടൽത്തീരത്ത് ഇറക്കിവെക്കുന്നതിന്റെ കോലാഹലങ്ങൾ മധുരൈക്കാഞ്ചിയിലും (535-37) പെരുമ്പാണാറ്റുപ്പടൈയിലും (320-26) ചർച്ചാവിഷയമാണ്. കൊല്ലം വർണ്ണനയിൽ തുറമുഖത്ത് ചൊങ്കും ചമ്പ്രാണിയും ചോണാടനും നിരന്നുനിൽക്കുന്നതായി ഉണ്ണുനീലിസന്ദേശകാരൻ വിവരിക്കുന്നുണ്ട് (പൂ. സ., 70). ഇവ, അക്കാലത്തെ വിദേശക്കച്ചവടത്തിന്റെ സാഹിത്യത്തെളിവുകളാണ്. ചോളനാട്ടുല്പന്നങ്ങളുമായി വരുന്ന കപ്പലുകളും പരാമർശത്തിലുണ്ട്. അക്കൂട്ടത്തിലാണല്ലോ 'ചോണാട'ന്റെ സ്ഥാനം.

ചൊങ്ക് (junk), ചീനാബന്ധത്തിന്റെ സൂചകമാണല്ലോ. ചീനപ്പട്ട്, കളിമൺപാത്രങ്ങൾ, കർപ്പൂരം, ചെമ്പ്, രസം, ഈയം, തുത്തനാകം തുടങ്ങിയവയായിരുന്നു ചീനയിൽനിന്ന് പതിവായി ഇറക്കുമതി ചെയ്തിരുന്നതെന്ന് ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട് (രാഘവവാരിയർ, രാജൻഗുരുക്കൾ. 1999: 216, 225). ചില ഇരുമ്പു പാത്രങ്ങൾ, കളിമൺപാത്രങ്ങൾ, സ്വർണം, സവിശേഷമായ തുണിത്തരങ്ങൾ എന്നിവ കൈമാറ്റം ചെയ്തിരുന്നതായി വാങ് തയുവാനും പറയുന്നു ( K. A. N. Sastri 2001: 293-95). അടയ്ക്കയും കുരുമുളകും കൊടുത്ത് ചൊങ്കിൽ വന്ന അർത്ഥജാലം വാങ്ങുന്നത് കടുത്തുരുത്തിയുടെ വിവരണത്തിൽ (ഉണ്ണുനീലിസന്ദേശം; ഉത്തരഭാഗം, 7) പറയുന്നുണ്ട്. എന്നാൽ വിശദാംശങ്ങളില്ല. എങ്കിലും ചീനപ്പട്ടുകളും ഭരണികളും കളിമൺപാത്രങ്ങളുമായിരിക്കണം സൂചനയിൽ. പുറംനാട്ടുൽപ്പന്നങ്ങളെപ്പറ്റി *അനന്തപുരവർണ്ണന*ത്തിലും പരാമർശമുണ്ട്:

...മരക്കലത്തിന്മേൽ വന്ന
ചരക്കു പലജാതിയും
എടുത്തു പപ്പരക്കയ്യർ
നടപ്പിതൊരു വീതിയിൽ... (102-03)

മരക്കലം, കപ്പലാണ്. പത്തേമാരി തുടങ്ങിയ ചെറുനൗകകളും സാമാന്യമായി മരക്കലമെന്ന വിശേഷണത്തിൽ പെടുമായിരിക്കണം. ഈ കൃതിയിലെ നാല്പത്തിയെട്ടാം ശ്ലോകത്തിൽ പരാമർശിക്കുന്ന 'കാര', കാരയ്ക്കയാകാം. എങ്കിൽ അറബിനാട്ടുൽപന്നമാണല്ലോ അത്. പിൽക്കാലത്ത്, ''കാരയ്ക്ക വേണ്ടുകിൽ താരം കൊണ്ടാ...''എന്നു *കൃഷ്ണഗാഥ*യിൽ കാണുന്ന സംഭാഷണശകല

ത്തേയും(രാജസൂയം) ഇതൊടൊപ്പം ചേർത്തുവയ്ക്കുക. ഇവിടെനിന്നും ദേശാന്തരങ്ങളിലേക്കു കയറ്റിയയച്ചിരുന്ന ചരക്കുകൾ മുഖ്യമായും കുരുമുളക്, ആനക്കൊമ്പ്, ഇഞ്ചി/ചുക്ക്, നേർത്ത തുണി (കാലിക്കോ), തേക്ക് തുടങ്ങിയവയായിരുന്നു എന്നും ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

## നാണയവാണിയം

നാണയവും ഒരു ചരക്കായാലോ? അതും അങ്ങാടിയിൽ കൈമാറ്റത്തിന്നു വന്നാലോ? അങ്ങനെയും ഉണ്ടായിരുന്നു ഒരു കാലം. മധ്യകാലത്ത് കേരളത്തിലെ അങ്ങാടികളിൽ നാണയവും ഒരു കൈമാറ്റച്ചരക്കായിരുന്നു . ഒരു തരം ഫോറിൻ എക്സ്ചേഞ്ചുതന്നെ. തനതായ മൂല്യമുള്ളതും തുല്യതയുള്ള മറ്റൊന്നിനുവേണ്ടി കൈമാറാവുന്നതുമായ വസ്തുവാണു ചരക്ക് (Kopytoff 1998: 68) എന്നു സാമ്പത്തികശാസ്ത്രപടുക്കൾ പറയുന്നു. ഒരു പ്രത്യേക സാധനം, അതേ അളവിൽ, പിന്നീടു മടക്കിക്കൊടുക്കാമെന്ന വ്യവസ്ഥയിൽ വാങ്ങുന്ന, അവധിവെച്ചുള്ള കച്ചവടം സംഘകാലത്തുണ്ടായിരുന്നുവെന്നു സുബ്രഹ്മണ്യൻ നിരീക്ഷിക്കുന്നുണ്ട് (2003: 221). ശക്തവും വിപുലവുമായ രീതിയിൽ വസ്തുകൈമാറ്റവ്യവസ്ഥ നിലവിലുണ്ടായിരുന്നതുകൊണ്ട് തമിഴകത്തെ നാട്ടുവാണിയങ്ങളിൽ കാര്യമായ പണോപയോഗം ഉണ്ടായിരുന്നില്ല എന്ന് സുബ്രഹ്മണ്യൻ കരുതുന്നു. എന്നാൽ വളരെ വിപുലമായ പണോപയോഗത്തിന്റെ തെളിവുകളാണ് മധ്യകാലമണിപ്രവാളകൃതികളിൽ പരക്കെ കാണുക. രണ്ടുതരം കൈമാറ്റങ്ങളെക്കുറിച്ചാണ് ഇവിടങ്ങളിലെ പരാമർശം. ഒന്ന്- വസ്തുകൈമാറ്റം, രണ്ട് - വിൽപ്പന.

> തേങ്ങാതാ വെററിലക്കെന്നു
> മാങ്ങാ തരുവനെൻകയും...
>
> (അനന്തപുരവർണ്ണനം: 32)
>
> ...വാഴെക്കായ്ക്കു വരാൽ തരാം
> ചോളന്തരിക വാളെക്കു
>
> (അനന്തപുരവർണ്ണനം: 88)

എന്ന മട്ടിലുള്ള വസ്തു കൈമാറ്റവ്യവസ്ഥയ്ക്കു സമാന്തരമായി പലതരം നാണയങ്ങൾ കൈമറിഞ്ഞുപോന്നതായി മനസ്സിലാക്കാം. *അനന്തപുരവർണ്ണന*ത്തിലെ മൂന്നു ശ്ലോകങ്ങളിൽ പലതരം നാണയങ്ങളുടെ പേർ കാണാം. ഇരുപത്തഞ്ചോളം നാണയങ്ങൾ ഇവിടെ പരാമർശിച്ചിട്ടുണ്ട്. മുപ്പതിൽപ്പരമുണ്ട് *മന്ത്രാങ്കം ആട്ടപ്രകാര*ത്തിൽ. മന്ത്രാങ്കത്തിലും അനന്തപുരവർണനത്തിലും പരാമർശിക്കുന്ന നാണയങ്ങളുടെ പട്ടിക താഴെക്കൊടുക്കുന്നു:

| മന്ത്രാങ്കം | അനന്തപുരവർണനം |
|---|---|
| ശ്രീകാളൻ, കലശൻ, ശംഖൻ, ശ്രീധരൻ, ത്രിനയനൻ, മല്ലൻ, തിരുവാമയൻ, മുത്തുക്കുടയൻ, കീർത്തി, മുള്ളൻ, പഴയകാള, പാകം, കാച്, മണിയധ്വജൻ, ത്രമം, തട്ടിപ്പൊന്ന്, പണിപ്പൊന്ന്, സന്തോഷൻ, ശൃംഗിലത, പൊന്ന്, അച്ച്, ഈരഞ്ച്, കത്തിയൻ, മൂർക്കൻ, മാമല. | ശ്രീകാളൻ, കലശൻ, ശംഖൻ, ശ്രീമാൻ, പഴയ കാള, ശ്രീധരൻ, തിനയൻ, മുള്ളൻ, ശ്രീകണ്ഠൻ ചിരിചക്കി, വില്ലൻ, വിലങ്ങൻ, വിറയൻ, മല്ലൻ, തിരുമാമല, സന്തോഴൻ, അമൃതൻ, ശൃംഗിലതയൻ, മണിയദ്വിജൻ, മുത്തിൻകുടയൻ, കീർത്തി, കത്തിയൻ, മുതൽമാമല, കിരികോടങ്ങൾ, പോയഞ്ച്, ഈരഞ്ച്, കാശ്, പാകം, കട്ടിപ്പൊന്ന്, പണിപ്പൊന്ന് |

ഈ നാണയ വൈവിധ്യത്തിന്റെ അർത്ഥമെന്തായിരിക്കാം? സ്വദേശിയും പരദേശിയുമായ ഇത്തരം നാണയങ്ങൾ പലയിടത്തും പ്രചാരത്തിലുണ്ടായിരുന്നു എന്നു കരുതാൻ വഴിയുണ്ട്. 'കലശൻ', കലശമുദ്രയുള്ള വീരകേരളപ്പണവും 'ശംഖൻ', ശംഖമുദ്രയുള്ള വെള്ളിച്ചക്രവുമാണ് (ഗോപകുമാർ, 2003:112). ചില നാടുകളിൽ ഒന്നിലേറെ നാണയങ്ങൾ ചെലവാകുമെന്ന ഒരു സാധ്യതയുമുണ്ട്. *ഉണ്ണുനീലിസന്ദേശം* (പൂർവസന്ദേശം, 63) നോക്കുക. പുത്തിടം ചന്തയിൽ ആളുകൾ സംസാരിക്കുന്നിടത്ത് ഇങ്ങനെയൊരു വാക്യഖണ്ഡം കാണാം:

> ചോണാട്ടെല്ലാം മിളകു പിരിയം, ചോഴിയക്കാടു ചത്താൻ
> <u>വേണാട്ടിക്കിത്തിരമമഴിയും</u>, വെച്ചിയൂർച്ചെന്റിതൊണ്ടോ?

അടിവരയിട്ട ഭാഗം പ്രത്യേകം ശ്രദ്ധിക്കുക. വേണാട്ടിൽ നാട്ടുനാണയം വേറെയുണ്ട്. എങ്കിലും അവിടെ തിരമവും അഴിയും(ചെലവാകും) എന്നു പ്രകരണാർത്ഥം. തിരമം, ഗ്രീക്കുനാണയമാണെന്നു നാണയവിദഗ്ധർ പറഞ്ഞുവരുന്നു (ഗോപകുമാർ 2003: 96).

പുറനാട്ടുനാണയങ്ങളുടെ ഈ സ്വീകാര്യതയുടെ കാരണം, നാണയങ്ങളിലുപയോഗിക്കുന്ന ലോഹത്തിന്റെ ശുദ്ധിയിലും തൂക്കത്തിലും പുലർത്തിയിരുന്ന നിലവാരമായിരിക്കാമെന്ന് രാഘവവാരിയർ കരുതുന്നു (1997:40). എങ്കിലും അതതു നാടുകളിൽനിന്നു വരുന്ന വ്യാപാരികൾക്ക് അവശ്യം വേണ്ടവ സ്വന്തം നാടുകളിലെ നാണയങ്ങളായിരിക്കും. സ്വാഭാവി

കമായും സ്വന്തം തട്ടകത്തെ നിത്യവുമുള്ള ചെറിയ ചെറിയ വ്യവഹാരങ്ങ ളിൽ അവയാണല്ലോ 'അഴിയുക'. അങ്ങനെയാണെങ്കിൽ അനന്തപുരത്തങ്ങാ ടിയിൽ ഇങ്ങനെ പലതരം നാണയങ്ങൾ കാണുന്നത് ശ്രദ്ധിക്കാതെ വിട്ടു കൂടാ. പ്രത്യേകിച്ചും ഇവയ്ക്കുമുൻപ് വിവരിച്ചുപോന്നത് കൈമാറ്റത്തിന്നുള്ള ചരക്കുകളെപ്പറ്റിയാണ് എന്നിരിക്കെ. നാണയങ്ങളും ഒരു കൈമാറ്റവസ്തു വായിരുന്നു എന്നു രാഘവവാരിയർ നടത്തിയ നിരീക്ഷണം (1997: 46) ഇവിടെ പ്രസക്തമാവുന്നു.

"കാചും പൊന്നും പണവുന്ത്രമവും വെള്ളിക്കാചും.. " എന്ന് *ഉണ്ണി യാടീചരിത*ത്തിലും ഈ നാണയപ്പെരുപ്പം പരാമർശിക്കുന്നുണ്ട് (ഗദ്യം, 11). കണ്ടിയൂർ മറ്റത്തെ ശ്രീപർവതം അങ്ങാടി വിവരിക്കുമ്പോഴാണത്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഇക്കാലത്തേക്ക് വൻതോതിലുള്ള പണോപയോഗം നട പ്പിലായിക്കഴിഞ്ഞുവെന്നുതന്നെയാണ്. വസ്തുകൈമാറ്റം (barter) കൊണ്ടു മാത്രം ജീവികാസമ്പാദനം സാധ്യമാവുന്ന ഒരു സമ്പദ്വ്യവസ്ഥയായിരുന്നില്ല അന്നുണ്ടായിരുന്നത്. മറിച്ച്, ജനങ്ങൾ നാടും തരവും കാലവും നേരവും നോക്കി, കൊടുത്തും വാങ്ങിയും ജീവനം സമ്പാദിക്കുകതന്നെയായിരുന്നു. ചോനകക്കുതിരയെ ചോണാട്ടിൽ കൊണ്ടുപോയി വിറ്റാൽ കിട്ടുന്ന ലാഭത്തെ പ്പറ്റി *ഉണ്ണിയച്ചീചരിത*ത്തിൽ ഒരു കച്ചവടക്കാരൻ നടത്തുന്ന പരാമർശം (ഗദ്യം: 18) ഇതിന്റെ സൂചനയാണ്. കച്ചവടത്തിലെ ലാഭചേതങ്ങൾ *ഉണ്ണുനീലിസ ന്ദേശ*ത്തിലും *അനന്തപുരവർണ്ണന*ത്തിലും ചർച്ചാവിഷയമാകുന്നതും വെറു തെയല്ല. എന്നാൽ നഷ്ടം കാര്യമായ ചർച്ചാവിഷയമാവുന്നില്ല.

## കൂടിയാട്ടത്തിന്റെ സ്വാധീനം?

ഈ അങ്ങാടിവിവരണങ്ങളുടെ പൂർവമാതൃക ഏതായിരിക്കാം? ഇതാരും മുൻപ് അന്വേഷിച്ചതായിക്കാണുന്നില്ല. മണിപ്രവാളകൃതികളിലേക്കു നുഴഞ്ഞുകയറിയ അനൗചിത്യങ്ങളെന്നാണല്ലോ അവയെപ്പറ്റിയുള്ള വിലയി രുത്തൽ. അതുകൊണ്ട് അവയെക്കുറിച്ചുള്ള അന്വേഷണവും മാമൂൽഗവേഷക ന്മാർക്ക് അപ്രസക്തമായി. അങ്ങാടിച്ചരക്കുകളുടെ വിസ്തരിച്ച വർണ്ണ നയ്ക്കുള്ള സാധ്യത *മന്ത്രാങ്ക*ത്തിലുണ്ട്. ആട്ടപ്രകാരത്തിൽ അതു വിസ്ത രിച്ചു കൊടുത്തിട്ടുണ്ട്. ഉജ്ജയിനിയിലെ അങ്ങാടിയിൽ ചുറ്റിനടക്കുന്ന വസ ന്തകൻ കാണുന്ന നിലയിലാണ് ഇവയുടെ വർണ്ണന. മണിപ്രവാളത്തിലെ അങ്ങാടിവർണ്ണനകളിൽ പരാമർശിച്ചുകാണുന്ന ഒട്ടുമിക്ക വസ്തുക്കളും *മന്ത്രാ ങ്ക*ത്തിലും വിവരിക്കാറുണ്ട്. ആ ചരക്കുകളുടെ പെരുപ്പമൊന്നു നോക്കാം. മുഴുവൻ ഇവിടെ ചേർക്കുന്നില്ല:

1. പറമ്പുവിളകൾ പലവിധം-

ചെഞ്ചീര, പെരുഞ്ചീര, ചെറുചീര, കുളച്ചീര, വസ്തിച്ചീര തുടങ്ങി പലതരം ചീരകൾ, തിമിഴാമ, ചുരക്ക, കുമ്പളങ്ങ, വെള്ളരിക്ക, വഴുതിനങ്ങകൾ (പെരുവഴുതിനങ്ങ, ചെറുവഴുതിനങ്ങ, മുണ്ടൻവഴുതിനങ്ങ,), ചുണ്ടയ്ക്ക, പലതരം വാഴയ്ക്ക(നേന്ത്രവാഴയ്ക്ക, കദളിവാഴയ്ക്ക, കരിങ്കദളി വാഴയ്ക്ക, ചിങ്ങവാഴയ്ക്ക, മലവാഴയ്ക്ക...), മാങ്ങ, മാമ്പഴം, നാരങ്ങകൾ(പെരുനാരങ്ങ, ചെറുനാരങ്ങ, മാതളനാരങ്ങ, വള്ളിനാരങ്ങ, ചോനകനാരങ്ങ, വടുകപ്പുളി), പിണമ്പുളി, പലവക അടയ്ക്കകൾ(പഴുക്ക, പൈങ്ങ, പിക്കടയ്ക്ക..), തേങ്ങ, ചക്ക തുടങ്ങിയവ

2. ധാന്യങ്ങൾ-

ആരിയൻ, പാണ്ടിയൻ,കലമക്കാരിയൻ, കൂര, വെള്ളരിയൻ, ചെമ്പാവ്(ഏനിച്ചെമ്പാവ്, ചീരകച്ചെമ്പാവ്), കുറുവാ, മുണ്ടകൻ(കണ്ണൻമുണ്ടകൻ, കരിമുണ്ടകൻ), ഒറ്റമണിയൻ, തുളുവക്ക, ചെന്നെൽ, വരിനെൽ, കഴമ, കുത്തലരി, പഴവരി, വരക്, ചാമ, കോതമ്പ്, പയർവർഗങ്ങൾ( ചെറുപയർ, കടലയ്ക്ക, ഉഴുന്ന്, തുവരയ്ക്ക, മുതിര), തിന, എള്ള്.... ഇത്യാദി.

3. ഭക്ഷ്യവസ്തുക്കൾ-

ശർക്കര, വെല്ലം, പഞ്ചതാര, പാളകം, കൊട്ടത്തേങ്ങ, മുന്തിരിങ്ങാപ്പഴം, എള്ളുണ്ട, അട, അപ്പം, അലങ്ങ, അവൽ, അവിയിച്ചപ്പം, കാരിക്ക(കാരയ്ക്ക?), പപ്പടം, എള്ളും മുതിരയും (വറുത്തത്) ...

3. മരുന്നുകൾ-

കായം, അയമോദകം, ചീരകം, മുളക്, മഞ്ഞൾ, ഏലത്തരി, കൊട്ടം, കർക്കടശൃംഗി, ഉള്ളി, ചുക്ക്, ഇഞ്ചി, അതിവിടയം, നീലം, അമുക്കുരം, മഞ്ചട്ടി, അരിതാരം, തിപ്പലി, അത്തിത്തിപ്പലി, മരമഞ്ഞൾ, ചെറുതേക്ക്, വിഴാലരി, കുടകപ്പാലരി, പുഴ്കരമൂലം, ആനപ്പല്ല്, പുഴുവിൻ നെയ്യ്, കടൽനാക്ക്, തുത്തം, ചന്ദനം, ഇന്തുപ്പ്, വിളയുപ്പ്, തുരിശ്, മനയോല, ഗന്ധകം, പാഷാണം, രസം, അഭ്രകം...

4. തുണിത്തരങ്ങൾ-

ചേല, കച്ച, കരയൻ, വട്ടക്കരയൻ, അറിയൻ, ചെഞ്ചേല, ചീന്തിയൻ, വീരപാളി, വെൺപട്ട്, കരിമ്പട്ട്, മാന്തളിർപ്പട്ട്, കമ്പിളി...

5. നാണയങ്ങൾ-

ശ്രീകാളൻ, കലശൻ, ശംഖൻ, ശ്രീധരൻ, ത്രിനയനൻ, മല്ലൻ, തിരുവാമയൻ, മുത്തുക്കുടയൻ, കീർത്തി, മുള്ളൻ, പഴയകാള, പാകം,

കാച്, മണിയധ്വജൻ, ത്രമം, തട്ടിപ്പൊന്ന്, പണിപ്പൊന്ന്, സന്തോഷൻ, ശൃംഗിലത, പൊന്ന്, അച്ച്, ഈരച്ച്, കത്തിയൻ, മൂർക്കൻ, മാമല..

6. ഇറച്ചിയും മീനും-

മാനിറച്ചി, മുയലിറച്ചി, ആട്ടിറച്ചി, കോഴിയിറച്ചി, പന്നിയിറച്ചി, മീൻ കൂമീൻ, തിരുത, ചെമ്മീൻ, നൈമീൻ, ഉപ്പുമീൻ, കറ്റ്ല, കോൽമീൻ, നന്തൻ, കഴാല, ഞെരിമീൻ, അയല, പരൽ, വാകമീൻ, തിരണ്ടി, കൊല്ല, കുറുമ്പാട, പരവ, കണ്ണൻ, കായൽമീൻ, മത്തി, കൊഞ്ച്, കൊഴുമീൻ, ഏട്ട, കരിമീൻ..

7. വീട്ടുപകരണങ്ങൾ-

പാത്രം, കിണ്ണം, താലം, തളിക, ചൂരൻ, കുഴിക്കയ്യിൽ, തവി, ചട്ടുകം, ചോറ്റുകോരിക, കിണ്ടി, വട്ടകം, കുടം, ചെപ്പുകുടം, ഉരുളി, നാഴി, ചെപ്പിടങ്ങഴി, കൊളാമ്പി, കൊട്ടക്കോരിക, വിളക്ക്, തൂക്കുവിളക്ക്, കുത്തുവിളക്ക്, തുടർവിളക്ക്, നിലവിളക്ക്, മയിൽവിളക്ക്, ഇരിമ്പുവിളക്ക്, ആനവിളക്ക്, പുകക്കുറ്റി, കൊടിവിളക്ക്, അർഘ്യവട്ടകനാരായം, തോല്, കളം, കൊമ്പ്, കുഴൽ, ചിന്നം, പരത്തിക്കിങ്ങിണി,

8. ആയുധങ്ങളും മറ്റും-

പാക്കുവെട്ടി, കിളിക്കത്തി, കറിക്കത്തി, ചെറുകത്തി, കത്രിക(Scissors?), ചേറ്റുകത്തി, വാൾ, ചുരിക, ചൊട്ട, ചത്രം, കുന്തം, പീലിക്കുന്തം, വിട്ടെറിവാൾ, മഴുവമ്പ്, കൂരമ്പ്, വാളമ്പ്, മുപ്പലി, ഉളി ....

അപൂർണമാണു മേൽക്കൊടുത്ത പട്ടിക. വിവിധതരം ശാകവർഗ്ഗങ്ങൾ, പഴം-പച്ചക്കറികൾ, ധാന്യങ്ങൾ, ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, സുഗന്ധദ്രവ്യങ്ങൾ, തുണിത്തരങ്ങൾ, നാണയങ്ങൾ, പലതരം മീനുകൾ, വീട്ടുപകരണങ്ങൾ, പലതരം എണ്ണകളും (എള്ളെണ്ണ, കണയെണ്ണ, നത്തെണ്ണ, ആവണക്കെണ്ണ, വിളക്കെണ്ണ) തൈലവും തൈര്, നെയ്യ്, പാല്, മോര് എന്നിവയും ഉജ്ജയിനിയിൽ കണ്ടതായി വിദൂഷകൻ വിവരിക്കും. ഇതോടൊപ്പം നാനാ ജാതിക്കാർ, നാനാദേശികൾ എന്നിവരെപ്പറ്റിയും പറയുന്നുണ്ട്. ഈ മാതൃക നേരേ വരമൊഴിസാഹിത്യത്തിലേക്കു പകർത്തിയാൽ മണിപ്രവാളത്തിലെ അങ്ങാടിവർണ്ണനകളാവും. ഒരു വ്യത്യാസമേ കാണുന്നുള്ളൂ. മണിപ്രവാളത്തിലെ വർണ്ണനകളിൽ ഇറച്ചിവില്പന കാണുന്നില്ല. മറ്റെല്ലാം ഒത്തുവരുന്നുണ്ട്. മണിപ്രവാളവും കൂടിയാട്ടപാരമ്പര്യവും പരസ്പരം കൊണ്ടും കൊടുത്തും പുലർന്നുപോന്നതായിരിക്കണം ഇതിന്നു കാരണം. അപ്പോൾ ഉണ്ണുനീലിസന്ദേശത്തിലെ മുച്ചന്തിക്കൽ ചന്തയും അനന്തപുരത്തെ ആപണവും *ഉണ്ണി*

*യാടീചരിത*ത്തിലെ മറ്റത്തങ്ങാടിയും *മന്ത്രാങ്ക*ത്തിലെ ഉജ്ജയിനിയിലെ അങ്ങാടിയും ഒരുപോലെയായാൽ അത്ഭുതപ്പെടാനില്ല.(22) കൂടുതൽ ഗവേഷണം ആവശ്യമുള്ള മേഖലയാണിത്.

**ഗുണപാഠം**

ഓരോ പ്രദേശത്തേയും ജനജീവിതത്തെ സൂക്ഷ്മമായി മനസ്സിലാക്കാൻ നല്ലവഴി, അതതുനാടുകളിലെ സാമ്പത്തികവ്യവഹാരങ്ങളെ വിശകലനം ചെയ്യുകയാണ്. അതിനുപറ്റിയ സ്ഥലം അങ്ങാടിപോലെ വേറെയില്ല. അവിടെ വിപണനത്തിന്നുവെച്ച ഓരോ ചരക്കിന്റേയും സാമൂഹിക-സാംസ്കാരികാർത്ഥങ്ങൾ അന്വേഷിച്ചാൽ അന്നത്തെ സമൂഹരൂപീകരണത്തിന്റെ ഗതിവിഗതികൾ തെളിഞ്ഞുവരും. അങ്ങാടിയുടെ പശ്ചാത്തലത്തിൽ നാട്ടറിവുകളും ഉപഭോക്തൃസംസ്കാരവും  തെഴുത്തുനിൽക്കുന്നതും കാണാം.

അനന്തപുരം മുതൽ പയ്യന്നൂർവരെയുള്ള അങ്ങാടികളിൽ കാണുന്നതായി ഈ കൃതികളിൽ പറയുന്നത് ഏതാണ്ട് ഒരേ ചരക്കുകളാണ് എന്നതു കൗതുകകരമാണ്. മലനാട്ടിലുടനീളം ഏറക്കുറെ ഒരുപോലെയാണ് സമൂഹരൂപീകരണം(social formation) നടന്നുകൊണ്ടിരുന്നത് എന്നല്ലേ ഇതു സൂചിപ്പിക്കുന്നത്? നാടു പകർന്നുപോരുമ്പോഴും ഒരു വലിയ ഭൂവിഭാഗത്തിലെ ജനതയുടെ ആവശ്യങ്ങൾ ഏറക്കുറെ ഒരുപോലെയായിരുന്നു. അവയുടെ നിർവഹണവും ഒരേപോലെയാണു നടന്നുപോന്നത്. ഇതറിയാൻ കഴിയാതെപോയതുകൊണ്ടാണ് മണിപ്രവാളകൃതികൾ വേശ്യാസ്തവങ്ങളാണെന്നും നമ്പൂതിരിമാരുടെ കാമഭ്രാന്തിന്റെ സൃഷ്ടിയാണെന്നും ഇളംകുളം കുഞ്ഞൻപിള്ള പറഞ്ഞുവച്ചത്. ശൃംഗാരൈകനിഷ്ഠമായ ഈ കൃതികളിലെ  ശൃംഗാരവിരുദ്ധങ്ങളായ അങ്ങാടിവർണനകളൊന്നും വിട്ടുവായിച്ചാലും വിരോധമില്ലെന്നും അദ്ദേഹം സ്ഥാപിച്ചുകളഞ്ഞു! (1997, ഉണ്ണുനീലിസന്ദേശവ്യാഖ്യാനം, പു. 88). ഇളംകുളം അടച്ചുകളഞ്ഞത് നിർഭാഗ്യവശാൽ കേരളത്തിന്റെ സാമൂഹികചരിചരിത്രത്തിലേക്കു തുറക്കാൻപോന്ന ഒരു കവാടമായിരുന്നു; കെട്ടുകഥകളിൽനിന്ന് ചരിത്രത്തെ മോചിപ്പിക്കാനുള്ള ഒരു വഴിയായിരുന്നു. ഇളംകുളത്തെപ്പോലൊരു ചരിത്രപണ്ഡിതൻ തീർത്തുപറഞ്ഞപ്പോൾ പിന്നീടുവന്ന ചരിത്രകാരന്മാരും സദാചാരഭീരുക്കളായ മലയാളഗവേഷകരുംകൂടി ഇവയെ വിട്ടുകളഞ്ഞു. എന്തുചെയ്യാം! കേരളപഠനങ്ങളിലെ നഷ്ടം എന്നേ പറഞ്ഞുകൂടൂ.

സമൂഹചരിത്രം ബഹുജനത്തിന്റേതുകൂടിയല്ലേ. റോഡുവെട്ടി, സത്രങ്ങൾ നിർമ്മിച്ചു, തണൽമരങ്ങൾ നട്ടുപിടിപ്പിച്ചു, നാണയമടിപ്പിച്ചു എന്നൊക്കെ നാട്ടുകോയ്മകളുടെ  നിർമ്മാണപ്രവർത്തനങ്ങളെപ്പറ്റി മാമൂൽചരിത്രങ്ങൾ വാതോരാതെ പറയും. എന്നാൽ ഇതൊക്കെ ആർക്കുവേണ്ടി? അവരുടെ ജീവി

തമെങ്ങനെയായിരുന്നു? ഇത്തരം പ്രശ്നങ്ങൾ പരിഗണനയിലില്ലായിരുന്നു. ആ ശൂന്യസ്ഥലികളിലേക്കു വഴിതുറക്കാൻ മണിപ്രവാളകൃതികൾക്കു കഴിയും. പക്ഷേ, മണിപ്രവാളപഠിതാക്കളുടെ നോട്ടങ്ങൾ കൃതികളിലെ നായികമാരുടെ മേനിക്കൊഴുപ്പിൽ വ്യാപരിച്ചാൽ പോരാ. മുൻപു ചിലർക്കു പറ്റിയത് അതായിരുന്നു. ഏതു രൂപത്തിൽ ധ്യാനിക്കുന്നുവോ, ആ രൂപത്തിലാണല്ലോ സത്യം പ്രത്യക്ഷപ്പെടുക. ധ്യാനസമ്പ്രദായം മാറ്റേണ്ട സമയം അതിക്രമിച്ചു.

## കുറിപ്പുകൾ:

1. ആധുനികതയുടെ കടന്നുവരവിനെ ആധാരമാക്കിയെഴുതിയ പല ജീവിതകഥകളും വാസ്തവത്തിൽ മാറുന്ന ലോകത്തെപ്പറ്റിയുള്ളവയാണ്; ഈ മാറ്റത്തിന്റെ കഥപറയാനുള്ള നിമിത്തം മാത്രമാണ് വ്യക്തിയുടെ ജീവിതം - ഉദയകുമാർ , ആത്മകഥകൾ ചരിത്രമെഴുതുമ്പോൾ, *സംസ്കാരപഠനം ചരിത്രം സിദ്ധാന്തം, പ്രയോഗം* മലയാളപഠനസംഘം, കാലടി, 2007, പു. 213.

2. ചരക്കുകളുടെ വർണനം അനുക്രമമോ ഏകരേഖീയമോ അല്ല. അതുകൊണ്ട് പേരുകൾ ഈ കൃതികളിൽ ആവർത്തിക്കുന്നതായി കാണാം. ഉദാഹരണത്തിന് *ഉണ്ണുനീലിസന്ദേശ*ത്തിൽ കട്ടിലും പലകക്കട്ടിലും കട്ടിൽക്കയറും ഒരേ ശ്ലോകത്തിൽ വരുന്നുണ്ട്. മീൻതരങ്ങളുടെ വിവരണത്തിൽ ചുറക്, ചേർമീൻ എന്നിവ ഇതുപോലെ ആവർത്തിക്കുന്ന പദങ്ങളാണ്(ശ്ലോ. 83, വ്യാ. ശൂരനാട്). *അനന്തപുരവർണ്ണന*ത്തിൽ കൊമ്പെണ്ണ രണ്ടിടത്തുണ്ട്. മഞ്ഞെണ, മഞ്ഞൾ അരച്ചു ചാലിച്ചു ചേർത്തുണ്ടാക്കുന്ന എണ്ണയാണെന്ന് ഒരു മതം (വ്യാഖ്യാനം കാണുക, പു. 24). ഇതൊരൗഷധസസ്യമാകാനാണുവഴി (പട്ടിക കാണുക). പ്രചാരലോപം വന്ന പദങ്ങളും പാഠഭേദങ്ങളും പ്രശ്നകാരികളാണ്. ജീർണിച്ച താളിയോലകളിലെ പൊടിഞ്ഞുപോയ പദങ്ങളാകട്ടെ, അർത്ഥഗ്രഹണം അങ്ങേയറ്റം ദുഷ്കരമാക്കുകയും ചെയ്യുന്നു.

3. Commodities represent very complex social forms and distributions of knowledge. In the first place and, and crudely, such knowledge can be of two sorts: the knowledge(technical, social, aesthetic and so forth) that goes in to the production of the commodity; and the knowledge that goes in to appropriately consuming the commodity. - Arjun Appadurai, The social life of things Commodities tn cultural perspective. Cambridge University Press, 1986 -P. 41-56.

4. A commodity appears, at first sight, a very trivial thing, and easily understood. Its analysis shows that it is, in reality, a very queer thing, abounding in metaphysical subtleties and theological niceties. So far as it is a value in use, there is nothing mysterious about it whether we

consider it from the point of view that by its properties it is capable of satisfying human wants, or from the point that those properties are the product of human labour. It is as clear as noon-day, that man, by his industry, changes the forms of the materials furnished by nature, in such a way as to make them useful to him.- The fetishism of commodities and the secret there of, Karl Marx. Capital Vol.1. Chapter 3. കേരളത്തിൽ, വാൽക്കണ്ണാടി ശ്രീഭഗവതിയാണെന്നാണു സങ്കൽപം. മാത്രവുമല്ല, നമ്പൂതിരിമാരുടെ വിവാഹസന്ദർഭങ്ങളിൽ വധു, വാൽക്കണ്ണാടി കൈയിൽ പിടിക്കുന്ന ഒരു ആചാരവുമുണ്ട്.

5. *നാട്യശാസ്ത്ര*ത്തിൽ പ്രവൃത്തിയെപ്പറ്റി ചർച്ച ചെയ്യുന്ന ഘട്ടത്തിൽ ഭരതൻ നിർദ്ദേശിക്കുന്നതും ത്രൈപുരം, ദശാർണം, അവന്തി, താമ്രലിപ്തം, വാനവാസികം, പൗണ്ഡ്രം, ഔശീനരം തുടങ്ങിയ പേരുകളാണ്. എല്ലാം ഏറക്കുറെ പുരാണപ്രസിദ്ധങ്ങൾതന്നെ. അധ്യായം 14, 38-45 കാരികകൾ കാണുക. *ഭരതമുനിയുടെ നാട്യശാസ്ത്രം*, വിവ. കെ. പി. നാരായണ പിഷാരടി, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 1987, പു. 460-62.

6. ചെറുതുളയുള്ള നെടിയനുകത്തിൽ വലിയ കയറുകൊണ്ടു കാളകളെ പൂട്ടിയ ഉപ്പുവണ്ടികളാണവ... ധാരാളം കാളവണ്ടികളോടെ ഉപ്പുവ്യാപാരികൾ നടന്നുവിൽക്കുന്ന കുഗ്രാമങ്ങളിലേക്കുള്ള ദീർദൂരം യാത്രക്കാർക്ക് സുരക്ഷിതം തന്നെ - പെരുമ്പാണാറ്റുപ്പട, 59-66. കൂർത്ത ഉളികളാൽ കൈമിടുക്കോടെ പണിത കണ്ണിമാല കാതുകൾവഴിചുറ്റി നെറ്റിയിൽ ചാർത്തിയവരും ബലിഷ്ഠവൃഷഭങ്ങളെ പൂട്ടിയ വണ്ടി തെളിച്ചുവരുന്ന ഉപ്പുവ്യാപാരികളും... ചിറുപാണാറ്റുപ്പട, 51-67; *പത്തുപ്പാട്ട്*, പു. 119).

7. നിലങ്ങളിൽ വലിയൊരു ഭാഗം ഒരുപ്പൂക്കൃഷിക്കുമാത്രമേ പറ്റൂ എന്നാണു ബുക്കാനന്റെ കണ്ടെത്തൽ. ചിലയിടങ്ങൾ തരിശായും ചിലയിടങ്ങൾ കാടുകയറിയും കിടക്കുകയാണ്. എലത്തൂർപ്പുഴയ്ക്കു വടക്കോട്ടുപോകുന്തോറും നെൽക്കൃഷിക്കു പറ്റിയ മണ്ണു കുറഞ്ഞുവരുന്നതായി 1967 -ലെ സോയിൽ സർവെ റിപ്പോർട്ടുകളെ മുൻനിർത്തി രാഘവവാരിയർ നിരീക്ഷിച്ചിട്ടുണ്ട് (1982). വിശദാംശങ്ങൾക്കു കാണുക - *വടക്കൻപാട്ടുകളുടെ പണിയാല.* വള്ളത്തോൾ വിദ്യാപീഠം; ശുകപുരം പു. 72-73. *ഫ്രാൻസിസ് ബുക്കാനന്റെ കേരളം.* 1996: വിവ. സി. കെ. കരീം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്; എം. ആർ. രാഘവവാരിയർ, 1997 *മധ്യകാലകേരളം: സമ്പത്ത് സമൂഹം സംസ്കാരം*. ചിന്ത; തിരുവനന്തപുരം.

8. ഇണ്ടിണ്ടീം നായ്ക്കരപ്പന്റെ പന്ത്രണ്ടാമ്മാസത്തെ സദ്യയുടെ വിവരണത്തിന്ന് *പുരുഷാർത്ഥക്കൂത്ത്* കാണുക - *പുരുഷാർത്ഥക്കൂത്ത്* 1994, കൃഷ്ണചന്ദ്രൻ, കേരളസാഹിത്യഅക്കാദമി, പു. 243-60.

9. M. Carline 1988: 'Fast food and Urban living standards in Medieval England'. *Food and Eating in Medieval Europe*, eds. M. Carline & J. T. Rosenthal, London - എന്ന പഠനം ശ്രദ്ധിക്കുക.

10. "In every society, there are things that are publically precluded from being commoditized. Some of the prohibitions are cultural and upheld collectively"- Igor Kopytoff, The cultural biography of things: Commoditization as process, *The Social Life of things: Commodities in Cultural perspective*(Ed.), Appadurai, Cambridge University Press. (P.73)

11. അരപ്പട്ടയും മാർക്കച്ചയും വിൽക്കുന്നത് *പത്തുപ്പാട്ടി*ലും പരാമർശിച്ചിട്ടുണ്ട്. മധുരയിലെ വൈശ്യവീഥിയെപ്പറ്റി പറയുമ്പോഴാണത്. ശംഖുകൊണ്ടുള്ള കങ്കണങ്ങൾ, രത്നാഭരണങ്ങൾ, സ്വർണമണികൾ തുടങ്ങിയവയൊക്കെ വിൽക്കുന്നതിന്നടുത്തുതന്നെ ഇവയുടെ വിനിമയവും നടക്കുന്നു. മധുരൈക്കാഞ്ചി (510–521) കാണുക. വിവ. മേലങ്ങത്ത്. പു. 195.

12. Here all people go naked, only they wear a cloth to cover their nakedness, which they tie behind( p- 194). ImWp-I, K. A Nilakanta Sastri, .(Ed)*. Foreign Notices of South India from Megasthenes to Ma Huan*. University of Madras, 2001.

13. *പുരുഷാർത്ഥക്കൂത്തി*ലെ അശനവിവരണങ്ങളിലൊരിടത്തും ഇറച്ചിയോ മീനോ വിവരിക്കുന്നില്ല. പക്ഷേ, സംഘക്കളിയിൽ മീനുകളുടെ ഗുണങ്ങൾ വിവരിക്കുന്നുണ്ട്. എന്നാൽ ഇതു ഹാസ്യാത്മകമാണെന്നു മനസ്സിലാക്കണം.

14. *അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം* തുടങ്ങിയ സംഹിതാഗ്രന്ഥങ്ങളുടെ ഭാഷാന്തരരൂപങ്ങൾ, ഇവയിലെ ചില ഭാഗങ്ങൾമാത്രം തെരഞ്ഞെടുത്ത് ദ്രവ്യവിജ്ഞാനീയം, നിദാനസ്ഥാനം, ശസ്ത്രകർമ്മവിധി എന്ന മട്ടിലുള്ള ഗ്രന്ഥങ്ങൾ, പല ചികിത്സാഗ്രന്ഥങ്ങളിൽനിന്നെടുത്ത ഭാഗങ്ങൾ ഒരുമിച്ചുചേർത്തുണ്ടാക്കുന്ന കൈപ്പുസ്തകങ്ങൾ എന്നിവയും ഇക്കൂട്ടത്തിൽ കാണാം. 'കൈകണ്ട വിദ്യ' പോലെയുള്ള ഒറ്റമൂലിചികിത്സയുടെ ഗ്രന്ഥങ്ങളുമുണ്ട് (കാണുക, താളിയോലഗ്രന്ഥസൂചി, വാ. 2; മലയാളവിഭാഗം, കാലിക്കറ്റ് സർവകലാശാല, 1986).

15. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ ഡോ. സി. രാമൻകുട്ടിയാണ് ഈ വിവരങ്ങൾ തന്നത്. അവിടെ ഔഷധനിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നത്, ഈ പ്രദേശങ്ങളിൽനിന്നെത്തുന്ന മരുന്നുകളാണ്. (വിശദാംശങ്ങൾക്ക് കാണുക, *500 Medicinal Plants*, Ed. Dr P. K. Warrier, Dr VPK Nambiar, Dr C. Ramankutty, Orient Longman, Madras)

16. മീനെണ്ണ ശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞു കാണുന്നില്ല. എന്നാൽ കോട്ടയ്ക്കൽ ആര്യവൈദ്യശാല തയ്യാറാക്കുന്ന ദേഹപോഷണയമകത്തിൽ Cod liver oil ഉപയോഗിക്കുന്നുണ്ട്. കടലോരമേഖലയായ കേരളത്തിൽ കടലുൽപ്പന്നങ്ങൾ ആരോഗ്യരക്ഷയ്ക്കുപയോഗിക്കുന്നത് വളരെ സ്വാഭാവികമാണ്.

17. കർപ്പൂരം ഔഷധം മാത്രമല്ല, പൂജാദ്രവ്യവുംകൂടിയാണ്. എന്നാൽ അതിലുപരിയായി മധ്യകാലത്ത് ഏതെങ്കിലും ഭക്ഷ്യവസ്തുക്കളിൽ ഇതു

ചേർത്തിരിക്കാൻ സാധ്യതയില്ല. കർപ്പൂരം ചേർത്ത മധുരപലഹാരങ്ങൾ അക്കാലത്തൊന്നും കേരളീയക്ഷേത്രങ്ങളിലോ നമ്പൂതിരി-അമ്പലവാസി ഗൃഹങ്ങളിലോ പ്രചരിച്ചിരിക്കാനുമിടയില്ല. കേരളീയവിഭവങ്ങളായ അട, പായസങ്ങൾ, പ്രഥമനുകൾ എന്നിവയിൽ കർപ്പൂരം ചേർക്കാറില്ല.

18. പട്ടിനപ്പാലയിൽ പുകാർനഗരത്തിന്റെ സമൃദ്ധിയെപ്പറ്റിപ്പറയുമ്പോൾ അവിടത്തെ വില്പനച്ചരക്കുകളുടെ കൂട്ടത്തിൽ ലങ്കയിലും ബർമയിലും ചീനത്തുംനിന്നു കൊണ്ടുവന്ന ഈയം, പനിനീർ, കുങ്കുമം എന്നിവയുള്ളതായി പറയുന്നതു കാണാം. പട്ടിനപ്പാല (190–93), *പത്തുപ്പാട്ട്*, വിവ. മേലങ്ങത്ത് നാരായണൻകുട്ടി, 2000, പു. 270. 19

19. തട്ടുതിരിഞ്ഞും അതേസമയം പരസ്പരബന്ധിതമായും നടന്നുവന്ന ഉല്പാദന-വിതരണവ്യവസ്ഥയെപ്പറ്റി റൊമിലാ ഥാപർ നടത്തിയ നിരീക്ഷണം ഇപ്രകാരമാണ്: "ശ്രേണിയിലൂടെയാണ് ഉൽപാദനവും കൈമാറ്റവും നടന്നിരുന്നത്.... ശ്രേണി, തൊഴിൽക്കാർ, വണിക്കുകൾ, കൈവേലക്കാർ എന്നിവരുടെ കൂട്ടമായിരുന്നു.... ഈ സംഘടനകൾ വ്യാപാരത്തിന്ന് അത്യാവശ്യമായിരുന്ന ഉല്പാദനവർദ്ധന ഉറപ്പാക്കുകയും നഗരജീവിതത്തിന്റെ ഒരു പ്രധാനഘടകമായി മാറുകയും ചെയ്തു." – റൊമിലാ ഥാപർ, 2010, ആദിമ ഇന്ത്യാചരിത്രം (വിവ.), പി. കെ. ശിവദാസ്, ഡി. സി. ബുക്സ്, കോട്ടയം, പു. 335.

20. "അറബിരാജ്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്ത കുതിരകളെയാണ് ദക്ഷിണേന്ത്യയിലെ രാജാക്കന്മാർ അഭിമാനപൂർവം സവാരിക്കുപയോഗിച്ചിരുന്നത്.....മെച്ചപ്പെട്ട കുതിരകൾ അറബികളാണ് കടൽവഴി കൊണ്ടുവന്ന് പശ്ചിമതീരത്തുള്ള തുറമുഖങ്ങളിൽ വിറ്റഴിച്ചത്. ഉൾനാടുകളിൽ അവയുടെ വിതരണം മിക്കവാറും മലയാളികളായ കുതിരച്ചെട്ടികളുടെ കൈവശമായിരുന്നു. ചോളസാമ്രാജ്യത്തിലെ ശിലാരേഖകൾ ഈ മലനാട്ടുകാരായ കുതിരച്ചെട്ടികളെപ്പറ്റിയുള്ള പ്രസ്താവനകൾ ഉൾക്കൊള്ളുന്നു" – എം. ജി. എസ്. നാരായണൻ, 2001, *കോഴിക്കോടിന്റെ കഥ*, ചേറ്റൂർ ശങ്കരൻനായർ ഫൗണ്ടേഷൻ, പു. 30. കൊങ്കൺ പ്രദേശത്തെ ധാബോൾ, ചൗൾ തുറമുഖങ്ങളിലും മധ്യേഷ്യയിൽനിന്നുള്ള കുതിരകളെ കൊണ്ടുവന്നിറക്കിയിരുന്നതായി ഏ. ആർ കുൽക്കർണി പറയുന്നു. *Medieval Konkan It's History, Society and Economy*, 56th session of Indian History congress, Rabindra Bharati University, Calcutta, 28 Dec. 1995. p. 9 (Professor Sathish Chandra Misra Memorial Lecture Seris -1). *പതിറ്റുപ്പത്ത*ിൽ, ചേരൻ ചെങ്കുട്ടുവനെ, കടൽപ്പോരിൽ കിട്ടിയ കുതിരകളെ കൂത്തർക്കു സമ്മാനിക്കുന്നവനെന്നു പുകഴ്ത്തുന്നു. അക്കാലത്തും വിദേശങ്ങളിൽനിന്നുള്ള കുതിരകളെ കേരളത്തിൽ കൊണ്ടുവരുന്നതു സാധാരണമായിരിക്കണമെന്നു വൈദ്യനാഥയ്യർ പറയുന്നു – അഞ്ചാം പത്ത്, പാട്ട് രണ്ട്; വിവ. ജി വൈദ്യനാഥയ്യർ, കേരളസാഹിത്യഅക്കാദമി, 1961.

21. ഈവക വരവുല്പന്നങ്ങളുടെ സാന്നിധ്യം വളരെ വിപുലമായ ഒരു തൊഴിൽശൃംഖലയെക്കൂടിയാണ് അടയാളപ്പെടുത്തുക: ..പാരെഴുമാരിയർ കന്നടർ മാളവർ കുഞ്ജരർ വംഗർ തുലിംഗർ കലിംഗജബർബരചോഴിയർ പാണ്ടികളൊട്ടിയർ കോങ്കണർ ചോനകർ ചീനർ തുലിക്കപ്രഭൃതികൾ നിജഭാഷകളാൽ നാനാവിധമായ് പരദേശികളും മലയാളികളും ചേർന്നിടതൂർന്നതിമാത്രസമൃദ്ധം - (*ഉണ്ണിയാടീചരിതം* ഗദ്യം- 11)

22. മന്ത്രാങ്കത്തിന്റെ അനുബന്ധം കാണുക. അനന്തപുരവർണ്ണനത്തിലെ ചില ശ്ലോകഭാഗങ്ങളും ഇതിൽ അതേപടി കാണുന്നു.

## ഗ്രന്ഥസൂചി


കുഞ്ഞൻപിള്ള, ഇളംകുളം 1997. *ഉണ്ണുനീലിസന്ദേശം* (വ്യാ.), എസ്.പി.സി.എസ്, കോട്ടയം.

കുഞ്ഞൻപിള്ള, ശൂരനാട്ട്, 1996. *ഉണ്ണുനീലിസന്ദേശം* (വ്യാ.), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കൃഷ്ണചന്ദ്രൻ, 1994. *പുരുഷാർത്ഥക്കൂത്ത്,* കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

ചാത്തനാത്ത് അച്യുതനുണ്ണി, രാഘവവാരിയർ, എം. ആർ, 2007. *കോകസന്ദേശം* (വ്യാ.), വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

ഗോപിനാഥൻനായർ, എൻ, 2005. *ഉണ്ണിയച്ചീചരിതം* (വ്യാ.) പ്രസിദ്ധീകരണവിഭാഗം, കാലിക്കറ്റ് സർവകലാശാല

ദാമോദരൻപിള്ള, പി. 1972. *ഉണ്ണുനീലിസന്ദേശം* (വ്യാ.) എസ്.പി.സി.എസ്, കോട്ടയം.

നാരായണൻ നമ്പ്യാർ, പി.കെ. 1980. മന്ത്രാങ്കം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ.

നാരായണൻകുട്ടി, മേലങ്ങത്ത്, 2000. *പത്തുപ്പാട്ട്* (വിവ.) കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

പരമേശ്വരയ്യർ, ഉള്ളൂർ. എസ്. 1990. *കേരളസാഹിത്യചരിത്രം,* വാ. 1., പ്രസിദ്ധീകരണവകുപ്പ്, കേരളസർവകലാശാല, തിരുവനന്തപുരം.

രത്നമ്മ, കെ. 1997. *അനന്തപുരവർണ്ണനം,* (വ്യാ.) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാഘവവാരിയർ, രാജൻ ഗുരുക്കൾ 1998. *കേരളചരിത്രം* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

രാഘവവാരിയർ 1997. *മധ്യകാലകേരളം സമൂഹം സമ്പത്ത് സംസ്കാരം*, ചിന്താ പബ്ളിക്കേഷൻസ്.

വേലായുധൻ പിള്ള, പി.വി. 2004. *മധ്യകാലമലയാളം,* കറന്റ് ബുക്സ്, കോട്ടയം.

വൈദ്യനാഥയ്യർ, ജി. 1961. *പതിറ്റുപ്പത്ത്*, (വിവ.) കേരളസാഹിത്യ അക്കാദമി,

സുബ്രഹ്മണ്യൻ, എൻ. 2003. *സംഘകാലഭരണസംവിധാനം: സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും*, ഡി.സി.ബുക്സ്, കോട്ടയം.

ശിവശങ്കരൻനായർ, കെ. 1996. *ന്യൂഹാഫ് കണ്ട കേരളം*, കേരള ഗസറ്റിയേഴ്സ് വകുപ്പ്, തിരുവനന്തപുരം.

ഹെർമൻ ഗുണ്ടർട്ട്, 1992. *കേരളോൽപത്തിയും മറ്റും,* ഡി. സി ബുക്സ്, കോട്ടയം.

Armesto, Felipe Fernando, 2002: *Food: a History*, Pan Books, London.

Arjun Appadurai, 1988. *The Social Life of Things: Commodities in Cultural perspective* (Ed.), Cambridge University Press.

Kopytoff, Igor 1988. The cultural biography of things: Commoditization as process, *The Social Life of Things: Commodities in Cultural perspective* (Ed.), Appadurai, Cambridge University Press.

Nilakanta Sastri, K. A.(Ed). 2001: *Foreign Notices of South India from Megasthenes to Ma Huan*. University of Madras.

# പ്രാകൃത-മലയാളബന്ധം

**വേണുഗോപാലപ്പണിക്കർ**

മലയാളഭാഷയ്ക്ക് പ്രാകൃതഭാഷകളുമായുള്ള ബന്ധത്തെപ്പറ്റിയുള്ള ആദ്യത്തെ നിരീക്ഷണത്തിന് 14-ാം നൂറ്റാണ്ടിൽ ഉണ്ടായ ലീലാതിലകത്തോളം പഴക്കമുണ്ട്. ആ ഗ്രന്ഥത്തിൽ 2-ാം ശില്പം, 15-ാം സൂത്രത്തിന്റെ വൃത്തിയിൽ ഇങ്ങനെ കാണാം: "...*പളിങ്ങു, ആണാ, വക്കാണം, ചിരിതേവി* ഇത്യാദയഃ പ്രാകൃതഭവാഃ" ഈ പദങ്ങൾ സംസ്കൃതത്തിലെ സ്ഫടികം, ആജ്ഞാ, വ്യാഖ്യാനം, ശ്രീദേവി ഇവയിൽ നിന്നല്ല, മറിച്ച് പ്രാകൃതത്തിലെ *ഫലിംക, ആണാ, വക്ഖാണം, സിരിദേവി* ഇവയിൽനിന്നാണ് എന്നു വിവക്ഷ.

ദ്രാവിഡഭാഷകളിലേക്ക് പ്രാകൃതഭാഷകളിൽനിന്നു വായ്പ കിട്ടിയ കഥതന്നെ പിന്നെപ്പിന്നെ മറവിയിലാണ്ടു. കേരളപാണിനീയകാരിക 193ന്റെ വൃത്തിയിൽ പ്രാകൃതദ്ഭവങ്ങളായ കണ്ണൻ, ചാരം, തോണി... തുടങ്ങിയവയെ പ്രാകൃതങ്ങളിലെ *കണ്ഹ, ഛാര, ദോണീ*... തുടങ്ങിയവയുമായി ബന്ധിപ്പിക്കാതെ സംസ്കൃതത്തിലെ *കൃഷ്ണ- ക്ഷാര-ദ്രോണി*കളോടു ബന്ധിപ്പിക്കുന്നതു കാണുക.

മലയാളത്തിലെ പ്രാകൃതവായ്പകളെപ്പറ്റി കുറച്ചുകൂടി വെളിവുണ്ടാകുന്നത് ഗോദവർമ്മയുടെ ഇന്തോ-ആര്യൻ വായ്പപദങ്ങളെപ്പറ്റിയുള്ള പഠനത്തോടെ (1946) ആണ്. അതിലും വിശദമായ പഠനമാണ് പി.എം. ജോസഫിന്റേത് (1984). പ്രാകൃതപ്രഭാവത്തെ കോശവ്യവസ്ഥയ്ക്കപ്പുറം ചെന്നു പരിശോധിക്കയാണ് എം.പി. ശങ്കുണ്ണിനായർ (1995) ചെയ്തത്. ഈ പുസ്തകത്തെ വിമർശനദൃഷ്ടിയോടെ സംഗ്രഹിക്കയാണ് ഈ ലേഖനത്തിൽ ചെയ്യുന്നത്.

അദ്ഭുതാവഹമായ വിഷയവൈപുല്യമുള്ള ഈ കൃതിയുടെ ഏറ്റവും പ്രധാനഗുണം ഇതിലെ അപൂർവതയാർന്ന ഉൾക്കാഴ്ചകളാണ്. മതിയായ തെളിവുകൾ ഹാജരാക്കാത്ത നിരുക്തചിന്തകളാകാം പ്രധാന പരിമിതി.

പ്രാകൃത-മലയാളബന്ധത്തെപ്പറ്റി പര്യാലോചിക്കുമ്പോൾ നമുക്കു ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. അതിൽ ഏറ്റവും മുഖ്യം ദക്ഷിണേഷ്യ ഒരു ഭാഷാമേഖല (linguistic area) ആണെന്ന വസ്തുതയാണ്. ഈ ഭൂഭാഗത്തിൽ ഇന്തോ-യൂറോപ്യന്റെ ശാഖയായ ഇന്തോ-ആര്യൻ, ദ്രാവിഡം, സീനോ-തിബത്തൻ, ആസ്ത്രിക് എന്നീ ഭാഷാകുടുംബങ്ങളിൽപ്പെട്ട ഭാഷകൾ നൂറ്റാണ്ടുകളായി പരസ്പരസമ്പർക്കത്തിൽ നിലനിൽക്കുന്നു. ഇതിന്റെ ഫലമായി ഇന്തോ-യൂറോപ്യന്റെ മറ്റു ശാഖകളിലും ആസ്ത്രിക്കിന്റെയും സീനോ-തിബത്തന്റെയും മറ്റു ശാഖകളിലും ഇല്ലാത്ത ചില സാമാന്യലക്ഷണങ്ങൾ ഈ ഭാഷകളിൽ ഉണ്ടായിവന്നു. ഇറാനിയിൽപ്പോലുമില്ലാത്തതും ദ്രാവിഡാദിഭാഷകളിൽ ഉള്ളതുമായ പല ലക്ഷണങ്ങളും വേദകാലത്തു തുടങ്ങി ഇവിടത്തെ ഇന്തോ-ആര്യനിൽ ഉണ്ട്. ഉദാഹരണമായി, മൂർധന്യവ്യഞ്ജനങ്ങളുടെ (ടവർഗം, ഷ) സാന്നിധ്യം ഇന്തോ-ആര്യനിലും ദ്രാവിഡത്തിലും ദക്ഷിണേഷ്യയിലെ ആസ്ത്രിക്കിലും സീനോ-തിബത്തനിലും ഉണ്ട്. മറ്റു ഇന്തോ-യൂറോപ്യൻ ശാഖകളിലോ ആസ്ത്രിക്ക് ശാഖകളിലോ സീനോ-തിബത്തൻ ശാഖകളിലോ മൂർധന്യം ഇല്ല. ഇത്തരം ഇന്ത്യൻ ലക്ഷണങ്ങൾ ലൗകിക സംസ്കൃതത്തിൽ പിന്നെയും ഏറി വന്നു. പ്രാകൃതഭാഷകളിലും തുടർന്നുള്ള പുത്തൻ ഇന്തോ-ആര്യൻ ഭാഷകളിലും ഇവ പിന്നെയും ഏറി. സംസ്കൃതത്തിനും പ്രാകൃതത്തിനും തമ്മിലുള്ള വ്യത്യാസങ്ങൾ കണക്കാക്കിയാൽ അവ മിക്കവാറും ദ്രാവിഡത്തിന്റെ വഴിക്കുള്ള മാറ്റമാണെന്നു കാണാൻ കഴിയും.

ഭാഷയിലെന്നപോലെ സംസ്കാരത്തിലും ദക്ഷിണേന്ത്യൻ ജനത വേദസംസ്കൃതിയിൽനിന്ന് അകന്നകന്നുപോയി. വേദകാലത്തെ ആര്യന്മാർ അന്യജനതയെ ആചാര്യബാഹ്യരും അവ്രതന്മാരുമായി കണ്ടു. വേദസംസ്കൃതിയുടെ പിൻതുടർച്ച അവകാശപ്പെടുന്നവരും കാലക്രമേണ ആചാരലുപ്തന്മാരായ അവ്രതന്മാരായിത്തീർന്നു. അനാര്യന്മാരായ ദസ്യുക്കൾ ലിംഗത്തെ ദേവനായി ആരാധിക്കുന്ന "ശിശ്നദേവ"ന്മാരാണെന്നായിരുന്നു ആര്യന്മാരുടെ പരിഹാസം. പിന്നൊരുഘട്ടത്തിൽ ലിംഗാരാധന വൈദികന്മാർക്കും ആദരണീയമായി. അരണികടഞ്ഞ് അഗ്നി ജനിപ്പിക്കാൻ പ്രയാസം നേരിട്ടാൽ ഗ്രാമത്തിന്റെ അധിദേവതയായ ദക്ഷിണാമൂർത്തിക്ക് വഴിപാടു നേരുന്ന സ്ഥിതിയിലും എത്തി. ആര്യമെന്ത്, ദസ്യുതയെന്ത് എന്ന വേറുതിരിവു നഷ്ടമായി. *അസുര*ശബ്ദം 'ദേവ'പര്യായമായി നിരുക്തകാരൻ പരിചയപ്പെടുത്തുന്നു. ഇറാനിയൻ *അഹുര* അതുതന്നെ. പിന്നൊരുഘട്ടത്തിൽ *അസുര*പദം 'ദേവാരി'യെ കുറിക്കുന്നതായിത്തീർന്നു.

ഋഗ്വേദത്തിൽത്തന്നെ 380 അനാര്യപദങ്ങൾ ഉണ്ടത്രേ. അവയിൽ 88 എണ്ണത്തിൽ മൂർധന്യവ്യഞ്ജനങ്ങളും ഉണ്ട്. മൂർധന്യങ്ങൾ ഉണ്ടായിവന്നത്

വ്യഞ്ജനസംയുക്തങ്ങളുടെ ലഘൂകരണം വഴിയാണ് ഏറിയതും. *nizdo എന്നു പുനഃസൃഷ്ടി ചെയ്യുന്ന പദമാണ് *നീഡ*മെന്ന് മൂർധന്യസഹിതമായി സംസ്കൃതത്തിൽ ഉണ്ടായിവന്നത്. (ഈ ഇന്തോ-യൂറോപ്യൻ പദമാണ് ഇംഗ്ലീഷിലെ nest ആയി മാറിയതും). ഈ ലഘൂകരണത്തിനു പ്രേരണ ദ്രാവിഡം തന്നെയാകണം. ഇത്തരം കാരണമില്ലാതെ യാദൃച്ഛികമായും മൂർധന്യസഹിതമായി പദങ്ങൾ മാറാം. ഇറാനിയനിലെ stuna സംസ്കൃതത്തിൽ *സ്ഥൂണ* മാകുന്നത് ഉദാഹരണം (പ്രാകൃതത്തിൽ *ഥൂണ*, നമുക്ക് *തൂൺ*). *അതതി* 'ചുറ്റിനടക്കുക', *അടതി* എന്ന രൂപത്തിലും മാറുന്നു.

ഋഗ്വേദത്തിൽത്തന്നെയുള്ള ക്ത്വാന്തം (ഉദാ: *ഭുക്ത്വാ* 'തിന്നിട്ട്' ദ്രാവിഡത്തിലെ വിനയെച്ചത്തിനു തുല്യമായി പ്രയോഗിക്കുന്നു.

ഉദാ: രസായനം *പീത്വാ* അരോഗീഭവ — സംസ്കൃതം

രസായനം *കുടിച്ച്* അരോഗി ആകുക — മലയാളം

സംസ്കൃതത്തിൽ വളരെ പഴക്കമുള്ള *ഇതി* എന്ന അവ്യയം **uiti* യോട് ചരിത്രബന്ധമുള്ളതാണ്. ഇതിന്റെ പ്രയോഗം മറ്റ് ഇന്തോ-യൂറോപ്യൻ ഭാഷകളിൽ ഇംഗ്ലീഷിലെ ഉദ്ധരണസൂചകമായ that പോലെ ഉദ്ധൃതഭാഗത്തിനു മുൻപിലാണ്. സംസ്കൃതരീതിയാകട്ടെ *ഇതി* ദ്രാവിഡത്തിലെ എൻ - ധാതുവിന്റെ വിനയെച്ചമായ *എന്ന്* എന്നതിനു തുല്യമാണ്.

ഉദാ: ഗച്ഛാമ്യഹമദ്യൈ *വേതി* സോടവദത് — സം

ഇന്നുതന്നെ ഞാൻ പോകുന്നു *എന്ന്* അവൻ പറഞ്ഞു — മ.

വ്യാകരണമഹാഭാഷ്യത്തിന്റെ കാലത്തുതന്നെ (ബി.സി. 2-ാം നൂറ്റാണ്ട്) സംസ്കൃതം സാമാന്യജനങ്ങളുടെ ഭാഷയല്ലാതായിക്കഴിഞ്ഞു. ഔപചാരികസന്ദർഭങ്ങളിലും അനുഷ്ഠാനങ്ങളിലും സംസ്കൃതം, പണ്ഡിതവ്യവഹാരത്തിനും സംസ്കൃതം - സാമാന്യവ്യവഹാരത്തിനു പ്രാകൃതം. ഇങ്ങനെയായി സ്ഥിതി. പ്രാകൃതവ്യാകരണങ്ങളുടെ ഘടന സംസ്കൃതത്തിൽനിന്ന് ഇന്നയിന്ന പ്രാകൃതത്തിന് ഇന്നയിന്ന വ്യത്യാസമുണ്ട് എന്ന വിവരണമാണ്.

ഈ വ്യത്യാസങ്ങൾ പരിശോധിച്ചാൽ ഏറിയതും ദ്രാവിഡത്തിന്റെ വഴിക്കുള്ള മാറ്റമാണെന്നു വ്യക്തമാകും. സംസ്കൃതത്തേക്കാൾ മൂർധന്യവ്യഞ്ജനസാന്നിധ്യം പ്രാകൃതത്തിനുണ്ട്. ഉദാത്താദിസ്വരഭേദങ്ങൾ ഇല്ല. (ഇതുവഴിക്ക് പിൽക്കാലത്തെ സംസ്കൃതത്തിലും ഈ സ്വഭാവം നുഴഞ്ഞുകേറി). വിസർഗം പ്രാകൃതത്തിൽ നഷ്ടമായി. ദ്വിവചനരൂപങ്ങൾ നഷ്ടമായി. ചുരുക്കത്തിൽ, പ്രാകൃതം ദ്രാവിഡത്തോട് ഏറെ അടുത്തു. ഈ പ്രവണത

സംസ്കൃതത്തിൽത്തന്നെ ആരംഭിച്ചു എന്നാണ് നാം കണ്ടത്. *എന്ന്* എന്നതിനു തുല്യമാണ് *ഇതി* എന്നതുപോലെ *അപി* ദ്രാവിഡത്തിലെ *ഉം* എന്നതിനു തുല്യമാണ്.

ദേ*വോപി*നജാനാതി — ദേവ*നും* അറിയില്ല.

പൂർണക്രിയ ഇല്ലാതെ കൃദന്തങ്ങൾ കൊണ്ട് ആഖ്യാതം സാധിക്കുക ദ്രാവിഡത്തിനു സദൃശമാണ്.

'സാ അഗച്ഛത്' എന്നതിന്നുപകരം 'സാഗതവതീ' എന്നു മതി. അപ്പോൾ അത് തമിഴിലെ 'അവൾ പോനാൾ' എന്നതിന് സദൃശമായിത്തീരും. ഹിന്ദിയിലും മറ്റും ഇതുതന്നെയാണ് നടപ്പ്:

രാം ഗയാ - രാമൻ പോനാൻ
സീതാ ഗയീ - സീതാ പോനാൾ.

പ്രാകൃതങ്ങളിൽ ആരംഭിച്ച വ്യഞ്ജനലഘൂകരണം ദ്രാവിഡത്തിനു സദൃശമാണ്.

സംസ്കൃതം ദീർഘ : പ്രാകൃതം ദിഗ്ഘ/ദീഘ

കടു-കുണ്ഡ-ഖലാദികൾ പ്രാകൃതത്തിലും തുല്യമായി കടു-കുണ്ട് - കുളങ്ങൾ ദ്രാവിഡത്തിലുമുണ്ട്. ഇവ പ്രാകൃതത്തിൽനിന്ന് ദ്രാവിഡത്തിലേക്കു പകർന്നവയാണ്. ഇതിൽ ഒരു തീരുമാനം എടുക്കുന്നതെങ്ങനെ? (1) പ്രാകൃതത്തിലും തുല്യമായി സംസ്കൃതത്തിലും ഉള്ള ഒരു പദം ദ്രാവിഡത്തിൽ കാണുന്നു, ഇന്തോ-യൂറോപ്യൻ പ്രഭവം ചൂണ്ടിക്കാട്ടാൻ ആകുന്നുമില്ല എങ്കിൽ ആ പദം ദ്രാവിഡമാകാൻ സാധ്യത ഏറുന്നു. (2) ദ്രാവിഡത്തിൽ ഏറെ പ്രയോഗമുണ്ടായിരിക്കുക, സംസ്കൃത-പ്രാകൃതങ്ങളിൽ വിരളമായിരിക്കുക - എങ്കിൽ ദ്രാവിഡമായി എണ്ണാൻ സാധ്യതയേറുന്നു. (3) ദ്രാവിഡത്തിൽ ബന്ധപ്പെട്ട ധാതുവുണ്ടായിരിക്കുക സംസ്കൃതത്തിൽ ഇല്ലാതിരിക്കുക — ഈ സ്ഥിതിയിൽ പദം ദ്രാവിഡത്തിൽനിന്നു പോയതാകാൻ ഇടയുണ്ട്. (4) ദ്രാവിഡത്തിൽ പണ്ടേ ഉള്ളതായിരിക്കുക, സംസ്കൃത-പ്രാകൃതങ്ങളിൽ പിന്നെ ഒരു ഘട്ടത്തിൽമാത്രം കണ്ടുമുട്ടുക — എങ്കിൽ ദ്രാവിഡത്തിൽനിന്നു പോയതായിരിക്കാൻ സാധ്യത ഏറുന്നു.

ദ്രാവിഡ-പ്രാകൃതബന്ധത്തിന്റെ ഭാഗമാണ്, പ്രാകൃതത്തിന്റെ മലയാളത്തിലുള്ള പ്രഭാവവും എന്ന നിലയ്ക്ക് ദക്ഷിണേന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭാഷാമേഖലാസ്വഭാവം പരിഗണിക്കാത്ത ഏതു പഠനവും അത്രയ്ക്ക് പരിമിതിയുള്ളതായിരിക്കും. ഇത്രയും മനസ്സിൽ ഉൾക്കൊണ്ടുവേണം ശങ്കുണ്ണിനായരുടെ പുസ്തകത്തെ വിലയിരുത്തുക.

ആര്യവും അനാര്യവുമായ ഭാഷകളുടെയും സംസ്കാരങ്ങളുടെയും പരസ്പരസമ്പർക്കവും ഇരുകൂട്ടർക്കും അന്യരെപ്പറ്റിയുള്ള വീക്ഷണഗതിയുമാണ് ആദ്യാധ്യായത്തിൽ ശങ്കുണ്ണിനായർ വിസ്തരിക്കുന്നത്. അഗസ്ത്യൻ ഇരുവർണങ്ങളെയും പോഷിപ്പിച്ചു എന്ന ഋഗ്വേദപരാമർശം (1.23 -5) ആര്യരും അനാര്യരുമായ ജനതയെ പോഷിപ്പിച്ചു എന്ന അർഥത്തിലാണെന്നും ഇത് ആ ലയത്തിന്റെ തെളിവാണെന്നും ശങ്കുണ്ണിനായർ. "അഗസ്ത്യഃ ഉഭൗ വർണ്ണൗ ഋഷിരുഗ്രപുപോഷ..." എന്നതിന് ഈ അർത്ഥം എങ്ങനെ കിട്ടും? മഹാഭാവ്യകാലത്തുപോലും വെളുത്ത ബ്രാഹ്മണനും കറുത്ത നാടനും എന്ന് ഒറ്റ നോട്ടത്തിൽ തിരിച്ചറിഞ്ഞിരുന്നതായി ഈ അധ്യായത്തിൽ അന്യത്ര വിശദീകരിക്കുന്നു.

മഹാഭാഷ്യത്തിൽ ഒരിടത്തു പറയുന്നു, ബ്രാഹ്മണൻ വെളുത്ത മേനിയും ചെമ്പൻമുടിയും ഉള്ളവനും കീഴാളൻ ഇരുണ്ടമേനിയും പരുക്കൻ പ്രകൃതവും കടത്തെരുവിൽ ഇരുപ്പുമുള്ളവനാണെന്നും കണ്ടാൽ ഇവരെ തിരിച്ചറിയാമെന്നും "ഗൗരം ശുച്യാചാരം പിംഗള കപിലകേശം ദൃഷ്ടാ അധ്യവസ്യതി ബ്രാഹ്മണോയമിതി... നഹ്യയം കാലം മാഷരാശിവർണം ആപണേ ആസീനം ദൃഷ്ടാ അധ്യവസ്യതി ബ്രാഹ്മണോയമിതി."

അഗസ്ത്യൻ ഭാര്യവഴിക്ക് വിദർഭയുമായി ബന്ധപ്പെട്ടവനാണ്. വിദർഭ മഹാരാഷ്ട്രത്തിലാണ്. വിന്ധ്യനു തെക്കുമാണ്. മഹാരാഷ്ട്രത്തെ പഞ്ചദ്രാവിഡത്തിൽപ്പെടുത്തി വ്യവഹരിക്കാറുമുണ്ട്. അഗസ്ത്യരെ തമിഴർ, തമിഴ് മുനിയായും എണ്ണുന്നു.

വേദകാലമുനിയായ അഗസ്ത്യനോട് തമിഴകത്തെ ബന്ധിപ്പിക്കുന്നതുപോലെ പുരാണകാലത്തെ പരശുവേന്തിയ ഭാർഗവരാമനോടാണ് കേരളത്തെ ബന്ധിപ്പിക്കാറുള്ളത്. പരശുരാമകഥ ഉടലെടുത്തത് പശ്ചിമതീരത്തിന്റെ വടക്കേ അറ്റത്തുള്ള ശൂർപ്പാരകദേശത്താണ്. പതുക്കെ അതു തെക്കോട്ടു നീങ്ങി. ക്രിസ്തുവർഷാരംഭം മുതൽ പരശുരാമകഥ ശാസനങ്ങളിൽ കണ്ടുമുട്ടുന്നു. കാളിദാസൻ രഘുവംശത്തിൽ പരശുരാമനെ പരാമർശിക്കുന്നു. ഇങ്ങനെ കഥ ക്രമേണ തെക്കോട്ടുനീങ്ങി ദ്രാവിഡജനതയെ ഉൾക്കൊള്ളുന്നു. ഇവിടത്തെ ജനത ക്രമേണ ഈ ആര്യവൽക്കരണത്തെ സ്വാഗതം ചെയ്യുന്നതായാണ് കാണുന്നത്. പതിറ്റുപ്പത്തിലെ രാജാക്കന്മാർതന്നെ ആര്യസ്വാധീനം ഉൾക്കൊണ്ടവരാണ്. മറിച്ച് തെക്കൻ രാജാക്കന്മാർ ഉത്തരദേശത്തേക്കും പോയിട്ടുണ്ടെന്ന് പ്രാചീന പ്രസ്താവങ്ങളിൽനിന്ന് അറിയാം. ചരിത്രകാലത്ത് ബൗദ്ധന്മാരും ജൈനന്മാരും ആജീവകന്മാരുമായ ധർമ്മപ്രചാരകന്മാർ വടക്കുനിന്ന് എത്തിച്ചേർന്നു.

ചേരമാൻ, കേരലപുത്ത എന്നും അതിയമാൻ, സതിയപുത്ത എന്നും ചോഴൻ, ചോഡ എന്നും പാണ്ടിയൻ, പാണ്ഡിയ എന്നും അശോകശാസനങ്ങളിൽ മാറിയിരിക്കുന്നു.

അശോകശാസനങ്ങളിൽ പര്യന്തദേശങ്ങളിലെ ധർമ്മപ്രചാരണത്തെപ്പറ്റിയും അവിടേക്കു കൊടുക്കുന്ന വൈദ്യസഹായത്തെപ്പറ്റിയും പറയുന്നുണ്ട്. അതുകൊണ്ട് അക്കാലത്തുതന്നെ മതവിഷയകവും ഔഷധവിഷയകവുമായ അനേകം പദങ്ങൾ ദക്ഷിണേന്ത്യൻ ഭാഷകളിലേക്കു കടന്നുവന്നിരിക്കാം എന്ന് ശങ്കുണ്ണിനായർ നിരീക്ഷിക്കുന്നു. പക്ഷേ, ഔഷധപ്പേരുകളും ഓഷധിനാമങ്ങളും ദ്രാവിഡഭാഷകളിൽനിന്നും ആസ്ത്രിക്കിൽനിന്നും ഇന്തോ-ആര്യനിലേക്കും പകർന്നിട്ടുണ്ടാകാമെന്ന സാധ്യത ശങ്കുണ്ണിനായർ ശ്രദ്ധിക്കുന്നില്ല. വടക്ക് ആര്യം, തെക്ക് ദ്രാവിഡം എന്ന സങ്കല്പവും പൂർണമായും ശരിയാണോ?

ദക്ഷിണേന്ത്യയിലെ ദേശനാമങ്ങളും നദിനാമങ്ങളും സംസ്കൃത-പ്രാകൃതരൂപത്തിലായി മാറിയത് ശങ്കുണ്ണിനായർ ചൂണ്ടിക്കാട്ടുന്നു. അവ പലതും ദ്രാവിഡഭാഷയിലേക്കും വന്നു. *താമിരപരുണി* എന്ന നദീനാമം *താമ്രപർണി*യുടെ തമിഴാക്കിയ രൂപമാണ്. ഈ താമ്രപർണിയാകട്ടെ, *തൺ-പൊരു-നയ്* ('കുളിരുള്ള വലിയ നദി') എന്നതിന്റെ സംസ്കൃതീകൃത രൂപവും ഇതിലെ *നയ്* എന്നത് തനി ദ്രാവിഡമല്ല *നദി*യുടെ മഹാരാഷ്ട്രീ പ്രാകൃതരൂപവുമാണ്. *കൃതമാലാ* എന്ന നദിയാകട്ടെ പഴയ *കുട-മലൈ-ആറു* തന്നെ. 'പടിഞ്ഞാറൻ മലയിലുള്ള ആറെ'ന്നർഥം.

സംസ്കൃതവും നാട്ടുമൊഴിയും കലർന്ന മിശ്രഭാഷ, മണിപ്രവാളമെന്ന പേരിൽ പ്രസിദ്ധമാണ്. ഇത്തരം മിശ്രണം പ്രാകൃതവുമായും നാട്ടുഭാഷകൾക്കുണ്ടായിരുന്നു. പഴയ ചേരരാജ്യത്തിൽപെട്ട പുകഴൂരിൽനിന്ന് ഇത്തരം മിശ്രഭാഷയിൽ ഒരു ശാസനം കിട്ടിയിട്ടുണ്ടത്രേ.

കേരളീയ സംസ്കൃതപാരമ്പര്യത്തിലെ ബൗദ്ധപ്രഭാവം ശങ്കുണ്ണിനായർ അനുസ്മരിക്കുന്നു. വ്യാകരണത്തിൽ ധർമ്മകീർത്തിയുടെ രൂപാവതാരം, കോശവിഷയത്തിൽ അമരസിംഹന്റെ നാമലിംഗാനുശാസനം, വൈദ്യത്തിൽ വാഗ്ഭടന്റെ അഷ്ടാംഗഹൃദയം ഇവ കേരളത്തിലെ പാഠ്യഗ്രന്ഥങ്ങളായിരുന്നു. ഇവ ബൗദ്ധന്മാരുടെ രചനകളായിരുന്നു. രൂപാവതാരത്തിൽ പാണിനിയെക്കൂടാതെ സുകലാപമെന്ന മറ്റൊരു വ്യാകരണരീതിയെയും പിൻതുടരുന്നുണ്ട്. ഈ രീതി ഐന്ദ്രപദ്ധതിയിൽപെട്ടതാണെന്നു പറഞ്ഞുകാണുന്നു. തൊൽകാപ്പിയനാർ 'ഐന്തിരം നിറൈന്തവനാ'ണെന്നു പ്രസിദ്ധം.

മഹാഭാഷ്യകാലത്തിന് ഏറെയൊന്നും അകന്നതല്ലാത്ത ഒരുകാലത്തുണ്ടായ ശബരഭാഷ്യത്തിലും ദാക്ഷിണാത്യന്മാരെപ്പറ്റി പരാമർശമുണ്ട്. കുറെക്കൂടി കാലം കഴിഞ്ഞുവന്ന കുമാരിലഭട്ടന്റെ തന്ത്രവാർത്തികത്തിൽ ആന്ധ്രഭാഷയായ തെലുങ്കും ദ്രമിഡമെന്നു പരാമർശിക്കുന്ന തമിഴും വ്യത്യസ്ത ഭാഷകളാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ആന്ധ്ര-ദ്രമിഡ ഭാഷകൾ എന്ന വ്യാവർത്തനം തന്ത്രവാർത്തികത്തിൽ ഇല്ലെന്നും ശരിയായ പാഠം 'അഥ ദ്രമിഡഭാഷയാം' എന്നു മാത്രമാണെന്നും കുഞ്ഞുണ്ണിരാജാവും മറ്റും വാദിച്ചുറപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വാദം ശരിയല്ല എന്ന് ശങ്കുണ്ണിനായർ സമർഥിക്കുന്നു. തന്ത്രവാർത്തികം രചിച്ചതിന്റെ അടുത്തകാലത്താണ് ബുദ്ധഘോഷന്റെ സമന്തപാസാദിക എന്ന കൃതിയുടെ വിവരണം രചിച്ചത് (പിടകവ്യാഖ്യാനമാണ് സമന്തപാസാദിക). അതിൽ മഗധഭാഷ (പാലി) ആര്യകമാണെന്നും 'അന്ധദ്രമിളാദി'കൾ അനാര്യമാണെന്നും പറയുന്നു: "ആരിയവോഹാരോമഗധഭാസാ മിലക്ഖകം നാമ യോ കോചി അനാരിയകോ *അന്ധദമിളാദി*..'' ശബരന്നു പക്ഷേ ദക്ഷിണേഷ്യ ഒരു ഭാഷാമേഖലയാണെന്ന വീക്ഷണമാണ് ഉണ്ടായിരുന്നത്. ശബരഭാഷ്യത്തിൽ ഒരിടത്ത് 'ആ ഹിമവന്ത ആ കുമാരീഭ്യഃ' എന്നു പറഞ്ഞു കാണുന്നു. ഹിമാലയം മുതൽ കുമരിമുനമ്പുവരെ പ്രചാരമുള്ള ചില പദങ്ങളെപ്പറ്റിയാണ് പരാമർശം. ഇത്തരം ഒരു വീക്ഷണം ചില പഴന്തമിഴ്കൃതികളിലും ഉണ്ട്. 'പേരിചൈ*യിമയം* തെന്നം *കുമരി*യോടായിടൈ' എന്നു പതിറ്റുപ്പത്ത്.

മൗര്യസാമ്രാജ്യത്തിന്റെ പ്രശസ്തി തമിഴ്നാട്ടിലും എത്തിയിരുന്നു. പുറനാനൂറിലെ 175-ാം പാട്ടിൽ പാറക്കെട്ടായ മലമ്പ്രദേശത്ത് പടനടത്തുന്ന മൗര്യന്മാരുടെ തേരുരുളുകൾ തീർത്ത പാതകളെപ്പറ്റി പറയുന്നു: "വിൺപൊരു നെടുങ്കുടൈക്കൊടിത്തേർ മോരിയർ...''. വിണ്ണോടു പൊരുതുന്ന നെടുങ്കുടയും കൊടിയുമായി തേർ നടത്തുന്നവരാണ് മൗര്യന്മാർ.

തെക്കൻ രാജാക്കന്മാരുടെ നഗരങ്ങൾ വടക്കൻ രാജധാനികളെ പേരിൽ അനുകരിച്ചു. മൗര്യന്മാരുടെ പാടലീപുത്രത്തിന് കുസുമപുരിയെന്നു പേർ ഉണ്ട്. കാവേരിപ്പൂമ്പട്ടിണം ചോഴന്മാർക്ക് ഉത്തരമധുരാപുരിക്കൊത്തൊരു തെൻമതുരൈ പാണ്ടിനാട്ടുടയവർക്കും. ചേരന്മാരുടെ മാകോതൈ എന്ന മഹോദയപുരത്തിന്റെ പേർ കന്യാകുബ്ജത്തിലെ മഹോദയത്തെ പിൻതുടർന്നതാണ്.

നഗരങ്ങളിലെ ആനപ്പാപ്പൻമാരിലും പടയാളികളിലും പലരും വടക്കൻ നഗരങ്ങളിൽനിന്നു വന്നവരായിരുന്നു. അവർ ഒരു മിശ്രഭാഷ ഉപയോഗിച്ചിരുന്നു. 'വിരൈവുമൊഴി പയിറ്റും പാകരോടൈ' എന്ന് മലൈപ്പടുകടാമിൽ

കാണാം. പടയാളികളുടെ വിരൈവുമൊഴിയെപ്പറ്റി പുറം-52, അകം-396, നറ്റിണൈ-170, പതിറ്റുപ്പത്തു 2-1, 5-3 ഇവയിൽ കാണാം. അന്യഭാഷക്കാരെ മ്ലേച്ഛരാണെന്നു പരിഗണിക്കുന്ന രീതി തമിഴ്സാഹിത്യത്തിലും ഉണ്ട്. എന്നാൽ സംസ്കൃതത്തോട് വിശേഷിച്ചൊരു ആദരവും കാണാം. പ്രാകൃത-തമിഴ് വിരൈവുമൊഴിയെ 'മിലേച്ച'മായി പരിഗണിച്ചിരുന്നുവെന്നു തോന്നുന്നില്ല. തമിഴകത്തു വന്നുചേർന്ന അന്തണർ ഈ വിരൈവുമൊഴിയായിരിക്കാം പേശിയിരുന്നത്. മൂവരചന്മാർ പാപ്പാർക്ക് ഉണ്ട് എഴുന്നേറ്റു കൈകഴുകി ഈറൻകയ്യോടെ വരുമ്പോൾ ('ഈർങ്കൈ') കൈനിറയുമാറ് പൂവും പൊന്നും ഉദകപൂർവ്വം ചൊരിഞ്ഞുകൊടുക്കുന്നവരാണ് എന്ന് ഔവൈയാർ.

തമിഴകത്തെ ബൗദ്ധസ്വാധീനം എവ്വിധമിരുന്നാലും ശ്രീലങ്കയിലെ ബൗദ്ധന്മാർക്ക് ദമിളരെപ്പറ്റി അത്ര പ്രശംസ ഒന്നും ഇല്ല. അവർ തമ്മിൽ കലഹമായിരുന്നതിനെപ്പറ്റി മഹാവംശത്തിൽ പ്രസ്താവമുണ്ട്.

"ഗോപുരത്ഥതുദമിളാ-
ക്ഖിപിംസു വിവിധായുധേ"

കാളിദാസനു പക്ഷേ, തമിഴ് രാജാക്കന്മാർ ആദരണീയരാണ്. രഘു, പാണ്ഡ്യന്മാരെ കീഴടക്കുന്നുവെങ്കിലും അനാദരിക്കുന്നില്ല. കാളിദാസന്റെ ഇന്ദുമതീസ്വയംവരത്തിന് പാണ്ഡ്യൻ എത്തുന്നുമുണ്ട്.

കാലം പിന്നേയും കഴിഞ്ഞഘട്ടത്തിൽ ദ്രാവിഡരായി എണ്ണുന്ന ശങ്കര-രാമാനുജന്മാരുടെ കാലത്തെത്തുന്നു. ഔത്തരാഹരും ഇവരെ ആദരിക്കുന്നുണ്ട്. എന്നാൽ ദക്ഷിണദേശക്കാരെപ്പറ്റി വടക്കുള്ളവർക്ക് ഒരു അവജ്ഞയുണ്ടായിരുന്നുവെന്ന് ആശ്ചര്യചൂഡാമണിയിൽനിന്നറിയാം. എന്നാലും തമിഴ്സാഹിത്യം ഏതോതരത്തിൽ സംസ്കൃത-പ്രാകൃതങ്ങളുടെ പിൽക്കാലത്തെ വികാസത്തിൽ പങ്കുവഹിച്ചിരിക്കാം എന്നു ശങ്കുണ്ണിനായർ ഊഹിക്കുന്നു. ശൃംഗാരപ്രകാശകാരനായ ഭോജനെ അകം പാട്ടുകൾ പ്രേരിപ്പിച്ചിട്ടുണ്ടാകും. രാജശേഖരനും ഭോജനും ദക്ഷിണേന്ത്യക്കാരെ കൊണ്ടാടിയിട്ടുള്ളവരാണ്. ഭോജൻ പ്രാകൃതത്തിലും എഴുതിയിട്ടുണ്ട്. നഷ്ടപ്പെട്ട പല പ്രാകൃതകൃതികളെപ്പറ്റിയും ശൃംഗാരപ്രകാശത്തിൽനിന്നും സരസ്വതികണ്ഠാഭരണത്തിൽനിന്നും ആണ് നാം അറിയുന്നത്. അവയിൽ എന്തിനൊക്കെ ദ്രാവിഡസാഹിത്യത്തിന്റെ സ്വാധീനം ഉണ്ടായിരുന്നു എന്നറിഞ്ഞുകൂടാ.

ഇടത്തമിഴ് കാലത്തെ ഭക്തികാവ്യങ്ങളിലെത്തുമ്പോഴേയ്ക്കും പ്രാകൃതസാഹിത്യത്തിന്റെ കാലം മിക്കതും കഴിഞ്ഞു. സംസ്കൃതം പിന്നെയും തുടർന്നു. തമിഴ് സാഹിത്യത്തിൽ തമിഴും സംസ്കൃതവും തുല്യപ്രാധാന്യമുള്ള ഭാഷകളാണെന്ന പരിഗണന കാണുന്നു. ചെന്തമിഴും 'വടകലൈയും

നികൃഷ്ടാനവര്' എന്നു നാലായിരപ്രബന്ധത്തിൽ. കമ്പന്റെ രാമൻ സംസ്കൃത ത്തിലെന്നപോലെ തമിഴിലും അറിവു തികഞ്ഞവനായിരുന്നു.

പഞ്ചദ്രാവിഡങ്ങളെപ്പറ്റിയും സപ്തകൊങ്കണങ്ങളെപ്പറ്റിയും ആണ് അടുത്ത അധ്യായം. ഈ അധ്യായത്തിൽ ആദ്യമായി പറഞ്ഞുറപ്പിക്കുന്നത് തമിഴ് കാവ്യമീമാംസയുടെ മഹത്തായ സംഭാവനയായി പലരും കൊണ്ടാടു ന്നതിനെ സങ്കല്പം വെറും കാവ്യസങ്കേതം മാത്രമാണെന്ന കാര്യമാണ്. അതിന്റെയും വേരുകൾ ഇന്ദോ-ആര്യനായ ഉത്തരദേശം തന്നെയാണെന്നും.

പഞ്ചജനമെന്ന വിഭാഗം വേദകാലത്തേ ഉള്ളതാണ്. ഏതൊക്കെയാണ് ഈ അഞ്ചു ജനവിഭാഗങ്ങളെന്ന് കൃത്യമായി അറിവില്ല. ഒരുപക്ഷം, ദേവ-ഉപ ദേവ-മാനവ-നാഗ- അശ്വങ്ങൾ എന്നാണ്. നാലു വർണക്കാരും നിഷാദരും ചേർന്ന് അഞ്ചെന്ന് മറ്റൊരു പക്ഷം. ചതുർവേദങ്ങളും ഹോതാവും ചേർന്ന് അഞ്ച് എന്നു മറ്റൊരു പക്ഷം. പഞ്ചവായുക്കൾ എന്നും വ്യാഖ്യാനം ഉണ്ട്. ഭൂ-സ്വർഗ നരകവാസികൾ, പക്ഷിമൃഗാദികൾ ഇങ്ങനെ അഞ്ചെന്നു മറ്റൊരു കണക്ക്. പൂർവ-ഉത്തര-പശ്ചിമ-ദക്ഷിണ ദിക്കുകളും മധ്യദേശവും ചേർന്ന് അഞ്ച് എന്ന് മറ്റൊരു പക്ഷം. അഞ്ചു കുലക്കാരാണ് പഞ്ചജനം എന്നും കണ ക്കുണ്ട്. ഐംപെരുംകുലമെന്ന കണക്ക് തമിഴിലും കാണാം. ഇതുള്ളത് പെരു ങ്കതൈയിൽ ആണ്. ഈ കൃതി ബൃഹത്കഥയുടെ പരാവർത്തനമാണ്. തൊൽകാപ്പിയത്തിന്റെ വർഗീകരണത്തിൽ അഞ്ചു തിണൈകൾ എന്നു പരി ഗണിക്കുന്നു. അഞ്ചു ഭൂവിഭാഗങ്ങളാണ് ഇത്. ഓരോ ഭൂവിഭാഗത്തിലും ഓരോ തരം ജനതയെന്നും കണക്കാക്കുന്നു. അഞ്ചു നിലങ്ങൾ ഏതെന്നു പ്രസിദ്ധം — കുറുഞ്ചി, മുല്ല, മരുതം, നെയ്തൽ, പാല (തമിഴിൽ മുല്ലൈ എന്നും പാലൈ എന്നും). പാലൈ 'മരുപ്രദേശ'മാണ്. ഇത് തമിഴകത്തില്ല എന്നും തൊൽകാ പ്പിയം പറയുന്നു. ഈ വർഗ്ഗീകരണം ആറു ഋതുക്കൾ, നാലു വർണം, ചാതുർവർണ്യത്തിൽ ഉയർന്നവരായ ത്രൈവർണികർ, എട്ടുതരം വിവാഹ സമ്പ്രദായം എന്നിങ്ങനെ തമിഴ്ജനതയ്ക്ക് പൂർണമായും നിരക്കാത്ത ഇന്ദോ- ആര്യൻ സങ്കല്പങ്ങൾ പകർത്തിയതു മാത്രമാണ് എന്നാണ് ശങ്കുണ്ണിനായ രുടെ നിഗമനം.

ഈ ഭാഗത്ത് പല തരം പദനിരുക്തചിന്തകളിൽ ശങ്കുണ്ണിനായർ അഭിര മിക്കുന്നതു കാണാം. അവയിൽ ഒന്നുപോലും ഉപരിചിന്ത അർഹിക്കുന്നതായി തോന്നുന്നില്ല.

പ്രസിദ്ധമായ ഈ അഞ്ചുവകുപ്പായ വർഗീകരണത്തിലേക്ക് പിന്നീട് ദ്രാവിഡദേശത്തിന്റെ ഭൂവിഭാഗത്തെയും വിളക്കിച്ചേർത്തതാണ് പഞ്ചദ്രാവിഡ മെന്ന സങ്കല്പം. ഏതൊക്കെയാണ് ഈ അഞ്ചു ദ്രാവിഡങ്ങൾ എന്നതിലും

അഭിപ്രായൈക്യമില്ല. വിന്ധ്യനു തെക്കുള്ള അഞ്ചു ദേശങ്ങൾ എന്ന് 17-ാം നൂറ്റാണ്ടിലെ ആന്ധ്ര കൗമുദി-തെലുങ്കർ, കർണാടകർ, ഗുജറാത്തർ, മറാഠർ, തമിഴർ. പഴയ നാട്യശാസ്ത്രത്തിൽ ഏതെന്നു പറയാതെ ദാക്ഷിണാന്ത്യ പഞ്ചജനങ്ങളെപ്പറ്റി പറയുന്നു. മൂവരചന്മാരുടെ ചേര-ചോഴ-പാണ്ടിനാടുകളും കർണാടകാന്ധ്രങ്ങളും ചേർത്ത് മറ്റൊരു പഞ്ചദ്രാവിഡഗണനയുണ്ട്. പഞ്ചദ്രാവിഡത്തിനു സമാന്തരമായി വടക്കു കിഴക്കൻ മേഖലയിൽ പഞ്ചഗൗഡങ്ങൾ എന്നൊരു കണക്കും പറയാറുണ്ട്. പഞ്ചദ്രാവിഡവും പഞ്ചഗൗഡവും ആര്യാവർത്തത്തിനു പുറത്താണ് എന്നും ഒരു കണക്കുണ്ട്. ദ്രാവിഡത്തിൽപെട്ടാലും ഇല്ലെങ്കിലും ഗുജറാത്തും മറാഠയും (ലാടവൈദർഭങ്ങൾ) നിലകൊള്ളുന്നത് ആര്യാവർത്തത്തിനു അതിരിനു ചേർന്നാണ്. സംസ്കൃതകാവ്യങ്ങളിലെ ലോപാമുദ്രാ, ഇന്ദുമതീ, രുക്മിണീ, മാളവികാ... എന്നിങ്ങനെയുള്ള ഇരുണ്ട സുന്ദരിമാർ വിദർഭക്കാരികളായിരുന്നു. മഹാരാഷ്ട്രീപ്രാകൃതത്തിന്റെ സാന്നിധ്യം സംസ്കൃതസാഹിത്യത്തിൽ എമ്പാടും ഉണ്ട്. ദ്രാവിഡസാന്നിധ്യം എന്നും മഹാരാഷ്ട്രിയിൽ അടിപ്പടവായി നിന്നു. മഹാരാഷ്ട്രീപ്രാകൃതത്തിലെ സാഹിത്യത്തിന് പ്രതീതിസാരത്തിലും പ്രതിപാദനത്തിലും പഴന്തമിഴ് സാഹിത്യത്തോട് ചാർച്ചയുണ്ട്.

തമിഴരായ മൂവരചന്മാരുടെ ഒരു ഭാഗമാണ് ചേരനെന്ന കേരളനും എന്ന പരിഗണന വിട്ടതിന്റെ ലക്ഷണമാണ് കേരളത്തെ പിന്നെപ്പിന്നെ സപ്തകൊങ്കണങ്ങളിൽപെടുത്തി എണ്ണാൻ തുടങ്ങിയത്. ഇതിനു പ്രേരണ പടിഞ്ഞാറേതീരത്തിന്റെ ഉത്തരഭാഗത്തുനിന്നുള്ള ഒരു കുടിയേറ്റവുമാകണം. 'കൊങ്കണം ഏഴും' എന്നു കമ്പർ. സപ്തകൊങ്കണങ്ങളിൽ വടക്കേഅറ്റം ഗുജറാത്തിൽ പെടും. തെക്കേഅറ്റം കേരളത്തിലും. ഏഴിമലയ്ക്കു തെക്കുള്ള ചേരന്റെ കൂറാണ് ഇന്നത്തെ കേരളത്തിലെ ചേരവംശരാജ്യഭാഗം. മറുകൂറ് മലയ്ക്കപ്പുറമായിരുന്നു. ബ്രാഹ്മണപ്രിയരെന്ന സ്ഥാനം പിൽക്കാല മഹോദയചേരന്മാർക്കു മാത്രമല്ല, ആദിചേരന്മാർക്കും ഇണങ്ങും. ദേവന്മാർക്കു പ്രിയപ്പെട്ടവൻ എന്ന 'ദേവനം പിയ' എന്ന പാലിരൂപത്തിന്റെ വിവർത്തനമായി ചേരന്മാർ 'വാനവർ - അൻപൻ' 'ഇമയവർ - അൻപൻ' എന്നു സ്ഥാനം സ്വീകരിച്ചു. 'വാനം വരമ്പായുള്ളവൻ എന്നും 'ഇമയം, ഹിമാലയം, വരമ്പായുള്ളവൻ' എന്നും വ്യാഖ്യാനിക്കാൻ തമിഴ് വ്യാഖ്യാതാക്കന്മാർ ഇഷ്ടപ്പെടുന്നു. (ദേവനം പിയ എന്ന മൗര്യന്മാരുടെ മതിപ്പുപേർ ചേരന്മാർ മാത്രമല്ല, സിംഹളരാജാക്കന്മാരും കടംകൊണ്ടിട്ടുണ്ട്). മൂവരചന്മാരിൽ ബ്രാഹ്മണർ ക്ഷത്രിയത്വം ചാർത്തിക്കൊടുത്തു.

കേരളബ്രാഹ്മണർക്കും പ്രാകൃതബന്ധമുണ്ടായിരുന്നുവെന്നു സമർഥിക്കാൻ വിചിത്രമായ ചില പദനിരുക്തികൾ ശങ്കുണ്ണിനായർ നല്കുന്നുണ്ട്. അവയൊക്കെ വിട്ടുകളഞ്ഞാലും കുഴപ്പമില്ല.

അതിപ്രാചീനകാലത്ത് പറവകളുടെയും മൃഗങ്ങളുടെയും പേരുകൾ മനുഷ്യർക്ക് ഇടുന്ന ഏർപ്പാടുണ്ടായിരുന്നു. അങ്ങനെ *തിത്തിരി* ('പുള്ള്'), *ഭരദ്വാജൻ* ('ചെമ്പോത്ത്'), *ഭാസൻ* ('പൂങ്കോഴി'), *ശുനകൻ* ('നായ്') *അശ്വതരൻ* ('കോവർകഴുത') എന്നൊക്കെ സംസ്കൃതത്തിൽ പേരുണ്ടായിരുന്നു. ഭാഷ്യകാരന്റെ അമ്മ *ഗോണി*യായിരുന്നു. 'ഗോ'വിന്റെ പ്രാകൃതരൂപങ്ങളിൽ ഒന്നാണത്. പഴയ തമിഴ്പ്പേരുകളും ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. *ഓരി* ('കുറുക്കൻ'), *തെമിലി* ('മയിൽ') *എരുമ, പാരി* ('സിംഹം'), *കട്ടി* ('പുള്ള്'), *കാരി* ('കാക്ക'), *പേകൻ* ('ആൺതവള') തുടർന്ന് ശങ്കുണ്ണിനായർ പല തമിഴ്പ്പേരുകൾക്കും വിചിത്രമായ സംസ്കൃത-പ്രാകൃത നിരുക്തികൾ നല്കുന്നുണ്ട്. *കടുങ്കോൺ/കടുങ്ങോൻ* 'കടുംകോൻ', 'ശക്തനായ രാജാവ്' ആണ് എന്ന സരളമായ വിവരണം തിരസ്കരിച്ച് അതിനെ *ഘടിഗോപൻ* ആക്കുന്നു. 'വേദശാലയുടെ സംരക്ഷകൻ' എന്ന് അതിന് അർഥവും കല്പിക്കുന്നു

നക്ഷത്രങ്ങൾ വഴിക്ക് സ്ത്രീപുരുഷന്മാർക്ക് *ചിത്രാ*, *ഫാൽഗുനൻ* എന്നൊക്കെ പേരുകൾ വരുന്നതിനു സമാനമായി തമിഴിൽ *ആതിരേയനും പരണരും* (ആതിരയും ഭരണിയും) ഉണ്ട്.

നിറപ്പേരുകൾ വ്യക്തിനാമങ്ങളായിത്തീരുന്ന കാര്യം എന്തോ ശങ്കുണ്ണിനായർ ശ്രദ്ധിക്കുന്നില്ല. 'വിളർത്ത'വൻ പാണ്ഡുവും 'കറുമ്പ'ൻ *കൃഷ്ണ*നും 'വെളുത്ത'വൻ *ശുക്ര*നും 'ഇരുണ്ടു ചുവന്ന'വൻ *നീലലോഹിത*നുമാണ്. ഇതേപോലെ *ചേയോൻ* 'ചുവന്ന'വനും *മായോൻ* 'കറുത്ത'വനുമാണ്. ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ് *വെള്ളെയപ്പ*നും *കറുമ്പ*നും *പച്ചെയപ്പ*നും മറ്റും. ഇക്കാര്യം ശ്രദ്ധിക്കായ്കയാൽ *പച്ചെയപ്പ*നെ ശങ്കുണ്ണിനായർ *പ്രദ്യുമ്നനു*മായി ബന്ധിപ്പിക്കുന്നു. (പ്രാകൃതം *പജ്ജുന്ന* എന്നാകാം).

അടക്കിവെക്കേണ്ടുന്ന ഗന്ധർവാദികളും പ്രസാദിപ്പിക്കേണ്ടുന്ന ദേവകളും ആര്യപാരമ്പര്യത്തിൽ എന്നപോലെ ദ്രാവിഡപാരമ്പര്യത്തിലും കാണാമെന്നു പറഞ്ഞ് *അണങ്കു*കൾ (യക്ഷ-ഗന്ധർവാദികൾപോലെ) വന്നത് *അലംഘ്യ*പദത്തിൽനിന്നാണെന്നും ശങ്കുണ്ണിനായർ. ആശ്രയിക്കേണ്ടുന്നവരാണ് *തീർഥ്യർ*. ഈ പദത്തിന്റെ വിവർത്തനമാണ് *കടവുൾ* എന്നു കരുതുന്നു. *തീർഥം* 'കൽപ്പട'വോ 'കട'വോ ആണല്ലോ എന്നു ഭാവം. എന്നാൽ തമിഴിൽ *കടവ്* എന്ന പദത്തിന് ഈ അർഥമില്ല. 'വഴി' എന്നാണർഥം കേരളത്തിൽ 'വഴി' പണ്ട് ജലമാർഗമായിരുന്നതിനാലാണ് നമുക്ക് ആ അർഥം വന്നത്. ഈ നിലയ്ക്ക് ശങ്കുണ്ണിനായർ പറയുന്നത് ശരിയാകാനല്ല സാധ്യത.

തമിഴിലെ എതുകയെന്ന ദ്വിതീയാക്ഷരപ്രാസവും മോന എന്ന ഖണ്ഡാദിവർണപ്പൊരുത്തവും പ്രാകൃതത്തിലുമുണ്ടെന്നു ശങ്കുണ്ണിനായർ ചൂണ്ടിക്കാ

ട്ടുന്നു. ഈ പ്രാസനിർബന്ധം സംസ്കൃതത്തിൽ ഇല്ലാതിരിക്കെ ഇവിടെനിന്നു പ്രാകൃതത്തിലേക്കു പകർന്നതാവില്ലേ എന്ന് പക്ഷേ അദ്ദേഹം സംശയിക്കുന്നില്ല!

ദ്രമിഡരെന്ന് പഴയകൃതികളിലുള്ള പരാമർശം ത്രൈവർണികേതരരെ കുറിക്കാനായിരുന്നു എന്ന് ഒരു അഭിപ്രായം ഇളംകുളം ഉന്നയിക്കുന്നുണ്ടല്ലോ. ഈ അഭിപ്രായം ശരിയല്ലെന്നും ബ്രാഹ്മണരെയും ദ്രമിഡരായി കരുതിയിരുന്നുവെന്നും തെളിവുകൾ ഉദ്ധരിച്ച് ശങ്കുണ്ണിനായർ സമർഥിക്കുന്നു. കേരളത്തിൽ വൻതോതിൽ ബ്രാഹ്മണോപനിവേശമുണ്ടായെന്നും അവരുടെ പ്രാകൃതമൊഴികളുടെ കലർപ്പാണ് കേരളഭാഷയെ പാണ്ഡ്യ-ചോഴ ഭാഷകളിൽനിന്നു വ്യാവർത്തിപ്പിച്ചതെന്നും ഇളംകുളം വിശ്വസിക്കുന്നു. ഇതും ശങ്കുണ്ണിനായർ ഖണ്ഡിക്കുന്നു. ഇളംകുളം ഇപ്പറയുന്ന കൊല്ലവർഷാരംഭത്തിന് മുൻപുള്ള ഘട്ടത്തിൽ പ്രാകൃതഘട്ടം കഴിഞ്ഞു. അന്നു കുടിയേറ്റം നടന്നിട്ടുണ്ടെങ്കിൽ ആ വന്നവർ അപഭ്രംശങ്ങളായിരിക്കും സംസാരിച്ചിരിക്കുക. അവരുടെ വിശേഷവ്യവഹാരം സംസ്കൃതത്തിലുമായിരുന്നു. കേരളത്തിൽ 12-ാം നൂറ്റാണ്ടിൽപ്പോലും ബ്രാഹ്മണർ എണ്ണത്തിൽ കുറവായിരുന്നുവെന്ന് ഷഡ്ഗുരു ശിഷ്യൻ ഐതരേയാരണ്യകത്തിനെഴുതിയ സുഖപ്രദാ എന്ന വ്യാഖ്യാനത്തിൽ സാക്ഷ്യപ്പെടുത്തുന്നു. പ്രാകൃതം നിലനിന്നകാലത്ത് ആ ഭാഷ തമിഴിലും പ്രാഭവം ചെലുത്തി. തമിഴിലെ ആരിയച്ചി തൈവു വന്ന വടച്ചൊല്ലുകൾ ഏറിയതും പ്രാകൃതത്തിൽനിന്നാണുതാനും. ഇതിന് ഉചിതമായ ഉദാഹരണങ്ങൾ നല്കുന്നതിനൊപ്പം തീരെ അസ്വീകാര്യമായ ഒട്ടേറെ പദനിരുക്തങ്ങൾ ശങ്കുണ്ണിനായർ അവതരിപ്പിക്കുന്നു. ഇവ ഓരോന്നും എടുത്ത് ചർച്ച ചെയ്യുക ആവശ്യമുള്ള കാര്യമായി തോന്നുന്നില്ല. *കണവ*നെ *ഗൃഹ്ണാ*തി ('സ്വീകരിക്കുന്നു') യോടും *മണവാള*നിലും (മണം-ആളൻ) *മണവാട്ടി*യിലും (മണം-ആൾ-ത്തി) *തിരുമണ*ത്തിലും *മണവറ*യിലും ഉള്ള 'പരിണയ'നാർഥകമായ *മണ*ത്തെ *മൈഥുന*ത്തിന്റെ ('മിഥുനഭാവം') പ്രാകൃതമായ *മേഹുണ*ത്തോടും ബന്ധിപ്പിക്കുന്നു.

ചെന്തമിഴ് - കൊടുന്തമിഴ് എന്ന ജോഡി തമിഴ് വ്യാകരണകൃതികളുടെ വ്യാഖ്യാതാക്കന്മാർ ഭാവന ചെയ്തത് സംസ്കൃത-പ്രാകൃതജോഡിയുടെ മാതൃകയിൽ ആകാം എന്ന കാര്യം എന്തുകൊണ്ടോ ശങ്കുണ്ണിനായർ ആലോചിക്കുന്നില്ല. ആലോചിക്കാവുന്ന ഒരു വിഷയമാണിത്.

പ്രാകൃതഭാഷകളുടെ സാമാന്യസ്വഭാവങ്ങളുടെ ഒരു പട്ടികയാണ് പിന്നീടുള്ള അധ്യായം. പ്രാകൃതസാഹിത്യകൃതികളുടെ പട്ടിക, പ്രാകൃതവ്യാകരണകൃതികളുടെ വിവരണം ഇവയും നല്കുന്നു. എങ്ങനെ സംസ്കൃതത്തിന്റെ

യും ദ്രാവിഡത്തിന്റെയും മധ്യത്തിൽ പ്രാകൃതം നിലകൊള്ളുന്നു എന്ന് തുടർന്നു വിവരിക്കുന്നു. പ്രാകൃതസാഹിത്യകൃതികളും പഴന്തമിഴ് കൃതികളും തമ്മിലുള്ള താരതമ്യമാണ് തുടർന്നു വരുന്നത്. കേരളീയർ രചിച്ച പ്രാകൃതകൃതികളെപ്പറ്റിയുള്ള വിവരണമാണ് തുടർന്നു വരുന്നത്.

കേരളപാണിനീയത്തിൽ മലയാളഭാഷയുടെ വികാസത്തിന്റെ വഴികളായി ചൂണ്ടിക്കാണിക്കുന്ന ആറു നയങ്ങളിൽ അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം എന്നീ നാലു മാറ്റങ്ങളെപ്പറ്റിയുള്ള വിചിന്തനമാണ് ഏഴാമധ്യായം. പ്രാകൃതങ്ങളിൽ വൈകല്പികമായി സംഭവിക്കുന്ന അനുനാസികമാണ് സംസർഗ്ഗമായ മലയാളത്തിലെ അനുനാസികാദേശമായ അതിപ്രസരത്തിനു പ്രേരണ. *അശ്രു* മാറി *അംസു* ആകുന്ന തരം മാറ്റം *കുഞ്ചി*നെ *കുഞ്ഞാ*ക്കി എന്നു കല്പിക്കുന്നതിൽ വലിയ യുക്തിയൊന്നും തോന്നുന്നില്ല.

രണ്ടാമത്തേത് താലവ്യാദേശം. തമിഴ്-മലയാള-തെലുഗുഭാഷകളിൽ സംഗതമായ കവർഗത്തിന്റെ താലവ്യാദേശവും ദക്ഷിണദ്രാവിഡത്തിന്റെ തമിഴ്-കൊഡഗു ശാഖയ്ക്കുമാത്രം സംഗതമായ തവർഗത്തിന്റെ താലവ്യാദേശവും. ഇങ്ങനെ താലവ്യാദേശം രണ്ടു വിധം. ഇവയിൽ തവർഗത്തിന്റെ താലവ്യാദേശം, തവർഗോപമർദം, മാത്രമേ കേരളപാണിനി പരിഗണിക്കുന്നുള്ളൂ. പ്രത്യയാദി തവർഗത്തിനാണ് ചവർഗാദേശം നിയമേന വരിക. അനുനാസികമുള്ളേടത്ത് അതിപ്രസരവും വരും. അറിന്താൻ >അറിഞ്ഞാൻ; വൈത്തു > (വൊ)വച്ചു; അയ്ന്തു > അഞ്ചു... എന്ന തരം ഉദാഹരണങ്ങൾ പ്രസിദ്ധം. ഈ മാറ്റത്തെ പ്രാകൃതത്തിലെ സത്യം > സച്ചം; വിദ്യാ > വിജ്ജാ, ത്യാഗം > ചാഗം എന്നതരം മാറ്റത്തോട് ശങ്കുണ്ണിനായർ താരതമ്യം ചെയ്യുന്നു. അങ്ങനെ നമ്മുടെ താലവ്യാദേശത്തിന് പ്രാകൃതം സമാന്തരമായി പ്രവർത്തിച്ചിരിക്കാം എന്നു കരുതുന്നു. 11-ാം ശതകത്തിലെ ബുദ്ധമിത്രനാരുടെ വീരചോഴിയം എന്ന വ്യാകരണകൃതിയിൽ താലവ്യാദേശം അംഗീകരിക്കുന്നുവെന്ന വസ്തുത ചൂണ്ടിക്കാട്ടി ബുദ്ധമിത്രനാർക്ക് പ്രാകൃതം നല്ല നിശ്ചയമായിരുന്നുവല്ലോ എന്ന് ശങ്കുണ്ണിനായർ പ്രസ്താവിക്കുന്നു.

താലവ്യാദേശവിഷയത്തിൽ പ്രാകൃതസ്വാധീനത്തെപ്പറ്റിയുള്ള വിചാരണക്ക് പ്രസക്തി ഏതും ഇല്ല. വൈത്തു > (വൊ)വച്ചു, സത്യം > സച്ചം ഇവയിൽ തവർഗത്തിനു ചവർഗമാദേശമെന്ന നിലയിൽ സാദൃശ്യമുണ്ടെങ്കിലും രണ്ടിന്റെയും നിയമനസാഹചര്യം അമ്പേ വ്യത്യസ്തമാണെന്ന് ഓർക്കണം. പ്രാകൃതജ്ഞനായതിനാലാണ് തമിഴിൽ ഇതു സംബന്ധിച്ച നിയമം ബുദ്ധമിത്രനാർ അംഗീകരിച്ചതെന്ന പ്രസ്താവം ഇതിലും അസാധുവാണ്. കന്നഡം പഠിച്ചറിഞ്ഞ ഒരു മലയാളവ്യാകരണകാരൻ കന്നഡത്തിൽ ഉള്ള ഒരു സന്ധിവികാ

രം, മലയാളത്തിൽ ഇല്ലെങ്കിലും പകർത്തുമോ? വാമൊഴിത്തമിഴിൽ അന്നേ നടപ്പായിരുന്ന മാറ്റം വീരചോഴിയം അംഗീകരിച്ചു എന്നുമാത്രമേ കരുതേണ്ട തുള്ളൂ. അനുനാസികാതിപ്രസരത്തേക്കാൾ പഴക്കമുള്ളതും തമിഴിൽ ചരിത്രദശ യിൽ സംഭവിച്ചതുമാണ് ഈ താലവ്യാദേശം. ഈ മാറ്റം കൊഡഗുപോലെ മലയാളവും പങ്കുപറ്റുന്നു. മലയാളഭാഷ പഴന്തമിഴിലും പഴക്കം കുറഞ്ഞ മാറ്റ ങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്ന സംഗതിയിലേക്കാണ് ഇതു വിരൽചൂണ്ടു ന്നതും.

കവർഗത്തിന് പരമായി താലവ്യസ്വരങ്ങൾ വന്നാൽ, അവയ്ക്കുശേഷം മൂർധന്യവ്യഞ്ജനങ്ങൾ ഇല്ലെങ്കിൽ, കവർഗം ചവർഗമായി മാറും എന്നതാണ് കവർഗത്തിന്റെ താലവ്യാദേശം. കന്നഡത്തിലും ബന്ധപ്പെട്ട ഭാഷകളിലും ഈ മാറ്റം ഇല്ല. കന്നഡത്തിലെ ഗിട്ടു, ഗീഡു ഇവയുടെ സ്ഥാനത്ത് നമുക്ക് *കിട്ട*ലും *കിടയ്ക്ക*ലും മറ്റും ആണ് ഉള്ളത്. കന്നഡ *കെഡെ*, നമുക്ക് *കിടക്കുക*. കന്ന ഡ *ഗിണ്ഡി*, തമിഴ്-മലയാളങ്ങളിൽ *കിണ്ടി*. കന്നഡത്തിൽ *കേണി*, നമുക്ക് *കേണി/കിണറ്*. മൂർധന്യവ്യഞ്ജനങ്ങൾ പിൻപുള്ളതിനാൽ ഈ പദങ്ങളിൽ ഒന്നും തമിഴ്-മലയാളങ്ങളിൽ താലവ്യാദേശമില്ല. എന്നാൽ മറ്റു സാഹചര്യ ങ്ങളിൽ ഇവ്വിധമല്ല. കന്നഡ *ഗെദലു*, മലയാളം *ചിതൽ*; കന്നഡ *കെല*, മല യാളം *ചില*. ഇതേ നിയമമനുസരിച്ചാണ് ദക്ഷിണദ്രാവിഡത്തിന്റെ പൂർവദശ യിൽ തമിഴിലും മലയാളത്തിലുമുള്ള *ചേരലം, ചേരം, ചേരൻ* ഇവ *കേരല, കേര, കേരൻ* എന്നിങ്ങനെയായിരുന്നു എന്നു പറയുന്നത്. തമിഴിനു മുൻപുള്ള ദശയിൽ ഉണ്ടായ ഈ മാറ്റത്തിനു മുമ്പുള്ള ശാസനത്തിൽ *കേരലപുത്ത* എന്ന രൂപത്തിൽ കാണുമാറാകുന്നത്. നമ്മുടെ ഭാഷയിൽ കേരളം എന്നത് പുനരാ ദാനമായിരിക്കണം. പഴയ ദശയുടെ തുടർച്ചയാകണം എന്നില്ല.

കവർഗത്തിന്റെ താലവ്യാദേശത്തിന് തെലുഗുവിൽ മൂർധന്യത്തിനു മുമ്പു സംഭവിക്കയില്ല എന്ന നിയന്ത്രണം ഇല്ല. അതാണ് നമ്മുടെ *കിളികൾ* (കന്നഡ *ഗിളിഗജ*) തെലുഗുവിൽ *ചിലുക്കലു* ആയി കാണുന്നത്.

കവർഗത്തിന്റെ ഈ താലവ്യാദേശം പ്രാകൃതത്തിലുമുണ്ടത്രേ. *കിരാത* പദം പ്രാകൃതത്തിൽ *ചിരാത* എന്നാകുന്നതായി വരരുചി നിർദ്ദേശിക്കുന്നു വെന്ന് ശങ്കുണ്ണിനായർ. ഇതു സാമാന്യപ്രവണതയാണോ എന്നു സംശയമാണ്.

മലയാളത്തിലെ *ഞണ്ടും ഞവിണി*യും *ഞായറും ഞാറും ഞരമ്പും* തമി ഴിൽ നകാരാദിയായി കാണുന്നതു കണ്ട് ഇക്കാര്യത്തിലും മലയാളത്തിലേത് താലവ്യാദേശമെന്ന മാറ്റമാണെന്ന് കേരളപാണിനി ഭ്രമിച്ചിട്ടുണ്ട്. എന്നാൽ ഇവ യുടെ കാര്യത്തിൽ പഴന്തമിഴിലും നാം *ഞ*കാരമാണ് കാണുന്നത്. ഇടത്തമിഴി ലാണ് അത് നകാരവുമായി ലയിച്ചത്. മലയാളത്തിലേത് മാറ്റമല്ല, പഴമയുടെ

തുടർച്ചയാണ്. താലവ്യാദേശം വരുന്ന സാഹചര്യം ഇവിടെ ഇല്ലതാനും. ഇക്കാര്യം 1937-ൽത്തന്നെ എൽ. വി. രാമസ്വാമിഅയ്യർ വിശദീകരിച്ചിട്ടുണ്ട് (Notes on Kerala Paniniyam).

അനേകാക്ഷരമായ പ്രകൃത്യന്തത്തിൽ തമിഴ് -*ഐ*ക്കു പകരം -*അ* എന്നും അവ്യയാന്തത്തിലും പ്രത്യയാന്തത്തിലും -*എ* എന്നും മാറുന്നതാണ് ഐകാരത്തിന്റെ കുറുക്കം, സ്വരസംവരണം എന്ന് കേരളപാണിനീയം വിശദീകരിക്കുന്നു. *വകൈ*, *നാളൈ*, *എന്നൈ* എന്നിവയുടെ സ്ഥാനത്ത് *വക*, *നാളെ*, *എന്നെ* എന്നു വരുന്നു. പദാന്ത്യത്തിലെ ഉകാരത്തിനുമുണ്ടത്രേ മറ്റൊരുതരം കുറുക്കം. *കാടു*, *ആറു* ഇവയുടെ *കാട്*, *ആറ്* എന്ന മാറ്റം. തമിഴിൽ ഈ സ്ഥാനത്ത് ഉച്ചാരണഭേദമില്ലായ്മകയല്ല, എന്നാൽ വ്യാകരണവിഷയത്തിലോ അർഥവിഷയത്തിലോ ഈ ഉച്ചാരണഭേദം പങ്കു വഹിക്കുന്നില്ല. മലയാളത്തിൽ *വന്നു* - *വന്ന്* എന്നു വ്യാകരണധർമ്മവ്യതിയാനം. *ഉണ്ടു* - *ഉണ്ട്* എന്ന് അർഥഭേദം.

രണ്ടുവിധത്തിലുമുള്ള സ്വരസംവരണങ്ങളിൽ എന്തുണ്ട് പ്രാകൃതപ്രഭാവം? സ്വരങ്ങളിലുള്ള അനിയതത്വം പ്രാകൃതസ്വഭാവമാണുപോൽ. അത് സമാന്തരതകൾ സൃഷ്ടിച്ചുവത്രേ. ഇക്കാര്യത്തിൽ പക്ഷേ ശങ്കുണ്ണിനായർക്കുതന്നെ ഉറപ്പില്ല.

കേരളപാണിനി പുരുഷഭേദനിരാസം എന്നു പറയുന്നത് ശരിക്കും പുരുഷഭേദനിരാസമല്ല, സാർവനാമികഭേദനിരാസമാണ്. ദ്രാവിഡത്തിൽ ആഖ്യാതത്തോടു പൊരുത്തം സർവനാമത്തിനാണ് പുരുഷനല്ല. സംസ്കൃതത്തിൽ തത്, സഃ, സാ *ഗച്ഛതി* എന്നതിന്റെ സ്ഥാനത്ത് തമിഴിൽ അതു *പോകിറതു*, അവൻ *പോകിറാൻ*, അവൾ *പോകിറാൾ* എന്നാണ്. മലയാളത്തിൽ എല്ലാറ്റിനും *പോകുന്നു* എന്നും. ഈ വസ്തുത പൊതുവേ സ്ഫുടമായി പ്രതിപാദിച്ചു വരാറില്ല എന്നുവരുകിലും സംസ്കൃത-പ്രാകൃതങ്ങളുമായി ദ്രാവിഡത്തിലെ ക്രിയാരൂപങ്ങൾ താരതമ്യം ചെയ്യുമ്പോൾ ശങ്കുണ്ണിനായർ ഇതു മിക്കവാറും മനസ്സിലാക്കുന്നുണ്ട്. സംസ്കൃത-പ്രാകൃതങ്ങളും ദ്രാവിഡവുമായിട്ടുള്ള ഈ വ്യത്യാസം കേരളപാണിനിക്കും അറിയാം. ഈ വ്യത്യാസം കാരണം "എല്ലാം ഒന്നോടെ പോട്ടേ" എന്നു കേരളബ്രാഹ്മണർ കരുതി എന്നൊരു വിചിത്ര നിഗമനമാണ് കേരളപാണിനിക്കുള്ളത്. ശങ്കുണ്ണിനായരും അവിടത്തന്നെ എത്തിനിൽക്കുന്നു.

കേരളപാണിനി ആവിഷ്കരിച്ചതും ശങ്കുണ്ണിനായർ പിന്തുടരുന്നതുമായ ഈ നിലപാടിലെ ബലക്കുറവ് പലതാണ്. പ്രത്യയങ്ങൾ പോകുകയല്ല മലയാളത്തിൽ ഉണ്ടായത്, ഭേദനിരാസമാണ് എന്നതാണ് വസ്തുത. *വരും* എന്ന തരം ക്രിയകൾ തമിഴിലും ഉണ്ട്. അത് നപുംസക-ഏകവചനത്തിന്റെ ഭാവി

കാലരൂപമാണ്. വികല്പേന ഇതുതന്നെ പ്രഥമപുരുഷനിലെ മറ്റ് ഏകവചനങ്ങൾക്കും ആകാം. *വരുവാൻ, വരുവാൾ* എന്ന സ്ഥാനത്ത് *അവൻ വരും, അവൾ വരും* എന്നുമാകാം. മലയാളത്തിൽ ഇത് ബഹുവചനങ്ങളിലേക്കും സദൃശകല്പനയാൽ വ്യാപിപ്പിച്ചു. '*അവ വരും*', '*അവർ വരും*' എന്നിങ്ങനെ. ക്രമേണ ഈ നപുംസക-ഏകവചനം, ഭാവിയിൽ എന്നപോലെ ഭൂതക്രിയയിലും അന്യലിംഗവചനങ്ങളിലേക്കു വ്യാപിച്ചു. *വന്നിതു* എന്നത് എല്ലാ ലിംഗ-വചന-പുരുഷന്മാർക്കും ആയി. *വന്നിതു, വന്നുതു, വന്നൂ* എന്നാകാം മാറ്റം. ലീലാതിലകകാലത്ത് നപുംസക-ഏകവചനത്തിൽ *വന്നൂ, വരും* എന്നതരം ക്രിയകൾ നടപ്പുണ്ടായിരുന്നു. ലിലാതിലകത്തിലെ ഉദാഹരണശ്ലോകങ്ങൾ നോക്കിയാൽ കാണാവുന്നത് പ്രഥമപുരുഷനിൽ എല്ലായിടത്തും ലിംഗ-വചനഭേദമില്ലാതെ *വന്നൂ, വരും* എന്നതരം ക്രിയകൾ ഉണ്ടായിരുന്നു എന്നാണ്. ക്രമേണ ഇത് *വരുവേൻ, വരുവായ്, വരുവോം, വരുവീർ* ഇവയുടെ സ്ഥാനത്തും കേറിപ്പറ്റി. അപ്പോൾ ക്രിയകളിൽ സാർവനാമിക ഭേദമില്ലാതായി. ഇതിൽ പ്രാകൃതസ്വാധീനം സംശയിക്കേണ്ടുന്ന ആവശ്യമേ ഇല്ല.

തമിഴിന്റെ *-കിന്റു/-കിറു* എന്ന വർത്തമാനകാലപ്രത്യയവും മലയാളത്തിലെ *-ഉന്നു* പ്രത്യയവും എങ്ങനെ ഉണ്ടായി, എങ്ങനെ ബന്ധപ്പെടുന്നു എന്നത് ദ്രാവിഡതാരതമ്യത്തിലെ ഒരു പ്രശ്നമാണ്. *-കിന്റു* ഒരുവഴിക്ക് അനുനാസികത്യാഗത്താൽ *-കിറു* ആയി എന്ന് വിചാരിക്കാൻ പ്രയാസമില്ല. ദന്ത്യാദേശം, അനുനാസികാതിപ്രസരം ഇവവഴി *-കിന്റു* മാറിവന്ന *-ഇന്റു, ഇന്നു* ആയെന്നും അതുതന്നെയാണ് *-ഉന്നു* ആയതെന്നും ഊഹിക്കുന്നതിലും അപാകമൊന്നുമില്ല. എന്നാൽ *-കിന്റു/-കിറു* എന്നതും *-ഉന്നു* എന്നതും രണ്ടു വ്യത്യസ്ത പ്രഭവങ്ങളിൽനിന്നു നിഷ്പാദിപ്പിക്കാനാണ് ശങ്കുണ്ണിനായർ ഉത്സാഹിക്കുന്നത്. *കൃ* ധാതു *-കിറു* ആയി, പിന്നെ അനുനാസിക സംസർഗത്താൽ *കിന്റു* ആയത്രേ. അതുപോലെ ഭൂ ധാതുവുമായി ബന്ധപ്പെട്ട പ്രാകൃതത്തിലെ *ഹുംതോ* ആണുപോൽ. *-ഉന്നു*വിന്റെ മുൻരൂപം. ഇതും ഇതുപോലുള്ള നിരുക്തികളും തീരെ സ്വീകാര്യമായി അനുഭവപ്പെടുന്നില്ല.

ശങ്കുണ്ണിനായരുടെ പുസ്തകത്തിലെ എട്ടാമധ്യായം ലീലാതിലകത്തിന്റെ ചരിത്രപരമായ പ്രാധാന്യം എന്തെന്ന് അന്വേഷിക്കുന്നു. ലീലാതിലകത്തിലെ പ്രസക്ത പ്രസ്താവങ്ങളിൽ ഓരോന്നും ഏതേതു തമിഴ്കൃതിയെയാണ് അല്ലെങ്കിൽ സംസ്കൃതകൃതിയെയാണ് ഓർമ്മിപ്പിക്കുന്നതെന്ന്, ആശ്രയിക്കുന്നത് എന്ന് അന്വേഷിക്കുന്നു. പ്രാകൃതലക്ഷണങ്ങളും അവയുടെ ഗണത്തിലുള്ള കർണാടകലക്ഷണവും ഉൾപ്പെട്ട ഒരു പാരമ്പര്യത്തിലാണ് ലീലാതിലകവും പെടുന്നത് എന്ന് സമർഥിക്കുന്നു. നാഗവർമ്മന്റെ കർണാടകഭാഷാഭൂഷണത്തിലും സൂത്രവൃത്തികൾ സംസ്കൃതത്തിലാണ്. ഉദാഹരണങ്ങൾമാത്രം ദേശ

ഭാഷയിൽ. പ്രാകൃതലക്ഷണങ്ങളെപ്പോലെ ലീലാതിലകവും ശാസ്ത്രപൂർത്തി ഉദ്ദേശിച്ചിട്ടില്ല. വിട്ടുപോയതെല്ലാം സംസ്കൃതകൃതികളിൽനിന്നു ഗ്രഹിച്ചുകൊള്ളുക എന്ന് ലീലാതിലകത്തിൽ വാച്യമായിത്തന്നെ പറയുന്നു, പ്രാകൃതവ്യാകരണങ്ങളിലെപ്പോലെ.

നാത്യന്തം സംസ്കൃതവും നാത്യന്തം ദേശഭാഷയുമായി കഥാവിസ്താരം നടത്തുന്ന പാഠകകാരന്റെ പാരമ്പര്യമാണ് മണിപ്രവാളത്തിനുള്ളതെങ്കിൽ പാട്ടിന് പാണന്റെ പാരമ്പര്യമാണ്. സൂത-വൈതാളിക-പാഠകപാരമ്പര്യം മേൽജാതിക്കാരോടും ഇതേധർമ്മം നിർവഹിക്കുന്ന വിറളി-കൂത്ത-പാണപാരമ്പര്യം കീഴ്ജാതിക്കാരോടും ചേർന്നുനിന്നു. രണ്ടും പ്രാകൃതനിഷ്ഠമാണ്, കേരളത്തിനു മാത്രമുള്ളതുമല്ല. കേരളത്തിൽ ഈ രണ്ടും ഒന്നായിച്ചേർന്നത് എഴുത്തച്ഛനിലാണെന്നും ശങ്കുണ്ണിനായർ നിരീക്ഷിക്കുന്നു.

നിരൂഢലക്ഷണയായിത്തീർന്ന മണിപ്രവാളസംജ്ഞയുടെ ചരിത്രമാണ് തുടർന്ന് അന്വേഷിക്കുന്നത്. ഈ പേർ തെക്കേ ഇന്ത്യയിൽ ഉൽഭവിച്ചു. ജൈനന്മാരുടെ സംസ്കൃത-പ്രാകൃത മിശ്രണരചനയ്ക്കാകാം ആദ്യമായി ഈ പേർ വീണത്. വീരസേനകവി മിശ്രണം ചെയ്തത് സംസ്കൃതവും ശൗരസേനിയുമായിരുന്നു. ജൈനതീർഥങ്കരന്മാരുടെ അപദാനകഥയായ ഷട്ഖണ്ഡാഗമത്തിന്റെ വ്യാഖ്യാനത്തിനാണ് മണിപ്രവാളമെന്ന പേർ ആദ്യം ഉപയോഗിച്ചത്. ഇതിന്റെ പേരാണ് ധവള. കാശ്യപ്രാഭൃതസൂത്രത്തിന് മറ്റൊരു വ്യാഖ്യാനവും ജയധവള എന്ന പേരിൽ രചിച്ചു. ജയധവളയിൽ പ്രശസ്തി ഇങ്ങനെയാണ്:

> "പ്രായഃ പ്രാകൃതഭാരത്യാ ക്വചിത് സംസ്കൃതമിശ്രയ
> മണിപ്രവാളന്യായേന പ്രോക്തോയം ഗ്രന്ഥവിസ്തരഃ"

മണിയും പ്രവാളവും ചേർന്നതുപോലുള്ള ഏർപ്പാടെന്നാണ് മണിപ്രവാളന്യായം എന്നതിനർഥം. അഭിനവഭാരതിയിൽ ഇത് ഭാഷാമിശ്രത്തിന്റെ സംജ്ഞയായിക്കഴിഞ്ഞു. സംസ്കൃതദേശഭാഷാമിശ്രത്തിന് ദക്ഷിണദേശത്ത് മണിപ്രവാളമെന്നും കാശ്മീരത്തിൽ ശാടകുലമെന്നും പറയുന്നതായി അഭിനവഭാരതിയിൽ കാണാം. രത്നവും സ്വർണവും ചേർന്നതെന്ന അർഥത്തിൽ *രത്നകല്യാണം* എന്ന് ആന്ധ്രദേശീയനായ വിശ്വേശ്വരൻ (14-ാം നൂറ്റാണ്ട്). ഇത്തരം ഭാഷാമിശ്രണം സംസ്കൃതത്തോടു തെലുഗുവും കന്നഡയും തമിഴും മറാഠിയും ചേർന്ന് ഉണ്ടായിരുന്നു. ചിലപ്പോൾ മുഴുവൻ കൃതിയും മണിപ്രവാളന്യായേന രചിക്കാതെ ഇടയ്ക്കിടെ വൈചിത്ര്യത്തിന്നായും ഭാഷാമിശ്രണം നടത്തിയിരുന്നു.

പവിഴമൊടുമണിമിടൈന്തതിന്റെ സൗന്ദര്യം പഴന്തമിഴ് കൃതിയായ അകനാനൂറിൽത്തന്നെ പരാമർശിച്ചു കാണാം. ഇതു പിൽക്കാലത്തെ ഭാഷാമിശ്ര

ത്തെപ്പറ്റിയാകണമെന്നില്ല. കേരളത്തിൽ പരിചിതമായ അർഥത്തിൽ മണിപ്രവാളത്തെ നിർവചിക്കുന്ന തമിഴ് ലക്ഷണകാരൻ വീരചോഴിയകാരനാണ്. (11-ാം നൂറ്റാണ്ട്) പക്ഷേ അവിടെ പ്രഹേളികാപ്രായമായ ചിത്രകാവ്യമായേ മണിപ്രവാളത്തെ എണ്ണുന്നുള്ളൂ. എന്നാൽ ചില മണിപ്രവാളകാവ്യങ്ങൾ തമിഴിലും ഉണ്ട്. കേരളത്തിൽ അതു വികൃതിയല്ലാതെ പ്രകൃതിതന്നെയായി. *മണി* 'മാണിക്യ'വും *പ്രവാളം* 'പവിഴ'വുമാണ് എന്നും വർണസാമ്യമാണ് ലക്ഷ്യമെന്നും ലീലാതിലകകാരന്റെ വ്യാഖ്യാനമാണ്. പ്രസിദ്ധമായി മുത്തും പവിഴവും എന്ന വ്യാഖ്യാനവും ഉണ്ട്.

തുടർന്നുവരുന്ന അധ്യായം മണിപ്രവാളനിർവചനത്തെക്കുറിച്ചാണ്. സ്ത്രീകളെ ശ്രോതാക്കളായി കല്പിക്കൽ, ശൃംഗാരപ്രാധാന്യം, യക്ഷ-കിന്നര-വിദ്യാധരാദികളുടെ ലോകത്ത് കഥ സംഭവിക്കുന്നതായി കല്പിക്കൽ, ചാടൂക്തിപ്രാധാന്യം, നഗര-ഗ്രാമ-ആവണ-ദേവാലയ-ഭോജനാലയ-മേളാദികളുടെ വർണന ഇവയുടെ കാര്യത്തിൽ കേരളീയ മണിപ്രവാളകൃതികൾ പ്രാകൃത കാവ്യങ്ങളെ അനുസ്മരിപ്പിക്കും. ഗദ്യപദ്യമയമായും വർണവൃത്ത-ദേശീതാളവൃത്തപരമായും പദ്യം മാറിമാറിവരും. പ്രാകൃതകാവ്യങ്ങളിൽ ഇവിടത്തെ മണിപ്രവാളകൃതികളും അവ്വിധംതന്നെ.

തുടർന്നുള്ള അധ്യായങ്ങൾ പാട്ടിന്റെ നിർവചനത്തെപ്പറ്റിയും പദവർഗീകരണത്തെപ്പറ്റിയുമാണ്. പ്രാകൃതഭാവമെന്നു സംശയിക്കാവുന്ന പദങ്ങളുടെ നിരുക്തചിന്തയാണ് അവസാനം. ഇവയിൽ വലതും അനുവാചകന്റെ ഉറക്കം കെടുത്തും. *അനുരാധ*യാണ് *അനിഴം* എന്ന് സാധാരണ ധരിച്ചുവരാറുണ്ട്. ഴയഘട്ടത്തിൽ രേഫം,ഴകാരമായി മാറും. *ബഹ്വൃച്ചികം > പവഴിയം*, *ബൃഹസ്പതി > വിയാഴം/വ്യാഴം* എന്നീ മാറ്റങ്ങൾ നോക്കുക. എന്നാൽ ഈ സരളമായ വഴിതേടാതെ *അനിഴ*ത്തിന് ശങ്കുണ്ണിനായർ *അനുശാഖം* എന്നൊരു മൂലം കല്പിക്കുന്നു. *നിരീക്ഷണം* വർണപരിണാമത്താൽ *നോക്കൽ* ആയത്രേ! ഇത്തരം പലതും.

നിരുക്തത്തിന്റെ കഥ പലപ്പോഴും ഇവ്വിധമാണെങ്കിലും ചില ഭൂതോദയങ്ങൾ അനുവാചകനെ വ്യാമുഗ്ധനാക്കുകയും ചെയ്യും. സംഘകാലകൃതികളിൽ 'ജയ' ചിഹ്നമായിരുന്നു വാകപ്പൂ. ഇതിന്റെ ശേഷിപ്പാകാം ഗുരുവായൂരിലെ വാകച്ചാർത്ത് എന്നതൊരു ഉദാഹരണം. അനന്തശായിക്ക് തുയിലുണർത്ത് 'ജയ' ശബ്ദത്താലാണെന്ന് ഉണ്ണുനീലിസന്ദേശത്തിൽ കാണാം. വാകയുടെ ഈ പഴയബന്ധം മറവിയിലാണ്ടപ്പോഴാകാം വാകച്ചാർത്തൽ വാകപ്പൊടി തേച്ചു കുളിപ്പിക്കലായത്. കുമാരസംഭവത്തിലെ പാർവതീവിവാഹവേളയിൽ സരസ്വതി പാടുന്നതായി പറയുന്നു. ഇത്തരം പാട്ടുകൾ കല്യാണത്തിനു പാടുന്നത് കാളിദാസൻ കേട്ടിരിക്കാം. അദ്ദേഹം വിദർഭക്കാരനുമായിരിക്കാം. ഈ

കല്യാണപ്പാട്ടിന്റെ ശേഷിപ്പാകാം കേരളീയ സവർണവിവാഹാവസരങ്ങളിലെ ബ്രാഹ്മണിപാട്ട് എന്ന് ശങ്കുണ്ണിനായർ ഊഹിക്കുന്നു.

കേരളത്തിന്റെ തനതെന്നു നാം കരുതുന്ന പലതും തമിഴ് പാരമ്പര്യത്തിലും പ്രാകൃതപാരമ്പര്യത്തിലും ഉള്ളതാകാമെന്നും തമിഴിന്റെ തനിമകളായെണ്ണുന്നത് അഖിലഭാരതീയമാകാം എന്നും ശങ്കുണ്ണിനായർ സൂചിപ്പിക്കുന്നു. പദനിരുക്തചിന്തയൊക്കെ എവ്വിധമായിരുന്നാലും ഇത്തരം ചില ആലോചനകൾ വിലപ്പെട്ടതാണെന്നു പറയാതെ വയ്യാ. വേദകാലം മുതൽ വേരുള്ള പഞ്ചജനസങ്കല്പത്തിലൂന്നിയ വെറും കാവ്യസങ്കേതമാണ് പലരും കൊണ്ടാടുന്ന ഐന്തിണകളുടെ വർഗീകരണപ്രകാരം എന്നു വന്നാൽ എന്തൊരു അട്ടിമറിയാണ്. മണിപ്രവാളം നമ്പൂരിസ്സംബന്ധത്തിന്റെ ഉപോൽപന്നമാണെന്ന മട്ടിൽ പാടിപ്പതിഞ്ഞ ശീലിന്റെ അസ്സൽ വാസ്തവത്തിൽ അമ്പേ മറ്റൊന്നാണ് എന്നു വന്നാലോ? ഇവ്വിധം ചിന്തനീയമായ അനവധി കാര്യങ്ങൾ ഈ കൃതിയിൽ ഉണ്ട്.

ദക്ഷിണേഷ്യയെ മുഴുവനേ ഇന്തോ-ആര്യൻ, ദ്രാവിഡം ഇവയുടെ സമ്മിളിതമായി മാത്രം കാണുന്നതാകാം ശങ്കുണ്ണിനായരുടെ വീക്ഷണത്തിന്റെ ഒരു ദൗർബല്യം. പറഞ്ഞുപറഞ്ഞു വരുമ്പോൾ സകലതും സംസ്കൃതപ്രാകൃതത്തിന്റെ പേരേടിൽ വരവുകൊള്ളിക്കാനുള്ള അത്യുത്സാഹമാണ് മറ്റൊന്ന്. ഇതൊക്കെയാണെങ്കിലും ഇന്തോ-ആര്യനും ദ്രാവിഡവും തമ്മിലുള്ള ലയത്തെക്കുറിച്ചു ചിന്തിക്കുന്നവർക്ക് തള്ളിനീക്കാനാവാത്ത പുസ്തകമാണ് ശങ്കുണ്ണിനായരുടേത്; വിമർശനബുദ്ധ്യാ സമീപിക്കണമെന്നുമാത്രം.

## ഗ്രന്ഥസൂചി:


കുഞ്ഞൻപിള്ള, പി. എം. ഇളംകുളം 1968 *ലീലാതിലകം സവ്യാഖ്യാനം (5-ാം പതിപ്പ്)*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ.

ജോസഫ്, പി. എം. (1984) 1995 *മലയാളത്തിലെ പരകീയപദങ്ങൾ*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാജരാജവർമ്മ, ഏ.ആർ. (1917) 1993 *കേരളപാണിനീയം*, കോട്ടയം: നാഷനൽ ബുക്സ്റ്റാൾ.

Burrow, T. 1968 *Collected Papers*, Annamalai University.

Deshpande, Madhav M. 1979 *Sociolinguistic Attitude in India*, Ann Arbor: Karoma Publiushers. Inc.

| | | |
|---|---|---|
| Emeneau, M. B. | 1967 | *Collected Papers*, Annamalai University |
| Godavarma, K. | 1946 | *Indo-Aryan Loan Words in Maloayalam.* Mavelikara: Rama Varma & Brotuas. |
| Ramaswamy Aiyar, L. V. | 1937 | "Notes on Kerala Paniniyam*",Maharaja's College Magazine*. Ernakulam. |
| Sankunni Nair, M.P. | 1995 | *Points of Contact Between Prakrit and Malayalam.* Thiruvananthapuram: International School of Dravidian Linguistics. |
| Sontuneortu, F.C. | 1975 | *Sociolinguistic Research in South Asia.* Honolulu: University of Hawaii Press. |
| Subramanyam, P. S. | 2008 | *Dravidian Comparative Grammar-1.* Mysore: Central Institute of Indian Languages. |

# കാലഭേദപ്രത്യയങ്ങളും പ്രയോഗങ്ങളും

പി. ടി. ഏബ്രഹാം

## ആമുഖം

ഭാഷണസംഗതി ഭവിക്കുന്ന വേളയും ഭാഷണവേളയും തമ്മിലുള്ള അന്വയം പ്രകാശിപ്പിക്കുന്ന വ്യാകരണ ഉപാധി എന്നു കാലത്തെ വിശേഷിപ്പിക്കാം. ഭാഷയിൽ കാണുന്ന കാലഭേദങ്ങൾ ഈ അന്വയം വ്യക്തമാക്കുന്നു. ക്രിയാപദങ്ങളോട് ചേർന്നുവരുന്ന കാലഭേദപ്രത്യയങ്ങൾ കാലഭേദങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

മലയാളത്തിൽ ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നീ ത്രികാലങ്ങളാണ് കാണുന്നത് എന്ന് കേരളപാണിനിയും (പു. 198) ജോർജ്ജു മാത്തനും (പു. 121) പ്രസ്താവിക്കുന്നു. ക്രിയാപദങ്ങളോടു ചേർന്നു വരുന്ന *ഉം, ഉന്നു* എന്നീ പ്രത്യയങ്ങൾ മുറയ്ക്ക് ഭാവി വർത്തമാനകാലങ്ങൾ പ്രകാശിപ്പിക്കുന്നു. ഭൂതകാലത്തെക്കുറിക്കാൻ പല പ്രത്യയങ്ങൾ പ്രയോഗിക്കുന്നു. അതുകൊണ്ട് ഏതേതു ഭൂതകാലപ്രത്യയങ്ങൾ ഏതേതു ക്രിയാപദങ്ങളോട് ചേർന്നുവരുന്നു എന്നു നിർണയിക്കുവാൻ ചില വിധികൾ ആവശ്യമായി വരുന്നു. കേരളപാണിനിയും മാത്തനും കല്പിക്കുന്ന വിധികൾ സന്ധിനിയമങ്ങളെ അവലംബമാക്കിയുള്ളവയാണ്. കാരിത-അകാരിത വർഗീകരണവും പ്രത്യയനിർണയത്തിന് ആവശ്യമാണ് എന്ന് കേരളപാണിനി സൂചിപ്പിക്കുന്നു. 'ഭൂതകാലരൂപങ്ങളും ബന്ധപ്പെട്ട പ്രശ്നങ്ങളും' എന്ന ലേഖനത്തിൽ വേണുഗോപാലപ്പണിക്കർ പദാന്തസ്വനിമങ്ങളെ അടിസ്ഥാനമാക്കി ഭൂതകാലപ്രത്യയനിർണയത്തിനുള്ള വിധി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹവും ചില സന്ധിനിയമങ്ങൾ ഉപയോഗിച്ചുകാണുന്നു. മറ്റൊന്ന്, കാലഭേദങ്ങളുടെ പ്രയോഗത്തിലുള്ള ചില വിശേഷതകൾ ആണ്. പേരെച്ചങ്ങൾ, സ്ഥിരീകരണവാക്യങ്ങൾ, സംയോഗക്രിയകൾ തുടങ്ങിയവ പ്രയോഗിക്കുമ്പോൾ ദ്വികാലഭേദമേ കാണാറുള്ളൂ എന്ന് ഏബ്രഹാം (പു. 97–8, 111–2, 125–6) അഭിപ്രായപ്പെടുന്നു. മേൽ സൂചിപ്പിച്ച വിശദീകരണങ്ങളെ മുൻനിർത്തി ഭൂതകാലപ്രത്യയനിർണയം, കാല

ഭേദങ്ങളുടെ പ്രയോഗങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള ഒരു പഠനമാണ് ഈ ലേഖനം എന്ന് ഏബ്രഹാം അഭിപ്രായപ്പെടുന്നു. ഭാഷയിൽ ഭൂതകാലം മാത്രമേ ശുദ്ധമായ കാലമുള്ളു എന്നാണ് കേരളപാണിനിയുടെ വിവക്ഷ (പു. 215).

## കാലഭേദപ്രത്യയങ്ങൾ

കാലം ക്രിയ നടക്കുന്ന സമയത്തെക്കുറിക്കുന്നു എന്നും കഴിഞ്ഞത് ഭൂതം, നടക്കുന്നത് വർത്തമാനം, വരാനുള്ളത് ഭാവി എന്നിങ്ങനെ കാലത്തെ മൂന്നായി വിഭജിക്കാം എന്നുമാണ് കേരളപാണിനിയുടെ (പു. 198) പക്ഷം. *ഇ, ഉന്നു, ഉം* എന്നു മൂന്നു പ്രത്യയങ്ങൾ മുറയ്ക്ക് ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവയെക്കുറിക്കുന്നു. അതു വിശദമാക്കാൻ താഴെ ഉദ്ധരിക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു.

| 1. ധാതു | ഭൂതം | വർത്തമാനം | ഭാവി |
|---|---|---|---|
| ഇളക് - ചലിക്കുക | ഇളകി | ഇളകുന്നു | ഇളകും |
| മിന്ന് - പ്രകാശിക്കുക | മിന്നി | മിന്നുന്നു | മിന്നും |
| ചിന്ത് - ചിതറുക | ചിന്തി | ചിന്തുന്നു | ചിന്തും |

*ഇ* പ്രത്യയത്തിനു പകരം *തു* പ്രത്യയവും ഭൂതകാലം കുറിക്കാൻ പ്രയോഗിക്കുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (പു. 198). തകാരം ഇരട്ടിച്ചും നകാരം ചേർന്നും താലവ്യാദേശം വന്നും വ്യഞ്ജനാന്തധാതുക്കളിൽ അതാതു വ്യഞ്ജനത്തോടു നേരെയോ സവർണ്ണനംകൊണ്ട് വിധം മാറിയോ ചേർന്നും തു പ്രത്യയത്തിനു പലമാതിരി വികാരം വരുന്നു. ഭൂതകാലപ്രത്യയങ്ങളുടെ രൂപഭേദങ്ങൾ വിശദമാക്കാൻ ആദേശസന്ധിനിയമങ്ങളും കാരിത- അകാരിത(1) വർഗീകരണവും അദ്ദേഹം ഉപയോഗപ്പെടുത്തുന്നു (പു. 199-200). ഉദാഹരണങ്ങൾ നോക്കുക.

2. തൊഴു - തൊഴുതു
   ഉൺ - ഉൺതു - ഉണ്ടു (സൂത്രം-20)
   തിന് - തിൻതു - തിന്നു (അതിപ്രസരം: സൂത്രം-24)
   തോൽ - തോല്തു - തോറ്റു (വിനാമം: സൂത്രം-21)
   കേൾ - കേൾതു - കേട്ടു (വിനാമം: സൂത്രം-21)

(കേ.പാ.: പു. 198)

*ത്തു, ന്തു* എന്നീ ഭൂതകാലപ്രത്യയങ്ങൾ ഉളവാകുന്ന പ്രക്രിയ വിവരിക്കാനാണ് അദ്ദേഹം കാരിത-അകാരിത വർഗീകരണത്തെ ആശ്രയിക്കുന്നത്. കാരിത ധാതുക്കളിൽ *തു* പ്രത്യയത്തിന്റെ *തകാരം* ഇരട്ടിച്ച് *ത്തു* എന്നാക്കണം; അകാ

രിതമാണെങ്കിൽ *ന*കാരം ചേർത്ത് *ന്തു* എന്നാക്കണം. ഓഷ്ഠ്യമായ അകാരത്തിൽ അവസാനിക്കുന്ന *ധാതു* കാരിതമായാലും കൂടെ *ത്തു* എന്നുതന്നെ പ്രത്യയം എന്നൊരു വിശേഷവും അതിൽ ഉൾപ്പെടുന്നു; *ധാതു* താലവ്യസ്വരത്തിൽ അവസാനിക്കുന്നെങ്കിൽ *ത്തു, ന്തു* എന്നു രണ്ടുവിധമായ *തു* പ്രത്യയത്തിനു തവർഗ്ഗോപമർദ്ദംകൊണ്ട് മുറയ്ക്ക് *ച്ചു, ഞ്ഞു* എന്ന രൂപങ്ങൾ വരുന്നു. ശുദ്ധമായ *തു* പ്രത്യയം *ഉ* കാരാന്തങ്ങളായ അകാരിതങ്ങളിൽ മാത്രമേ കാണുന്നുള്ളൂ; അകാരിതധാതുക്കൾക്കു പൊതുവേ വിധിച്ച *ന* കാരയോഗം *ഉ* കാരാന്തത്തിനു മാത്രമല്ല, *യ* കാരാന്തങ്ങളിലും വികാരം കൂടാതെ കാണും എന്നും കേരളപാണിനി വിശദീകരിക്കുന്നു. അദ്ദേഹം നല്കുന്ന ഉദാഹരണങ്ങൾ താഴെ ക്കൊടുക്കുന്നു.

3. (i) കൊടു - കൊടുത്തു
ഓർ - ഓർക്കു
കേൾ - കേൾത്തു - കേട്ടു (സവർണനം: സൂത്രം-20)
ഏല് - ഏത്തു - ഏറ്റു (വിനാമക്രിയ: സൂത്രം-21)

(ii) ചേര് - ചേർന്തു - ചേർന്നു
കരള് - കരള്ന്തു - കരണ്ടു
നട - നടന്തു - നടന്നു

(iii) അലി - അലിഞ്ചു - അലിഞ്ഞു
അടി - അടിച്ചു

(iv) തൊഴു - തൊഴുതു
പിഴു - പിഴുതു

ഏകമാത്രകം (ഒറ്റ ഹ്രസ്വസ്വരം മാത്രമുള്ള ധാതു) *ക* കാരത്തിലോ, *റ* കാരത്തിലോ, *ട* കാരത്തിലോ അവസാനിക്കുന്നതാകയാൽ അതിനും *തു* പ്രത്യയംതന്നെ വരുന്നു. ഉദാഹരണങ്ങൾ നോക്കുക.

4. പെറ് + തു - പെറ്റു അറ് + തു - അറ്റു
ഇട് + തു - ഇട്ടു വിട് + തു - വിട്ടു
പുക് - പുക്കു മിക് - മിക്കു

ഏകമാത്രമല്ലെങ്കിൽ *ഇ* പ്രത്യയം ചേർന്നുവരുന്നു. ഉദാഹരണങ്ങൾ നോക്കുക.

5. ഇളക് - ഇളകി മാറ് - മാറി
ഓട് - ഓടി തേട് - തേടി

രേഫളകാരന്തങ്ങളിൽ *തു* പ്രത്യയവും *ഇ* പ്രത്യയവും കാണുന്നു. *യ* കാരന്തവും ഇതിൽ പെടുന്നു (പു. 200). *ലകാരന്തങ്ങളിൽ* ഒരു ധാതുവിനു രണ്ടുവിധരൂപങ്ങൾ കാണുന്നു എന്ന വിശേഷതയും കേരളപാണിനി ചൂണ്ടിക്കാണിക്കുന്നു (പു. 201). താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു.

| | | |
|---|---|---|
| 6. | മാറ് - മാറി | ചെയ് - ചെയ്തു |
| | ചേര് - ചേർന്നു | വാര് - വാരി |
| | ഉരുള് - ഉരുണ്ടു | മൂള് - മൂളി |
| | വെല് - വെന്നു; വെല്ലി | ചൊല് - ചൊന്നു; ചൊല്ലി |

ഇവയ്ക്കു പുറമേ *ആ - ആയി*; *പോ - പോയി*; *ചാ - ചത്തു* തുടങ്ങിയ ഭൂതകാലരൂപങ്ങളെപ്പറ്റി അദ്ദേഹം എടുത്തു പറയുന്നുമുണ്ട് (പു. 201).

ജ്ഞാപകയവസ്ഥയ്ക്ക്(2) (നിർദ്ദേശകത്തിന്) മൂന്നു കാലങ്ങൾ ഉണ്ട് എന്ന് മാത്തൻ അഭിപ്രായപ്പെടുന്നു. വചനം ഒക്കുന്നത് കഴിഞ്ഞകാലത്തിൽ ആയിരുന്നു എന്നു ഭൂതകാലവും (പൂർവകാലവും) വചനം ഒക്കുന്നത് പറയുന്ന സമയമായ തല്ക്കാലത്തിൽ ആകുന്നു എന്നു വർത്തമാനകാലവും വരാനിരിക്കുന്ന കാലത്തിൽ വചനം ഒക്കുന്നു എന്നു ഭവിഷ്യ(ഭാവി)കാലവും കാണിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു (പു. 121).

7. (i) ഭൂതകാലം

   ഞാൻ എഴുതി. അവൻ വായിച്ചില്ല.

   (ii) വർത്തമാനകാലം

   ഞങ്ങൾ എഴുതുന്നു. നിങ്ങൾ വായിക്കുന്നില്ല.

   (iii) ഭവിഷ്യകാലം

   നീ എഴുതും. അവൻ വായിക്കയില്ല.

സ്വയഭാവഭൂതകാലം(3) *തു, ത്തു, ട്ടു, റ്റു, ച്ചു, ണ്ടു, ന്നു, ഞ്ഞു, ണു, ഇ* എന്നിവയിൽ ഒന്നിൽ അന്തമായിരിക്കും. അദ്ദേഹം കൊടുക്കുന്ന ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| | | | | |
|---|---|---|---|---|
| 8. | തൊഴു | - തൊഴുതു | കൊടു | - കൊടുത്തു |
| | ഇടു | - ഇട്ടു | താഴ് | - താഴ്ത്തു |
| | അറു | - അറ്റു | നട | - നടന്നു |
| | ഉരുളു | - ഉരുണ്ടു | പറി | - പറിച്ചു |

| | | | |
|---|---|---|---|
| പറ | - പറഞ്ഞു | താഴു | - താണു |
| ഓടു | - ഓടി | മയങ്ങു | - മയങ്ങി |

ഭൂതകാലത്തിന്റെ മൂലയന്തം *ഇ* ആകുന്നു എന്നും മറ്റുമാറ്റങ്ങൾ സന്ധിമുറയ്ക്കുള്ളതാകുന്നു എന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം (പു. 122).

സ്വയഭാവവർത്തമാനകാലം ഉണ്ടാക്കുന്നതു വാച്യനാമത്തിന്റെ(4) *ക* എന്നതു *ഉന്നു* എന്നു മാറ്റുന്നതിനാൽ ആകുന്നു എന്നും സ്വയഭാവഭവിഷ്യകാലം ഉണ്ടാകുന്നതു വർത്തമാനകാലത്തിന്റെ *ഉന്നു* എന്നതിനെ *ഉം* എന്നു മാറ്റുന്നതിനാൽ ആകുന്നു എന്നുമാണ് മാത്തന്റെ അഭിപ്രായം (പു.124-5). താഴെ കൊടുക്കുന്ന ഉദാഹരണങ്ങളാണ് അദ്ദേഹം നല്കുന്നത്.

9. (i) വർത്തമാനകാലം

| | | | |
|---|---|---|---|
| അറിക | - അറിയുന്നു | പറെക | - പറയുന്നു |
| നടക്കുക | - നടക്കുന്നു | ആടുക | - ആടുന്നു |
| വരിക | - വരുന്നു | തരിക | - തരുന്നു |
| നടക്കുന്നു | - നടക്കുന്നില്ല | വരുക | - വരുന്നില്ല |

(ii) ഭവിഷ്യകാലം

പറയുന്നു - പറയും　　　　അടിക്കുന്നു - അടിക്കും

ഒക്കും - ഒക്ക - ഒക്കാതു, ഒക്കുവില്ല

വർത്തമാനകാലത്തിന് *ഉന്നു* എന്നും ഭാവികാലത്തിന് *ഉം* എന്നും മാത്രമേ പ്രത്യയങ്ങൾ ഉള്ളൂ എന്നും ഭൂതകാലത്തിന് പ്രത്യയങ്ങളുടെ ബാഹുല്യംതന്നെ കാണുന്നു എന്നുമാണ് വേണുഗോപാലപ്പണിക്കരുടെ അഭിപ്രായം (പു. 48). സ്വനിമങ്ങളുടെ അടിസ്ഥാനത്തിൽ ഭൂതകാലപ്രത്യയനിർണയം നടത്തിയാൽ പ്രകൃതിവിഭജനം ആവശ്യമില്ല എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ക്രിയാവിഭജനം ഇല്ലാതെയുള്ള ഒരു ധാതുപാഠവും അദ്ദേഹം നല്കുന്നു. ചില ഭൂതകാലപ്രത്യയങ്ങളെ വിശദീകരിക്കാൻ അദ്ദേഹവും സന്ധിനിയമങ്ങളെ ആശ്രയിച്ചു കാണുന്നു (പു.52-4).

ധാതുക്കളെ അടിസ്ഥാനമാക്കിയാണ് കേരളപാണിനി ത്രികാലക്രിയാരൂപങ്ങൾ ഉളവാകുന്ന പ്രക്രിയ വിശദീകരിക്കുന്നതെന്നു കണ്ടുകഴിഞ്ഞല്ലോ. അതിൽനിന്നു വ്യത്യസ്തമായി, വർത്തമാനകാലം ഉളവാകുന്ന പ്രക്രിയ വാച്യനാമത്തെ (നടുവിനയെച്ചത്തെ) അടിസ്ഥാനമാക്കിയും ഭാവികാലം ഉളവാകുന്ന പ്രക്രിയ വർത്തമാനകാലക്രിയാരൂപത്തെ അടിസ്ഥാനമാക്കിയും ആണ് മാത്തൻ വിശദീകരിക്കുന്നത് എന്നു കാണാം. ഭൂതകാലക്രിയാരൂപങ്ങൾ ഉളവാകുന്ന പ്രക്രിയ വിവരിക്കുവാൻ അദ്ദേഹവും ധാതുവിനെത്തന്നെ അടിസ്ഥാനമായി

എടുക്കുന്നു. വേണുഗോപാലപ്പണിക്കരും ധാതുക്കളെ അടിസ്ഥാനമാക്കി ഭൂത കാലപ്രത്യയനിർണയം നടത്തുന്നു.

ഈ വൈയാകരണന്മാർ അടിസ്ഥാനമായി കല്പിക്കുന്ന ധാതുക്കൾക്ക് അനുരൂപം (consistency) കാണുന്നില്ല എന്നു കാണാവുന്നതാണ്. ഈ അനുരൂപരാഹിത്യം (inconsistency) ധാത്വന്ത (ക്രിയാപദാന്ത) സ്വനിമങ്ങളെ നിർണയിക്കുന്നതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. തന്മൂലം ഭൂതകാലപ്രത്യയനിർണയത്തിന് സന്ധിനിയമങ്ങളെ ഉപയോഗിക്കേണ്ടി വരുന്നു. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നു പരിശോധിക്കാം.

## ക്രിയാവാചികൾ

കാലപ്രകരണത്തിൽ *അട, അല* തുടങ്ങിയ രൂപങ്ങളെയാണ് കേരളപാണിനി ധാതുക്കളായി കല്പിക്കുന്നത് (പു.199). എന്നാൽ ഈ ധാതുക്കളോട് ഇടനിലകൾ ചേർന്നുവരുമ്പോൾ അർഥഭേദത്തോടുകൂടിയ പല ക്രിയാപദങ്ങൾ ഉളവാകുന്നു എന്നു കാണാം.

കാരിതധാതുക്കളിൽ ഏതു പ്രത്യയം ചേർക്കുകയാണെങ്കിലും അതു സ്വരാദിയായാൽ *ക്ക്* എന്ന ഇടനില ചേർത്ത് അംഗത്തെ പരിഷ്കരിക്കണം എന്നൊരു വിധി കേരളപാണിനി കല്പിക്കുന്നുണ്ട്. ഇതു കാലപ്രത്യയത്തിനു മാത്രമുള്ളതല്ല സാർവ്വത്രികമായ വിധിയാകുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (പു. 201). *അട* എന്ന ധാതുവിനോട് *ക്ക്* എന്ന ഇടനിലയ്ക്കു പുറമേ *ങ്ങ്, യ്, യ്ക്ക്* എന്നീ ഇടനിലകളും ചേർന്നുവരുന്നു. അപ്പോൾ മുറയ്ക്ക് *അടക്ക്, അടങ്ങ്, അടയ്, അടയ്ക്ക്* എന്നീ ക്രിയാരൂപങ്ങൾ ഉളവാകുന്നു. അതുപോലെ *അല* എന്ന ധാതുവിനോട് ക്ക്, യ്, യ്ക്ക് എന്നീ ഇടനിലകൾ ചേർന്ന് *അലക്ക്, അലയ്, അലയ്ക്ക്* എന്നീ ക്രിയാരൂപങ്ങളും ഉളവാകുന്നു. ഇതിൽനിന്നും ഇടനിലകൾ ധാതുവിന്റെ സ്വയാർഥത്തെ വിശേഷിപ്പിക്കുന്നു എന്നും അർഥഭേദത്തോടുകൂടിയ ക്രിയാരൂപങ്ങളെ ഉളവാക്കുന്നു എന്നും വ്യക്തമാണല്ലോ. എന്നാൽ ഈ ക്രിയാരൂപങ്ങളെത്തന്നെ അടിസ്ഥാനക്രിയാപദങ്ങളായി ഗണിക്കുകയാണെങ്കിൽ ഇടനില ധാതുവിന്റെ സ്വയാർഥത്തെ വിശേഷിപ്പിക്കുന്നു എന്നു കല്പിക്കേണ്ടതില്ല.

*അട, അല* എന്നീ ധാതുക്കളിൽനിന്ന് ഉളവാകുന്ന താഴെക്കൊടുത്തിട്ടുള്ള ക്രിയാപദങ്ങൾ ശ്രദ്ധിക്കുക.

| | | | | | |
|---|---|---|---|---|---|
| 10 (i) | അട | - അടക്കുക | (ii) | അല | - അലക്കുക |
| | | - അടങ്ങുക | | | - അലയുക |
| | | - അടയുക | | | - അലയ്ക്കുക |
| | | - അടയ്ക്കുക | | | |

ഉദാഹരണം 10-ൽ കൊടുത്തിട്ടുള്ള *അടക്കുക, അലക്കുക* തുടങ്ങിയ ക്രിയാപദങ്ങളെ നടുവിനയെച്ചം എന്ന ഗണമായിട്ടാണ് കേരളപാണിനി വിവക്ഷിക്കുന്നത് (പു. 261). ഇവ വാച്യനാമം ആണ് എന്നാണ് മാത്തന്റെ പക്ഷം (പു. 113). വചനത്തിന്റെ ധാതു വാച്യത്തിന്റെ തനതുഗുണത്തെമാത്രം കാണിക്കുന്നു എന്നും *ക, ക്കുക* എന്ന പ്രത്യയങ്ങൾ ധാതുവിനോടു ചേരുമ്പോൾ വചനത്തിന്റെ ശിഖരിപ്പായി വാച്യനാമം ഉണ്ടാകുന്നു എന്നുമാണ് അദ്ദേഹത്തിന്റെ യുക്തി. *ഉക* എന്നതിനെ *ആക* എന്നു മാറ്റുമ്പോൾ പ്രതിഭാവ (നിഷേധ) വാച്യനാമം ഉണ്ടാകുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു.

11 (i) അറി - അറിക    അടു - അടുക്കുക
നടു - നടുക
(ii) നടക്കുക - നടക്കായ്ക    ഉണ്ണുക - ഉണ്ണാഴ്ക

*നടക്ക, ഓടുക, പഠിക്ക* എന്നീ രൂപങ്ങളെ ക്രിയാവചനമായും അദ്ദേഹം വിവക്ഷിക്കുന്നുണ്ട് (പു.116)

മറ്റു വിനയെച്ചങ്ങളിൽനിന്ന് ഭിന്നമായി കാലം, പ്രകാരം, പുരുഷൻ തുടങ്ങിയ ഉപാധികളൊന്നും ഇല്ലാത്ത നിരുപാധിയായ കേവലക്രിയയാണ് നടുവിനയെച്ചം എന്നു കേരളപാണിനി ചൂണ്ടിക്കാണിക്കുന്നു. ആഖ്യാതമായിട്ടും ആഖ്യ(കർത്താവ്) ആയിട്ടും ഉപയോഗിക്കാം എന്ന വിശേഷതയും അതിനുണ്ട്. നടുവിനയെച്ചത്തിന്റെ ഈമാതിരി ഉപയോഗങ്ങൾ നോക്കുമ്പോൾ അതിനെ വിനയെച്ചത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതുതന്നെ ശരിയല്ല എന്നാണ് അദ്ദേഹത്തിന്റെ യുക്തി (പു. 262).

കേരളപാണിനി നടുവിനയെച്ചമായിട്ടും മാത്തൻ വാച്യനാമമായിട്ടും വിവക്ഷിക്കുന്ന ഈ ക്രിയാരൂപം ധാതുവിന്റെ അർഥം (അതായത് തനതു ഗുണം മാത്രം) പ്രകാശിപ്പിക്കുന്ന നിരുപാധിയായ ക്രിയാരൂപമാണെന്നു വ്യക്തമാണ്. അതുകൊണ്ട് ഈ ക്രിയാരൂപങ്ങളെ ഒരു പ്രത്യേക ഇനമായി ഗണിച്ച് അവയ്ക്ക് ക്രിയാവാചികൾ എന്നു പേർ നല്കാവുന്നതാണ്. *ഉക* എന്നതിനെ ക്രിയാവാചി പ്രത്യയമായും കരുതാം. ക്രിയാർഥത്തെ വ്യക്തമായി പ്രകാശിപ്പിക്കുന്ന ഈ ക്രിയാവാചികളെയാണ് ക്രിയാസൂചകങ്ങളായി ഉപയോഗിക്കുന്നത്. മലയാള നിഘണ്ടുകാരന്മാർ ക്രിയാരൂപങ്ങളെക്കുറിക്കാൻ ക്രിയാവാചികളാണ് ഉപയോഗിച്ചുവരുന്നത്. മാത്രമല്ല, കേരളപാണിനീയത്തിൽത്തന്നെ ക്രിയകളെക്കുറിക്കാൻ ക്രിയാവാചികൾ ഉപയോഗിക്കുന്നു.

ക്രിയാവാചി പ്രത്യയമായ *ഉക* എല്ലാ ധാതുക്കളോടും ചേർന്നുവരുന്നു. എന്നാൽ *അ, ക* എന്നീ പ്രത്യയങ്ങൾ(5) ചേർന്ന് ഉളവാകുന്ന ചില ക്രിയാ

വാചികളും പ്രയോഗത്തിൽ കാണുന്നുണ്ട്. ഉദാഹരണങ്ങൾ നോക്കുക.

| | | | |
|---|---|---|---|
| 12. | പറക | കാണ | പോക |
| | പഠിക്ക | ആക | എടുക്ക |

ഈ ക്രിയാവാചികളെ (ഉദാ:12) *ഉക* പ്രത്യയം ചേർന്നു ചമയുന്ന ക്രിയാവാചികളുടെ സങ്കോചരൂപങ്ങളായി കരുതാവുന്നതാണ്. ഉദാഹരണങ്ങൾ നോക്കുക.

| | | |
|---|---|---|
| 13. | പറയുക > പറക | കാണുക > കാണ |
| | നടക്കുക > നടക്ക | ആകുക > ആക |
| | എടുക്കുക > എടുക്ക | പോകുക > പോക |

ഇവിടെ (ഉദാ:13) *പറയുക* എന്നതിലെ *യു* ലോപിച്ച് *പറക* എന്നും *നടക്കുക, എടുക്കുക, കാണുക* എന്നിവയിലെ *ഉക* ലോപിച്ച് *നടക്ക, എടുക്ക, കാണ* എന്നും *പോകുക, ആകുക* എന്നിവയിലെ *കു* ലോപിച്ച് *പോക, ആക* എന്നും സങ്കോചിച്ച ക്രിയാവാചികൾ ഉളവാകുന്നു.

ക്രിയാർഥത്തെക്കുറിക്കുന്ന ക്രിയാവാചികളെത്തന്നെ അടിസ്ഥാനമാക്കി ത്രികാല ക്രിയാരൂപങ്ങൾ ഉളവാകുന്ന പ്രക്രിയ വിശദീകരിക്കാവുന്നതാണ്. ഭാഷാനിഘണ്ടുക്കളിൽ ഇതേ ക്രിയാപദങ്ങൾത്തന്നെ ലഭ്യമായതുകൊണ്ട് ഭാഷാഭ്യസനത്തിന് അത് സഹായകവും ആയിരിക്കും.

ഭൂതകാലപ്രത്യയനിർണ്ണയത്തിന് കാരിത-അകാരിതഭേദം ഒരുപാധിയായി കേരളപാണിനി സ്വീകരിക്കുന്ന കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ (പു. 199). എന്നാൽ താഴെക്കൊടുക്കുന്ന ക്രിയാപദങ്ങളോട് (ഉദാ: 14) കാരിത-അകാരിതഭേദമില്ലാതെ ഒരേ ഭൂതകാലപ്രത്യയംതന്നെ ചേർന്നുവരുന്നു എന്നു കാണാം. ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

14. അയയ്ക്കുക - അയച്ചു
    പൊടിക്കുക - പൊടിച്ചു
    അലയ്ക്കുക - അലച്ചു
    പൊലിക്കുക - പൊലിച്ചു

ഇവിടെ (ഉദാ: 14) *അയയ്ക്കുക, പൊടിക്കുക* എന്നിവ കാരിതങ്ങളും അലയ്ക്കുക, പൊലിക്കുക എന്നിവ അകാരിതങ്ങളും ആണല്ലോ. എന്നാൽ കാരിത-അകാരിത ഭേദമില്ലാതെ *ച്ചു* എന്ന ഭൂതകാലപ്രത്യയംതന്നെ അവയോടു ചേർന്നു ഭൂതകാലക്രിയാരൂപങ്ങൾ ഉളവാകുന്നു.

ദ്വയാർത്ഥം കുറിക്കുന്ന ക്രിയാപദങ്ങളോടും കാരിത-അകാരിത ഭേദ

മില്ലാതെ ഒരേ ഭൂതകാലപ്രത്യയമോ വിഭിന്ന ഭൂതകാലപ്രത്യയങ്ങളോ ചേർന്നുവരുന്ന പ്രയോഗങ്ങളും ഭാഷയിൽ കാണാം. ഉദാഹരണങ്ങൾ നോക്കുക.

15. (i) (വാഴ) കുലയ്ക്കുക - (വാഴ) കുലച്ചു
 (ii) (വില്ല്) കുലയ്ക്കുക - (വില്ല്) കുലച്ചു

16. (i) (പുസ്തകങ്ങൾ) അടുക്കുക - (പുസ്തകങ്ങൾ) അടുക്കി
 (ii) (വള്ളം കരയ്ക്ക്) അടുക്കുക - (വള്ളം കരയ്ക്ക്) അടുത്തു

17. (i) (പട്ടി) കക്കുക - (പട്ടി) കക്കി
 (ii) (പൂച്ച മീൻ) കക്കുക - (പൂച്ച മീൻ) കട്ടു

ഇവിടെ *കുലയ്ക്കുക* എന്ന ക്രിയാപദം അകാരിതമായി (ഉദാ: 15-i) പ്രയോഗിക്കുമ്പോഴും കാരിതമായി (ഉദാ:15-ii) പ്രയോഗിക്കുമ്പോഴും *ച്ചു* എന്ന ഭൂതകാലപ്രത്യയംതന്നെ ഉപയോഗിക്കുന്നു. മറ്റൊന്ന് *അടുക്കുക* (ഉദാ:16-ii) എന്ന അകാരിത ക്രിയാപദത്തോടും *കക്കുക* (ഉദാ: 17 -ii) എന്ന കാരിതക്രിയാപദത്തോടും *തു* തന്നെ ഭൂതകാലപ്രത്യയമായി ചേർന്ന് ഭൂതകാലക്രിയാരൂപങ്ങൾ ഉളവാകുന്നു. ഇതിൽനിന്നും കാരിത - അകാരിതഭേദം ഭൂതകാലപ്രത്യയനിർണ്ണയത്തിനുള്ള ഒരുപാധിയാണ് എന്ന വിവക്ഷ അത്ര പ്രസക്തമല്ല എന്നു വരുന്നു.

## ഭൂതകാലപ്രത്യയനിർണയം

ഭൂതകാലപ്രത്യയനിർണയത്തിന് വൈയാകരണന്മാർ അടിസ്ഥാനമായി കല്പിക്കുന്ന ക്രിയാപദങ്ങൾക്ക് അനുരൂപം കാണുന്നില്ല എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ക്രിയാവാചികളിലെ *ഉക* പ്രത്യയത്തെ നീക്കുമ്പോൾ അനുരൂപമുള്ള ക്രിയാപദങ്ങൾ ഉളവാകുന്നു. ഈ ക്രിയാപദങ്ങളിലെ പദാന്തസ്വനിമത്തിന്റെ പ്രകൃതിയുടെ അടിസ്ഥാനത്തിൽ ഭൂതകാലപ്രത്യയനിർണയം നടത്താവുന്നതാണ്. കേരളപാണിനി (പു. 198) അടിസ്ഥാനപ്രത്യയമായും മാത്തൻ (പു.122) മൂലയന്തമായും ഗണിക്കുന്ന *ഇ* പ്രത്യയംതന്നെയാണ് ഏറിയപങ്ക് ക്രിയാപദങ്ങളോടും ചേർന്നു വരുന്ന ഭൂതകാലപ്രത്യയം. മറ്റു ഭൂതാകാലപ്രത്യയങ്ങളായ *ച്ചു, ഞ്ഞു, ട്ടു, ണ്ടു, ണ്ണു, തു, ത്തു, ന്നു, റ്റു* എന്നിവയിൽ *ഉ* എന്ന സ്വനിമം പ്രത്യയാന്തമായി വരുന്നു എന്ന ഒരു വിശേഷതയും ഉണ്ട്.

## ഇ പ്രത്യയം

ക്രിയാപദങ്ങളിലെ പദാന്തസ്വനിമം കൂട്ടക്ഷരങ്ങളായ *ക്ക*(6), *ങ്ങ, ച്ച, ഞ്ച, ഞ്ഞ, ട്ട, ണ്ട, ണ്ണ, ത്ത, ന്ത, ന്ന, പ്പ, മ്പ, മ്മ, ള്ള, ല്ല(7), റ്റ* എന്നിവയിൽ

ഏതെങ്കിലും ഒന്നാണെങ്കിൽ അതിനോട് *ഇ* പ്രത്യയം ചേർന്ന് ഭൂതകാലക്രിയ ഉളവാകുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

18. നോക്ക് - നോക്കി | മുത്ത് - മുത്തി
മയങ്ങ് - മയങ്ങി | നീന്ത് - നീന്തി
കോച്ച് - കോച്ചി | തോന്ന് - തോന്നി
കൊഞ്ച് - കൊഞ്ചി | തുപ്പ് - തുപ്പി
വിളമ്പ് - വിളമ്പി | പൊട്ട് - പൊട്ടി
തുമ്മ് -തുമ്മി | ചൂണ്ട് - ചൂണ്ടി
മിന്ന് - മിന്നി | എണ്ണ് - എണ്ണി
ചൊല്ല് - ചൊല്ലി | തെറ്റ് - തെറ്റി

ക്രിയാപദാന്തസ്വനിമമായി ഖരങ്ങളായ *ക്, ട്, ത്*, എന്നിവയോ അനുനാസിക മായ *ന* എന്നതോ മധ്യമങ്ങളായ *ര്, ള്, റ്* (mono syllabic ക്രിയകളിൽ) എന്നി വയോ ഊഷ്മാക്കളായ *ശ്, സ്* എന്നിവയോ വരുകയും ദീർഘസ്വരസ്വനിമ ങ്ങൾ അവയുടെ പദാദിയിൽ വരുകയും ചെയ്യുമ്പോൾ *ഇ* പ്രത്യയംതന്നെ ചേർന്ന് ഭൂതകാലക്രിയകൾ ഉളവാകുന്നു. ഉദാഹരണങ്ങൾ നോക്കുക.

19. ഏക് - ഏകി | മൂള് - മൂളി
തൂക് - തൂകി | പാള് - പാളി
എഴുത് - എഴുതി | മാറ് - മാറി
കരുത് - കരുതി | കുതറ് - കുതറി
നേട് - നേടി | ഉരസ് - ഉരസി
പാട് - പാടി | വീശ് - വീശി
കൂന് - കൂനി | പേറ് - പേറി
കോര് - കോരി
വാര്(8) - വാരി

## *ട്ടു, ണ്ടു, റ്റു* പ്രത്യയങ്ങൾ

ക്രിയാപദാന്തമായി ഖരമായ *ട്*, മധ്യമങ്ങളായ *ള്, റ്* (mono syllabic ക്രിയാപദങ്ങളിൽ) എന്നിവയിൽ ഏതെങ്കിലും ഒന്നുവരുകയും അവയുടെ പദാദിയിൽ ഹ്രസ്വസ്വര സ്വനിമങ്ങൾ വരുകയും ചെയ്യുമ്പോൾ മുറയ്ക്ക് *ട്ടു, ണ്ടു, റ്റു* എന്നീ പ്രത്യയങ്ങൾ ആദേശമായി (*ട്, ള്, റ്* എന്നിവയുടെ സ്ഥാനത്ത് *ട്ടു, ണ്ടു, റ്റു* എന്നിങ്ങനെ) ചേർന്ന് ഭൂതകാലക്രിയകൾ ഉളവാകുന്നു. ഉദാഹ രണങ്ങൾ കാണുക.

20. തൊട് - തൊട്ടു ഉരുള് - ഉരുണ്ടു
വിട് - വിട്ടു പുരള് - പുരണ്ടു
പെറ് - പെറ്റു
അറ് - അറ്റു

*ല* കാരത്തോടു *ക്ക* ചേർന്നു ഉളവാകുന്ന *ല്ക്ക* എന്ന കൂട്ടക്ഷരം പദാന്തമായി വരുന്ന ക്രിയാപദങ്ങളോടു *റ്റു* എന്ന ഭൂതകാലപ്രത്യയംതന്നെ ആദേശമായി (ല്ക്കയുടെ സ്ഥാനത്ത് *റ്റു)* ചേർന്നു വരുന്നു(9). ഉദാഹരണം ശ്രദ്ധിക്കുക.

21. തോൽക്കു - തോറ്റു ഏൽക്കു - ഏറ്റു
നോൽക്കു - നോറ്റു വിൽക്കു - വിറ്റു

*ണ* കാരം ക്രിയാപദാന്തമായി വരുമ്പോഴും *ണ്ടു* എന്ന ഭൂതകാല പ്രത്യയംതന്നെ പ്രയോഗിക്കുന്നു.

22. കാണ് - കണ്ടു

*ള്ള* പദാന്തമായി വരുന്ന ക്രിയാപദങ്ങളോട് *ഇ* പ്രത്യയമാണ് പൊതുവേ ചേർന്നുവരുന്നതെങ്കിലും *വിള്ള്, കൊള്ള്* എന്നീ ക്രിയാപദങ്ങളുടെ ഭൂത കാലക്രിയകൾ *വിണ്ടു, കൊണ്ടു* എന്നിവയാണ് എന്നു കാണുന്നു.

## ച്ചു പ്രത്യയം

*യ*കാരത്തോട് *ക്ക* ചേർന്ന് ഉളവാകുന്ന *യ്ക്ക* പദാന്തമായി വരുന്ന ക്രിയാപദങ്ങളോട് *ച്ചു* - പ്രത്യയം ആദേശമായി (*യ്ക്ക*യുടെ സ്ഥാനത്ത് *ച്ചു*) ചേർന്ന് ഭൂതകാലക്രിയകൾ ഉളവാകുന്നു.

23. തൊഴിയ്ക്ക് - തൊഴിച്ചു അയയ്ക്ക് - അയച്ചു
കുഴയ്ക്ക് - കുഴച്ചു ചാലിയ്ക്ക് - ചാലിച്ചു
പിടിയ്ക്ക് - പിടിച്ചു പാലിയ്ക്ക് - പാലിച്ചു

## ഞ്ഞു പ്രത്യയം

*യ*കാരം പദാന്തമായി വരുന്ന ക്രിയാപദങ്ങളോട് *ഞ്ഞു* എന്ന പ്രത്യയ മാണ് ആദേശമായി (*യ*കാരത്തിന്റെ സ്ഥാനത്ത് *ഞ്ഞു*) ചേർന്നു വരുന്നത് എന്നു കാണാം. ഉദാഹരണങ്ങൾ നോക്കുക.

24. പറയ് - പറഞ്ഞു പൊഴിയ് - പൊഴിഞ്ഞു
മായ് - മാഞ്ഞു എറിയ് - എറിഞ്ഞു
തെളിയ് - തെളിഞ്ഞു കരയ് - കരഞ്ഞു

## ണു, തു പ്രത്യയങ്ങൾ

മധ്യമമായ *ഴ്* പദാന്തമായും ദീർഘസ്വരസ്വനിമം പദാദിയിലും വരുന്ന ക്രിയാപദങ്ങളോട് *ണു* പ്രത്യയം ആദേശമായി ചേർന്നുവരുന്നു. ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

25. വീഴ് - വീണു വാഴ് - വാണു
താഴ് - താണു കേഴ് - കേണു

മധ്യമമായ *ഴ്* പദാന്തമായും ഹ്രസ്വസ്വരസ്വനിമം പദാദിയിലും വരുന്ന ക്രിയാപദങ്ങളോട് *തു* പ്രത്യയം ചേർന്നുവരുന്നു(10).

26. ഉഴ് - ഉഴുതു തൊഴ് - തൊഴുതു

ഇരട്ടിച്ച *യ*കാരം പദാന്തമായി വരുന്ന ക്രിയാപദങ്ങളോട് *തു*-പ്രത്യയം ആദേശമായി ചേർന്നു ഭൂതകാലക്രിയകൾ ഉളവാകുന്നു.

27. കൊയ്യ് - കൊയ്തു നെയ്യ് - നെയ്തു
ചെയ്യ് - ചെയ്തു പെയ്യ് - പെയ്തു

## ത്തു, ന്നു പ്രത്യയങ്ങൾ

താലവ്യപ്രകൃതിയോടുകൂടിയ ഇരട്ടിച്ച *ക*കാരം പദാന്തമായും *ഉ*കാരം അതിന്റെ (*ക്ക*യുടെ) മുൻസ്വനിമമായും വരുന്ന ക്രിയാപദങ്ങളോട് *ത്തു* പ്രത്യയം ആദേശമായി (ക്ക്-ന്റെ സ്ഥാനത്ത് *ത്തു*) ചേർന്നു ഭൂതകാലക്രിയകൾ ഉളവാകുന്നു.

28. അടുക്ക് - അടുത്തു പൂക്ക് - പൂത്തു
മടുക്ക് - മടുത്തു എടുക്ക് - എടുത്തു
കൊടുക്ക് - കൊടുത്തു തടുക്ക് - തടുത്തു

ഇരട്ടിച്ച താലവ്യ കകാരം (ക്ക) പദാന്തമായി വരുന്നതും ഉകാരം അതിന്റെ മുൻസ്വനിമം അല്ലാത്തവയും ആയ (മറ്റു) ക്രിയാപദങ്ങളോട് *ന്നു* - പ്രത്യയം ആദേശമായി ചേർന്നുവരുന്നു.

29. കറക്ക് - കറന്നു പരക്ക് - പരന്നു
നടക്ക് - നടന്നു മറക്ക് - മറന്നു
കടക്ക് - കടന്നു നിരക്ക് - നിരന്നു
ചുമക്ക് - ചുമന്നു

മധ്യമമായ രേഫം പദാന്തമായും ഹ്രസ്വസ്വരസ്വനിമം പദാദിയിലും വരുന്ന ക്രിയാപദങ്ങളോട് *ന്നു* - പ്രത്യയം ചേർന്ന് ഭൂതകാലക്രിയകൾ ഉളവാകുന്നു.

30. പകര് - പകർന്നു     നുകര് - നുകർന്നു
തകര് - തകർന്നു     ഉയര് - ഉയർന്നു
പിളര് - പിളർന്നു     തളര് - തളർന്നു

എന്നാൽ *ചേർ, കാർ, പോർ* എന്നിവയുടെ ഭൂതകാലരൂപങ്ങൾ മുറയ്ക്ക് *ചേർന്നു, കാർന്നു, പോന്നു* എന്നിവയാണെന്നു കാണുന്നു. *പിളർന്നു, തളർന്നു, മലർന്നു* എന്നിവ സങ്കോചിച്ച് *പിളന്നു, തളന്നു, മലന്നു* എന്നീ രൂപങ്ങളും ഉള വാകാറുണ്ട്. *വാ, താ* എന്നിങ്ങനെ ലുപ്തരൂപങ്ങളായി പ്രയോഗിക്കുന്ന *വര്, തര്* എന്നീ ക്രിയാപദങ്ങളോടും *ന്നു* പ്രത്യയമാണ് ആദേശമായി ചേർന്നുവരുന്നത്.

31. വര് - വന്നു     തര് - തന്നു

ലകാരാന്തക്രിയാപദങ്ങളോടും *ന്നു* - പ്രത്യയംതന്നെ ആദേശമായി ചേർന്നു വരുന്നു.

32. അകല് - അകന്നു     കമല് - കമന്നു
ഇയല് - ഇയന്നു

*ചെല്ല്, കൊല്ല്, ചൊല്ല്, വെല്ല്* എന്നിവയോടും *ന്നു* - പ്രത്യയം ആദേശമായി ചേരുന്നു.

33. ചെല്ല് - ചെന്നു     ചൊല്ല് - ചൊന്നു
കൊല്ല് - കൊന്നു     വെല്ല് - വെന്നു

*നോവുക, വേവുക(വേകുക)* എന്നീ ക്രിയാപദങ്ങളുടെ ഭൂതകാലക്രിയകൾ മുറയ്ക്ക് *നൊന്തു, വെന്തു* എന്നിവയാണ്.

## ദ്വയാർഥ ക്രിയകൾ

ഒരേ ക്രിയാപദംതന്നെ ഒന്നിൽ കൂടുതൽ വ്യാപാരത്തെ പ്രകാശിപ്പിക്കുന്ന പ്രയോഗങ്ങളും ഭാഷയിൽ കാണാം. ഇവയുടെ ഭൂതകാലപ്രത്യയ നിർണയം നടക്കുന്നത് അവ കുറിക്കുന്ന വ്യാപാരത്തിന്റെ അടിസ്ഥാനത്തിലാണ്. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളിൽനിന്ന് ഈ വസ്തുത വ്യക്തമാകുന്നു.

34. അടുക്ക് - (പുസ്തകങ്ങൾ) അടുക്കി
(തോണി കരയ്ക്ക്) അടുത്തു

| | | |
|---|---|---|
| കറക്ക് | - | (ചക്രം) കറക്കി<br>(പശുവിനെ) കറന്നു |
| കക്ക് | - | കക്കി (ഛർദ്ദിച്ചു)<br>കട്ടു (മോഷ്ടിച്ചു) |
| തൂക്ക് | - | (തോരണം) തൂക്കി<br>(കളം) തൂത്തു |

## നിഷേധരൂപങ്ങൾ

വിധിരൂപത്തിൽ *ഇല്ല* എന്നു അനുപ്രയോഗിച്ചാൽ അതു നിഷേധരൂപമാകുമെന്ന് കേരളപാണിനി പ്രസ്താവിക്കുന്നു. ഭൂതത്തിലും വർത്തമാനത്തിലും വിധിരൂപംതന്നെ പ്രാക്പ്രയോഗമായി ഉപയോഗിച്ച് *ഇല്ല* എന്നു അനുപ്രയോഗിക്കുമ്പോൾ നിഷേധരൂപങ്ങൾ ഉളവാകുന്നു (പു. 249). ഈ വിധം ഉളവാകുന്ന നിഷേധരൂപങ്ങളാണ് താഴെ കൊടുക്കുന്നത്.

### 35. ഭൂതകാല നിഷേധങ്ങൾ

വിളമ്പി + ഇല്ല → വിളമ്പിയില്ല
നടന്നു + ഇല്ല → നടന്നില്ല
ചെയ്തു + ഇല്ല → ചെയ്തില്ല
പഠിച്ചു + ഇല്ല → പഠിച്ചില്ല
എടുത്തു + ഇല്ല → എടുത്തില്ല

### 36. വർത്തമാനകാല നിഷേധരൂപങ്ങൾ

വിളമ്പുന്നു + ഇല്ല → വിളമ്പുന്നില്ല
നടക്കുന്നു + ഇല്ല → നടക്കുന്നില്ല
ചെയ്യുന്നു + ഇല്ല → ചെയ്യുന്നില്ല
പഠിക്കുന്നു + ഇല്ല → പഠിക്കുന്നില്ല
എടുക്കുന്നു + ഇല്ല → എടുക്കുന്നില്ല

എന്നാൽ ഭാവികാല നിഷേധരൂപങ്ങൾ ഉളവാകുന്ന വിധം ഭിന്നമാണെന്നു കാണാം. ഭാവിവിധിരൂപം പ്രാക്പ്രയോഗമായി ഉപയോഗിച്ച് നിഷേധരൂപം ഉളവാക്കാം എന്നും അതിനു പുറമേ നടുവിനയെച്ചരൂപമോ കേവലധാതുതന്നെയോ പ്രാക്പ്രയോഗമായി ഉപയോഗിച്ചാലും നിഷേധരൂപങ്ങൾ ഉളവാകുന്നു എന്നുമാണ് കേരളപാണിനിയുടെ അഭിപ്രായം (പു. 249). *ചെയ്യുവില്ല, ചെയ്കയില്ല, ചെയ്യില്ല* എന്നീ ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു.

ഭാവികാലപ്രതിഭാവ(നിഷേധ)ത്തിനു *ഉം* എന്നതു *ആ, ആതു* എന്നു മാറുകയും വകാരമായിട്ടു തിരിഞ്ഞതിന്റെശേഷം *ഇല്ല* എന്നതു കൂടുകയും ചെയ്യും എന്നാണ് മാത്തന്റെ പക്ഷം (ഉദാ: *ഒക്കും - ഒക്കാ, ഒക്കാതു -ഒക്കുവില്ല*) സ്വയഭാവവാച്യനാമത്തോടു *ഉം* എന്നതു *അത്തു* എന്നു മാറി ഉണ്ടാകുന്നതിനോടു *ഇല്ല* എന്നതു ചേർന്നാകുന്നു പ്രതിഭാവം (നിഷേധം) സാധാരണയായിട്ടു വരുന്നത് എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. (പു. 126). *വരികയില്ല - വരത്തില്ല, നടക്കുകയില്ല - നടക്കത്തില്ല* എന്നീ ഉദാഹരണങ്ങളും അദ്ദേഹം കൊടുക്കുന്നു. കൂടാതെ, *വരുകയില്ല* എന്നതും *വരത്തില്ല* എന്നതും തമ്മിൽ അർഥഭേദമുണ്ടെന്ന വിവക്ഷയും അദ്ദേഹം പ്രകടിപ്പിക്കുന്നു. *രാജാവു വരികയില്ല* എന്നു പറയുന്നതു തനിക്കു മനസ്സില്ലാഞ്ഞിട്ടു എങ്കിലും കഴിയാഞ്ഞിട്ടു എങ്കിലും വരാതിരിക്കുമെങ്കിൽ ആകുന്നു. *രാജാവു വരത്തില്ല* എന്നു തന്റെ പാങ്ങു കേട്ടുകൊണ്ടുവരാതിരിക്കുന്നതിനെ കുറിച്ചെ പറയാവൂ എന്നാണ് അദ്ദേഹത്തിന്റെ യുക്തി (പു. 126).

കേരളപാണിനിയുടെയും മാത്തന്റെയും പ്രസ്താവനകളിൽനിന്ന് മൂന്നു തരം ഭാവി നിഷേധരൂപങ്ങൾ പ്രയോഗത്തിൽ ഉണ്ട് എന്നു വ്യക്തമാണ്. ക്രിയാവാചിയോട് *ഇല്ല* ചേർന്ന് ഉളവാകുന്ന നിഷേധരൂപങ്ങളാണ് അവയിൽ ഒരിനം.

| | | |
|---|---|---|
| 37. | പഠിക്കുക + ഇല്ല | → പഠിക്കുകയില്ല |
| | പറയുക + ഇല്ല | → പറയുകയില്ല |
| | ചെയ്യുക + ഇല്ല | → ചെയ്യുകയില്ല |
| | ചാടുക + ഇല്ല | → ചാടുകയില്ല |
| | അയയ്ക്കുക + ഇല്ല | → അയയ്ക്കുകയില്ല |

സങ്കോചിച്ച ക്രിയാവാചികളോട് *ഇല്ല* ചേർന്നും ഭാവികാലനിഷേധരൂപങ്ങൾ ഉളവാകുന്നു എന്നു കാണാം. ഉദാഹരണങ്ങൾ നോക്കുക.

| | | | |
|---|---|---|---|
| 38. | പഠിക്കുക : | പഠിക്ക + ഇല്ല | → പഠിക്കയില്ല |
| | പറയുക : | പറക + ഇല്ല | → പറകയില്ല |
| | ചെയ്യുക : | ചെയ്ക + ഇല്ല | → ചെയ്കയില്ല |

ക്രിയാപദത്തോടുതന്നെ *ഇല്ല* ചേരുമ്പോഴും ഭാവികാലനിഷേധരൂപങ്ങൾ ഉളവാകുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 39. | പഠിക്ക് + ഇല്ല | → പഠിക്കില്ല |
| | പറയ് + ഇല്ല | → പറയില്ല |

ചെയ്യ് + ഇല്ല → ചെയ്യില്ല
ചാട് + ഇല്ല → ചാടില്ല
അയയ്ക്ക് + ഇല്ല → അയയ്ക്കില്ല

ക്രിയാപദത്തിനും *ഇല്ല* എന്നതിനും മധ്യേ *അത്ത്* ഇടനിലയായി വരുന്ന ഭാവികാലനിഷേധരൂപങ്ങളും പ്രയോഗത്തിൽ കാണാം. ഉദാഹരണങ്ങൾ നോക്കുക.

40. പഠിക്ക് + അത്ത് + ഇല്ല → പഠിക്കത്തില്ല
പറയ് + അത്ത് + ഇല്ല → പറയത്തില്ല
ചെയ്യ് + അത്ത് + ഇല്ല → ചെയ്യത്തില്ല
ചാട് + അത്ത് + ഇല്ല → ചാടത്തില്ല
അയയ്ക്ക് + അത്ത് + ഇല്ല → അയയ്ക്കത്തില്ല

ഭാവികാല നിഷേധക്രിയകളിൽ ഭാവികാലം കുറിക്കുന്ന പ്രത്യയത്തിന്റെ അഭാവം ശ്രദ്ധേയമാണ്. ഭാവികാലക്കുറിയുടെ ഈ അഭാവം മലയാളത്തിൽ ഭൂതകാലംമാത്രമേ 'ശുദ്ധമായ' കാലമുള്ളൂ എന്ന കേരളപാണിനിയുടെ പ്രസ്താവനയെ സാധൂകരിക്കുന്നു.

## ത്രികാലങ്ങളും പ്രയോഗങ്ങളും

കാലം ക്രിയ നടക്കുന്ന സമയത്തെക്കുറിക്കുന്നു എന്ന കേരളപാണിനിയുടെ വിവക്ഷ മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കഴിഞ്ഞതു ഭൂതം, നടക്കുന്നതു വർത്തമാനം, വരാനുള്ളതു ഭാവി എന്ന ലക്ഷണങ്ങളും അദ്ദേഹം നല്കുന്നുണ്ട് (പു.198). ഭാവിക്ക് ശീലം, ഉപദേശം, തത്ത്വകഥനം തുടങ്ങിയ അർഥങ്ങളും ഉണ്ട് (പു.208) എന്നും സർവകാലസംഗതികളെ പ്രകാശിപ്പിക്കുന്നതിന് ഭാവികാലം ശീലം (പതിവ്) മുതലായ അർഥത്തിൽ പ്രയോഗിക്കുന്നു എന്നും (പു. 203) കേരളപാണിനി അഭിപ്രായപ്പെടുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നു.

41. (i) ഇടവപ്പാതിക്കു മഴ പെയ്യും.
(ii) പാപം ചെയ്തുന്നവർ ദുഃഖിക്കും.

അനുസ്വാരത്തിന്റെ സ്ഥാനത്തെ സ്വരം *ഊ* എന്നു നീട്ടിയും അവധാരണമർഥമായ *ഏ* എന്ന നിപാതത്തിന്റെ യോഗത്താലും ഉപദേശം അർഥം വിവക്ഷിക്കുന്ന രൂപഭേദവും ഉണ്ട്. ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

42. (i) ധർമ്മപുത്രർ സത്യമേ പറയൂ.
(ii) ദുഷ്ടൻ പരനെ ദ്രോഹിക്കയേ ചെയ്യൂ.

*ഉം* രൂപത്തിലുള്ള പ്രയോഗത്തിന് (ഉദാ: 41) ശീലഭാവി എന്നും *ഊ* എന്നു നീട്ടിയുള്ള പ്രയോഗത്തിന് (ഉദാ: 41) അവധാരകഭാവി എന്നും കേരളപാണിനി പേർ നല്കുന്നു (പു. 203, 204).

ആര്യഭാഷകളെ അനുകരിച്ച് ഈയിടെ സർവകാലികത്തിനു വർത്തമാനകാലവും ഉപയോഗിക്കാറുണ്ട് എന്നും കേരളപാണിനി(പു. 203) ചൂണ്ടിക്കാണിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണം കാണുക.

43. പത്തുമണിക്ക് തപാൽ വരുന്നു.

ത്രികാലങ്ങളെപ്പറ്റി മാത്തൻ (പു.124-7) നൽകുന്ന വിശദീകരണംകൂടി പരിശോധിച്ചു നോക്കാം. പറയുന്ന സമയത്തു നടന്നു കഴിഞ്ഞ സംഗതികളെപ്പറ്റി പറയുമ്പോൾ ഭൂതകാലം പ്രയോഗിക്കുന്നു. ഉദാ: *ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു; ഇന്നൊരു വലിയ മഴ പെയ്തു*; തുടങ്ങിയവ. ചിലപ്പോൾ നിമിഷത കാണിക്കുന്നതിനും നിശ്ചയം കാണിക്കുന്നതിനും ഭവിഷ്യകാലത്തിന്റെ അർഥത്തിലും ഭൂതകാലം പ്രയോഗിക്കുന്നു. ഉദാ: *ഇതാ വന്നു* (നിമിഷത); *അവൻ ഒരു വാക്കു പറഞ്ഞാൽ മതി* (നിശ്ചയം); തുടങ്ങിയവ.

പറയുന്ന രാശിയിൽ സൂക്ഷ്മമായിട്ടു നടക്കുന്ന സംഗതികൾ; കാലഭേദംകൊണ്ട് മാറ്റം വരാതെ മുമ്പിലും ഇപ്പോഴും പിന്നെയും ഒരുപോലെ ഒക്കുന്ന സംഗതികൾ; പറയുന്ന ഈ രാശിയിൽ സംഭവിക്കുന്നില്ല എങ്കിലും ഈ രാശിയിൽ ഉൾപ്പെട്ടിരിക്കുന്ന കാലസംഖ്യയിൽ മുൻപെ നടന്നതും ഇനിയും നടക്കുന്നതുമായ കാര്യങ്ങൾ; ഈ നേരം വരെയും ഇടക്കിടെ ക്രമത്തിനു നടക്കുന്ന സംഗതികൾ എന്നിവയെപ്പറ്റി പറയുമ്പോൾ വർത്തമാനകാലം പ്രയോഗിക്കുന്നു എന്നാണ് മാത്തന്റെ അഭിപ്രായം. ഉദാ: *ഞാൻ ഉടുക്കുന്നു; അഞ്ചും നാലും ഒൻപത് ആകുന്നു;* ഭൂമി ആദിത്യനെ ചുറ്റുന്നു; *അവൻ ഒരു പുസ്തകം എഴുതി ഉണ്ടാക്കുന്നു; അവൻ ഞായറാഴ്ചതോറും പള്ളിയിൽ പോകുന്നു* തുടങ്ങിയവ. നിമിഷത കാണിക്കുന്നതിന് ഭാവികാലത്തിന്റെ അർഥത്തിലും വർത്തമാനകാലം പ്രയോഗിക്കുന്നു. ഉദാ: *ഓണം വരുന്നു (അതിനിനിയും മൂന്നു ദിവസമേയുള്ളൂ).*

പറയുന്ന സമയത്തിനു പിൻപു നടക്കാനിരിക്കുന്ന സംഗതികളെ സംബന്ധിച്ചു പറയുന്നതിനും; വരുംകാര്യങ്ങളെക്കുറിച്ചു വചനകർത്താവിന്റെ സന്ദേഹപക്ഷത്തെ മാത്രമോ അതോ മനോഭാവത്തെയോ കാണിക്കുന്നതിനും; ക്രിയാകർത്താവിന്റെ വശതയെയും ക്രിയയുടെ സംഭവ്യതയെയും കാണിക്കുന്നതിനും; ക്രിയാകർത്താവിന്റെ സ്വഭാവത്തെ കാണിക്കുന്നതിനും ഭാവികാലം പ്രയോഗിക്കുന്നു എന്നാണ് മാത്തൻ വിവക്ഷിക്കുന്നത്. ഉദാ: *നാളെ മഴ പെയ്യും; അതിന് അഞ്ചുരൂപ പണമായിരിക്കും; ഞാൻ അവന് ഒരു സമ്മാനം കൊടു*

*ക്കും; അവൻ നല്ലവണ്ണം സംസ്കൃതം സംസാരിക്കും; കർക്കടക മാസത്തിൽ ദിവസംതോറും മഴ പെയ്യും*; തുടങ്ങിയവ. *പോൾ* എന്നതിനോടു സംബന്ധിച്ചു ആധേയമായി വരുമ്പോൾ ആധാരത്തോടു കാലസംയോജ്യതയെ കാണിക്കുന്നതിനും ഭാവികാലം പ്രയോഗിക്കുന്നു. ഉദാ: *ചോറുണ്ണുമ്പോൾ അവനു വിയർക്കും.*

## കാലവിഭാഗങ്ങൾ

കേരളപാണിനിയുടെയും മാത്തന്റെയും വിശദീകരണങ്ങളെ മുൻനിർത്തി കാലവിഭാഗങ്ങളെ പരിശോധിച്ചു നോക്കാം. വർത്തമാനാഖ്യാതത്തിന്റെ ചരിത്രം ആരാഞ്ഞു നോക്കി ദ്രാവിഡങ്ങളിൽ ഭൂതം, ഭാവി എന്നു കാലം രണ്ടേ ഉള്ളൂ എന്നും അവ രണ്ടിനും മധ്യേ നില്ക്കുന്ന വർത്തമാനം വെറും കല്പനമാത്രമാണ് എന്നും കേരളപാണിനി പ്രസ്താവിക്കുന്നു (പു. 211-15). ക്ഷേത്രഗണിതത്തിലെ ബിന്ദുവിനെപ്പോലെ ബുദ്ധിഗ്രാഹ്യമായ ഒരു നിലമാത്രമേ വർത്തമാനകാലത്തിനുള്ളൂ; അത് ഭൂതഭാവി കാലങ്ങളെ വേർതിരിക്കുന്ന അതിരാണ് (പു. 215); വർത്തമാനകാലം സംസാരഭാഷയിൽ മാത്രം അപൂർവമായി പ്രയോഗിക്കുന്നു (പു. 215); എന്നിങ്ങനെയാണ് കേരളപാണിനി വർത്തമാനകാലത്തെ വിവക്ഷിക്കുന്നത്. വർത്തമാനകാലം എന്ന് ഒന്നുള്ളതല്ല എന്നും കാലത്തിൽ ഏതാനും കഴിഞ്ഞതും ശേഷമുള്ളവ വരാനിരിക്കുന്നതും ആകുന്നു എന്നും ഉള്ള അഭിപ്രായം മാത്തനും (പു.121) പ്രകടിപ്പിക്കുന്നുണ്ട്. അതായത്, ഭാഷാപ്രയോഗത്തിൽ ത്രികാലഭേദമല്ല, ദ്വികാലഭേദമാണ് പ്രകടമാകുന്നത് എന്ന വിവക്ഷയാണ് ഇരുവരുടേയും പ്രസ്താവനകളിലെ പൊരുൾ എന്നു വ്യക്തം.

പേരെച്ചപ്രയോഗങ്ങളിൽ ദ്വികാലഭേദമേ കുറിക്കുന്നുള്ളൂ എന്നു കാണാം. ഭൂതകാല മുറ്റുവിനയോട് *അ* പ്രത്യയം ചേർന്നു വരുമ്പോൾ ഭൂതകാല പേരെച്ചവും വർത്തമാനകാല മുറ്റുവിനയോട് *അ* പ്രത്യയം ചേർന്നു വരുമ്പോൾ ഭൂതേതരപേരെച്ചവും ഉളവാകുന്നു (ഏബ്രഹാം: 2012, പു. 97-8). സ്ഥിരീകരണ വാക്യങ്ങളിലും ഭൂത ഭൂതേതരഭേദമാണ് കാണുന്നത്. ഭൂതകാലമുറ്റുവിനയോട് *ഇട്* അനുപ്രയോഗിച്ച് *ഉണ്ട്* ചേർന്നുവരുമ്പോൾ ഭൂതകാലസ്ഥിരീകരണവും വർത്തമാനകാല മുറ്റുവിനയോട് *ഉണ്ട്* ചേർന്നുവരുമ്പോൾ ഭൂതേതര കാലസ്ഥിരീകരണവും സ്ഫുരിക്കുന്നു (ഏബ്രഹാം: പു.125 -6). മുൻവിനയെച്ചം ഭൂതകാലത്തിലുള്ള ക്രിയാവിശേഷണക്രിയയെയും പിൻവിനയെച്ചം ഭാവികാലത്തിലുള്ളതിനെയും കാണിക്കുന്നു എന്നു പ്രസ്താവിക്കുന്ന കേരളപാണിനി വർത്തമാനാർഥം കുറിക്കുന്ന ഒരു വിനയെച്ചം ഇല്ല എന്ന സൂചനയാണ് നല്കുന്നത് (പു. 211, 261). നടുവിനയെച്ചം ഭൂത-ഭാവി കാലങ്ങൾക്ക് നടുക്ക് വർത്തമാനത്തെക്കുറിക്കേണ്ടതാണ് ന്യായം. എന്നാൽ

കാലത്രയത്തിനു ഒന്നുപോലെ ചേരുന്നതാണ് നടുവിനയെച്ചം. മലയാളത്തിൽ വർത്തമാനാർഥമായ ഒരു വിനയെച്ചമില്ലെന്നു ഖണ്ഡിച്ചു പറവാൻ എനിക്കു സമ്മതം വരുന്നില്ല എന്ന നിലപാടാണ് അദ്ദേഹം പ്രകടിപ്പിക്കുന്നത് (പു. 211).

മുൻപറഞ്ഞ പ്രയോഗങ്ങൾ മലയാളത്തിൽ ദ്വികാലഭേദമാണ് സർവസാധാരണയായി കാണുന്നത് എന്ന കേരളപാണിനിയുടെ നിഗമനം ദൃഢീകരിക്കുന്നു. ഭാഷയിൽ ഭൂതകാലം മാത്രമേ ശുദ്ധമായ കാലമുള്ളൂ(പു. 215) എന്ന കേരളപാണിനിയുടെ പ്രസ്താവനയും ശ്രദ്ധ അർഹിക്കുന്നു. വർത്തമാനകാലം വെറും കല്പനമാത്രമാണ് എന്ന അദ്ദേഹത്തിന്റെ അഭിപ്രായംകൂടി പരിഗണിക്കുമ്പോൾ ഭാഷയിലെ ദ്വികാലഭേദത്തെ ഭൂത-ഭൂതേതര കാലഭേദം എന്നു വിവക്ഷിക്കാം. ശുദ്ധമായ ഭൂതകാലത്തെ അടിസ്ഥാനമാക്കിയുള്ള ഭൂത-ഭൂതേതര കാല വേർതിരിവിനു ക്ഷേത്രഗണിതത്തിലെ ബിന്ദുവിനെപ്പോലെയുള്ള ഭാഷണവേളയെ അതിരായി കല്പിക്കാവുന്നതാണ്. അതായത്, ഭാഷണവേളയ്ക്കു മുൻപു ഭവിച്ച സംഗതികളെക്കുറിക്കാൻ ഭൂതകാലവും, ഭാഷണവേളയിലോ അതിനു പിൻപോ ഭവിക്കുന്ന സംഗതികളെക്കുറിക്കാൻ ഭൂതേതരകാലവും പ്രയോഗിക്കുന്നു എന്നു പൊരുൾ. ഭൂതകാലാർഥങ്ങളായി മാത്തൻ കരുതുന്ന നിമിഷത, നിശ്ചയം (പു.124) എന്നിവയെ ഭാഷണസന്ദർഭത്തിൽനിന്നു സ്ഫുരിക്കുന്ന വിശേഷാർഥമായി കരുതാവുന്നതാണ്.

## ഭൂത-ഭൂതേതര കാലഭേദങ്ങൾ

ഭൂത-ഭൂതേതര കാലഭേദം സ്ഫുരിക്കുന്ന പ്രയോഗങ്ങൾ പരിശോധിച്ചു നോക്കാം. താഴെക്കൊടുക്കുന്ന പേരെച്ച പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

44. (i) കഴിഞ്ഞ വർഷത്തെ വള്ളംകളിയിൽ പങ്കെടുത്ത തുഴക്കാർ
    (ii) കഴിഞ്ഞ വർഷത്തെ വള്ളംകളിയിൽ പങ്കെടുക്കാഞ്ഞ തുഴക്കാർ

45. (i) ഇപ്പോൾ നടക്കുന്ന വള്ളംകളിയിൽ പങ്കെടുക്കുന്ന തുഴക്കാർ
    (ii) ഇപ്പോൾ നടക്കുന്ന വള്ളംകളിയിൽ പങ്കെടുക്കാത്ത തുഴക്കാർ
    (iii) അടുത്ത വർഷത്തെ വള്ളംകളിയിൽ പങ്കെടുക്കുന്ന തുഴക്കാർ
    (iv) അടുത്ത വർഷത്തെ വള്ളംകളിയിൽ പങ്കെടുക്കാത്ത തുഴക്കാർ

ഇവിടെ *പങ്കെടുത്ത* (ഉദാ: 44-i) *പങ്കെടുക്കാഞ്ഞ* (ഉദാ: 44-ii) എന്നീ പേരെച്ചങ്ങൾ അവ കുറിക്കുന്ന വ്യാപാരം ഭാഷണവേളക്കു മുൻപേ നടന്നു എന്നു സ്ഫുരിക്കുന്ന 'ശുദ്ധമായ' ഭൂതകാലത്തെക്കുറിക്കുന്നു. അതേസമയം, *പങ്കെടുക്കുന്ന* (ഉദാ: 45- i, iii) എന്ന പേരെച്ചവും അതിന്റെ നിഷേധരൂപമായ *പങ്കെടുക്കാത്ത* (ഉദാ: 45- ii, iv)എന്ന പേരെച്ചവും വർത്തമാന-ഭാവി കാലഭേദമില്ലാതെ അവ കുറിക്കുന്ന വ്യാപാരം ഭാഷണവേളയിലോ അതിനു

പിൻപോ നടക്കുന്നതേ ഉള്ളൂ എന്ന ഭൂതേതരകാലാർഥം പ്രകാശിപ്പിക്കുന്നു. ശുദ്ധമായ ഭാവി പേരെച്ച രൂപങ്ങൾ പ്രയോഗത്തിൽ കാണുന്നില്ല എന്ന് ഏബ്രഹാം (പു. 96-99) ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ഇതിൽനിന്നും പേരെച്ച ങ്ങളിൽ ഭൂത-ഭൂതേതരഭേദമേ കുറിക്കുന്നുള്ളൂ എന്നു വ്യക്തമാകുന്നു.

സ്ഥിരീകരണവാക്യങ്ങളിലും ഭൂത-ഭൂതേതരകാലഭേദമേ പ്രകാശിക്കു ന്നുള്ളൂ എന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. താഴെക്കൊടുക്കുന്ന ഉദാഹരണ ങ്ങൾ ശ്രദ്ധിക്കുക.

46. (i) ആ കുട്ടികൾ മലയാളവ്യാകരണം പഠിച്ചിട്ടുണ്ട്.
    (ii) ആ കുട്ടികൾ മലയാളവ്യാകരണം പഠിച്ചിട്ടില്ല.

47. (i) ആ കുട്ടികൾ മോഹിനിയാട്ടം പഠിക്കുന്നുണ്ട്.
    (ii) ആ കുട്ടികൾ മോഹിനിയാട്ടം പഠിക്കുന്നില്ല.

ഇവിടെ *പഠിച്ചിട്ടുണ്ട്* (ഉദാ: 46- i) *പഠിച്ചിട്ടില്ല* (ഉദാ: 46-ii) എന്നീ ആഖ്യാതക്രിയ കൾ പ്രാക്പ്രയോഗക്രിയ കുറിക്കുന്ന വ്യാപാരം ഭാഷണവേളക്കു മുൻപു നടന്ന സംഗതിയാണ് എന്നു സ്ഥിരീകരിക്കുന്നു. അതേവിധം *പഠിക്കുന്നുണ്ട്* (ഉദാ: 47- i) *പഠിക്കുന്നില്ല* (ഉദാ: 47-ii) എന്നീ ആഖ്യാതക്രിയകൾ പ്രാക്പ്രയോഗ ക്രിയ കുറിക്കുന്ന വ്യാപാരം ഭാഷണവേളയിലോ അതിനു ശേഷമോ നടക്കുന്ന സംഗതിയെന്നു സ്ഥിരീകരിക്കുന്നു. അതുകൊണ്ട് സ്ഥിരീകരണവാക്യങ്ങളിലും ഭൂത-ഭൂതേതരഭേദമേ കുറിക്കുന്നുള്ളൂ എന്നു സ്പഷ്ടമാകുന്നു.

വിനയെച്ചങ്ങളിലും ഭൂത-ഭൂതേതരഭേദമാണ് കുറിക്കുന്നതെന്ന വിവ ക്ഷയാണ് കേരളപാണിനി പ്രകടിപ്പിക്കുന്നത് (പു. 210-11). മലയാളത്തിൽ വർത്തമാനാർഥമായ ഒരു വിനയെച്ചം ഇല്ല എന്നു ഖണ്ഡിച്ചു പറയുവാൻ മടി കാണിക്കുന്ന അദ്ദേഹം വർത്തമാനകാലാർഥമായ വിനയെച്ചത്തിന്റെ അഭാവമാണ് ചൂണ്ടിക്കാണിക്കുന്നത്.

## നിർദ്ദേശകവാക്യങ്ങൾ

ധാത്വർഥത്തെ തനിയെ കാട്ടുന്ന നിർദ്ദേശകപ്രകാരത്തിലാണ് വർത്ത മാന-ഭാവികാലഭേദം പ്രയോഗിച്ചു കാണുന്നത്. ഭാഷണവേളയിൽ നടക്കുന്ന സംഗതിയെക്കുറിക്കാൻ വർത്തമാനകാലം (ഉദാ: 48) പ്രയോഗിക്കുമ്പോൾ ഭാഷണവേളക്കു പിൻപു നടക്കുന്ന സംഗതിയെക്കുറിക്കാൻ ഭാവികാലം (ഉദാ: 49) പ്രയോഗിക്കുന്നു.

48. കുട്ടികൾ ഊഞ്ഞാൽ ആടി ഉല്ലസിക്കുന്നു.

49. അടുത്തവർഷം വള്ളംകളി കാണാൻ ഞങ്ങൾ എത്തും.

*ഉല്ലസിക്കുന്നു* എന്ന വർത്തമാനകാലത്തിനു പകരം *ഉല്ലസിക്കുക ആണ്* (ഉദാ: 50) എന്ന സമാനാധികരണ വാക്യവും പ്രയോഗിക്കാറുണ്ട്. എന്നാൽ സമാനാധികരണവാക്യം ക്രിയാ കർത്താവിന്റെ വ്യാപാരം ഇന്നതെന്നു വിവേചിച്ചു പ്രകാശിപ്പിക്കുന്നു.

50. കുട്ടികൾ ഊഞ്ഞാൽ ആടി ഉല്ലസിക്കുകയാണ്.

സർവകാലസംഗതികളെക്കുറിക്കാൻ തുടർച്ചാസ്ഫുരിതവാക്യങ്ങളും ഉപയോഗിച്ചു കാണുന്നുണ്ട്. ഉദാഹരണം നോക്കുക.

51. ഭൂമി സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നു.

ഭാഷണവേള ഉൾപ്പെട്ടിരിക്കുന്ന കാലത്തിനുമുൻപു തുടങ്ങി ഇനിയും തുടർന്നുകൊണ്ടിരിക്കുന്ന സംഗതികളും തുടർച്ചാസ്ഫുരിതവാക്യങ്ങളായി പ്രകടിപ്പിക്കാവുന്നതാണ്.

52. അവൻ ഒരു വലിയ പ്രതിമ കൊത്തി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ഭാവികാലം പ്രയോഗിക്കുമ്പോൾ അതു കുറിക്കുന്ന സംഗതി സംഭവിക്കും എന്ന ദൃഢതാഭാവം സ്ഫുരിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ നോക്കുക.

53. നാളത്തെ പരീക്ഷ കൃത്യം പത്തുമണിക്ക് തുടങ്ങും.

ഇവിടെ (ഉദാ: 53) *തുടങ്ങും* എന്ന പ്രയോഗത്തിൽ ദൃഢീകരണംകൂടി സ്ഫുരിക്കുന്നു.

സർവകാലികസംഗതികളെ പ്രകാശിപ്പിക്കുന്നതിനും തത്ത്വകഥനത്തിനും ഭാവികാലം പ്രയോഗിക്കാറുണ്ട്. ഉദാഹരണം നോക്കുക.

54. (i) അഞ്ചും നാലും കൂട്ടിയാൽ ഒൻപതാകും.
(ii) ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും.

ഭാവികാലനിഷേധരൂപങ്ങളിൽ ഭാവികാലക്കുറി ഇല്ല എന്ന വസ്തുത മുമ്പേ തന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വർത്തമാനകാലത്തിനും തനതായ നിഷേധരൂപം ഇല്ല എന്നു കാണാം. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

55. (i) വെള്ളം കവിഞ്ഞ് ഒഴുകുന്നു.
(ii) വെള്ളം കവിഞ്ഞ് ഒഴുകുന്നുണ്ട്.
(iii) വെള്ളം കവിഞ്ഞ് ഒഴുകുന്നില്ല

ഇവിടെ *ഒഴുകുന്നില്ല* (ഉദാ: 55- iii) എന്ന നിഷേധരൂപം തന്നെ *ഒഴുകുന്നു* (ഉദാ: 55- i)എന്ന വർത്തമാനക്രിയയുടെയും *ഒഴുകുന്നുണ്ട്* (ഉദാ: 55- ii) എന്ന സ്ഥിരീകരണക്രിയയുടെയും നിഷേധരൂപമായി പ്രയോഗിക്കുന്നു. ഇതിൽ നിന്നും വർത്തമാനകാലത്തിന് തനതായ നിഷേധരൂപം ഇല്ല എന്നു വ്യക്തമാകുന്നു.

*വേണം, ആകാം* തുടങ്ങിയ ധാതുക്കളിലും അതിനു സമാനമായി *-അണം, -ആം* എന്നീ രൂപങ്ങൾ സന്ധിച്ച് ചമയുന്ന ആഖ്യാതക്രിയകളിലും *ഇരുന്നു* അനുപ്രയോഗമായി ചേരുമ്പോൾ ഭൂതകാലാർഥം സ്ഫുരിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ നോക്കുക.

56. (i) ഗോവിന്ദന് ഒരു വീട് വേണം.
    (ii) രമണിക്ക് നാടകം കാണണം.
    (iii) അവന് അത്രയും ദൂരം ഓടാം.
    (iv) ഞാൻ പുസ്തകം തരാം

57. (i) ഗോവിന്ദന് ഒരു വീട് വേണമായിരുന്നു.
    (ii) രമണിക്ക് നാടകം കാണണമായിരുന്നു.
    (iii) അവന് അത്രയും ദൂരം ഓടാമായിരുന്നു.
    (iv) ഞാൻ പുസ്തകം തരാമായിരുന്നു.

ഇവിടെ (ഉദാ: 57) *ഇരുന്നു* അനുപ്രയോഗമായി ചേർന്നുവരുന്ന ക്രിയകൾ ഭൂതകാലാർഥം പ്രകാശിപ്പിക്കുന്നു. അപ്പോൾ അതിനു സമാനമായിട്ടുള്ള ഉദാഹരണം 56-ൽ കൊടുത്തിട്ടുള്ള പ്രയോഗങ്ങൾ ഭൂതേതര കാലാർഥം പ്രകാശിപ്പിക്കുന്നു.

*ഉണ്ട്, ആണ്* എന്നീ ധാതുക്കളോടും *ഇരുന്നു* ചേർന്നുവരുമ്പോൾ ഭൂതകാലാർഥം പ്രകാശിപ്പിക്കുന്നു. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

58. (i) ആ മാവിൽ ധാരാളം മാങ്ങ ഉണ്ട്.
    (ii) ആ മാവിൽ ധാരാളം മാങ്ങ ഉണ്ടായിരുന്നു.
    (iii) അരുൺ അധ്യാപകൻ ആണ്.
    (iv) അരുൺ അധ്യാപകൻ ആയിരുന്നു.

ഇവിടെ *ഉണ്ട്* (ഉദാ: 58- i), *ഉണ്ടായിരുന്നു* (ഉദാ: 58- ii) ഭൂതേതര-ഭൂതകാലഭേദം കുറിക്കുന്നു. അതേവിധം *ആണ് - ആയിരുന്നു* (ഉദാ: 58- iii, iv) എന്നിവയും ഭൂതേതര-ഭൂതകാലഭേദം കുറിക്കുന്നു.

'ശുദ്ധ' ഭൂതകാലം ഭാഷണവേളക്കു മുൻപു നടന്ന സംഗതികളെക്കുറിക്കുന്നു എന്നു കണ്ടു കഴിഞ്ഞല്ലോ. എന്നാൽ ഭൂതകാലക്രിയകളോട് *ഇരുന്നു* അനുപ്രയോഗിക്കുമ്പോൾ ക്രിയാവ്യാപാരവും ഭാഷണവേളയും തമ്മിലുള്ള കാലദൈർഘ്യം കൂടി (അതിദൂര-അനതിദൂര വ്യത്യാസം) സ്പഷ്ടമാക്കുന്നു എന്നു കാണാം. ഭാഷണസംഗതി ഭാഷണവേളക്കു മുൻപുതന്നെ പൂർണ്ണമായി സംഭവിച്ചുകഴിഞ്ഞു എന്ന അർഥവും അത് (*ഇരുന്നു*) സ്ഫുരിക്കുന്നു(11) താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളിൽനിന്ന് അത് വ്യക്തമാണ്.

59. (i) പണ്ട് പണ്ട് മഹാബലി കേരളം വാണിരുന്നു.
(ii) കഴിഞ്ഞ ആഴ്ച രാജകൊട്ടാരം കാണാൻ ധാരാളം സന്ദർശകർ എത്തിയിരുന്നു.

ഇവിടെ *പണ്ട് പണ്ട്* (ഉദാ: 59- i) *കഴിഞ്ഞ ആഴ്ച* (ഉദാ: 59- ii) എന്നീ പ്രയോഗങ്ങൾ കാലദൈർഘ്യത്തെ വ്യക്തമാക്കുന്നു.

## പിൻമൊഴി

മലയാളത്തിലെ ത്രികാലങ്ങളിൽ ഭാവികാലത്തെക്കുറിക്കാൻ *ഉം* പ്രത്യയവും വർത്തമാനകാലത്തെക്കുറിക്കാൻ *ഉന്നു* പ്രത്യയവും പ്രയോഗിക്കുന്നു. എന്നാൽ ഭൂതകാലത്തെക്കുറിക്കാൻ പല പ്രത്യയങ്ങളാണ് പ്രയോഗിക്കുന്നത്. അതുകൊണ്ട് ഏതേതു ക്രിയാപദങ്ങളോട് ഏതേതു ഭൂതകാലപ്രത്യയമാണ് സന്ധിക്കുന്നത് എന്നു നിർണയിക്കുവാൻ ചില വിധികൾ ആവശ്യമായിവരുന്നു. ക്രിയാവാചികളെ അവലംബമാക്കി ക്രിയാപദാന്തസ്വനിമങ്ങളെ കണ്ടെത്തി അവയുടെ (സ്വനിമങ്ങളുടെ) അടിസ്ഥാനത്തിൽ ഭൂതകാലപ്രത്യയനിർണയം നടത്താൻ കഴിയും എന്ന് ഈ പഠനത്തിൽനിന്നു വ്യക്തമാകുന്നു. മലയാളത്തിൽ ഭൂതകാലം മാത്രമാണ് 'ശുദ്ധമായ' കാലമെന്ന കേരളപാണിനിയുടെ പ്രസ്താവനയെ സാധൂകരിക്കുന്ന പല പ്രയോഗങ്ങളും ഭാഷയിൽ കാണാം. അത്തരം പ്രയോഗങ്ങളിൽ ഭൂത-ഭൂതേതര കാലഭേദമാണ് പ്രകാശിപ്പിച്ചുകാണുന്നത്. ധാത്വാർഥം കുറിക്കുന്ന നിർദ്ദേശകവാക്യങ്ങളിൽ മാത്രമേ സാധാരണ ത്രികാലഭേദം കാണുന്നുള്ളൂ.

## കുറിപ്പുകൾ:

1. പ്രയോജക വ്യാപാരം എന്ന അധികാംശത്തെക്കൂടി കാണിക്കുന്ന ധാതുക്കൾക്കു പ്രയോജകപ്രകൃതി എന്നും ഈ വിശേഷാർഥം ഇല്ലാത്ത സാധാരണ ധാതുക്കൾക്ക് കേവലപ്രകൃതി എന്നും പ്രകൃതിഭേദങ്ങൾ കേരളപാണിനി കല്പിക്കുന്നു. പ്രയോജകപ്രകൃതിയുടെ അർഥം സ്ഫുടമായി കാണ്മാനില്ലെങ്കിലും ചില കേവല ധാതുക്കൾക്ക് പ്രയോജകപ്രകൃതിയുടെ രൂപം കാണാറുണ്ട് എന്നും അത്തരം ധാതുക്കളെ കാരിതം

എന്നു പേർ ചെയ്യുന്നു എന്നും അദ്ദേഹം പ്രസ്താവിക്കുന്നു. അല്ലാത്തവയെ അകാരിതമെന്നും വ്യവഹരിക്കപ്പെടുന്നു (കേ.പാ.: പു. 197-8).

2. വചനത്തിനു നിരാധാരനില എന്നും പരാധാരനില എന്നും രണ്ടു നിലകൾ മാത്തൻ കല്പിക്കുന്നു. ആധാരം കൂടാതെ വചനം താനെ നിൽക്കുമ്പോൾ നിരാധാരനിലയും മറ്റൊരാധാരം വേണ്ടുന്ന ആധേയമായി വരുമ്പോൾ പരാധാരനിലയും ആകുന്നു. നിരാധാരനിലയ്ക്ക് ജ്ഞാപകയവസ്ഥയെന്നും ആശയകഅവസ്ഥയെന്നും രണ്ട് അവസ്ഥകളും അദ്ദേഹം കല്പിക്കുന്നു. ജ്ഞാപകയവസ്ഥ ഒരു കാര്യം ഇന്ന പ്രകാരമാകുന്നു എന്നുള്ള നിനവിനെ അറിയിക്കുന്നതാകുന്നു. ഉദാ: അവൻ സ്നേഹിക്കുന്നു (പു. 120-121)

3. കർത്താവും വാച്യവും തമ്മിലുള്ള യോജിപ്പിനെ കാണിക്കുന്നതു സ്വയഭാവമാകുന്നു. ഉദാ: രാജാവ് ന്യായം നടത്തുവാൻ വിചാരിക്കുന്നു. കർത്താവും വാച്യവും തമ്മിലുള്ള ഭിന്നിപ്പിനെ കാണിക്കുന്നതു പ്രതിഭാവമാകുന്നു. ഉദാ: മന്ത്രി അതു സമ്മതിക്കുന്നില്ല. (പു.120).

4. ധാതുവിൽനിന്ന് വാച്യനാമം ഉണ്ടാകുന്നു എന്നാണ് മാത്തന്റെ അഭിപ്രായം. *ഉക, ക്കുക* എന്നീ പ്രത്യയങ്ങൾ ധാതുവിനോടു ചേരുമ്പോൾ വാച്യനാമങ്ങൾ ഉണ്ടാകുന്നു. ഉദാ: *അറി - അറിക; നട - നടക്കുക; അടു - അടുക്കുക*; എന്നാൽ വാച്യനാമത്തിലെ *ക്കുക, കുക* എന്നിവ *ക്ക, ക* എന്നിവയായിട്ടു ചുരുങ്ങുക നടപ്പാകുന്നു. ഉദാ: *നടക്കുക - നടക്ക; ആകുക - ആക* (മാത്തൻ: പു. 113) ഇത്തരം രൂപങ്ങളെ കേരളപാണിനി നടുവിനയെച്ചം എന്നു വിശേഷിപ്പിക്കുന്നു. (പു. 262)

5. *അ, ക, ഉക* എന്ന മൂന്നു പ്രത്യയങ്ങളിൽ, *അ* പ്രാചീനവും പ്രാക്പ്രയോഗങ്ങളിൽ കാണുന്നതുമാണ് എന്നു കേരളപാണിനി അഭിപ്രായപ്പെടുന്നു. *ക, ഉക* എന്നിവ രണ്ടും *അ* എന്നതിനെ നീട്ടിയുണ്ടാക്കിയതും ഇടക്കാലത്ത് നടപ്പിൽവന്നതുമാണ് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം (പു. 263). താഴെക്കൊടുക്കുന്ന ഉദാഹരണങ്ങളും അദ്ദേഹം നല്കുന്നുണ്ട്.

ഉദാ: ചെയ് - ചെയ്യ - ചെയ്ക
കേൾ - കേൾക്ക - കേൾക്കുക
അറി - അറിയ - അറിക - അറിയുക
ഓട് - ഓട - ഓടുക

6. സാധാരണ കൂട്ടക്ഷരമായ *ക്ക* യോടു *ഇ* പ്രത്യയം ചേരുമ്പോൾ താലവ്യപ്രകൃതിയോടു കൂടിയ ഇരട്ടിച്ച കകാരം (*ക്ക*) പദാന്തമായും ഉകാരം അതിന്റെ (*ക്ക*യുടെ) മുൻ സ്വനിമമായും വരുന്ന ക്രിയാപദങ്ങളോട് *ത്തു* പ്രത്യയവും ഇരട്ടിച്ച താലവ്യ കകാരം (*ക്ക*) പദാന്തമായി വരുന്ന മറ്റു ക്രിയാപദങ്ങളോട് *ന്നു* പ്രത്യയവും ചേർന്നു ഭൂതകാലം ഉളവാകുന്നു. ഈ കാര്യം പിന്നീട് പ്രതിപാദിക്കുന്നുണ്ട്.

7. *ചൊല്ല്* എന്നതിനോട് *ഇ* പ്രത്യയമോ, *ന്നു* പ്രത്യയമോ ചേർന്ന് ഭൂതാ കാലക്രിയ ഉളവാകുന്നു. ഉദാ: *ചെല്ല് - ചൊല്ലി - ചൊന്നു* എന്നാൽ *ചൊല്ല്, കൊല്ല്, വെല്ല്* എന്നീ ക്രിയാപദങ്ങളോട് *ന്നു* പ്രത്യയം ചേർന്നു ഭൂതാകാല രൂപം ഉളവാകുന്നു. ഉദാ: *ചെല്ല് - ചെന്നു; കൊല്ല് - കൊന്നു; വെല്ല് - വെന്നു*

8. *പോര്, ചേര്, കാര്* എന്നീ ക്രിയാപദങ്ങളോട് *-ന്നു* ഭൂതകാലപ്രത്യയ മായി ചേർന്നുവരുന്നു. ഉദാ: *പോര് - പോന്നു; ചേര് - ചേർന്നു; കാര് - കാർന്നു.*

9. *നിൽക്കു* എന്ന ക്രിയാപദത്തിന്റെ ഭൂതകാലരൂപം *നിന്നു* എന്നാണ്.

10. *എഴ്* എന്ന ക്രിയാപദത്തോട് *ഉന്നു* എന്ന ഭൂതകാലപ്രത്യയം ചേർന്നു വരുന്നു. ഉദാ: *എഴ് - എഴുന്നു.*

11. ശുദ്ധഭൂതകാലരൂപം (ഉദാ: വന്നു) ഭാഷണസംഗതി ഭാഷണവേളക്കു മുമ്പുതന്നെ നടന്നു എന്ന അർഥം കുറിക്കുമെങ്കിലും വ്യാപാരഫലം ഭാഷണവേള ഉൾപ്പെടുന്ന രാശിയിലും ഉൾപ്പെട്ടിരിക്കുന്നു എന്ന സൂചന കൂടി സ്ഫുരിക്കാം. എന്നാൽ *ഇരുന്നു* അനുപ്രയോഗമായി ചേർന്നുവരുന്ന ഭൂതകാലരൂപത്തിന്റെ (ഉദാ: വന്നിരുന്നു) വ്യാപാരഫലം ഭാഷണവേള ഉൾപ്പെടുന്ന രാശിയിൽ ഉൾപ്പെടുകയില്ല.

## ഗ്രന്ഥസൂചി:


ഏബ്രഹാം, പി. ടി. 2012 *മലയാള വ്യാകരണം ചില വീണ്ടുവിചാരങ്ങൾ*, താരതമ്യപഠനസംഘം, ചങ്ങനാശേരി

മാത്തൻ, ജോർജ് 1969(1863) *മലയാഴ്മയുടെ വ്യാകരണം*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

രാജരാജവർമ്മ, ഏ.ആർ. 1969(1917) *കേരളപാണിനീയം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

വേണുഗോപാലപ്പണിക്കർ ടി.ബി. 1974 ഭൂതകാലരൂപങ്ങളും ബന്ധപ്പെട്ട പ്രശ്നങ്ങളും, പ്രഭാകരവാരിയർ കെ. എം. & രവീന്ദ്രൻ പി. എൻ. (സമ്പാ:) *മലയാളഭാഷാപഠനങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# വാക്കു കാണൽ -
# ഗദ്യത്തിലെ പഴമയും പുതുമയും

**സ്കറിയാ സക്കറിയ**

ഭാഷാസാഹിത്യപഠനത്തിൽ ആശയാവലികൾക്കും സങ്കല്പനങ്ങൾക്കും സിദ്ധാന്തങ്ങൾക്കുമുള്ള പ്രാധാന്യം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ വർധിച്ചുവരുകയാണ്. ഭാഷാശാസ്ത്രത്തിന്റെ പരിധി വ്യാകരണപര്യവസിതമായിരുന്ന ഘട്ടത്തിൽനിന്ന് അർത്ഥമണ്ഡലത്തിലേക്കു കടന്നതു മുതൽ ഭാഷാപഠനത്തിൽ ഈ പ്രവണത പ്രകടമായി. ഭാഷാശാസ്ത്രത്തിന്റെ സൈദ്ധാന്തികത പല പാരമ്പര്യവാദികളായ ഭാഷാസാഹിത്യ അധ്യാപകരെയും അലോസരപ്പെടുത്തി. 'അരസികർ' എന്ന വിശേഷണം അവർ ഭാഷാശാസ്ത്ര പക്ഷപാതികൾക്കു ചാർത്തിക്കൊടുത്തിരുന്നു. തങ്ങളുടെ അഭിരുചികളിലേക്കും അറിവുശീലങ്ങളിലേക്കും 'സാഹിത്യവിജ്ഞാന'ത്തെ വെട്ടിച്ചുരുക്കുന്ന പ്രവണതയും ഇത്തരക്കാരുടെ കർമ്മമണ്ഡലങ്ങളിൽ കാണാമായിരുന്നു. പുതുമയോടുള്ള പഴമയുടെ കെറുവ് പതിവുപോലെ ദുർബലമായിത്തീർന്നു. പില്ക്കാലത്തു ഭാഷാശാസ്ത്രത്തിൽനിന്നു ഘടനാവാദം, വ്യവഹാരാപഗ്രഥനം, ചിഹ്നവിജ്ഞാനീയം തുടങ്ങിയവ സാഹിത്യമടക്കമുള്ള സാംസ്കാരികമേഖലകളിലേക്കു വ്യാപിച്ചു. ഇതാണ് മാനവികവിജ്ഞാനങ്ങളിലെയും സാമൂഹികശാസ്ത്രങ്ങളിലെയും ഭാഷാഭിമുഖ്യം (linguistic turn). ഇതിനൊപ്പം വിവിധ വിജ്ഞാനങ്ങളിൽ സാംസ്കാരികനിർണ്ണയനം (social determination) എന്ന ആശയം പ്രബലമായി. അറിവിനെക്കുറിച്ചുള്ള അറിവിനെ സാരമായി ബാധിച്ചതാണ് നിർണ്ണയനവാദം. സുനിശ്ചിതവും അചാല്യവും വസ്തുനിഷ്ഠവും കിറുകൃത്യവുമായ അറിവ് എന്ന അന്വേഷണവിഷയം ഇതോടെ അട്ടിമറിക്കപ്പെട്ടു. വംശവർഗ്ഗലിംഗഭേദമനുസരിച്ച് അറിവിനു മാറ്റമുണ്ടാകും എന്നു നിർണ്ണയനവാദം. ഇതിനർത്ഥം ആണറിവും പെണ്ണറിവും ദളിത് അറിവും തൊഴിലാളി അറിവും മുതലാളി അറിവും വ്യതിരിക്തങ്ങളായി രൂപപ്പെടുന്നു എന്നാണ്. നിർണ്ണയനവാദം പ്രബലമായതു

ഘടനാവാദാനന്തരഘട്ടത്തിലാണ്. സ്ത്രീവാദം, ദളിത്വാദം, കോളണിയനന്തരത തുടങ്ങിയവയുടെ പ്രഭവകാലം. അറിവിന്റെ വ്യതിരിക്തത വസ്തുനിഷ്ഠവും വിഷയനിഷ്ഠവുമാണ് എന്ന ധാരണയാണ് ഇതോടെ തകിടം മറിഞ്ഞത്. മറിച്ച്, വിഷയ-വിഷയി ബന്ധമാണ് അറിവിനെ നിർണ്ണയിക്കുന്ന സുപ്രധാന ഘടകം. വൈശികതന്ത്രം വായിക്കുന്നതു നിഘണ്ടുവിലെ ശീതീകരിച്ച അർത്ഥം നോക്കിയല്ല. വായനക്കാരനും പ്രകരണവുമാണ് ശ്രദ്ധിക്കപ്പെടേണ്ടത്. ആര്, എന്തിന്, എങ്ങനെ, എപ്പോൾ, എവിടെ വായിക്കുന്നു എന്നതനുസരിച്ചു വൈശികതന്ത്രപ്പൊരുൾ മാറും.

മലയാളവൈജ്ഞാനിക പാരമ്പര്യത്തിൽ കളിമട്ടിലുള്ള (playful) വായനയുടെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. 'വെടിവട്ടശൈലി' എന്നു നമുക്കതിനെ വിളിക്കാം. ചന്ദ്രോത്സവം, ഉണ്ണുനീലിസന്ദേശം, ചമ്പുക്കൾ, തുള്ളലുകൾ തുടങ്ങിയവയെല്ലാം കളിമട്ടിൽ എങ്ങനെ വായിക്കാം എന്ന് പ്രമുഖ പണ്ഡിതർതന്നെ കാട്ടിത്തന്നിട്ടുണ്ട്. അത്, അങ്ങനെയേ വായിക്കാവൂ എന്ന മട്ടിലാണ് പലരും ഈ കാഴ്ചപ്പാടിനെ മനസ്സിലാക്കുന്നത്. മറിച്ച്, വായനയുടെ സാധ്യതകളായി അത്തരം വായനകളെ മനസ്സിലാക്കിയാൽ നന്നായിരുന്നു. പാഠവൈവിധ്യം, പാരായണവൈവിധ്യം, പാരായണപരിണാമം തുടങ്ങിയ സങ്കല്പനങ്ങൾ ഇവിടെ പ്രസക്തമാണ്. ശൃംഗാരകാവ്യങ്ങളെ ഹാസ്യകവനങ്ങളും പുണ്യപുരാണങ്ങളെ സാമൂഹികവിമർശനകൃതികളുമാക്കുന്ന വായനാതന്ത്രമാണിത്. വായന വെറും അർത്ഥഗ്രഹണ(discovery of meaning)മല്ലെന്നും വ്യാഖ്യാനത്തിനും (interpretation) നിർമ്മിതിക്കും (construction) വായനയിൽ ഇടമുണ്ടെന്നും മലയാളിക്കു സാഹിത്യചരിത്രങ്ങളിൽനിന്നു മനസ്സിലാക്കാം. എന്നാൽ ഗദ്യരചനകളിൽ പാഠലീല ഏറെ പരീക്ഷിച്ചു കണ്ടിട്ടില്ല. മാധവിക്കുട്ടിയുടെ *എന്റെ കഥ*, ഒ. വി. വിജയന്റെ *ധർമ്മപുരാണം* തുടങ്ങിയവ നിർമ്മാണപരമായ വായനയ്ക്കു ഏറെ സാധ്യതകളുള്ളവയാണ്.

ബുദ്ധിപരവും വൈകാരികവും സൗന്ദര്യപരവുമായ ഇടപെടലുകൾ കൊണ്ട് പ്രതിജനഭിന്നമാവുകയാണ് വായന. നിഷ്കളങ്കമായ വായനയില്ല. എല്ലാ വായനകളിലും അധികാരത്തിന്റെ നിറഭേദങ്ങളുണ്ട്. സമൂഹപ്രക്രിയയുടെ ഭാഗമായ ആശയാദർശങ്ങൾ വായനയിലെ അർത്ഥത്തിലേക്കു സംക്രമിക്കുന്നു. അർത്ഥം എന്ന പ്രയോഗത്തിൽ സൂക്ഷ്മതക്കുറവുണ്ട്. അർത്ഥത്തിനുമപ്പുറമുള്ള പൊരുളാ(significance)ണ് വായനയുടെ ഉല്പന്നം. അതു സ്ഥലകാലങ്ങളിലൂടെ പ്രതിജനഭിന്നമായി സംക്രമിക്കുകയാണ്. മാറ്റപ്പൊരുളായി വേണം അതിനെ അടയാളപ്പെടുത്താൻ. സന്ദർഭം മാറുന്നതിനനുസരിച്ചു പൊരുൾ പരിണമിക്കുന്നു. ഇത്തരം പരിണാമവാദവുമായി പൊരുത്തപ്പെടാൻ കഴിയാത്ത പഠിതാക്കൾ വല്ലാത്ത അങ്കലാപ്പിലാണ്. അർത്ഥഭേദങ്ങൾ എന്നു കേൾക്കുന്നതുതന്നെ അവരെ അലോസരപ്പെടുത്തുന്നു. വൈശികതന്ത്രം

സ്ത്രീകളും പുരുഷന്മാരും സവർണ്ണരും അവർണ്ണരും ഒരേ മട്ടിലല്ല പൊരുൾ തിരിക്കുന്നത്. സ്ത്രീവാദികൾതന്നെ ഒരേ മട്ടിലല്ല പൊരുൾ നിർണ്ണയനം നടത്തുന്നത്. ശരീരം അപകടഇടമാണെന്നു കരുതുന്നവർ സ്ത്രീവാദികളിലുമുണ്ട്, പുരുഷാധിപത്യക്കാരിലുമുണ്ട്. അവരുടെ ആശയാവലികൾ — ഉദാഹരണത്തിനു സ്ത്രീയുടെ ഉടൽ സ്ഫോടകവസ്തുപോലെ കൈകാര്യം ചെയ്യണമെന്ന വിശ്വാസം വൈശികതന്ത്രപ്പൊരുളിനെ മാറ്റിമറിക്കുന്നു.

സുപരിചിതമായ പദാവലി ഉപയോഗിച്ചാൽ വായനയല്ല, വായിച്ചെടുക്കലാണ് നടക്കുന്നത്. വായനയെ ഒരു 'സംഭവ'മായി വേണം കണക്കാക്കാൻ. അതിൽ അനേകം ഘടകങ്ങളുടെ പങ്കാളിത്തമുണ്ട്. ഭാഷയുടെ പ്രകാശനശേഷി സംഭവത്തിലൂടെയാണ് വെളിപ്പെടുന്നത്. 'സംഭവ'വിവരണവും വിശദീകരണവും വ്യാഖ്യാനവുമാണ് പഠിതാവിന്റെയും ഗവേഷകന്റെയും നിയോഗം. ഭാഷയുടെ വാച്യാർത്ഥമാണോ ധ്വനിയാണോ മുന്നിട്ടുനിൽക്കുന്നത് എന്ന ആലോചന ഇത്രത്തോളം എത്തുന്നില്ല. അലങ്കാരങ്ങളോ ചിഹ്നങ്ങളോ ബിംബങ്ങളോ സുലഭമായ ഭാഷാവ്യവഹാരങ്ങളിൽ മാത്രമല്ല ഇത്തരം സങ്കീർണ്ണതകളുള്ളത്. ലളിതമായ ലഘുവാക്യങ്ങൾക്കുപോലുമുണ്ട് സന്ദർഭനിഷ്ഠമായ സംവേദനമൂല്യം. നിത്യജീവിതത്തിലെ സാധാരണ സംഭാഷണശകലങ്ങൾപോലും ഇത്തരം സങ്കീർണ്ണബന്ധങ്ങളിലൂടെയാണ് പൊരുൾ തിരിക്കപ്പെടുന്നത് എന്ന തിരിച്ചറിവു സാഹിത്യപഠനത്തിനും ഭാഷാപഠനത്തിനും ഒരുപോലെ ബാധകമാണ്.

രൂപകങ്ങളെ(metaphor)ക്കുറിച്ചുള്ള തിരിച്ചറിവ് അറിവു വഴികളിലേക്കു കൂടുതൽ വെളിച്ചമടിക്കുന്നു. അനുദിനജീവിതത്തിലെ രൂപകങ്ങൾ സജീവ ചർച്ചാവിഷയമാക്കുന്നു. മനുഷ്യവിഭവം (human resource) നിർദ്ദോഷ പദപ്രയോഗമല്ല. മനുഷ്യനെക്കുറിച്ചുള്ള മറ്റൊരു അറിവാണ്. അതിനു സ്വന്തമായ അറിവുശൃംഖലയുണ്ട്. മറ്റു ഭൗതികവിഭവങ്ങളുമായി ഈ രൂപകത്തിലൂടെ മനുഷ്യൻ കണ്ണിചേർക്കപ്പെടുന്നു. മുതലാളിത്തവ്യവസ്ഥയുടെ വിജയം വിഭവം ചുരുങ്ങിയ ചെലവിൽ സമ്പാദിച്ചു വലിയ ലാഭമുണ്ടാക്കുന്നതിലാണ്. മനുഷ്യവിഭവവും ഇങ്ങനെയാണ് ഉപയോഗിക്കേണ്ടത് എന്ന അറിവ് പുതിയ ഉന്നങ്ങൾക്കും തന്ത്രങ്ങൾക്കും പ്രചോദനമാകുന്നു. മനുഷ്യനെ വിഭവമാക്കുന്ന ഭാഷാപ്രയോഗം ഇവിടെ ചെറുക്കപ്പെടേണ്ട സാമൂഹികബാധയായി മാറുന്നു. ഇക്കാര്യം പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ സംസ്കാരപഠിതാക്കളും ഭാഷാശാസ്ത്രജ്ഞരും ചൂണ്ടിക്കാണിച്ചിട്ടുണ്ട് (Lakoff 1980). ഇവിടെ പുതിയ വാക്കും പുതിയ ലോകബോധവും ലോകക്രമവും തമ്മിലുള്ള ശൃംഖലബന്ധം തെളിഞ്ഞുകിട്ടുന്നു. 'മനുഷ്യവിഭവം' എന്ന ഭാഷാപ്രയോഗത്തിന്റെ മറ്റു ശൃംഖലബന്ധങ്ങൾ വിസ്മരിക്കാതെതന്നെ ഈ പഠനം സമാന്തരമായി മുന്നോട്ടു കൊണ്ടുപോകാം.

ഭാഷാസംവേദനത്തിൽ ഒരിനംമാത്രമാണ് സാഹിത്യസംവേദനം. സാഹിത്യസംവേദനം പ്രകരണബലംകൊണ്ടു മറ്റു സംവേദനശ്രൃംഖലകളുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. ഭാഷാസാഹിത്യപഠനത്തിന്റെ ഇന്നത്തെ ഏറ്റവും കൗതുക കരമായ മുഖം സംവേദനതന്ത്രങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്. ഇത്രത്തോളമെത്തുമ്പോൾ നിർണ്ണായക സങ്കല്പനമായി 'സംവേദനം' മാറുന്നു. സംവേദനതന്ത്രമാണ് ഇവിടെ സാഹിതീയതയും നാടകീയതയും മറ്റും. ദൃശ്യസംസ്കാരത്തിന്റെ വളർച്ച മറ്റെല്ലാ സംവേദനരീതികളെയും സ്വാധീനിക്കുന്നു എന്നതു മാധ്യമയുഗത്തിന്റെ പ്രത്യേകതയാണ്. 'കണ്ടു കണ്ടങ്ങിരിക്കുംപോലെ' തോന്നണം വായനക്കാരനും ശ്രോതാവിനും. അത്തരത്തിൽ പുനർക്രമീകരിക്കപ്പെടുകയാണ് സാഹിത്യഭാഷയും പരസ്യഭാഷയും. ഇതിന് ഏകോപന(convergence)സങ്കേതം ഉപകരിക്കും. രോഗി ഡോക്ടറോടു രോഗവിവരങ്ങൾ പറയുന്നതും കവി കവിത ചൊല്ലുന്നതും പുരോഹിതൻ മതവിജ്ഞാനം നൽകുന്നതുമെല്ലാം മാധ്യമയുഗത്തിൽ ഏകോപനസങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയാണ്. പഴയകാലത്തു ക്ഷേത്രങ്ങളിൽ പുരാണകഥാപ്രസംഗം നടത്തിയിരുന്നവരും കൂത്തു പറഞ്ഞിരുന്നവരും ഉപദേശിമാരും ഇരുപതാം നൂറ്റാണ്ടിലെ കഥാപ്രസംഗക്കാരും കവിയരങ്ങുകാരും പുതിയ റിയാലിററിഷോക്കാരുമെല്ലാം 'വചന'ത്തെ 'ഏകോപന'ത്തിലൂടെ 'മാംസ'മാക്കുന്നവരാണ്. വചനം 'മാംസ'മാകുമ്പോൾ ഇന്ദ്രിയതയുടെ നൂറായിരം ബന്ധങ്ങളിലേക്ക് അതു കണ്ണിചേർക്കപ്പെടുന്നു. അങ്ങനെ അത് പരിണമിച്ചൊഴുകുന്നു വിനിമയശ്രൃംഖലയിൽ.അത്തരം പരിണാമശ്രൃംഖലകളിലേക്കു കടന്നുചെല്ലാൻ മലയാളപഠിതാക്കളെ സഹായിക്കുന്നവയാണ് നമ്പ്യാന്തമിഴ് കൃതികൾ. പ്രാചീന മലയാളഗദ്യത്തിന്റെ മാതൃകകൾ എന്ന നിലയിൽ അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം, ദൂതവാക്യം തുടങ്ങിയ കൃതികൾക്ക് പ്രാധാന്യമുണ്ട്. അവ രംഗപാഠങ്ങളായി പരിഗണിക്കാം. അരങ്ങിലെത്തുന്ന ഗദ്യശില്പങ്ങൾ, നാടകീയ പ്രകടനത്തിന്റെ ഭാഗമായി വേണം അതിലെ വാക്യങ്ങളുടെ പൊരുൾ തിരിക്കാൻ. അവയിലൂടെ പുരാണപ്പൊരുളിനുണ്ടാകുന്ന പരിണാമംകൂടി ശ്രദ്ധിക്കാൻ കഴിഞ്ഞാൽ പ്രാചീനഗദ്യപഠനം കൂടുതൽ ഊർജ്ജസ്വലമായിത്തീരും. നമ്പ്യാന്തമിഴ് കൃതികളിലെ സാഹിത്യമുദ്രകളിൽ (കൃത്യമായിപ്പറഞ്ഞാൽ കാവ്യചിഹ്നങ്ങളിൽ) കുടുങ്ങിപ്പോകുന്നു പല സാഹിത്യപഠിതാക്കളും. അതിനുമപ്പുറം ഒരു സംവേദനരൂപം/ സംവേദന സംഭവം എന്ന നിലയിൽ നമ്പ്യാന്തമിഴ് കൃതികളുടെ ചേരുവ പരിശോധിക്കാൻ കഴിയേണ്ടിയിരിക്കുന്നു.

സാഹിത്യം, സാഹിത്യേതരം എന്ന വിഭജനം അപ്രസക്തമാക്കുന്ന തരത്തിലാണ് ഭാഷയുടെ വിനിമയശ്രൃംഖല വളരുന്നത്. പരസ്യങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാകും. വിപണനമാണു പരസ്യത്തിന്റെ ലക്ഷ്യം. പരസ്യ

ത്തിൽ സൗന്ദര്യക്കലർപ്പ് വേണ്ടുവോളമുണ്ട്. പക്ഷേ അറിയിക്കേണ്ട വിവരങ്ങൾ കൃത്യമായിത്തന്നെ നൽകുകയും ചെയ്യുന്നു. ഭാഷാശാസ്ത്രസങ്കല്പനങ്ങളും സാഹിത്യസങ്കല്പനങ്ങളും സംവേദനതന്ത്രങ്ങളും പരിഗണിച്ചിട്ടുവേണം പരസ്യങ്ങൾ പഠനഗവേഷണവിഷയമാക്കാൻ. അതിനുമപ്പുറം പ്രത്യയശാസ്ത്രപരമായ പരിഗണനകളുമാകാം. ഗദ്യപഠനത്തിൽ ഇന്നത്തെ നിലയിൽ ഏറ്റവും ഊർജ്ജസ്വലമാകേണ്ട മേഖലയാണ് പരസ്യപഠനം. ഇതിനു ബഹുവിജ്ഞാനീയപരമായ സമീപനം വേണം. ശുദ്ധസാഹിത്യത്തിനു വഴിപ്പെടാത്തതുകൊണ്ടാവണം പാഠ്യപദ്ധതികളിൽ  പരസ്യപഠനം മങ്ങൂഴത്തിലായിപ്പോകുന്നത്. ഭാഷയുടെ പുതുമയും കൃത്യതയും ബഹുമുഖത്വവും ഏറ്റവും പ്രകടമാകുന്ന ഊർജജിതമേഖലയാണു പരസ്യങ്ങൾ. അതു വിമർശനാത്മക സാംസ്കാരികപഠനമായി വികസിപ്പിക്കാം. പക്ഷേ വിമർശനത്തിൽ പരസ്യപഠനവും ഗവേഷണവും തറഞ്ഞുപോകരുത്. സംവേദനതന്ത്രങ്ങളിൽ കേന്ദ്രീകരിക്കുന്നതാവണം മലയാളവിജ്ഞാനത്തിന്റെ ഭാഗമായ പരസ്യപഠനം. സമൂഹപ്രക്രിയയുമായി പരസ്യസംവേദനത്തെ കൂട്ടിയിണക്കാൻ കഴിഞ്ഞാൽ വേണ്ടുവോളം സാമൂഹികപ്രസക്തിയുണ്ടാകും ഇത്തരം പഠനത്തിന്.

മലയാളിസമൂഹത്തിന്റെ ഉപഭോക്തൃവ്യഗ്രതയിൽ ഇടപെട്ടുകൊണ്ട് പരസ്യങ്ങൾ എങ്ങനെ കമ്പോളാധിപത്യം വളർത്തുന്നു എന്ന പഠനം സുപ്രധാനമാണ്. എന്നാൽ അതിനുമപ്പുറം സാംസ്കാരികപൗരത്വം വികസിപ്പിക്കാനുള്ള ഉപാദാനമായി പരസ്യങ്ങൾ ഉപയോഗിക്കാം. മലയാളിയുടെ ഭാവനയും ലോകബോധവും ഭാഷാഭംഗിയും അഭിരുചികളും വീണ്ടുവിചാരത്തിലൂടെ മനസ്സിലാക്കാനുള്ള വൈജ്ഞാനികഇടമായി പരസ്യപഠനം വികസിക്കണം. മനസ്സിലാക്കൽ അതാണ് മാനവികവിജ്ഞാനങ്ങളുടെ കേന്ദ്രം. വിലയിരുത്തൽ മനസ്സിലാക്കലിന്റെ ബലത്തിലാകണം. വീണ്ടുവിചാര(reflexivity)മാണ് മാതൃകാപഠനത്തിന്റെ ലക്ഷണം.  വീണ്ടുവിചാരത്തിലൂടെ സമൂഹപ്രക്രിയയുമായി കൂട്ടിയിണക്കപ്പെടുന്ന വ്യക്തി സാംസ്കാരിക പൗരത്വ(cultural citizenship)ത്തിലേക്കു വളരുന്നു.

മലയാളിസമൂഹം ഒരു വൈജ്ഞാനികസമൂഹം(knowledge society) എന്ന നിലയിൽ സ്വയം അടയാളപ്പെടുത്താൻ നിരന്തരം പരിശ്രമിക്കുകയാണ്. കോളണീകരണത്തിനുമുമ്പുതന്നെ വൈജ്ഞാനികാഭിമുഖ്യങ്ങൾ കേരളത്തിൽ ശക്തി പ്രാപിച്ചിരുന്നു. സംസ്കൃതഭാഷയിലാണ് അത്തരം പരിശ്രമങ്ങൾ വെളിച്ചംകണ്ടത്. കേരളത്തിലെ പ്രശസ്ത ഗണിതജ്ഞരും ശങ്കരാചാര്യരെപ്പോലുള്ള ദാർശനികരും ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്. പാശ്ചാത്യസമ്പർക്കത്തിനുമുമ്പുതന്നെ വിജ്ഞാനവഴികൾ മലയാളത്തിൽ തുറന്നിരുന്നു എന്നതിനു തെളിവാണ്. 10-12 നൂറ്റാണ്ടുകളിലെ ഭാഷാകൗടലീയം. ഭാഷാ

കൗടലീയത്തിന്റെ പ്രാധാന്യം വേണ്ടത്ര ലോകം ശ്രദ്ധിക്കാതെ പോയതു വിചിത്രമായ സാഹചര്യത്തിലാണ്. കൗടില്യന്റെ അർത്ഥശാസ്ത്രം ലോകശ്രദ്ധയിൽ കൊണ്ടുവന്ന ശ്യാമശാസ്ത്രികൾ (മൈസൂർ) ഭാഷാകൗടലീയത്തിന്റെ ആഖ്യാനമാതൃക മനസ്സിലാക്കാതെ അതിനെ തള്ളിപ്പറഞ്ഞു. മറ്റു പല പണ്ഡിതന്മാരും സംസ്കൃതമൂലത്തോടുള്ള വിശ്വസ്തതയുടെ അടിസ്ഥാനത്തിൽ (ഇതു പാശ്ചാത്യ സങ്കല്പനമാണ്, ബൈബിൾ വിവർത്തനത്തെ ചുറ്റിപ്പറ്റിയുണ്ടായ തർജ്ജമ & സങ്കല്പനം) ഭാഷാകൗടലീയത്തെ ഇകഴ്ത്തി. കൗടലീയത്തിന്റെ കേരളീയഭാഷ്യമാണ് ഭാഷാകൗടലീയം എന്ന കാര്യം ശ്രദ്ധിക്കപ്പെട്ടില്ല. ഭാഷാപരിണാമശൃംഖലയിലും പാഠഭേദപരമ്പരയിലും ശ്രദ്ധയർപ്പിച്ചു പഠനം നടത്തിയ കെ. എൻ. എഴുത്തച്ഛൻ ഈ പ്രാചീന ഗദ്യകൃതിയുടെ ഭാഷാചരിത്രമൂല്യം കൃത്യമായി അടയാളപ്പെടുത്തി. കേരളഭാഷയുടെ വികാസപരിണാമങ്ങളിലെ കണ്ണിയായി ഇളംകുളം കുഞ്ഞൻപിള്ള ഭാഷാകൗടലീയത്തെ കാട്ടിത്തന്നു. എം.ജി.എസ്. നാരായണനാകട്ടെ കേരളീയ വിജ്ഞാനശ്രൃംഖലയിലെ കണ്ണിയായിട്ടാണ് ഭാഷാകൗടലീയത്തെ അവതരിപ്പിച്ചത്. വിജ്ഞാനകേരളത്തിന്റെ വിനിമയശ്രൃംഖലയിലെ സുപ്രധാനകണ്ണിയാണ്, എം.ജി.എസിന്റെ പഠനത്തിൽ ഭാഷാകൗടലീയം. കൗടലീയത്തിന്റെ മഹാപാരമ്പര്യത്തെ പ്രാദേശികവൽക്കരിക്കുക (provincialise)യാണ് ഭാഷാകൗടലീയം. മഹാരചനകളോട് ഇതായിരുന്നു ആധുനിക ഭാരതീയ ഭാഷാസമൂഹങ്ങളുടെ പ്രതികരണം. കോളണീകരണമാണ് മൂലം, അനുകരണം, തർജമ എന്നിവയടങ്ങുന്ന ശ്രേണീകൃത സമീപനം ഉറപ്പിച്ചെടുത്തത്. രാമായണത്തിനു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈവിധ്യത്തോടെ നിലനിൽക്കാൻ കഴിഞ്ഞു. വ്യത്യസ്ത ആശയാവലികളുടെ കാന്തികതയിൽ പലതരം ഭാരതങ്ങൾ ഭാരതത്തിലുണ്ടായി. കമ്പരാമായണം, തുളസീരാമായണം, കണ്ണശ്ശരാമായണം എന്നൊന്നും കേട്ടാൽ വാല്മീകി രാമായണഭക്തർക്കു അലോസരമുണ്ടാകാത്ത ജ്ഞാനവ്യവസ്ഥയായിരുന്നു അത്. ആ വ്യവസ്ഥയ്ക്കുള്ളിലാണ് രാമായണനാടകമായ ആശ്ചര്യചൂഡാമണി ഉണ്ടായത്. കേരളത്തിൽ പ്രചാരത്തിലിരുന്ന കേരളോൽപത്തികൾ മറ്റൊരുദാഹരണമാണ്. അവയുടെ വൈവിധ്യഭംഗി പാശ്ചാത്യനായ ഗുണ്ടർട്ടിനുപോലും ഹൃദ്യമായി തോന്നിയതുകൊണ്ടാവണം ഒറ്റനോട്ടത്തിൽ അവ വേർപിരിച്ചറിയാൻ കഴിയുന്ന തരത്തിൽ അദ്ദേഹം സംവിധാനം ചെയ്ത് അച്ചടിച്ചത്. പ്രാചീന മലയാളഗദ്യപഠനം ഈ വഴിക്കു ദൃഷ്ടി തിരിക്കണം. ഭാഷാകൗടലീയം മുൻനിറുത്തി എം.ജി.എസ്. നാരായണൻ തുടക്കമിട്ടിരിക്കുന്ന പഠനശൈലി മലയാളഗദ്യപഠനത്തിൽ രാജപാതയായി വികസിക്കേണ്ടിയിരിക്കുന്നു.

ഏതാനും പദങ്ങളും പദസംഹിതകളും ഭാഷാകൗടലീയത്തിൽനിന്നു തിരഞ്ഞെടുത്ത് അവയുടെ പൊരുൾ തേടുകയാണ് എം. ജി. എസ്. വളരെ

ക്കാലം കേരളീയരും മറുനാട്ടുകാരുമായ പണ്ഡിതന്മാരെ അലോസരപ്പെടുത്തിയ ചില പ്രയോഗങ്ങളാണവ. ഉദാഹരണത്തിനു ശാസനപഠനത്തിൽ കീറാമുട്ടിയായ 'കലമറുപ്പ്' എന്ന പ്രയോഗം 'പണ്യപുടഭേദ'നമാണെന്ന് എം.ജി.എസ്. കണ്ടെത്തുന്നതു ഭാഷാകൗടലീയത്തിലൂടെയാണ്. ശാസനമലയാളവും ഭാഷാകൗടലീയ മലയാളവും സംസ്കൃത കൗടലീയവും ചേർത്തുവച്ചു പരിശോധിക്കുമ്പോൾ എം.ജി. എസ്. നൽകുന്ന തിരിച്ചറിവ് വൈജ്ഞാനികത്തിളക്കമുള്ളതാണ്. ഗദ്യപഠനത്തിന്റെ മൗലികബലം വിജ്ഞാനത്തിന്റേതാണ്. അതു വൈജ്ഞാനിക കേരളത്തിന്റെ സമകാലിക അഭിരുചികളുമായി പൊരുത്തപ്പെട്ടുപോകുന്നു. ബഹുവിജ്ഞാനീയതയിലേക്കു വളരാനുള്ള പരിശീലനമാണ് പ്രാചീന ഗദ്യപഠനത്തിലൂടെ ഉണ്ടാകേണ്ടത്. നിർഭാഗ്യവശാൽ മലയാളസ്നേഹികൾ ഓമനിക്കാനുള്ള ഭാഷയായിട്ടാണ് മലയാളത്തെ പരിഗണിക്കുന്നത്. കവിത, കഥ, നാടകം തുടങ്ങിയവയിലാണ് പലരും ഓമനത്തമുള്ള മലയാളമുഖം തേടുന്നത്. ഇവയെല്ലാം വിലപ്പെട്ടതുതന്നെ. എന്നാൽ സംവേദന മാധ്യമം എന്ന നിലയിൽ മലയാളം മലയാളിയെ രൂപപ്പെടുത്തുന്നതു വിശാലമായ വൈജ്ഞാനികലോകത്തിലാണ്. 'സാമാന്യബുദ്ധി' എന്ന ഭാവത്തിൽ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലേക്കും മലയാളം വ്യാപിച്ചു നിൽക്കുന്നു. മാധ്യമമലയാളം സാധ്യമായ എല്ലാ വൈവിധ്യങ്ങളോടുംകൂടി അനുദിനം വളരുകയാണ്. അതിനൊപ്പം നിൽക്കാൻ സാഹിത്യമലയാളം തത്രപ്പെടുന്നുണ്ട്. മലയാളത്തിന്റെ സ്കൂൾ-കോളജ് തലങ്ങളിലെ പാഠ്യപദ്ധതിയെക്കുറിച്ചു നടക്കുന്ന തർക്കങ്ങളിൽ ഈ വിരുദ്ധാഭിമുഖ്യങ്ങൾ പ്രകടമാണ്. മലയാളഭാഷ വൈജ്ഞാനികയുഗത്തിൽ സംവേദനമാധ്യമമായി വികസിക്കണമെങ്കിൽ ഏറെ ആസൂത്രണം ആവശ്യമുണ്ട്. ഭാഷാസൂത്രണം ഇന്നും മലയാളവിജ്ഞാനത്തിൽ അർഹിക്കുന്ന ഇടം നേടിയിട്ടില്ല. ഭാഷാസൂത്രണത്തിന്റെ ഭാഗമായി പാഠ്യപദ്ധതി പരിഷ്കരിക്കണം, പുതിയ ബോധനതന്ത്രങ്ങൾ വികസിപ്പിക്കണം. ഏതായാലും മലയാളത്തെ 'പൈങ്കിളിഭാഷ'യായും 'വീട്ടുഭാഷ'യായും 'വിനോദഭാഷ'യായും പരിമിതപ്പെടുത്താനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കാനാവില്ല. വൈജ്ഞാനിക കേരളത്തിന്റെ ഭാഷയായി മലയാളം വികസിപ്പിക്കണം. വൈജ്ഞാനികമലയാളത്തിന്റെ വേരുകൾ തേടുന്നവർ പ്രാചീന ഗദ്യമാതൃകകൾ വിശകലനം ചെയ്യണം.

കോളണീകരണം മലയാളത്തിന്റെ സാമൂഹികപദവിയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കി. അതിന്റെ ഫലമായി മലയാളം വ്യവസ്ഥാപിതപഠനത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെട്ടു. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളും (1599) റോസിന്റെ നിയമാവലിയും (1606) മലയാളത്തിൽ തയ്യാറാക്കിയ ഫ്രാൻസീസ് റോസ് എന്ന ഈശോസഭാപുരോഹിതൻ മലയാളഗദ്യത്തിനു

നൽകിയ സംഭാവന മറക്കാനാവില്ല. കാനോനകളും നിയമാവലിയും പേരുകൾ സൂചിപ്പിക്കുന്നതുപോലെ കൊളോണിയൽ ആധുനികതയുടെ മൗലിക രേഖകളാണ്. അവ മലയാളത്തിൽ തയ്യാറാക്കിയത് സാധാരണ ജനങ്ങളുടെ മതബോധത്തെ നവീകരിക്കാനും ചിട്ടപ്പെടുത്താനുമായിരുന്നു. പദവാക്യതലങ്ങളിലെല്ലാം പാരമ്പര്യവും പുതുമയും ഇടകലർത്തുന്നവയാണ് ഈ കൃതികൾ.

കാനോനകളുടെയും നിയമാവലിയുടെയും ഭാഷാശാസ്ത്രവിശകലനം കേരള സർവകലാശാലാ ഭാഷാശാസ്ത്രവകുപ്പിൽ ഈ ലേഖകൻ സമർപ്പിച്ച വ്യാകരണപ്രബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പിൽക്കാലത്തു കാനോനകൾ പുസ്തകരൂപത്തിൽ പുനഃപ്രസിദ്ധീകരിച്ചപ്പോൾ എഴുതിച്ചേർത്ത ആമുഖപഠനത്തിലും അടിക്കുറിപ്പിലും പ്രാചീനഗദ്യപഠനം സംസ്കാരപഠനമായി വികസിപ്പിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഇണങ്ങർ, യോഗം, മാർഗ്ഗം, പിഴമൂളുക തുടങ്ങിയ പദങ്ങളിലൂടെ സഞ്ചരിച്ച് സാന്നിധ്യങ്ങളും അസാന്നിധ്യങ്ങളും പരിഗണിച്ചു കോളണീകരണത്തിന്റെയും പ്രതിരോധത്തിന്റെയും മേൽക്കോയ്മയുടെയും നിഷ്കോളണീകരണത്തിന്റെയും വേരുകളും വഴികളും അടയാളപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നതു പ്രാചീനഗദ്യപഠനത്തിനു സംസ്കാരപഠനത്തിലേക്കു വഴിതുറക്കാൻ കഴിയുമെന്നാണ്. ഉത്തമചരിത്രരേഖകളിൽനിന്നും മറ്റു പാഠങ്ങളിൽനിന്നും ഉപാദാനങ്ങൾ ശേഖരിക്കുക എന്നതു പ്രധാനമാണ്. കഴിയുന്നിടത്തോളം സൂക്ഷ്മമാകണം ഉപാദാനശേഖരണം. പിന്നെ വേണ്ടത് ആശയാവലികളാണ്. ഭാഷ, സംസ്കാരം, കോളണീകരണം തുടങ്ങിയവയെക്കുറിച്ചു വ്യത്യസ്തങ്ങളായ ആശയാവലികൾ നിലവിലുണ്ട്. അവയിൽ ചിലതു തള്ളാനും മറ്റു ചിലതു കൊള്ളാനും കഴിയണം. അടുത്തഘട്ടത്തിൽ വേണ്ടതു സങ്കല്പനങ്ങളാണ്. സങ്കല്പനങ്ങൾ മാറി മാറി ഉപയോഗിച്ചാൽ വ്യത്യസ്ത അറിവുകൾ പാഠങ്ങളിൽനിന്ന് ഉല്പാദിപ്പിക്കാം. സിദ്ധാന്തങ്ങളാണ് പ്രസക്തമായ മറ്റൊരിനം. ഓറിയന്റ്ലിസം പോലെ എത്രയെത്ര സിദ്ധാന്തങ്ങൾ തയ്യാർ ചെയ്ത രൂപത്തിൽ ലഭ്യമാണ്. അവ പരീക്ഷിച്ചു നോക്കാം. അല്ലെങ്കിൽ പ്രകരണത്തിനിണങ്ങുംവിധം പരിഷ്കരിച്ചു പരീക്ഷിച്ചു നോക്കാം. പുതിയ പുതിയ ഉപാദാനങ്ങളിൽ പ്രയോഗിക്കുമ്പോൾ പരിഷ്കരിക്കപ്പെടാവുന്നവയാണ് സിദ്ധാന്തങ്ങൾ. ഓരോ പഠനവും ഓരോ ഘട്ടത്തിലും ആശയാവലികൾ, സങ്കല്പനങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയെക്കുറിച്ചു തീക്ഷ്ണബോധം നിലനിറുത്തേണ്ടതുണ്ട്. അങ്ങനെയുണ്ടാകുന്ന വീണ്ടുവിചാരം അറിവിനെ ആഴപ്പെടുത്തും. അറിവിനെക്കുറിച്ചുള്ള അറിവു വളർത്തും. പഠനഗവേഷണങ്ങളിൽ ഒഴിവാക്കാനാവാത്ത ഗുണമായി മാറിയിരിക്കുന്നു വീണ്ടുവിചാരം. വൈജ്ഞാനികതയ്ക്ക് ഊന്നൽ നൽകുന്ന ഗദ്യപഠനത്തിൽ അതു മർമ്മപ്രധാനമാണ്.

സമകാലിക വിജ്ഞാനശൃംഖലയിൽ മലയാളത്തിനു കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നില്ലെന്ന പരാതി വ്യാപകമാണ്. ഗദ്യഗതി പരിഗണിക്കുമ്പോൾ അത്രയ്ക്കു നിരാശയ്ക്കു കാരണമില്ല. സാഹിത്യമലയാളം പോലെ വർണ്ണപ്പകിട്ടു നേടുന്നില്ലെങ്കിലും ഒരു ജീവൽഭാഷ എന്ന നിലയിൽ മലയാളം കേരളീയ ജീവിതത്തിലാകെ സന്നിഹിതമാണ്. മാധ്യമങ്ങളാണ് ഈ വഴിക്കു മലയാളത്തെ മുന്നോട്ടുകൊണ്ടുപോകുന്നത്. സാഹസികമായി ഭാഷയെ പുതുമണ്ഡലങ്ങളിലേക്കു നയിക്കുന്നവർ ശുദ്ധിവാദക്കാരുടെ വിമർശനത്തിന് ഇരയാകുന്നു. പുതിയ വാക്കുകളാണ് ഏറെ വിമർശനം നേരിടുന്നത്. ഇഷ്ടമായാലും ഇല്ലെങ്കിലും പുതുവാക്കുകൾ ഉപയോഗിച്ചേ തീരൂ. പ്രയോഗിക്കുക അല്ലെങ്കിൽ അവസരം നഷ്ടപ്പെടുത്തുക എന്നതാണ് ദ്രുത സാങ്കേതിക വിദ്യാസമൂഹത്തിന്റെ സമീപനം. ഭാഷാകൗടലീയകാലത്തും കാനോനകളുടെ കാലത്തും ഇതേ പ്രതിസന്ധിതന്നെ ഗദ്യരചന നേരിട്ടിരുന്നു. ശാസ്ത്രസാങ്കേതികവിദ്യകളിലെ പുതുമകൾ ആശയങ്ങളിലും ഉല്പന്നങ്ങളിലും മാത്രമല്ല, അവയെ പരാമർശിക്കുന്ന വാക്കുകളിലും വാക്യങ്ങളിലുമുണ്ട്. ജനിതകവിജ്ഞാനവും നാനോ ടെക്നോളജിയും ബയോടെക്നോളജിയും ഇൻഫർമേഷൻ സയൻസും ഉണ്ടാക്കുന്ന നവതരംഗങ്ങൾ ഭാഷയിൽ തത്സമങ്ങളായും തദ്ഭവങ്ങളായും പുതുവാക്കുകളായും പ്രത്യക്ഷപ്പെടുന്നു. ഓരോ സാങ്കേതികപദത്തിന്റെയും നിർവചനം, ഉൽപത്തി, പ്രകരണം, പ്രയോഗപ്പൊരുൾ എന്നിവ വിശദീകരിക്കുന്ന വൈജ്ഞാനികാന്വേഷണങ്ങൾ ഇന്ന് ഏറെ പ്രസക്തമായിരിക്കുന്നു. അതുകൊണ്ട് മലയാളഗദ്യമേഖല വാക്കുചന്തയോ വാക്കുമേളയോ ആയി അനുഭവപ്പെട്ടാൽ പരിഭവിച്ചിട്ടു കാര്യമില്ല. ഭാഷാകൗടലീയവും കാനോനകളും ഇത്തരം ചന്തകളുടെ ചരിത്രസ്മാരകങ്ങളോ മ്യൂസിയങ്ങളോ ആണ്. മ്യൂസിയങ്ങൾ ചരിത്രവ്യാഖ്യാനത്തിനാണ് ഇന്ന് ഊന്നൽ നല്കുന്നത്. അതുപോലെ ഭാഷാകൗടലീയം പോലെയുള്ള പ്രാചീനഗദ്യകൃതികളുടെ പഠനം ഭാഷയുടെ സമകാലികസമസ്യകൾ വിശദീകരിക്കാൻ ഉപകരിക്കണം. പദസ്നേഹികൾക്കും ശാസ്ത്രവിശാരദർക്കും സാധാരണക്കാർക്കും വാക്കു കാണലിനുള്ള (അടുക്കളകാണൽ, വയറു കാണൽ, പെണ്ണുകാണൽ ഇവപോലെ) അവസരമൊരുക്കുന്നതായിരിക്കണം പ്രാചീനഗദ്യപഠനം. വാക്കും ആശയങ്ങളും തമ്മിലുള്ള രാഗദ്വേഷങ്ങൾ വിനിമയശൃംഖലയിലൂടെ ശീലിക്കാൻ ഗദ്യത്തിന്റെ വേരുകളും വഴികളും പഠിച്ചറിയണം.

## ഗ്രന്ഥ/ലേഖനസൂചി:

എഴുത്തച്ഛൻ, കെ.എൻ. 1960 *ഭാഷാകൗടലീയം (അധികരണങ്ങൾ 4-7)*, മദിരാശി സർവകലാശാല

| | | |
|---|---|---|
| ഗുണ്ടർട്ട്, ഹെർമൻ | 1843 | *കേരളോൽപത്തി*, മംഗലാപുരം. |
| സക്കറിയ, സ്കറിയ | 1994 | *ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ*, ഓശാന മൗണ്ട്, ഇടമറ്റം, പാലാ. |
| ...................................... | 1976 | *രണ്ടു പ്രാചീനഗദ്യകൃതികൾ*, ചങ്ങനാശ്ശേരി. |
| ...................................... | 2000 | മിഷണറിഗദ്യം, *മലയാളഭാഷാചരിത്രം* (എഡി. എസ്.വി. വേണുഗോപൻനായർ) മാളൂബൻ, തിരുവനന്തപുരം |
| Kaufman, Jodi | Dec. 2010 | *Post Structural Analysis: Analysing Empirical Matter for New Meanings, Qualitative Inquiry* 17(2) 148-154. |
| Keats, Jonathon | 2010 | *Virtual Words: Language on the Edge of Science and Technology,* Oxford University Press, USA. |
| Lakoff, George | 2003 | *Metaphors We Live By*, The University of Chicago Press, Mark Johnson |
| Narayanan, MGS | Oct. 2005 | *The Malayalam Commentary on Arthasastra, TAPASAM Vol.1.2.* |

# അക്കാദമികഭാഷ: തത്ത്വം, സങ്കേതം, പ്രയോഗം

പി. ശ്രീകുമാർ

## 1. ആമുഖം

മഴ നനഞ്ഞാൽ പനി പിടിക്കുമെന്ന് അമ്മ പറയാറുണ്ട്. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണിത്. സാമാന്യമായ ഒരറിവാണിത്. സാമാന്യമായ അനുഭവംകൊണ്ടുമാത്രം നേടുന്നതാണ് ഈ അറിവ്. എന്നാൽ, തലയിൽ വീണ മഴവെള്ളം എങ്ങനെ പനിക്കു കാരണമാകുന്നു എന്നത് ഒരു പ്രത്യേക അറിവാണ്. പ്രത്യേകമായ ഈ അറിവ് സാമാന്യമായ അനുഭവംകൊണ്ടുമാത്രം ഉണ്ടാകുന്നതല്ല. സവിശേഷമായ അനുഭവത്തിലൂടെ ലഭിക്കുന്ന സവിശേഷമായ അറിവാണിത്. ഈ അറിവിനെയാണ് ശാസ്ത്രീയമായ അറിവെന്നു പറയുക. ശാസ്ത്രീയമായ അറിവു നേടുന്നതിൽ ബോധപൂർവ്വമായ പരീക്ഷണനിരീക്ഷണങ്ങൾ അനിവാര്യമാണ്. ശാസ്ത്രീയമായ അറിവുകൾക്കായുള്ള ബോധപൂർവമായതും പ്രത്യേകവുമായ ശ്രമങ്ങളെ മൊത്തത്തിൽ ഗവേഷണം എന്നു പറയാം. അതായത്, ജനിതകഗവേഷണം മുതൽ സൗന്ദര്യശാസ്ത്രഗവേഷണംവരെ പരന്നു കിടക്കുന്ന വലിയ ഒരു കർമ്മമണ്ഡലമാണിത്. അക്കാദമികം എന്ന ഒരു പൊതുസംജ്ഞകൊണ്ടാണ് ഈ മണ്ഡലത്തെ പരാമർശിക്കപ്പെടുന്നത്. ഈ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗവേഷകരെയും അധ്യാപകരെയും ഇതര പ്രചാരകരെയും പൊതുവായി അക്കാദമിക്കുകളെന്നാണ് വിളിക്കുക. ഒരു പ്രത്യേകതരത്തിലാണ് ഈ മേഖലയിൽ ഭാഷ ഉപയോഗിക്കപ്പെടുന്നത്. ഉദാഹരണമായി, 'മഴ നനയല്ലേ കുട്ടീ, പനി പിടിക്കുമേ' എന്ന് അമ്മ പറയുന്ന തരത്തിലുള്ള ഭാഷയിലല്ല മഴവെള്ളം പനിക്ക് എങ്ങനെ കാരണമാകുന്നുവെന്നു വിശദീകരിക്കുന്നത്. അതൊരു പ്രത്യേക ഭാഷാരൂപമാണ്. അക്കാദമികഭാഷയുടെ പ്രാഥമികമായ ചില പ്രത്യേകതകളെക്കുറിച്ചാണ് ഈ ലേഖനം. മൂന്നു കാര്യങ്ങളാണ് ഈ ലേഖനത്തിൽ നമുക്കു ചർച്ച ചെയ്യേണ്ടത്. ഒന്ന്, അക്കാദമികഭാഷ ഭാഷയ്ക്കുള്ളിൽ തത്ത്വ

ത്തിലെങ്ങനെയാണ് സാധ്യമാകുന്നത്. രണ്ട്, അക്കാദമികഭാഷയുടെ സാങ്കേതികമായ പ്രത്യേകതകൾ എന്തെല്ലാമാണ്? മൂന്ന്, മലയാളഭാഷയുടെ അക്കാദമികമായ പ്രയോഗത്തിൽ പ്രാഥമികമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

### 1.1. പരിമിതികൾ

അക്കാദമികമായ ഭാഷയിലുള്ള പ്രായോഗിക പ്രാവീണ്യത്തെക്കുറിച്ചല്ല ഈ ലേഖനം. വായനാനുഭവംകൊണ്ടു മാത്രം നേടാൻ കഴിയുന്നതുമല്ല അക്കാദമികഭാഷയിലുള്ള പ്രാവീണ്യം. മറിച്ച്, നിരന്തരമായ ഗവേഷണാനുബന്ധ പരിശീലനത്തിലൂടെ നേടേണ്ടതാണിത്. അതായത്, ഇതു സവിശേഷമായ ഒരു ഭാഷാശേഷിയല്ല. അതുകൊണ്ടുതന്നെ, ഇതൊരു സോഫ്റ്റ് സ്കില്ലായി ഒറ്റപ്പെട്ട് ആർജ്ജിക്കാവുന്നതുമല്ല. നിരന്തരമായ ഗവേഷണാനുഭവത്തിന്റെ ഭാഷയിലൂടെയുള്ള ഒരു അനുബന്ധ പ്രകടനശേഷിയാണിത്. അതിനാൽ, നിരന്തരമായ ഗവേഷണാനുഭവം അക്കാദമിക ഭാഷാശേഷിക്ക് മുന്നുപാധിയാണ്. നിരന്തരമായ ഗവേഷണാനുഭവത്തെ പ്രാഥമികമായും ഉപജീവിക്കുന്ന ഭാഷാവിനിമയശേഷിയാണ് അക്കാദമികഭാഷയുടെ ചർച്ചാമണ്ഡലം. ഈ വിഷയത്തെക്കുറിച്ചുള്ള അധികവായനയ്ക്കായി ചില പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും ഒരു പട്ടിക അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## 2. അക്കാദമികഭാഷയുടെ ഭാഷാശാസ്ത്രതത്ത്വം

പ്രപഞ്ചത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും കേവലമായ സാമാന്യ അനുഭവത്തോടൊപ്പം തന്നെ സവിശേഷമായ ബഹുവിധ അനുഭവങ്ങൾ മനുഷ്യന് പ്രാതിഭാസികമായി സാധ്യമാണ്. ഇങ്ങനെ സാധ്യമാകുന്ന അനുഭവങ്ങൾ വിനിമയം ചെയ്യേണ്ടിവരുമ്പോഴാണ് അക്കാദമികഭാഷ ആവശ്യമായി വരുന്നത്. മതപരമായചില അതിഭൗതിക അനുഭവങ്ങളിൽനിന്നും സ്കിസോഫ്രെനിക്കായ ചില അസാധാരണ അനുഭവങ്ങളിൽനിന്നും ഭിന്നമാണിത്. ഭൂമി പരന്നതാണെന്ന സാമാന്യ അനുഭവത്തിൽനിന്നും ഭിന്നമായി ഭൂമി ഉരുണ്ടതാണെന്ന എർത്തോസ്തെനീസിന്റെ (192 ബി. സി.) അനുഭവം ഒരു സവിശേഷ അനുഭവമാണ്. ഈ അനുഭവത്തിലേക്ക് എർത്തോസ്തെനീസ് എത്തിയത് ഭൂമിയിൽ നിഴൽവീഴുന്നതിന്റെ ജ്യോമതീയമായ നിരീക്ഷണങ്ങളിലൂടെയാണ്. ഈ നിരീക്ഷണപരീക്ഷണങ്ങൾ എർത്തോസ്തെനീസിന് ചില സവിശേഷ അനുഭവങ്ങളെ സാധ്യമാക്കി. അതുകൊണ്ടുതന്നെ, ഈ സവിശേഷ അനുഭവങ്ങളിലൂടെ താൻ ഭൂമി ഉരുണ്ടതാണെന്ന നിഗമനത്തിലേക്ക് എങ്ങനെയെത്തി എന്ന് അന്യനെ അറിയിക്കുവാൻ വ്യത്യസ്തമായ ഒരു ഭാഷതന്നെ വേണ്ടിവന്നു. നിലവിലുള്ള ഭാഷയുടെ ചില സാധ്യതകളെ ഉപയോ

ഗിച്ചുകൊണ്ടാണ് അക്കാദമികമായ ഭാഷ ഭാഷയ്ക്കകത്തുതന്നെ സാധ്യമാകുന്നത്. സാധാരണഭാഷയിലെ രണ്ടു പ്രത്യേകതകളാണ് ഇതിനു സഹായിക്കുക.

ഒന്ന്: ഭാഷാവ്യാകരണത്തെ ലോകാനുസാരിയും വ്യവസ്ഥാപിതവുമാക്കുന്ന ഭാഷയിലെ യുക്തിഘടന (Logical structure of language).

രണ്ട്: സാമാന്യ ജീവനലോകത്തിൽനിന്നും ഭിന്നമായി വൈവിധ്യപൂർണമായ പ്രാതിഭാസിക അനുഭവങ്ങളെ വെളിപ്പെടുത്തുന്നതിനും വിനിമയം ചെയ്യുന്നതിനുമുള്ള ഭാഷയുടെ വെളിപ്പെടുത്തൽ ശേഷി (revealing nature).

### 2.1 ഭാഷയിലെ യുക്തിഘടന (Logical structure of language)

നിരവധി വാക്യങ്ങളെ നിർമ്മിക്കാൻ കഴിയുന്ന മനുഷ്യപ്രത്യേകമായ ഒരു വ്യവസ്ഥയാണ് ഭാഷ. ഈ വ്യവസ്ഥ പുറപ്പെടുവിക്കുന്നത് വാക്യങ്ങളാണ്. ഈ വാക്യങ്ങളാണ് നാം സാധാരണ അനുഭവങ്ങളെ വിനിമയം ചെയ്യാനും അക്കാദമിക അനുഭവങ്ങളെ വിനിമയം ചെയ്യാനും ഉപയോഗിക്കുക. സാധാരണ അനുഭവങ്ങൾ വിനിമയം ചെയ്യാനുപയോഗിക്കുന്ന വാക്യങ്ങളിൽനിന്നും കുറെയൊക്കെ ഭിന്നമാണ് അക്കാദമിക വ്യവഹാരത്തിൽ ഉപയോഗിക്കുന്ന വാക്യങ്ങൾ. ഈ വ്യത്യാസം മനസ്സിലാക്കുന്നതിനായി പ്രസ്താവന (statement) എന്ന മറ്റൊരു സങ്കല്പംകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. സാധാരണ വാക്യങ്ങളെ അപേക്ഷിച്ച് പ്രസ്താവനകൾക്ക് സത്യസാധ്യതാമൂല്യം (truth value) കൂടുതലാണ്. അതായത്, എല്ലാ പ്രസ്താവനകളും വാക്യങ്ങളാണ്. എന്നാൽ എല്ലാ വാക്യങ്ങളും പ്രസ്താവനകളല്ല.

ഉദാഹരണമായി, 'ഇന്നു മഴ പെയ്തേക്കും' എന്നത് ഒരു സാധാരണ വാക്യം മാത്രമാണ്. എന്നാൽ, 'തെക്കു മഴക്കാറുണ്ടെങ്കിൽ മഴ പെയ്യും' എന്നത് ഒരു പ്രസ്താവനയാണ്. ഇവിടെ 'തെക്ക് മഴക്കാറ് ഉണ്ട്' എന്ന കാരണത്തെ മഴ പെയ്യും എന്ന കാര്യവുമായി ഒരു യുക്തിയോജകം(1) (logical connector) വഴി ബന്ധിപ്പിച്ചിരിക്കുകയാണ്. തത്ത്വശാസ്ത്രത്തിൽ ഇത്തരത്തിലുള്ള വാക്യങ്ങളെ സോപാധിക പ്രസ്താവന (conditional statement) എന്നാണു പറയുന്നത്. അക്കാദമിക വ്യവഹാരങ്ങളിൽ പൊതുവേ ഉപയോഗിക്കപ്പെടുന്നത് ഏറെയും ഇത്തരത്തിലുള്ള പ്രസ്താവനകളാണ്. പ്രസ്താവനകളെ ഭാഷയിൽ സാധ്യമാക്കുന്നത് കാരണത്തെയും കാര്യത്തെയും ബന്ധിപ്പിക്കാനുള്ള ഭാഷയിലെ തന്നെ യുക്തിഘടനയാണ്. ഭാഷയിലെ ഈ യുക്തിഘടന സാമാന്യ വ്യവഹാരത്തിൽ എല്ലായ്പോഴും പ്രകടമാകണമെന്നില്ല. കാരണം യുക്തിഘടനയേക്കാൾ ഭാഷയിൽ പ്രകടസ്വഭാവമുള്ളത് ഭാഷയിലെ വ്യാകരണ

ഘടനക്കാണ്. അതായത്, യുക്തിപരമായ കർത്താവിന്റെയും കർമ്മത്തിന്റെയും ക്രിയയുടെയും സ്ഥാനത്തു തന്നെയാകണമെന്നില്ല വ്യാകരണപരമായ കർത്താവും കർമ്മവും ക്രിയയും വരിക. താഴെ കൊടുത്തിരിക്കുന്ന ഉദാഹരണം ശ്രദ്ധിക്കുക.

അർത്ഥം: അനിത പുവ് പറിച്ചു.
അനിതയാൽ പറിക്കപ്പെട്ട പൂവ്.
പൂവ് അനിതയാൽ പറിക്കപ്പെട്ടു.



പൂവ് (*വ്യാകരണപരമായ കർത്താവ്)*
അനിത (*വ്യാകരണപരമായ കർമ്മം*)
വ്യാകരണഘടന: പറിച്ചു (*വ്യാകരണപരമായ ക്രിയ*)



അനിത (*യുക്തിപരമായ കർത്താവ്)*
പൂവ് (*യുക്തിപരമായ കർമ്മം*)
യുക്തിഘടന: പറിച്ചു (*യുക്തിപരമായ ക്രിയ*)



യാഥാർത്ഥ്യം: അനിത - പൂവ് - പറിച്ചു.

ഇവിടെ യാഥാർത്ഥ്യത്തിലും അർത്ഥത്തിലും ഇടയിൽ നിരവധി വ്യാഖ്യാനങ്ങൾക്കു വഴിയൊരുക്കുന്ന ഭാഷാഘടനയുണ്ട്. ഈ ഭാഷാഘടനയുപയോഗിച്ചുതന്നെ വേണം ശാസ്ത്രജ്ഞൻ തന്റെ പ്രത്യേക അനുഭവത്തെ വിനിമയം ചെയ്യേണ്ടത്. ഭാഷയിലെ യുക്തിപരമായ ഘടനയും വ്യാകരണപരമായ ഘടനയും എല്ലായ്പോഴും ഒന്നായിക്കൊള്ളണമെന്നില്ല. അതായത്, ഏതുതരം യാഥാർത്ഥ്യത്തെയും നിലവിലുള്ള യുക്തിബോധത്തിന് അതീതമായ ഭാഷയിലൂടെ വിനിമയം ചെയ്യാൻ വ്യാകരണപരമായി ഭാഷ സജ്ജമാണ്. ഭാഷയിലെ ഈ സവിശേഷതമൂലമാണ് അക്കാദമികഭാഷ സാധ്യമാകുന്നത്. അതുകൊണ്ടാണ്, 'നിറമില്ലാത്ത പച്ച ആശയങ്ങൾ രോഷത്തോടെ ഉറങ്ങുന്നു' എന്നു വ്യാകരണപരമായി ശരിയായതും അർഥപരമായി ശരിയല്ലാത്തതുമായ ഒരു വാക്യം മലയാളത്തിൽ സാധ്യമാകുന്നത്. ഇത്തരത്തിലുള്ള ഒരു സാധ്യത നിലവിലുള്ളപ്പോഴും ഭാഷയിലെ യുക്തിഘടനയും വ്യാകരണഘടനയും തമ്മിലുള്ള പൂർണ്ണമായ ഒരു വഴിപിരിയൽ അക്കാദമികഭാഷയെ വികലമാക്കും. ശാസ്ത്രജ്ഞൻ അനുഭവിച്ച ഒരു അനുഭവം; അതായത്, നിലവിലുള്ള സാമാന്യയുക്തിയെ ലംഘിക്കുന്ന അനുഭവം ഭാഷയിലൂടെ പ്രകടിപ്പി

ക്കുന്നതിന്, ഭാഷായുക്തി ഘടനയെയും ഭാഷയുടെ വ്യാകരണഘടനയെയും അക്കാദമി വ്യവഹാരത്തിൽ നമുക്ക് ഉപയോഗിക്കേണ്ടതുണ്ട്. ഭാഷയുടെ സാമാന്യയുക്തിയെ അതിലംഘിക്കുന്ന ആപേക്ഷികത തുടങ്ങിയ പ്രത്യേക ശാസ്ത്രീയ അനുഭവങ്ങൾ വിനിമയം ചെയ്യേണ്ടി വരുമ്പോൾ ഇതൊരു സങ്കീർണ്ണ പ്രശ്നമാണ്. ഇത്തരം ഒരു അനുഭവത്തിന്റെ ആധിക്യത്തിലാണ് ഗ്രീക്ക് പണ്ഡിതനായിരുന്ന ആർക്കമഡീസ് 'യുറീക്കാ, യുറീക്കാ' എന്നു പറഞ്ഞുകൊണ്ട് ഓടിയത്.(2) അനുഭവത്തിന്റെ യുക്തിഘടന പ്രജ്ഞയിൽത്തന്നെ വികലമാക്കപ്പെട്ട മനോരോഗിക്കും സാമാന്യ അനുഭവത്തിൽനിന്നും ഭിന്നമായ പ്രാപഞ്ചികഘടനയെ അനുഭവിക്കേണ്ടിവരുന്ന ശാസ്ത്രജ്ഞനും നേരിടുന്ന ഒരു ഭാഷാപ്രശ്നമാണിത്. മനോരോഗിയെ സംബന്ധിച്ചിടത്തോളം വികലമായ ആ അനുഭവത്തിൽനിന്നും പുറത്തുവരാൻ അയാൾക്കു കഴിയില്ല. എന്നാൽ ശാസ്ത്രജ്ഞൻ ബോധപൂർവമായ ഒരു ശ്രമത്തിലൂടെയാണ് അത്തരം ഒരു അനുഭവത്തിലേക്കു കടക്കുന്നത്. അതുകൊണ്ട് ശാസ്ത്രജ്ഞന് ആ അനുഭവത്തിൽനിന്നും പുറത്തുവരാനും ആ അനുഭവത്തെ പിന്നീടു രേഖപ്പെടുത്താനും സാധാരണഭാഷയിലൂടെ വിനിമയം ചെയ്യാനും കഴിയുന്നു. ഇതിനർത്ഥം, ശാസ്ത്രാനുഭവം ഒരു മനോവിഭ്രാന്തി ആണെന്നല്ല. ശാസ്ത്രാനുഭവത്തെയും മനോവിഭ്രാന്തി അനുഭവത്തെയും വ്യത്യസ്തമാക്കുന്ന പ്രധാന പ്രത്യേകത ശാസ്ത്രാനുഭവം അന്യനുകൂടി പ്രാപ്യം ആകുന്നു എന്നാണ്. എന്നാൽ മനോവിഭ്രാന്തിയുടെയും മിസ്റ്റിസിസത്തിന്റെയും അനുഭവം അത്തരത്തിലുള്ള അനുഭവത്തെ സാധ്യമാക്കിയ ഭൗതിക സാഹചര്യങ്ങൾ ആഭ്യന്തരമായും ബാഹ്യമായും ഉണ്ടാകാതെ അപരനു പ്രാപ്യമാവുകയില്ല. ഇത്തരത്തിലുള്ള പ്രത്യേക അനുഭവത്തെ രേഖപ്പെടുത്തുന്നത് ഭാഷയിലൂടെയാണ്. ഈ ഭാഷയാണ് അക്കാദമികഭാഷ. അതായത്, ശാസ്ത്രജ്ഞനു കഴിയുന്നതും ഭ്രാന്തനു കഴിയാത്തതുമാണ് അക്കാദമികഭാഷ. അതുകൊണ്ട്, ഒരു ശാസ്ത്രജ്ഞനെ ഭ്രാന്തനായി തെറ്റിദ്ധരിക്കപ്പെടാനുള്ള സാധ്യത കൂടുതലാണ്. അങ്ങനെ തെറ്റിദ്ധരിക്കപ്പെടാതെ ഇരിക്കണമെങ്കിൽ അക്കാദമീഷ്യർക്ക് അക്കാദമികഭാഷയിൽ അനിതരസാധാരണമായ നിയന്ത്രണം ഉണ്ടാകണം. അതിനായി സാധാരണഭാഷയിൽത്തന്നെ അക്കാദമികഭാഷ എങ്ങനെയാണ് സങ്കേതപ്പെടുത്തിയിരിക്കുന്നത് എന്ന് പ്രാഥമികമായി പരിശോധിക്കേണ്ടതുണ്ട്.

## 3. അക്കാദമികഭാഷയിലെ സങ്കേതങ്ങൾ

അക്കാദമികഭാഷ ഒരു ഭാഷഭേദമല്ല. സാധാരണ തെറ്റിദ്ധരിക്കാവുന്നതുപോലെ അതൊരു തൊഴിൽഭാഷയുമല്ല. ഭാഷയുടെ ഒരു പ്രത്യേക അവസ്ഥയാണ് അക്കാദമികഭാഷ. മനുഷ്യാനുഭവത്തിന്റെ വിവിധ സാധ്യതകളുടെ

പ്രതിനിധീകരണവുമായി ബന്ധപ്പെട്ടാണ് അക്കാദമികഭാഷ വ്യത്യാസപ്പെടുന്നത്. താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം ശ്രദ്ധിക്കുക. ഇവിടെ ലംബമാനമായുള്ളത് മനുഷ്യാനുഭവത്തിന്റെ വിവിധ തലങ്ങളാണ്. രേഖീയമായുള്ളത് മനുഷ്യാനുഭവത്തിന്റെ വൈവിധ്യങ്ങളാണ്. ഓരോ അനുഭവസാധ്യതയും ഓരോതരം അക്കാദമികഭാഷയിലൂടെയാണ് സാധാരണ ഭാഷാവ്യവഹാരത്തിലേക്ക് എത്തുന്നത്. അനുഭവത്തിന്റെ ആഴത്തിന്റെയും വൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ അക്കാദമികഭാഷ സാധാരണഭാഷയിൽനിന്നും പലതരത്തിൽ വ്യത്യസ്തമാകുന്നു.




**പ്രത്യേകമായ അനുഭവത്തിനും സാധാരണഭാഷയ്ക്കും ഇടയ്ക്ക് അക്കാദമികഭാഷയുടെ സ്ഥാനം.** പ്രത്യേകമായ അനുഭവം സാധാരണഭാഷയിൽ വിനിമയം ചെയ്യാൻ കഴിയില്ല. അതിനാൽ ഗവേഷണാനുഭവത്തെ വിനിമയം ചെയ്യാൻ സാധാരണഭാഷയുടെതന്നെ മുമ്പു സൂചിപ്പിച്ച സാധ്യതകളെ അക്കാദമിഷ്യന് ഉപയോഗിക്കേണ്ടിയിരിക്കുന്നു. അക്കാദമിക ഗവേഷണം എന്നപോലെതന്നെ വളരെ പ്രത്യേകമായ ഒരു കഴിവ് ഇതിനാവശ്യമാണ്. ഇത് കേവലമായ ഭാഷാവിനിമയശേഷി മാത്രമല്ല താനനുഭവിച്ച സവിശേഷമായ അനുഭവത്തെ സ്വാഭാവികമായ അനുഭവത്തിന്റെ യുക്തിയെ അടിസ്ഥാനമാക്കിയ വ്യാകരണവ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ഭാഷയെ ഉപയോഗിച്ച് വിനിമയം ചെയ്യൽ കൂടിയാണ്. ഇങ്ങനെ ഭാഷയെ പ്രത്യേകമായ അനുഭവത്തിന്റെ വിനിമയത്തിനായി ഉപയോഗിക്കുമ്പോൾ ഭാഷ അസാധാരണമാകുന്നു.

ഇത്തരത്തിലുള്ള അസാധാരണമായ ഒരു ഭാഷാരൂപമാണ് സാഹിത്യഭാഷ. സാഹിത്യഭാഷയിൽ വിനിമയം ചെയ്യപ്പെടുന്ന പ്രത്യേക അനുഭവം കഥാപാത്രങ്ങളിലൂടെയാണു വിനിമയം ചെയ്യുന്നത്. അതായത്, എഴുത്തുകാരന്റെ പ്രത്യേകമായ അനുഭവത്തെ വിനിമയം ചെയ്യാൻ എഴുത്തുകാരന് നിരവധി കഥാപാത്രങ്ങളെ സൃഷ്ടിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്.(4) അങ്ങനെ ഈ കഥാപാത്രങ്ങളെല്ലാം ചേർന്ന് എഴുത്തുകാരന്റെ പ്രത്യേക അനുഭവത്തിന്റെ വിനിമയദൗത്യം ഭംഗിയായി നിർവഹിക്കുന്നു. മാത്രമല്ല, സാഹിത്യഭാഷ വായനക്കാരന്റെ വ്യാഖ്യാനത്തിന്റെയും വ്യാഖ്യാനഫലമായി ഉണ്ടാകുന്ന നിരവധി അർത്ഥങ്ങളുടെയും സാധ്യതകളെ അനുവദിക്കുന്നു. വായനക്കാരന്റെ വ്യാഖ്യാനസ്വാതന്ത്ര്യമാണ് എഴുത്തുകാരനെ ഒരു പരിധിവരെ എഴുത്തിൽ സ്വതന്ത്രമാക്കുന്നത്. സാഹിത്യകാരൻ സാഹിത്യകൃതിയിലൂടെ വരച്ചുകാണിക്കുന്ന അനുഭവത്തിലേക്ക് താൻ എങ്ങനെയെത്തി എന്ന് വായനക്കാരനെ ബോധ്യപ്പെടുത്തേണ്ടതില്ല എന്നതാണ് സാഹിത്യവ്യവഹാരത്തിന്റെ ഏറ്റവും വലിയ സ്വാതന്ത്ര്യം. എന്നാൽ ശാസ്ത്രീയ വിനിമയത്തിൽ അങ്ങനെയല്ല. ഒരു ശാസ്ത്രജ്ഞൻ പ്രത്യേക അനുഭവത്തിലേക്ക് എങ്ങനെയെത്തി എന്നും ആ അനുഭവം വായനക്കാരനുകൂടി എങ്ങനെ ലഭ്യമാക്കാമെന്നും ശാസ്ത്രജ്ഞൻ വിശദീകരിക്കേണ്ടിയിരിക്കുന്നു. അതിനാൽ സാഹിത്യകാരന്റെ നവ്യാനുഭവവിനിമയത്തിൽനിന്നും ഭിന്നമാണ് അക്കാദമിക വ്യവഹാരം. അതായത്, വളരെ പരിമിതികൾ ഉള്ളതാണ് അക്കാദമികഭാഷ. അക്കാദമീഷ്യന് ഉദ്ദേശിക്കുന്ന കാര്യംതന്നെ വായനക്കാരനു മനസ്സിലാകത്തക്ക തരത്തിൽ ഭാഷയെ നിബന്ധീകരിക്കേണ്ടതുണ്ട്. ഈ നിബന്ധനകളാണ് അക്കാദമികഭാഷയുടെ സങ്കേതങ്ങളെ നിർണ്ണയിക്കുന്നത്. അക്കാദമികഭാഷയിലെ പ്രാഥമികമായ രണ്ടു സങ്കേതങ്ങളെ താഴെ ചർച്ച ചെയ്യുന്നു.

### 3.1 ദ്വന്ദ്വാനുഭവസമീകരണം

(Neutralization of duality of experience)

ഗവേഷണാനുഭവത്തിന്റെ വിനിമയത്തിനായി ഗവേഷകൻ സാധാരണഭാഷ ഉപയോഗിച്ചു നടത്തുന്ന വിനിമയപ്രയോഗത്തിലൂടെ രൂപപ്പെടുന്ന ഭാഷയുടെതന്നെ മറ്റൊരവസ്ഥയാണ് അക്കാദമികഭാഷ. അക്കാദമികഭാഷാവിനിമയത്തിൽ രണ്ടു ഘടകങ്ങളുണ്ട്. ഒന്ന്, അന്വേഷകന്റെ പ്രത്യേക അനുഭവം (specific experience). രണ്ട്, ഈ അനുഭവം അറിയിക്കേണ്ടിയിരിക്കുന്ന അപരന്റെ സാമാന്യ അനുഭവം (common experience). രണ്ടിനും ഇടയിൽ സാമാന്യ അനുഭവത്തിന്റെ യുക്തിയെ അടിസ്ഥാനമാക്കിയ സാധാരണഭാഷ (common language). അക്കാദമിഷ്യൻ ഇങ്ങനെ രണ്ടുതരം അനുഭവങ്ങളെ നേരിടുന്നു. ഇതിൽ പ്രത്യേക അനുഭവത്തിനാണ് പ്രാമുഖ്യം. എന്നാൽ ഭാഷയിൽ പ്രാമുഖ്യമുള്ളത് സാധാരണ അനുഭവത്തിനും. അന്വേഷകന്റെ പ്രത്യേക

അനുഭവത്തെ സാധാരണ അനുഭവത്തിനു പ്രാമുഖ്യമുള്ള ഭാഷ ഉപയോഗിച്ച് എങ്ങനെ വിനിമയം ചെയ്യും? ഉദാഹരണമായി വെള്ളം നിറച്ച ഒരു ബക്കറ്റിൽ നിങ്ങൾ കൈ മുക്കി നോക്കുന്നു എന്നിരിക്കട്ടെ. ആർക്കും ഇന്നുവരെ അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു പുതിയ സ്പർശനാനുഭവം നിങ്ങൾക്ക് ഉണ്ടാകുന്നെന്നിരിക്കട്ടെ. ആ അനുഭവത്തെ നിങ്ങളെങ്ങനെ അപരനോടു വിനിമയം ചെയ്യും? ഒറ്റ മാർഗ്ഗമേയുള്ളു. പുതിയ ഒരു വാക്കു പ്രയോഗിക്കുക. എന്നാൽ ആ വാക്ക് അന്യന് മനസ്സിലാവുകയും ചെയ്യണം. ഇങ്ങനെ രൂപപ്പെട്ട നിരവധി വാക്കുകളാണ് ശാസ്ത്രത്തിലെ സങ്കല്പനങ്ങളും (concepts) സാങ്കേതികപദങ്ങളും (terminologies). സാധാരണഭാഷയിലെ പദനിർമ്മാണസാധ്യതയെ ഉപയോഗപ്പെടുത്തി പുതിയ വാക്കുകൾ ഉണ്ടാക്കിയോ, നിലവിലുള്ള പദങ്ങൾക്കു പുതിയ അർത്ഥം കൊടുത്തോ ആണ് ശാസ്ത്രത്തിലെ എല്ലാ സങ്കല്പനങ്ങളും സാങ്കേതികപദങ്ങളും ഉണ്ടായത്. പുതുതായി ഉണ്ടാക്കിയ ഒരു പദമോ പുതിയ അർത്ഥത്തിലുപയോഗിച്ചുതുടങ്ങിയ ഒരു പദമോ ഒരു സങ്കല്പനമോ സാങ്കേതികപദമോ ആയി ഉയരണമെങ്കിൽ അത് ആദ്യം ആ അക്കാദമികസമൂഹം അംഗീകരിക്കേണ്ടതുണ്ട്. അതിനായി ആ അനുഭവം എങ്ങനെയാണ് തനിക്കുണ്ടായതെന്നും അതേ അനുഭവം അക്കാദമികസമൂഹത്തിലെ മറ്റുള്ളവർക്കും എങ്ങനെ അനുഭവിക്കാൻ കഴിയും എന്ന് ആഭ്യന്തരമായി വിനിമയം ചെയ്യേണ്ടതുണ്ട്. അങ്ങനെയുള്ള വിനിമയത്തിലൂടെയും സമ്മതത്തിലൂടെയുമാണ് ഒരു പഠനവിഷയത്തിൽ പുതിയ സങ്കല്പനങ്ങളും സാങ്കേതികപദങ്ങളും ഉണ്ടാകുന്നത്. അതായത്, ദ്വന്ദ്വാനുഭവത്തെ ഇല്ലാതാക്കി ഏകാനുഭവം ഉണ്ടാക്കിക്കൊടുക്കുകയാണ് സങ്കല്പനങ്ങളും സാങ്കേതികപദങ്ങളും ചെയ്യുക. ദ്വന്ദ്വാനുഭവങ്ങളുടെ സമീകരണമാണ് അക്കാദമിക സങ്കല്പനങ്ങളുടെ ധർമ്മം. ചുരുക്കത്തിൽ, സങ്കല്പനങ്ങളും സാങ്കേതികപദങ്ങളുമാണ് അക്കാദമിക ഭാഷയിലെ പ്രാഥമിക സങ്കേതനം.

സാഹിത്യഗവേഷണത്തിൽ ഇങ്ങനെ നിരവധി സങ്കല്പനങ്ങൾ ഉണ്ടാകാറുണ്ട്. സാധാരണ പാരായണാനുഭവത്തിൽനിന്നും ഭിന്നമാണ് സാഹിത്യഗവേഷകന്റെ വായനാനുഭവം. ഇങ്ങനെ, പ്രത്യേകമായ അനുഭവത്തിലൂടെ കൃതി വായിക്കുമ്പോൾ വെളിവാകുന്ന അനുഭവങ്ങളെ വെളിപ്പെടുത്താൻ സങ്കല്പനങ്ങൾ ആവശ്യമായി വരും. ഇതരവിഷയങ്ങളിൽ രൂപപ്പെടുന്ന സങ്കല്പനങ്ങളും സങ്കേതങ്ങളും  ഉപയോഗിച്ച് സാഹിത്യകൃതിയെ വായിക്കാൻ ശ്രമിക്കുന്നത് ഒരു തരത്തിലും മൗലിക സാഹിത്യനിരൂപണമാകില്ല. അതുകൊണ്ടുതന്നെ ഇതരവിഷയങ്ങളിൽ രൂപപ്പെട്ടിട്ടുള്ള സങ്കല്പനങ്ങളും സങ്കേതങ്ങളും  സാഹിത്യഗവേഷണത്തിൽ  വളരെ ശ്രദ്ധിച്ചുവേണം ഉപയോഗിക്കേണ്ടത്. പലപ്പോഴും ഈ പ്രവണത ഓരോ ഭാഷാസമൂഹത്തി

ലെയും സാഹിത്യത്തിലുള്ള മൗലിക ഗവേഷണങ്ങളുടെ വളർച്ചയ്ക്ക് തടസ്സമാകും. മലയാള സാഹിത്യഗവേഷണത്തിൽ ഈ അടുത്തകാലത്തു മൗലികമായി വെളിവായ ഒരു സങ്കല്പനമാണ് വിപരിണാമം എന്നത്. ടി. ഡി. രാമകൃഷ്ണന്റെ *ഫ്രാൻസിസ് ഇട്ടിക്കോര* എന്ന നോവലിനെക്കുറിച്ചുള്ള പഠനത്തിലാണ് ആഷാമേനോൻ വിപരിണാമം എന്ന സങ്കല്പം ഉപയോഗിച്ചത് (ആഷാമേനോൻ 2009: 5-16). ജൈവശാസ്ത്രജ്ഞനായ ചാൾസ് ഡാർവിൻ ജീവവർഗ്ഗത്തിന്റെ ഉല്പത്തി തേടിയുള്ള ലോകസഞ്ചാരഅനുഭവത്തിലാണ് പരിണാമം എന്ന സങ്കല്പം അവതരിപ്പിച്ചത്. എന്നാൽ *ഫ്രാൻസിസ് ഇട്ടിക്കോര* എന്ന നോവലിന്റെ പ്രത്യേകമായ വായനാനുഭവത്തിലൂടെ ആഷാമേനോൻ ഇങ്ങനെ സൂചിപ്പിക്കുന്നു: 'ആപത്കരമായ ഒരു പരിണാമത്തിന്റെ ദുസ്സൂചനകൂടിയാണത്. വിപരിണാമം മലയാള സാഹിത്യഗവേഷണത്തിലെ ഏറ്റവും മൗലികമായ ഒരു സങ്കല്പമാണ്. മനുഷ്യനാഗരികത കടന്നുപോയ പരിണാമം എന്ന ഗുണപരമായ അവസ്ഥയിൽനിന്നും മനുഷ്യരാശി തിരിച്ചു നടക്കുന്ന അത്യന്തം ആപത്കരമായ ഒരവസ്ഥയെയാണ് ആഷാമേനോൻ വിപരിണാമം എന്ന സങ്ക്ലപനത്തിലൂടെ അവതരിപ്പിക്കുന്നത്. ഇത്തരത്തിലുള്ള സങ്കല്പനപനിർമ്മാണം സാഹിത്യഗവേഷണത്തിൽ അപൂർവ്വമാണ്. അതിനാൽ ഈ സങ്കലപ്നത്തെ മലയാള സാഹിത്യഗവേഷണത്തിലെ ഒരു തനതായ സങ്കല്പനമായി കരുതാം.' സമാനമായ ഒരു മൗലിക സങ്കല്പനമാണ് രാഘവൻ പയ്യനാട് (1998) തെയ്യത്തെക്കുറിച്ച് വെളിപ്പെടുത്തിയ പരാതത്ത്വം എന്നഫോക്‌ലോർ സങ്കല്പനം. ഇതു കാണിക്കുന്നത് മലയാള സാഹിത്യ-സാംസ്കാരിക ഗവേഷണത്തിൽ ഒരു അക്കാദമികഭാഷ രൂപപ്പെടുന്നു എന്നാണ്.

### 3.2 പരപൂർവ്വയുക്തി സമന്വയം

(Convergence a prioric and posterioric logic)

ശാസ്ത്രജ്ഞരുൾപ്പെടയുള്ള സാധാരണജനം ജീവിക്കുന്നത് സ്വാഭാവികലോകത്ത് അനുഭവിക്കാൻ കഴിയുന്ന സാധാരണ യുക്തിയുടെ അടിസ്ഥാനത്തിലാണ്. ഈ സാധാരണ യുക്തിയുടെ അടിസ്ഥാനത്തിലാണ് സാധാരണഭാഷാവ്യവഹാരത്തിന്റെ വ്യാകരണവും വ്യവസ്ഥീകരിച്ചിട്ടുള്ളത്. എന്നാൽ ഗവേഷണഫലമായി ഉണ്ടാകുന്ന പ്രത്യേകമായ അനുഭവങ്ങൾ ചിലപ്പോൾ സ്വാഭാവികമായ യുക്തിഘടനയിൽനിന്നും ഭിന്നമായിരിക്കും. സ്വാഭാവികമായതും സാധാരണ അനുഭവത്തെ അടിസ്ഥാനമാക്കിയതുമായ യുക്തിയെ പൂർവയുക്തിഘടന(a prioric logic)യെന്നും പ്രത്യേകമായ അനുഭവത്തെ അടിസ്ഥാനമാക്കുന്ന യുക്തിയെ പരയുക്തിഘടന(posteriori logic)യെന്നും പറയാം. ശാസ്ത്രീയ അനുഭവത്തിന് വിനിമയം ചെയ്യേണ്ടത് പരയുക്തിയെയാണ്. എന്നാൽ സാധാരണഭാഷ പൂർവ്വയുക്തിയെ അടിസ്ഥാനമാക്കിയാണ്

വ്യവസ്ഥീകരിച്ചിരിക്കുന്നത്. ഇവിടെ ശാസ്ത്രജ്ഞൻ പൂർവ്വയുക്തിയെ അടിസ്ഥാനമാക്കിയ ഭാഷയെ അതിവർത്തിക്കേണ്ടിവരുന്നു. അങ്ങനെയാണ് ഭാഷയ്ക്കു പകരം സമവാക്യങ്ങളെ (formula) ഉപയോഗിക്കേണ്ടിവരുന്നത്. അനുഭവങ്ങളെ രേഖപ്പെടുത്താൻ സമവാക്യങ്ങൾ ഉപയോഗിക്കുകയും അവയെ അക്കാദമിക ഭാഷയിൽ പിന്നീടു വിശദീകരിക്കുകയും ചെയ്യുന്നു. സമവാക്യങ്ങളിൽ ഭാഷാഘടകങ്ങൾക്കു പകരം ഗണിത, ബീജ ചിഹ്നങ്ങളും ഉപയോഗിക്കുന്നു. ഇതിന് ഉത്തമഉദാഹരണമാണ് പിണ്ഡം ഊർജ്ജമായി മാറാം എന്ന ഐൻസ്റ്റീന്റെ സിദ്ധാന്തം. ഈ അനുഭവം ഐൻസ്റ്റീൻ രേഖപ്പെടുത്തിയത് E = MC2 എന്നാണ്. ഓരോ കണികയിലും അനതിസാധാരണമായ ഊർജ്ജം ഉള്ളടങ്ങിയിരിക്കുന്നു എന്ന അനുഭവം അതിന് തുല്യമായ മറ്റൊരു ഭൗതികാനുഭവമായി മാത്രമേ രേഖപ്പെടുത്താൻ കഴിയൂ. ഭൗതികപിണ്ഡത്തിന്റെ അസാധാരണമായ ഈ അനുഭവത്തെ ഊർജ്ജമെന്ന മറ്റൊരനുഭവംകൊണ്ടു മാത്രമേ രേഖപ്പെടുത്താൻ കഴിയൂ. രണ്ടിന്റെയും അസ്തിത്വത്തെ ഭാഷയുടെ സാമാന്യയുക്തികൊണ്ട് പ്രതിനിധീകരിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഐൻസ്റ്റീന് ഭാഷയ്ക്കു പകരം സമവാക്യമെന്ന ഭാഷേതരരേഖപ്പെടുത്തലിനെ ആശ്രയിക്കേണ്ടിവന്നത്. അസാധാരണമായ അനുഭവങ്ങളെ വെളിവാക്കുന്ന മിക്ക ശാസ്ത്രവിഷയങ്ങളിലും ഇങ്ങനെ സമവാക്യങ്ങളിലാണ് അനുഭവങ്ങൾ രേഖപ്പെടുത്തുന്നത്. ഈ രേഖപ്പെടുത്തൽ സാധാരണഭാഷയുടെ യുക്തിയിൽ പ്രതിനിധീകരിക്കാൻ കഴിയാത്ത പ്രത്യേക അനുഭവത്തിനും അക്കാദമികഭാഷയ്ക്കും ഇടയിലുള്ള യുക്തിയുടെ ഒരു പാലമാണ്. സാമാന്യയുക്തിക്ക് അതീതമായ അനുഭവത്തിനും അക്കാദമികഭാഷയ്ക്കും ഇടയിലാണ് ഈ സമവാക്യ സങ്കേതം പ്രവർത്തിക്കുന്നത്.

## 4. അക്കാദമികഭാഷയുടെ പ്രയോഗം

ഇതുവരെയുള്ള ഭാഗങ്ങളിൽ നമ്മൾ ചർച്ച ചെയ്തത് അക്കാദമിക ഭാഷയുടെ താത്ത്വികവും സാങ്കേതികവുമായ കാര്യങ്ങളായിരുന്നു. ഇനി നമുക്കു ചർച്ച ചെയ്യേണ്ടത് മലയാളഭാഷ അക്കാദമികമായി പ്രയോഗിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങളും ആ പ്രായോഗിക നിർദ്ദേശങ്ങളിലേക്ക് എങ്ങനെ എത്തി എന്നുമാണ്. ഇതുവരെയുള്ള ചർച്ചകളിൽനിന്നും വ്യക്തമാകുന്നത് അക്കാദമികഭാഷ എന്നാൽ ഭാഷയിലെതന്നെ ഒരു അവസ്ഥ ആണെന്നാണ്. ഓരോ വിഷയത്തിന്റെയും അക്കാദമികഭാഷ അതാതു വിഷയത്തിന്റെ പ്രത്യേക അനുഭവങ്ങളുമായി ബന്ധപ്പെട്ട് വ്യത്യസ്ത സ്വഭാവത്തിലായിരിക്കും. അതിനാൽ അക്കാദമികമായ ഭാഷാപ്രയോഗത്തിന് പൊതുവായ മാനദണ്ഡങ്ങൾ നിശ്ചയിക്കുക പ്രയാസമാണ്. സ്ഥലം, കാലം തുടങ്ങിയ അടിസ്ഥാന പ്രാതിഭാസിക അനുഭവങ്ങളെ അതിലംഘിക്കുന്ന ഭൗതി

കശാസ്ത്രത്തിന്റെ അക്കാദമികഭാഷയുടെ സ്വഭാവം ആയിരിക്കുകയില്ല ഇതര സാമൂഹിക-മാനവികശാസ്ത്രങ്ങളുടേത്. അഞ്ചു നിർദ്ദേശങ്ങളാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. നിർദ്ദേശങ്ങൾ ആദ്യം അവതരിപ്പിക്കുന്നു. തുടർന്ന് അവയെ വിശദീകരിക്കുന്നു. ഈ നിർദ്ദേശങ്ങളിലേക്ക് എത്തുന്നതിന് നിദാന മായ ചില വാക്യങ്ങളെ മലയാളത്തിൽ എഴുതപ്പെട്ട അക്കാദമിക ലേഖനങ്ങ ളിൽനിന്നും ശേഖരിച്ച് അവതരിപ്പിക്കുകയും തുടർന്ന് ആ വാക്യങ്ങളെ വിശ ദീകരിച്ച് അവയിലെ പ്രശ്നങ്ങളെ ഭാഷാശാസ്ത്രപരമായി കണ്ടെത്തുകയും ചെയ്യുന്ന രീതിയാണു സ്വീകരിച്ചിട്ടുള്ളത്.

## 4.1 അക്കാദമികഭാഷയിൽ വ്യാഖ്യാനത്തിന്റെ സാധ്യത പരമാവധി കുറക്കണം

അക്കാദമികഭാഷയിലെ വ്യാഖ്യാനത്തിന്റെ സാധ്യത രണ്ടുതരത്തിലുള്ള പ്രശ്നങ്ങളാണുണ്ടാക്കുക. ഒന്ന്, അർത്ഥരാഹിത്യം. രണ്ട്, ഉഭയാർത്ഥം.

### 4.1.1 അർത്ഥരാഹിത്യം

ഞാൻ ഉദ്ദേശിച്ചത് അങ്ങനെയല്ല എന്ന് എഴുതിയ ആളിനുതന്നെ പറ യേണ്ടിവരികയും ഓരോ സന്ദർഭത്തിലും താനെഴുതിയത് വായിക്കപ്പെടു മ്പോൾ ഞാനിങ്ങനെയാണ് ഉദ്ദേശിച്ചതെന്ന് വിശദീകരിക്കേണ്ടിവരികയും ചെയ്യുന്ന ഒരുവസ്ഥയാണിത്.

### 4.1.2 ഉഭയാർത്ഥം

എഴുതിയ കാര്യങ്ങൾ ഒന്നിലധികം അർത്ഥങ്ങളെ വിനിമയം ചെയ്യുന്ന അവസ്ഥയാണിത്.

ശാസ്ത്രീയ അനുഭവത്തെ വിനിമയം ചെയ്യുമ്പോൾ അക്കാദമികഭാ ഷയിൽ വ്യാഖ്യാനത്തിന്റെ സാധ്യത പൂർണ്ണമായും ഒഴിവാക്കണം. ഞാനി ങ്ങനെയാണ് ഉദ്ദേശിച്ചത് താനെഴുതിയതിനെക്കുറിച്ച് പിന്നീട് എഴുതേണ്ടി യും പറയേണ്ടിയും വരുന്നത് അക്കാദമീഷ്യന്മാരുടെ ആർജ്ജവത്തിനു ചേർ ന്നതല്ല. അതിനാൽ നിങ്ങളെഴുതുന്ന ഓരോ വാക്കും നിങ്ങളുടെ ഗവേഷ ണത്തിലെ അനുഭവത്തെയോ മനനത്തെയോ പ്രതിനിധീകരിക്കുന്നത് ആയി രിക്കണം. പ്രാതിനിധ്യസ്വഭാവമില്ലാത്ത ഒരു വാക്കുപോലും അക്കാദമിക വിനിമയത്തിൽ ഉപയോഗിക്കരുത്. കാരണം ഗവേഷണാനുഭവം ഇല്ലാത്ത ഒരുകാര്യത്തെക്കുറിച്ച് എഴുതിയാൽ നിങ്ങളുടെ എഴുത്തുതന്നെ നിങ്ങളെ വേട്ടയാടും. ഗവേഷണാനുഭവത്തിന്റെ പിന്തുണ ഭൗതികമായോ മനന ത്തിലോ ഇല്ലാത്ത ഒരു വാക്ക് പ്രയോഗിച്ചാൽ ആ വാക്കിന് വാക്യത്തിന്റെ യുക്തിഘടനയിൽ അർത്ഥപൂർണ്ണമാകാൻ കഴിയില്ല. താഴെ കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

4.1.1.1: സി. ആർ. രാജഗോപാലെഴുതിയ (2012: 296-332) *ഭാഷ ഒരു പ്രതി രോധമിത്ത്*. എഴുത്തച്ഛൻകൃതികളെ അടിസ്ഥാനമാക്കി ഒരു പഠനം എന്ന ഒരു ലേഖനത്തിന്റെ തുടക്കം ശ്രദ്ധിക്കുക: "സഹ്യമാമലയുടെ ജൈവപൈ തൃകത്തോളം പഴക്കമുള്ളതാണ് മലയാളം." എന്താണ് ഈ വാക്യംകൊണ്ട് ഉദ്ദേശിക്കുന്നത്? അതായത്, മലയാളഭാഷക്ക് സഹ്യമാമലയിലെ ജൈവ പൈതൃകത്തിന്റെയത്രയും പഴക്കം ഉണ്ടെന്നാണ് ഉദ്ദേശിക്കുന്നത്. ഇതു ശരി യാണോ? സഹ്യമാമലയിലെ ജൈവപൈതൃകത്തിന്റെയും മലയാളഭാഷ യുടെ പഴക്കത്തിന്റെയും അളവു കൃത്യമായി നിർണ്ണയിച്ചിട്ടാണോ ഇങ്ങ നെയൊരു പ്രസ്താവന നടത്തിയിരിക്കുന്നത്? അല്ല. അതുകൊണ്ടാണ് തുടർന്ന് ".......ഒരുപക്ഷേ സങ്കല്പഭാഷയായ മൂലദ്രാവിഡത്തേക്കാൾ പഴക്കം മലനാട്ടുവാസികളുടെ മൊഴിക്കുണ്ടായിരുന്നുവെന്ന് കരുതാം" എന്നും പ്രസ്താവിച്ചിരിക്കുന്നത്. തനിക്ക് ഉറപ്പുള്ള കാര്യങ്ങളെപ്പറ്റി എഴുതുമ്പോൾ തീരെ ഉപയോഗിക്കാൻ പാടില്ലാത്ത മലയാളത്തിലെ ഒരു ഭാഷായോജക മാണ് ഒരുപക്ഷേ എന്നത്. കരുതാം എന്നത് അക്കാദമികഭാഷയിൽ പ്രയോ ഗിക്കാവുന്നത് ഒരു നിഗമനം അവതരിപ്പിക്കുന്നതിന്റെ അന്ത്യത്തിലാണ്. ".......അടിസ്ഥാനത്തിൽ ഒ. വി. വിജയൻ മലയാളത്തിൽ മികച്ച അസ്തിത്വ വാദ എഴുത്തുകാരനാണെന്നു കരുതാം." ഇവിടെ കരുതാം എന്ന് ഉപയോ ഗിച്ചിരിക്കുന്നത് പറയുന്ന കാര്യത്തിൽ ഉണ്ടാവേണ്ട പൂർണ്ണമായ ആർജ്ജ വത്തിന്റെ അഭാവത്തിലാണ്. ഗവേഷണ അനുഭവത്തിന്റെ അഭാവത്തിലാ ണ് ഇത്തരത്തിലുള്ള അതിഭാവുകത്വപ്രയോഗങ്ങളും അവയിൽമേലുള്ള ഉറ പ്പില്ലായ്മയെ മറയ്ക്കാനുള്ള ഒരുപക്ഷേ കരുതാം എന്നീ ദുർബലയോജക ങ്ങളും ഉപയോഗിക്കേണ്ടിവരുന്നത്.

4.1.2 രണ്ടാമതു പറഞ്ഞ ഉഭയാർത്ഥം അക്കാദമിക രചനയിലുണ്ടാകുന്നതിന് പ്രധാന കാരണം സങ്കീർണ്ണവാക്യങ്ങളാണ്.

4.1.2.1 സി.വി.യുടെ *ധർമ്മരാജ*യുടെ 1999-ലെ പതിപ്പിന്റെ ആമുഖപഠന ലേഖനങ്ങളിൽ ഒന്നായി പി. വേണുഗോപാലൻ എഴുതിയ (1999: 79) *ധർമ്മ രാജ: സ്വരൂപവും ദർശനവും* എന്ന ലേഖനത്തിലെ ഒരു വാക്യം ശ്രദ്ധിക്കുക. "സി.വി.ക്ക് വളരെ ആരാധ്യനായ ശ്രീമൂലം തിരുനാളാണ് നാടു വാഴുന്ന തെങ്കിലും സ്വരാജ്യസേവനത്തിൽ ഉന്നതസ്ഥാനങ്ങൾ പ്രാപിച്ച വിദ്യാസ മ്പന്നർ ധാരാളം ഉണ്ടായിരിക്കെ, പ്രജാക്ഷേമം പരിഗണിക്കാതെ, ജനങ്ങ ളുടെ ഭാഷ പോലും അറിയാത്ത അന്യസംസ്ഥാനക്കാരായ ദിവാന്മാരെ കൊണ്ടുവന്നു വാഴിക്കുകയും അവർ ഈ നാടിന്റെ സമ്പത്തു കട്ടും മുടിച്ചും ഉയർന്ന ഉദ്യോഗസ്ഥാനങ്ങളിലെല്ലാം തങ്ങളുടെ ദേശക്കാരായ ബ്രാഹ്മണരെ കൊണ്ടുവന്നു കുടിയിരുത്തുകയും ചെയ്യുന്ന ഭരണനയത്തിന്റെ 'അതിഭാ

വത്സാവസ്ഥാന്തരം' എന്നവണ്ണം 1907-ൽ സർ സി. പി. രാജഗോപാലാചരി ദിവാനായി" വളരെ സങ്കീർണ്ണമായ ഒരു വാക്യമാണിത്. മാത്രമല്ല, പറയാൻ തുടങ്ങിയ എന്തോ ഒന്ന് ഈ വാക്യത്തിൽ പൂർത്തീകരിച്ചിട്ടുമില്ല. തൽഫല മായി, ആകാംക്ഷ അങ്ങനെതന്നെ നിൽക്കുന്നു. ഇവിടെ ഉപയോഗിച്ചിരി ക്കുന്ന 'എങ്കിലും' എന്നത് ഒരു അപൂർണ്ണപ്രയോഗമായി അവശേഷിക്കുന്നു. അതിനാൽ അക്കാദമിക വിനിമയത്തിൽ ഒരു സങ്കീർണ്ണവാക്യം എഴുതിയ ശേഷം ആ വാക്യത്തിലേതെങ്കിലും ഘടകം അതിന്റെ ധർമ്മം നിർവഹിക്കാതെ നിൽക്കുന്നുണ്ടോ എന്നു പരിശോധിക്കണം. എന്നാൽ അതേ ലേഖന ത്തിൽത്തന്നെ സങ്കീർണ്ണമായി എഴുതാവുന്ന ഒരു വാക്യത്തെ ലളിതമായി എഴുതിയിട്ടുമുണ്ട്. അതിങ്ങനെയാണ് (1999: 87). "ചരിത്രസംഭവങ്ങളുടെ സൂക്ഷ്മസത്യങ്ങളേ ...... സി. വി. സ്വീകരിക്കുന്നുള്ളൂ. ചരിത്രത്തിൽ വായി ക്കാവുന്ന സ്ഥൂലസംഭവങ്ങൾ നിശ്ശേഷം ഉപേക്ഷിക്കുന്നു. പകരം സൃഷ്ടിക്ക പ്പെടുന്നത് യഥാർത്ഥ സംഭവപ്രതീതി നൽകുന്ന കൽപിതകഥകളാണ്."

4.1.2.2 പി.കെ. രാജശേഖരന്റെ (2006: 300) '*വെളിവിന്റെ സൂക്ഷ്മശ്രുതി*' എന്ന ലേഖനത്തിൽ, 'സ്വയം നിർവചിക്കാനുള്ള ശ്രമം എന്ന നിലയിലും വർത്തമാ നകാലത്തെ തിരിച്ചറിയാനുള്ള ശ്രമമെന്ന നിലയിലും ആഖ്യാനാത്മകഗ ദ്യത്തെ സ്വീകരിച്ചുകൊണ്ടാണ് ശങ്കരപിള്ളയുടെ കവിത ആധുനികതയിലെ ഭാവഗീതാത്മക പാരമ്പര്യത്തെ നേരിട്ടത്' ശ്രമം എന്ന നിലയിലും ശ്രമമെന്ന നിലയിലും എന്ന് ആവർത്തിക്കേണ്ടിവന്നത് ഇതൊരു സങ്കീർണ്ണവാക്യം ആയ തുകൊണ്ടല്ല. ആ വാക്യം സങ്കീർണ്ണവാക്യമായി നിലനിർത്തിക്കൊണ്ടുതന്നെ ഇങ്ങനെ പരിഷ്കരിക്കാമായിരുന്നു:

'സ്വയം നിർവചിക്കാനും വർത്തമാനകാലത്തെ തിരിച്ചറിയാനുമുള്ള ശ്രമ ങ്ങളെന്ന നിലയിൽ ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചുകൊണ്ടാണ്. ശങ്കര പിള്ളയുടെ കവിത ആധുനികതയിലെ ഭാവഗീതാത്മക പാരമ്പര്യത്തെ നേരിട്ടത്.' ഇതേ വാക്യത്തെ രണ്ടു ലളിതവാക്യങ്ങളായി ഇങ്ങനെ പരിഷ്ക രിക്കാം:

'ശങ്കരപിള്ളയുടെ കവിത ആധുനികതയിലെ ഭാവഗീതാത്മക പാരമ്പര്യത്തെ നേരിട്ടത് ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചുകൊണ്ടാണ്. സ്വയം നിർവ ചിക്കാനും വർത്തമാനകാലത്തെ തിരിച്ചറിയാനുള്ള ശ്രമങ്ങളുമായിരുന്നു അത്.'

സങ്കീർണ്ണമായ കാര്യങ്ങൾ സങ്കീർണ്ണമായ വാക്യങ്ങളിൽ പറയുന്ന തിലും സുതാര്യമാകുന്നത് ലളിതവാക്യങ്ങളിൽ പറയുമ്പോഴാണ്. അങ്ങനെ പറയുമ്പോൾ പറയുന്ന കാര്യത്തിന്റെ ആഴവും യുക്തിഭദ്രതയും ചോർന്നു

പോകുമെന്ന തോന്നലുണ്ടെങ്കിൽ അതൊരു തെറ്റിദ്ധാരണയാണ്. സങ്കീർണ്ണ ആശയങ്ങൾ ഒന്നിലധികം ലളിതവാക്യങ്ങളിൽ അവതരിപ്പിച്ച് ആ വാക്യങ്ങളെ പരസ്പരം യോജകങ്ങൾ ഉപയോഗിച്ചു ബന്ധപ്പെടുത്തുകയാണ് ഇതിനുള്ള പരിഹാരം. അതേ വാക്യത്തെ ഒരു യോജകം ഉപയോഗിച്ച് ഇങ്ങനെ പരിഷ്കരിക്കാം. ശങ്കരപിള്ളയുടെ കവിത ആധുനികതയിലെ ഭാവഗീതാത്മക പാരമ്പര്യത്തെ നേരിട്ടത് ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചുകൊണ്ടാണ്. അതായത്, സ്വയം നിർവചിക്കാനും വർത്തമാനകാലത്തെ തിരിച്ചറിയാനുള്ള ശ്രമങ്ങൾകൂടി ആയിരുന്നു അത്.

ഇവിടെ അതായത് എന്നത് എന്താണെന്ന് പരിശോധിക്കാം. രാജശേഖരൻ നാലു കാര്യങ്ങളാണ് ഈ സങ്കീർണ്ണവാക്യത്തിലൂടെ പറയാൻ ശ്രമിച്ചത്.

1. ശങ്കരപിള്ളയുടെ കവിത ആധുനികതയിലെ ഭാവാത്മകപാരമ്പര്യത്തെ നേരിട്ടു. എങ്ങനെ?

2. ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചുകൊണ്ടാണ് ആധുനികതയിലെ ഭാവാത്മകപാരമ്പര്യത്തെ ശങ്കരപിള്ളയുടെ കവിത നേരിട്ടത്.

ശങ്കരപിള്ളയുടെ കവിത ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചു എന്ന കർമ്മത്തെ കേവലമായ ഒരു ആഖ്യാനാത്മകരീതിയെ സ്വീകരിക്കൽ മാത്രമായിരുന്നില്ല. ആധുനികതയിലെ ഭാവാത്മകപാരമ്പര്യത്തെ നേരിടൽകൂടി ആയിരുന്നു അത്.

3. ഈ സ്വീകരണം സ്വയം നിർവചിക്കാനുള്ള ഒരു ശ്രമമായിരുന്നു.

4. ഈ സ്വീകരണം വർത്തമാനകാലത്തെ തിരിച്ചറിയാനുള്ള ഒരു ശ്രമവുമായിരുന്നു. ഇങ്ങനെ നാല് ആശയങ്ങളാണ് ഈ സങ്കീർണ്ണവാക്യത്തിലൂടെ രാജശേഖരൻ അവതരിപ്പിക്കുന്നത്.

ഈ നാല് ആശയങ്ങളുടെയും ആശ്രയകേന്ദ്രം ആഖ്യാനാത്മകഗദ്യത്തെ സ്വീകരിച്ചു എന്ന കർമ്മമാണ്. ഈ കർമ്മത്തിന്റെ ക്രിയാവിശേഷണങ്ങളാണ് 1, 3, 4 എന്നീ ആശയങ്ങൾ. അതായത്, ഒരു ക്രിയക്ക് മൂന്നിലധികം വിശേഷണങ്ങൾ ഉണ്ടാവുന്നത് ഭാഷാപരമായ ഒരു സാധ്യത മാത്രമല്ല. ശങ്കരപിള്ളയുടെ കവിതാഖ്യാനരീതിയെ കുറിച്ചുള്ള രാജശേഖരന്റെ പ്രത്യേക ഗവേഷണാനുഭവമാണ് പഠനവിഷയമായ ക്രിയക്ക് മൂന്നു ക്രിയാവിശേഷണങ്ങൾ ഉണ്ടാക്കിയത്. എന്നാൽ, ഇവിടെ രാജശേഖരന്റെ പ്രത്യേക അനുഭവവും മലയാളത്തിലെ ലളിതവാക്യങ്ങൾകൊണ്ട് വിനിമയം ചെയ്യാൻ കഴിയുന്ന ആശയങ്ങളും തമ്മിലൊരു സംഘർഷമുണ്ട്. ഈ സംഘർഷം രാജശേഖരന്

ബോധ്യപ്പെട്ടിട്ടുണ്ടാവില്ല. കാരണം ഇതു രാജശേഖരന് തന്റെ ഗവേഷണ ത്തിലെ പാരായണമനനാനുഭവംകൊണ്ട് ലഭിച്ച ഒരു പ്രത്യക അറിവാണ്. ഈ പ്രത്യേക അനുഭവം വായനക്കാരനു ലഭിക്കാനുള്ള ഒരേ ഒരു മാധ്യമം രാജശേഖരൻ എഴുതിയതു മാത്രമാണ്. പ്രത്യേക അനുഭവം വായനക്കാരനും ലഭ്യമാകണമെന്ന് രാജശേഖരന് നിർബന്ധബുദ്ധി ഉണ്ടാവേണ്ടതുണ്ട്. അതിന് ആദ്യം വേണ്ടത് തന്റെ പ്രത്യേക അനുഭവം രാജശേഖരന് മലയാളത്തിലെ ഏതു സങ്കീർണ്ണഘടനയിലും എഴുതാൻ കഴിയും എന്നതിന്റെ പ്രയോഗമല്ല. പകരം, വായനക്കാരന് ഏറ്റവും ലളിതമായി അർത്ഥസന്നിഗ്ദ്ധതയില്ലാതെ ഈ കാര്യം എങ്ങനെ എത്തിച്ചുകൊടുക്കാൻ കഴിയും എന്നതാണ്. അതിന്റെ ആദ്യപടിയാണ് സങ്കീർണ്ണ ആശയങ്ങളെ പ്രകടിപ്പിക്കാൻ ലളിതവാക്യങ്ങളെ ഉപയോഗിക്കുക എന്നത്. സങ്കീർണ്ണമായ ആശയങ്ങളെ വിനിമയം ചെയ്യാൻ ലളിതവാക്യങ്ങൾ ഉപയോഗിക്കുമ്പോൾ ആശയങ്ങൾ തമ്മിലുള്ള യുക്തിപര മായ കാര്യകാരണബന്ധം പ്രകടിപ്പിക്കാൻ കഴിയില്ല എന്നതാണ് പ്രധാന പോരായ്മയായി പൊതുവെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് അതായത്, എന്ന ഒരു യോജകം ഉപയോഗിച്ച് രണ്ടു വാക്യങ്ങളെ ബന്ധിപ്പി ച്ചത്.

### 4.2. ഭാഷയിലെ കർതൃ-കർമ്മ-ക്രിയാ പദഘടനയും വാക്യത്തിലെ ഇതരഘടകങ്ങളുടെ ക്രമവും പരമാവധി അങ്ങനെതന്നെ പാലിക്കുക.

മലയാളഭാഷയിലെ പദക്രമമായ കർതൃ-കർമ്മ-ക്രിയാ പദഘടനയെ ന്നത് വ്യാകരണപരമായ ഒരു പിടിവാശിയോ വ്യാകരണ യാഥാസ്ഥിതിക ത്വമോ അല്ല. ഈ ഘടനാസ്വരൂപമാണ് മലയാളഭാഷയെ വ്യത്യസ്തമാക്കു ന്നത്. ഭാഷകളെയെല്ലാം വ്യവസ്ഥീകരിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള വ്യത്യ സ്തമായ പദക്രമ വ്യവസ്ഥകളിലൂടെയാണ്. മലയാളഭാഷയുടെ അടിസ്ഥാ നപദക്രമം കർത്താവ്-കർമ്മം-ക്രിയ എന്നതാണ്. ഈ അടിസ്ഥാനപദക്ര മമാണ് ഭാഷയിലെ ഇതരഘടകങ്ങളുടെ ക്രമത്തെയും നിശ്ചയിക്കുന്നത്. സാധാരണ ഭാഷാവിനിമയത്തിലെന്നപോലെ അക്കാദമികഭാഷയിലും ഒരു പരിധിവരെ ആ ഘടനയെ നാം ഉപജീവിക്കേണ്ടതുണ്ട്. ഗവേഷണ അനുഭ വത്തിൽനിന്നും വെളിവാകുന്ന നവീനയുക്തിയും ഭാഷയുടെ സാമാന്യ യുക്തിയും തമ്മിലുള്ള ഒരു സന്തുലനം അക്കാദമികഭാഷയിൽ അനിവാര്യ മാണ്. ഈ സന്തുലനാവസ്ഥയുടെ തോത് കുറയുമ്പോഴാണ് ഭാഷ വികല മാകുന്നതും അക്കാദമികമായ എഴുത്തുകൾ ദുർഗ്രഹമാകുന്നതും.

4.2.1. സി. അഷറഫ് (2013: 68-76) ഭാഷാപോഷിണിയിലെഴുതിയ എം.ടി. യുടെ *മനുഷ്യലോകം* എന്ന ലേഖനത്തിലെ ഒരു വാക്യം ശ്രദ്ധിക്കുക: "എം.

ടി. വാസുദേവൻനായർ സവർണ്ണ സാഹിത്യകാരനും മുസ്ലീം വിരുദ്ധനുമാണെന്ന ദുർവ്യാഖ്യാനം ചില മാർക്സിസ്റ്റുകളും നടത്തിയിട്ടുണ്ട്, 'നിർമാല്യം' സിനിമയെ മുൻനിർത്തി" ഈ വാക്യത്തിൽ നിർമാല്യം സിനിമയെ മുൻനിർത്തി എന്ന വാക്യം ഘടനാപരമായി അസ്ഥാനത്താണ്. അതിനാൽ ഈ വാക്യത്തെ ഇങ്ങനെ പരിഷ്കരിക്കാം: "എം. ടി. വാസുദേവൻനായർ സവർണസാഹിത്യകാരനും മുസ്ലീംവിരുദ്ധനുമാണെന്ന ദുർവ്യാഖ്യാനം നിർമാല്യം സിനിമയെ മുൻനിർത്തി ചില മാർക്സിസ്റ്റുകളും നടത്തിയിട്ടുണ്ട്." അൻസാരിയുടെ എം.ടി.യെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളാണ് ഈ ലേഖനത്തിലെ പ്രതിപാദ്യവും പൂർവ്വപക്ഷവും. പൂർവ്വപക്ഷത്തിന്റെ ഒരു വാദമായ എം.ടി.യുടെ രചനകളിലെ സവർണസ്വഭാവമാണ് പ്രധാന പൂർവ്വവാദം. ഈ പൂർവ്വവാദം എം.ടി.യിലേക്ക് ആരോപിച്ചത് അൻസാരിയും കൂട്ടരും മാത്രമല്ല, നിർമാല്യം സിനിമയെ മുൻനിർത്തി ചില മാർക്സിസ്റ്റുകളും നടത്തിയിട്ടുണ്ട് എന്നാണ് സി. അഷറഫ് നിരീക്ഷിക്കുന്നത്. ഉഭയകർത്താക്കളുള്ള ഇത്തരം ഒരു വാദം അവതരിപ്പിക്കുമ്പോൾ വളരെ സ്വാഭാവികമായി വാക്യഘടനയും വാദത്തിന്റെ യുക്തിയോട് അനുപൂരകമായി വരാം. അതുകൊണ്ടാണ് ഈ വാക്യം ഘടനാപരമായി സാമാന്യമായ, "ചില മാർക്സിസ്റ്റുകളും നിർമാല്യം സിനിമയെ മുൻനിർത്തി എം. ടി. വാസുദേവൻനായർ സവർണ സാഹിത്യകാരനും മുസ്ലീംവിരുദ്ധനുമാണെന്ന് ദുർവ്യാഖ്യാനം നടത്തിയിട്ടുണ്ട്" എന്നതിൽനിന്നും വ്യത്യസ്തമായി "എം. ടി. വാസുദേവൻനായർ സവർണ സാഹിത്യകാരനും മുസ്ലീംവിരുദ്ധനുമാണെന്ന ദുർവ്യാഖ്യാനം നിർമാല്യം സിനിമയെ മുൻനിർത്തി ചില മാർക്സിസ്റ്റുകളും നടത്തിയിട്ടുണ്ട്" എന്നുതന്നെ എഴുതിയത്. അതിനു കാരണം ഇവിടെ പരമാർശവിഷയം എം. ടി.യുടെ രചനകളിൽ ആരോപിച്ചിട്ടുള്ള സവർണസ്വഭാവമാണ്. അതുകൊണ്ടാണ് 'എം. ടി. വാസുദേവൻനായർ സവർണ സാഹിത്യകാരനും മുസ്ലീംവിരുദ്ധനുമാണെന്ന ദുർവ്യാഖ്യാനം' വാക്യത്തിന്റെ ആദ്യം വന്നത്. ഭാഷയിലെ ഒരു സ്വാഭാവികതന്ത്രമാണിത്. വാക്യത്തിൽ നടത്തുന്ന ഇത്തരത്തിലുള്ള അനിവാര്യമായ ഘടനാപര രൂപമാറ്റങ്ങളെ വാദത്തിന്റെ യുക്തിഘടനയ്ക്കുവേണ്ടി വാക്യഘടനയിൽ ഒന്നിലധികം തവണ ഘടനാപരമായ രൂപപരിണാമം നടത്തുന്നത് സൂക്ഷിച്ചു ചെയ്യേണ്ടതാണ്. അത്തരത്തിലുള്ള അധിക രൂപപരിണാമങ്ങളുടെ ദൃഷ്ടാന്തമാണ് അതേ ലേഖനത്തിലെ മറ്റൊരു വാക്യം. 'കാലത്തിലേക്ക് പഴുത്തു തൂങ്ങിനിൽക്കുന്ന മാമ്പഴംപോലെ സകല പ്രതീക്ഷകളും മോഹങ്ങളും പുലരുന്നത് അന്ത്യത്തിലേക്ക് ഒരുക്കിനിർത്തിയ ഗുരുതിയിലാണ്. പുളകം കൊള്ളിക്കുന്ന പെൺകാമനകളുടെ സാക്ഷാത്കാരത്തിനായി സ്ത്രീ പുരുഷനെ പ്രാപിക്കാറുണ്ട്.' ഈ വാക്യം എങ്ങനെ പരിഷ്കരിക്കാം. 'കാലത്തിലേക്ക് പഴുത്തു

തൂങ്ങിനിൽക്കുന്ന മാമ്പഴംപോലെ സകല പ്രതീക്ഷകളും മോഹങ്ങളും പുലരുന്നത് അന്ത്യത്തിലേക്ക് ഒരുക്കിനിർത്തിയ ഗുരുതിയിൽ പുളകംകൊള്ളിക്കുന്ന പെൺകാമനകളുടെ സാക്ഷാത്കാരത്തിനായി സ്ത്രീ പുരുഷനെ പ്രാപിക്കാറുണ്ട്.' അല്ലെങ്കിൽ 'കാലത്തിലേക്ക് പഴുത്തു തൂങ്ങിനിൽക്കുന്ന മാമ്പഴംപോലെ സകല പ്രതീക്ഷകളും മോഹങ്ങളും പുലരുന്നത് അന്ത്യത്തിലേക്ക് ഒരുക്കിനിർത്തിയ ഗുരുതിയിലാണ് പുളകം കൊള്ളിക്കുന്ന പെൺകാമനകളുടെ സാക്ഷാത്കാരത്തിനായി സ്ത്രീ പുരുഷനെ പ്രാപിക്കാറുള്ളത്.' ഇവിടെ പ്രശ്നം ഈ വാക്യത്തിലെ രണ്ടു ക്രിയകളുടെ സാന്നിധ്യമാണ്. ഗുരുതിയിലാണ്.............. സ്ത്രീ പുരുഷനെ പ്രാപിക്കാറുണ്ട് എന്നതാണ് ഈ വാക്യത്തിലെ ക്രിയാഘടന. ഗുരുതിയിലാണ് എന്ന പദത്തിൽ ഗുരുതിയിൽ എന്ന നാമവും ആണ് എന്ന ക്രിയയുമുണ്ട്. പിന്നീടാണ് പ്രധാന ക്രിയയായ പ്രാപിക്കാറുണ്ട് എന്ന ക്രിയ വരുന്നത്. ഒരു വാക്യത്തിൽ ഒന്നിലധികം ക്രിയകൾ ഉപയോഗിക്കുമ്പോൾ ഓരോ ക്രിയയുടെയും കാലം, ഗതി തുടങ്ങിയവ വൈരുദ്ധ്യത്തിലാകാതെ നോക്കണം. ക്രിയയാണ് വാക്യത്തിന്റെ അഗ്രം. ക്രിയയാണ് കാര്യങ്ങൾ പറയുന്നത്. ക്രിയയാണ് കർത്താവിനോട് ഏതു വിഭക്തി ചേരണം എന്നുപോലും തീരുമാനിക്കുന്നത്.

4.2.2 എങ്ങനെയാണ് ക്രിയ കർത്താവിന്റെ വിഭക്തി തീരുമാനിക്കുന്നത് എന്നതിനുള്ള ഒരു പ്രാഥമിക ഉദാഹരണം ശ്രദ്ധിക്കുക. സ്ഥാനം തെറ്റിയ വസ്തു എന്ന പുസ്തകത്തിൽ ആനന്ദ് (2012: 125) ഉപയോഗിച്ചതാണീ വാക്യം. 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്ക് മടങ്ങിപ്പോകുക'. ഇവിടെ മടങ്ങിപ്പോകുക എന്ന നിയോജക ക്രിയാരൂപം കർത്താവിനോട് ഉദ്ദേശികവിഭക്തി ചേർക്കാൻ അനുവദിക്കില്ല. അതുകൊണ്ട് ഈ വാക്യത്തെ ഇങ്ങനെ പരിഷ്കരിക്കാം: 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്ക് മടങ്ങിപ്പോകാം' അല്ലെങ്കിൽ 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്ക് മടങ്ങിപ്പോകേണ്ടതുണ്ട്.' മാത്രവുമല്ല, കർത്താവ് പ്രഥമപുരുഷസ്ഥാനത്തായ ഒരു വാക്യത്തിൽ നിയോജകത്തിന്റെ സാന്നിധ്യം ഘടനാപരമായും യുക്തിപരമായും അസാധുവാണ്. വാക്യത്തിന്റെ കർത്താവ് പ്രഥമപുരുഷൻ ആയിരിക്കുമ്പോൾ നിയോജകക്രിയ വാക്യത്തിൽ വരില്ല. ഇതൊരു സാർവലൗകിക ഭാഷാതതത്വമാണ്. ഇംഗ്ലീഷ് ഉദാഹരണം ശ്രദ്ധിക്കുക: I go to university എന്ന വാക്യത്തിൽ ക്രിയയായ go പോകൂ എന്നത് imperative എന്ന് ഇംഗ്ലീഷിൽ പറയുന്ന നിയോജകക്രിയയാണ്. ഇത് ഭാഷായുക്തിപരമായി തെറ്റാണ്. കാരണം നിയോജകക്രിയ പ്രയോഗിക്കുമ്പോൾ ക്രിയ പ്രയോഗിക്കുന്ന കർത്താവും ക്രിയ ചെയ്യുന്ന ആളും ഒരാളാകാൻ കഴിയില്ല. അതുകൊണ്ട് ഇംഗ്ലീഷിൽ I have to go to university എന്നു പ്രയോഗിക്കേണ്ടിവരും. അതുകൊണ്ടാണ് 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളി

ലേക്ക് മടങ്ങിപ്പോകേണ്ടതുണ്ട്' എന്ന് ഈ വാക്യത്തെ മാറ്റിയെഴുതേണ്ടി വരുന്നത്. ഇംഗ്ലീഷ് വാക്യഘടന മലയാളത്തിന്റെ വാക്യഘടനയെ സ്വാധീനിക്കുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള അധിക ഘടനാവിപര്യയങ്ങൾ മലയാളത്തിൽ ഉണ്ടാകുന്നത്.

4.2.3. അതേ പുസ്തകത്തിൽനിന്നുതന്നെ മറ്റൊരു വാക്യത്തെ ഇതിന് ഉദാഹരണമായി കാണിക്കാം. 'ചോദ്യം വാഗ്ദാനങ്ങളെപ്പോലെ പാലിക്കേണ്ടതോ സൂക്ഷിക്കേണ്ടതോ ആണോ ഓർമകൾ എന്നതാണ്' (ആനന്ദ് 2012: 170). The question is whether the memories have to be kept as promises or not എന്ന ഇംഗ്ലീഷ് വാക്യഘടനയിലാണ് ഈ മലയാളംവാക്യം എഴുതിയിരിക്കുന്നത്. ഭാഷയിലെ ഇതരതലങ്ങളിലെന്നപോലെ ഇംഗ്ലീഷ്ഭാഷയുടെ മലയാളത്തിലുള്ള സ്വാധീനം ഗുണപരംതന്നെയാണ്. എന്നാൽ ഇതുണ്ടാക്കുന്ന ദുർഗ്രഹത ഒഴിവാക്കേണ്ടതാണ്. ആനന്ദ് ഉപയോഗിച്ച തരത്തിൽ ചോദ്യത്തിൽ തുടങ്ങുന്ന വാക്യം ഇംഗ്ലീഷ്ഭാഷ സുപരിചിതമായവർക്ക് ദുർഗ്രഹമായിരിക്കില്ല. എന്നാൽ, അക്കാദമികമായ ഭാഷയിലൂടെ ഗവേഷകൻ വിനിമയം ചെയ്യുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിന് വായനക്കാരൻ ഗവേഷകൻ അറിയുന്ന ഇതര ഭാഷകൂടി അറിയണമെന്നത് പ്രായോഗികമല്ല. അതിനാൽ ഈ വാക്യത്തെ ഇങ്ങനെ മലയാളത്തിലാക്കാം. 'വാഗ്ദാനങ്ങളെപ്പോലെ പാലിക്കേണ്ടതോ സൂക്ഷിക്കേണ്ടതോ ആണോ ഓർമകൾ എന്നതാണു <u>ചോദ്യം</u>.'

4.2.4 ബാലചന്ദ്രൻ വടക്കേടത്ത് (2013: 56-61) 'ഇല്ല, തർക്കത്തിനില്ല വായനക്കാരേ' എന്ന ലേഖനത്തിലെഴുതിയ ഒരു വാക്യം ശ്രദ്ധിക്കുക: 'എഴുത്തിൽനിന്ന് ഒരു വിഭാഗം വായനക്കാർ അകന്നുപോയിരുന്നു. ഇടക്കാലത്തു വെച്ച് എന്നതിന്റെ സൂചനയുമായിരുന്നു അത്.' മലയാളത്തിലെ സ്വാഭാവികമായ വാക്യഘടനാരീതി അനുസരിച്ച് ഈ വാക്യത്തെ ഇങ്ങനെ പരിഷ്കരിക്കാം. 'ഒരു വിഭാഗം വായനക്കാർ ഇടക്കാലത്തുവെച്ച് എഴുത്തിൽനിന്ന് അകന്നുപോയിരുന്നു എന്നതിന്റെ സൂചനയുമായിരുന്നു അത്.' ഇവിടെ <u>ഇടക്കാലത്തുവെച്ച്</u> എന്നത് <u>അകന്നുപോയിരുന്നു</u> എന്നതിന്റെ ഗതിവാചകമാണ്. ഗതിവാചകം മലയാളത്തിന്റെ ഭാഷാഘടനയിൽ ക്രിയാവാചകത്തിനു മുമ്പാണ് വരേണ്ടത്. മാത്രവുമല്ല ഗതിവാചകത്തെ ക്രിയയ്ക്കുശേഷം അവതരിപ്പിക്കുവാൻ മാത്രം സാമാന്യയുക്തിക്ക് അതീതമായ അനുഭവങ്ങളൊന്നും ഈ ലേഖനത്തിൽ കൈകാര്യം ചെയ്യുന്നുമില്ല.

4.2.5 ശാസ്ത്രസമാനമായ തീക്ഷ്ണതയോടെ മലയാളസാഹിത്യത്തെ പ്രത്യേകമായി തിരിച്ചറിഞ്ഞ ബി. രാജീവൻ (2009: 62-69) ഒ. വി. വിജയനെക്കുറിച്ച് നടത്തിയിട്ടുള്ള ഒരു പ്രസ്താവന ശ്രദ്ധിക്കുക: 'ഒ. വി. വിജയൻ തന്റെ ശരീരം

അനുഭവിച്ച കാഴ്ചകളും കേഴ്വികളും തീവ്രതകളും തനിക്കു ശേഷവും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പണ്ടില്ലാത്തതരം ചില അനുഭവയന്ത്രങ്ങൾ സൃഷ്ടിച്ച ആളായിരുന്നു. അസാധാരണനായ ഒരു കലാകാരനായിരുന്നു'. ഒ. വി. വിജയൻ അസാധാരണനായ ഒരു കലാകാരനായിരുന്നു എന്നു പറയാനാണ് രാജീവൻ ഉദ്ദേശിച്ചത്. അതിനെ പിന്തുണയ്ക്കുന്ന വിജയന്റെ പ്രത്യേകതയാണ് പൂർവവാക്യത്തിൽ അവതരിപ്പിച്ചത്. ഈ വാക്യത്തിന്റെ ക്രിയ സൃഷ്ടിച്ച എന്നതാണ്. ഒ. വി. വിജയൻ ഈ വാക്യത്തിൽ കർത്താവും കർമ്മവുമാണ്. കർമ്മമെന്ന നിലയിൽ വിജയന്റെ ശരീരം കാഴ്ചകളും കേഴ്വികളും അനുഭവിച്ചു എന്ന് ഈ വാക്യത്തിൽനിന്നും വ്യക്തമാണ്. എന്നാൽ വാക്യത്തിന്റെ കർത്താവായ വിജയൻ എന്താണു സൃഷ്ടിച്ചതെന്ന് ഈ വാക്യം വ്യക്തമാക്കുന്നില്ല. ഈ വാക്യത്തിന്റെ പ്രശ്നം കുറെ സങ്കീർണ്ണമാണ്. വാക്യത്തിലെ വിഷയം വിജയനാണ്. രാജീവൻ വിജയനെ അറിയുന്നത് അസാധാരണമായ അനുഭവങ്ങൾ അനുഭവിച്ച ഒരു എഴുത്തുകാരനായാണ്. അസാധാരണമായ അനുഭവങ്ങളുള്ള വിജയനെ രാജീവൻ പ്രത്യേകമായി അറിയുന്നത് അനുഭവങ്ങളുടെ കർമ്മവും സാഹിത്യസൃഷ്ടിയുടെ കർത്താവുമായാണ്. യുക്തിപരമായി ഇതൊരു നവസാധ്യതയാണ്. എന്നാൽ യുക്തിപരമായ ഈ നവസാധ്യതയെ മലയാളഭാഷാവ്യാകരണത്തിന്റെ നിലവിലുള്ള യുക്തി പൂർണ്ണമായി പിന്തുണയ്ക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ ഇത് രണ്ടു വാക്യങ്ങളായി അവതരിപ്പിക്കുകയായിരുന്നു ഉചിതം. ഒരേ വ്യാവഹാരികഘടകം തന്നെ ഒരു വാക്യത്തിൽ കർത്താവും കർമ്മവും ആകുന്ന വാക്യഘടന മലയാളത്തിലത്ര സാധാരണമല്ല. ഭാഷയുടെ വ്യാകരണത്തിലുള്ള സാമാന്യധാരണയോടൊപ്പംതന്നെ ഭാഷയിലെ വിവിധ ഘടകങ്ങളുടെ വിതരണക്രമത്തെക്കുറിച്ചുള്ള ടൈപ്പോളജിക്കലായ പ്രത്യേക ധാരണയും അനിവാര്യമാണ്. സാധാരണതലത്തിലുള്ള ഭാഷയെപ്പറ്റിയുള്ള ധാരണയിലുപരി മുമ്പു സൂചിപ്പിച്ച പ്രത്യേകമായ ടൈപ്പോളജിക്കലായ ധാരണ അക്കാദമീഷ്യന്മാർക്ക് സർവ്വസാധാരണമായി ഉണ്ടാകണമെന്നില്ല. അക്കാദമിക വിനിമയങ്ങളുടെ ഭാഷാ എഡിറ്റിംഗിലാണ് ഇതു ശ്രദ്ധിക്കേണ്ടത്. അക്കാദമിക ഭാഷയ്ക്ക് ഭാഷാ എഡിറ്റിംഗ് അനിവാര്യമാണെന്നു ചുരുക്കം.

### 4.3 ഒരു വ്യവഹാരത്തിന്റെ ആദ്യം പുതിയ വിവരങ്ങൾ അവതരിപ്പിക്കുക ഉചിതമല്ല.

പ്രത്യേകമായ ഗവേഷണാനുഭവത്തെ എഴുതി രേഖപ്പെടുത്തുന്നതിന് ഒരു വ്യവഹാരഘടനയുണ്ട്. പ്രത്യേകമായ അനുഭവത്തിലേക്ക് ഗവേഷകൻ ഭൗതിക അനുഭവത്തിലൂടെയും പ്രത്യേകമായ മനനത്തിലൂടെയും കടക്കുന്നതോടുകൂടി ഗവേഷകൻ സാധാരണഭാഷയുടെ യുക്തിഘടനയിൽനിന്നും

വ്യത്യസ്തമായ ഒരു യുക്തിഘടനയിലേക്കു പ്രവേശിക്കുകയാണ്. അതിലൂടെ കടന്ന് പുറത്തുവന്ന ശേഷമാണ് ഗവേഷകൻ ആ അനുഭവത്തെക്കുറിച്ച് എഴുതുന്നത്. അതായത്, രസതന്ത്രപരീക്ഷണം നടത്തുന്ന ഒരു പരീക്ഷണശാല ഗവേഷകനു കൊടുക്കുന്ന സൂക്ഷ്മാനുഭവത്തിന്റെ പ്രത്യേകമായ പ്രാതിഭാസികതയിൽനിന്നല്ല രസതന്ത്രജ്ഞൻ പ്രബന്ധമെഴുതുന്നത്. പരീക്ഷണശാല നൽകുന്ന പ്രത്യേകാനുഭവത്തിൽനിന്ന് ഗവേഷകൻ പുറത്തുവരേണ്ടതുണ്ട്. പുറത്തുവന്ന ശേഷമേ ഗവേഷകനു മറ്റുള്ളവരോട് സംവദിക്കാൻ കഴിയൂ. ഗവേഷണപ്രക്രിയയുടെ ഓരോ അവസ്ഥയിലൂടെയും ഓരോ അവസ്ഥയും ഉണ്ടാക്കുന്ന പ്രത്യേക അനുഭവത്തിലൂടെയും വായനക്കാരനെ കൂട്ടിക്കൊണ്ടുപോകാൻ അക്കാദമികഭാഷയ്ക്കു കഴിയണം. അങ്ങനെ കൂട്ടിക്കൊണ്ടുപോകുന്നതിലൂടെ മാത്രമേ ഗവേഷണത്തിലൂടെ ഗവേഷകനെത്തിയ നിഗമനം സത്യമാണെന്ന് വായനക്കാരനെ ബോധ്യപ്പെടുത്താൻ കഴിയൂ. ഇതൊരു ആഖ്യാനതന്ത്രമാണ്. അതായത് ഗവേഷണ അനുഭവം ഉണ്ടെങ്കിൽ മാത്രം വിജയിക്കുന്ന ഒരു ഗവേഷണ വിനിമയതന്ത്രം. ഗവേഷകനും വായനക്കാരനും പൊതുവായി പ്രാപ്യമായ സാമാന്യ അനുഭവത്തിലൂടെ മാത്രമേ ഗവേഷകനു മാത്രം പ്രാപ്യമായ പ്രത്യേക അനുഭവത്തിലേക്ക് വായനക്കാരനെ കൊണ്ടുപോകാൻ കഴിയൂ. പരിചിതമായ കാര്യങ്ങളിലൂടെ അപരിചിതമായ കാര്യങ്ങളിലേക്ക് നയിക്കുന്ന ഒരു ആഖ്യാനതന്ത്രമാണിത്.

4.3.1 മലയാളത്തിലെ ഉത്തരാധുനിക സാഹിത്യത്തെക്കുറിച്ച് പി. കെ. രാജശേഖരൻ (2006: 32) എഴുതിയ *പുതിയ വെല്ലുവിളികൾ* എന്ന ലേഖനം തുടങ്ങുന്നത് എങ്ങനെയെന്നു ശ്രദ്ധിക്കാം: 'മലയാളത്തിൽ ഒരു പുതിയ എഴുത്തുണ്ടെന്നും അതു പഴയതുപോലല്ലെന്നും നിഷേധിക്കാനാവാത്ത സാന്നിധ്യമാണെന്നും ഇപ്പോൾ എല്ലാവർക്കുമറിയാം. ഈ അറിവ് പലരിലും പരിഭ്രമം സൃഷ്ടിക്കുന്നു. പരിഭ്രമങ്ങൾ പരാതികളുടെയും പരിഹാസത്തിന്റെയും രൂപത്തിൽ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.'

എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമായ മലയാളത്തിലെ പുതിയ എഴുത്തിന്റെ സാന്നിധ്യത്തെ അവതരിപ്പിച്ചുകൊണ്ടാണ് ഈ ലേഖനം തുടങ്ങുന്നത്. എല്ലാവർക്കും അറിയാം എന്നാണ് ആദ്യവാചകം അവസാനിപ്പിക്കുന്നത്. രണ്ടാമത്തെ വാക്യം ആരംഭിക്കുന്നത് ഈ അറിവ് പലരിലും ഉണ്ടാക്കുന്ന പരിഭ്രമത്തെ സൂചിപ്പിച്ചുകൊണ്ടാണ്. മൂന്നാമത്തെ വാചകം ആരംഭിക്കുന്നത് ആ പരിഭ്രമം എങ്ങനെ പ്രത്യക്ഷീകരിക്കുന്നു എന്നു വ്യക്തമാക്കിക്കൊണ്ടാണ്. വളരെ വിജയകരമായി വായനക്കാരനെ തന്റെ പ്രത്യേക മനനാനുഭവത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന ഈ ഉദാഹരണത്തെ കുറച്ചുകൂടി വിശദമായി പരിശോധിക്കാം.

1. മലയാളത്തിൽ ഒരു പുതിയ എഴുത്തുണ്ടെന്നും അതു പഴയതുപോല ല്ലെന്നും നിഷേധിക്കാനാവാത്ത സാന്നിധ്യമാണെന്നും ഇപ്പോൾ എല്ലാ വർക്കുമറിയാം.
2. ഈ അറിവ് പലരിലും പരിഭ്രമം സൃഷ്ടിക്കുന്നു.
3. പരിഭ്രമങ്ങൾ പരാതികളുടെയും പരിഹാസത്തിന്റെയും രൂപത്തിൽ മാധ്യ മങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

വാക്യത്തിന്റെ ആദ്യഭാഗത്ത് പരിചിതമായ കാര്യമായ മലയാളത്തിലെ പുതിയ എഴുത്തിനെക്കുറിച്ചു പറഞ്ഞിട്ട് അവസാനഭാഗത്താണ് അത് എല്ലാവർക്കും അറിയാവുന്ന ഒരു അറിവാണെന്ന പുതിയ കാര്യം പറയുന്നത്. അടുത്ത വാക്യം ആരംഭിക്കുന്നത് മുമ്പത്തെ വാക്യത്തിൽ അവതരിപ്പിച്ച പഴയ കാര്യ മായ ഈ അറിവ് എന്നാണ്. അതേവരി അവസാനിക്കുന്നത് ആ അറിവ് ഒരു പരിഭ്രമം സൃഷ്ടിക്കുന്നു എന്ന ഒരു പുതിയ കാര്യം വാക്യത്തിന്റെ അവസാനം അവതരിപ്പിച്ചുകൊണ്ടാണ്. അടുത്തവാക്യം ആരംഭിക്കുന്നത് മുമ്പത്തെ വാക്യത്തിന്റെ അവസാനം അവതരിപ്പിച്ച പരിഭ്രമങ്ങളെ കുറിച്ചു കൊണ്ടാണ്. ഈ വാക്യത്തിന്റെ അവസാനത്തിലാണ് ഈ പരിഭ്രമങ്ങൾ എങ്ങനെയാണു പ്രകടമാകുന്നതെന്ന പുതിയ കാര്യം അവതരിപ്പിക്കുന്നത്. അതായത്, വാക്യത്തിന്റെ ആദ്യം പരിചിതമായ കാര്യം, അവസാനം പുതിയ കാര്യം, അടുത്തവാക്യത്തിന്റെ ആദ്യം കഴിഞ്ഞ വാക്യത്തിലെ അവസാ നത്തെ കാര്യം, അതേ വാക്യത്തിൽ ആദ്യകാര്യത്തെക്കുറിച്ചുള്ള പുതിയ തായ ഒരു കാര്യം ഇങ്ങനെ പരിചിതമായ കാര്യം ആദ്യം പരിചയപ്പെടു ത്തേണ്ട കാര്യം അവസാനം ഇങ്ങനെ തത്ത്വത്തിൽ അക്കാദമികമായ ഒരു ഭാഷയാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നതെന്നു പറയാം.

അക്കാദമിക വ്യവഹാരങ്ങൾ വാക്യഘടനയിലൂടെയാണ് പ്രകടീഭവി ക്കുന്നത്. വാക്യഘടനയ്ക്ക് വിഷയഇടവും (topic position) ഊന്നലി ട(stress position)വുമുണ്ട്. ഉദാഹരണമായി, ഇന്നുവരെയുള്ള മനുഷ്യച രിത്രം വർഗ്ഗസമരങ്ങളുടെ ചരിത്രം ആണെന്ന വാക്യത്തിൽ ഇന്നുവരെയുള്ള ചരിത്രം മനുഷ്യചരിത്രം ആണെന്നതാണ് വിഷയഇടം. കാരണം ഈ വാക്യം മനുഷ്യചരിത്രത്തെക്കുറിച്ചാണ്. വർഗ്ഗസമരങ്ങളുടെ ചരിത്രം ആണെന്നതാ ണ് ഊന്നലിടം. ഇതിനു പകരം വർഗ്ഗസമരങ്ങളുടെ ചരിത്രം ആണ് ഇന്നുവ രെയുള്ള ചരിത്രം എന്നാണ് ഈ വാക്യത്തിന്റെ ഘടനയെങ്കിൽ ഈ വാക്യം അത്ര ശരിയാകില്ല. കാരണം വർഗ്ഗസമരം എന്നത് ഒരു പുതിയ കാര്യമാ ണ്. അത് അവതരിപ്പിക്കേണ്ടത് ഊന്നലിടത്താണ്. പുതിയ വിവരങ്ങൾ വാക്യ ത്തിന്റെ ഊന്നലിടത്ത് അവതരിപ്പിച്ചശേഷം അടുത്തവാക്യത്തിന്റെ വിഷയ ഇടത്തിൽ അവതരിപ്പിക്കുകയായിരിക്കും ഉചിതം. പുതിയ വിവരത്തെ അവ

തരിപ്പിച്ചിട്ട് അതിനെ പഴയവ്യവഹാരവുമായി ബന്ധിപ്പിക്കുന്നതിന് പകരം പഴയ വ്യവഹാരത്തിൽത്തന്നെ പുതിയ വിവരത്തിന്റെ ആവശ്യകത സൃഷ്ടിച്ച് പുതിയ വിവരത്തെ അവതരിപ്പിക്കുകയാകും നല്ലത്. പുതിയ കാര്യം ഒരു പുതിയ വായനാനുഭവമാണ്. പുതിയതായ കാര്യം പലപ്പോഴും പുതിയ സങ്കല്പനങ്ങളിലൂടെയാണ് അവതരിപ്പിക്കപ്പെടുന്നത്. അതായത്, അറിഞ്ഞതിലൂടെ അറിയാത്തതിനെ അവതരിപ്പിക്കുന്ന രീതിയാണ് അക്കാദമികഭാഷയിൽ സ്വീകാര്യമായത്.

4.3.2 ബാലചന്ദ്രന്റെ (2013: 56–61) തന്നെ മറ്റൊരു വാക്യം പരിശോധിക്കാം. കേൾവിക്കാരെ അഭിസംബോധന ചെയ്യുന്ന രീതി നോവലിൽ ആരംഭിച്ചത് ബഷീറായിരുന്നു. ഈ ലേഖനം ബഷീറിനെക്കുറിച്ചല്ല. കേഴ്‌വിക്കാരെ അഭിസംബോധന ചെയ്യുന്ന ആഖ്യാനരീതിയെക്കുറിച്ചാണ്. അതുകൊണ്ടാണ് 'ബഷീറായിരുന്നു കേൾവിക്കാരെ അഭിസംബോധന ചെയ്യുന്ന രീതി നോവലിൽ ആരംഭിച്ചത്' എന്നതിനു പകരം ലേഖനത്തിന്റെ മുഖ്യവിഷയംതന്നെ വാക്യത്തിന്റെ തുടക്കത്തിൽ ചേർത്തത്.

### 4.4 ക്രിയയാണ് വാക്യത്തിന്റെ അഗ്രം (head). അതുകൊണ്ട് വാക്യത്തിലെ ക്രിയയുടെ അവതരണം അത്ര വൈകിക്കരുത്. അതായത്, കർത്താവും ക്രിയയും തമ്മിലുള്ള അകലം പരമാവധി കുറയ്ക്കുക.

ക്രിയയാണ് വാക്യത്തിന്റെ അഗ്രം. മലയാളഭാഷയിൽ ക്രിയയുടെ സ്ഥാനം പദക്രമം അനുസരിച്ച് വാക്യാന്ത്യത്തിലാണ്. അതായത്, കർത്താവിൽനിന്നും കുറെ ദൂരെയാണ് ക്രിയയുടെ നില. എന്നാൽ ഇംഗ്ലീഷിലെ പദക്രമം മലയാളത്തിൽനിന്നും വ്യത്യസ്തമായി കർത്താവ് - ക്രിയ - കർമ്മം എന്നാണ്. മലയാളത്തിലേത്, കർത്താവ് - കർമ്മം - ക്രിയ എന്നുമാണ്. ക്രിയയാണ് ഒരു വാക്യത്തിലെ ഇതരഘടകങ്ങളുടെ വ്യാകരണസ്വഭാവം നിശ്ചയിക്കുന്നത്. ഉദാഹരണം, രാമൻ പശുവിനെ കുളിപ്പിച്ചു എന്ന വാക്യത്തിൽ രാമൻ നിർദ്ദേശിക അഥവാ പ്രഥമവിഭക്തിയിലാണ്. എന്നാൽ രാമന് പശുവിനെ കുളിപ്പിക്കണം എന്ന വാക്യത്തിൽ രാമൻ ഉദ്ദേശികാവിഭക്തിയിലാണ്. ഇവിടെ ക്രിയയുടെ രൂപമായ സ്വഭാവത്തിലുണ്ടായ മാറ്റം കർത്താവിന്റെ വിഭക്തിയിൽ മാറ്റം വരുത്തുന്നതായി കാണാം. ഇതിനർത്ഥം, ഒരു വാക്യം പ്രകടിപ്പിക്കുമ്പോൾ ക്രിയ അവതരിപ്പിക്കുന്നതുവരെ അതിന്റെ ആശയം അവതരിപ്പിക്കപ്പെടുന്നില്ല എന്നാണ്. ഉദാഹരണമായി സി.എൽ. ആന്റണിയുടെ (1989: 99) രണ്ടിടങ്ങഴി എന്ന ലേഖനത്തിലെ ഒരുവരി ശ്രദ്ധിക്കുക: 'സംഭവബഹുലങ്ങളായ ആഖ്യായികകൾക്കു പകരം ഭാവപ്രധാനങ്ങളായ കൃതികളും നിശ്ചലസ്വഭാവത്തോടുകൂടിയ കഥാപാത്രങ്ങൾക്കു പകരം വ്യതിയാനവിധേയരായ കഥാപാത്ര

ങ്ങളും കേവലാനന്ദത്തിനു പകരം ആനന്ദസഹിതമായ സമുദായപ്രയോജന വുമായിരിക്കണം നോവലിന്റെ കാതലെന്ന് തകഴി ഗ്രഹിച്ചിട്ടുണ്ട്' തകഴിയാണ് ഈ വാക്യത്തിന്റെ കർത്താവ്. ഗ്രഹിച്ചിട്ടുണ്ട് എന്നതാണു ക്രിയ. അതിനു മുമ്പുള്ള വാക്യങ്ങളൊക്കെ ഗ്രഹിച്ചിട്ടുണ്ട് എന്ന ക്രിയയോടെമാത്രം അർത്ഥ പൂർണ്ണമാകുന്നവയാണ്. അതായത്, വാക്യം പൂർണ്ണമാവുന്നത് ക്രിയയോടെ യാണ്. ഗ്രഹിച്ചിട്ടുണ്ട് എന്നതാണ് ഈ സങ്കീർണ്ണവാക്യത്തിലെ പൂർണ്ണക്രി യ. ഒരു പൂർണ്ണക്രിയയുടെ അഭാവത്തിൽ വാക്യം പൂർണ്ണമാകില്ല.

എന്നാൽ, എല്ലായ്പോഴും വാക്യത്തിലുള്ളത് ഒരു പൂർണ്ണക്രിയ മാത്ര മാകണമെന്നില്ല. ഒരു വാക്യത്തിൽത്തന്നെ നിരവധിതരം ക്രിയകളുണ്ടാകും. ഈ ക്രിയകൾ വ്യത്യസ്തമാകുന്നത് ക്രിയയുടെ ഇതര ഗുണവിശേഷതക ളുടെ അടിസ്ഥാനത്തിലാണ്. കാലം (tense), പക്ഷം (aspect), പ്രകാരം (mood), യോജ്യത (valency) എന്നിവയാണ് ക്രിയയുടെ ഗുണവിശേഷത കൾ. കാലാടിസ്ഥാനത്തിൽ ക്രിയയെ ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു പ്രാഥമിക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പക്ഷത്തിന്റെ അടിസ്ഥാനത്തിൽ ക്രിയയെ പുരോഗതിക്രിയ, പൂർണ്ണക്രിയ, അപൂർണ്ണക്രിയ, അനുസ്യൂതക്രി യ, അവസിതി ക്രിയ, ആരംഭക്രിയ, കീലക്രിയ, ആവർത്തനക്രിയ, വിത രണക്രിയ എന്നിങ്ങനെ തരം തിരിക്കാം. പ്രകാരത്തിന്റെ അടിസ്ഥാനത്തിൽ ക്രിയകളെ സാധ്യതാവാചി, നിയോജകം, നിശ്ചയവാചി, ചോദ്യവാചി, ആശം സാവാചി എന്നിങ്ങനെ വർഗ്ഗീകരിക്കാം. യോജ്യതയുടെ അടിസ്ഥാനത്തിൽ അയോജ്യക്രിയ, ഏക യോജ്യക്രിയ, ദ്വിയോജ്യക്രിയ, ത്രിയോജ്യക്രിയ, ച തുർ യോജ്യക്രിയ എന്നിങ്ങനെയും തരം തിരിച്ചിട്ടുണ്ട്. അതായത്, ക്രിയ എന്നത് അത്ര ലളിതമായ ഒരു ഭാഷാഘടകം അല്ല എന്നർത്ഥം. ക്രിയയുടെ മേൽപറഞ്ഞ എല്ലാ സ്വഭാവങ്ങളും അക്കാദമികഭാഷയിൽ ഗവേഷണത്തിന്റെ യുക്തിഘടനയുമായി പ്രതിപ്രവർത്തിക്കുന്നു.

4.4.1. ഉദാഹരണമായി മുമ്പു ചർച്ച ചെയ്ത ആനന്ദിന്റെ വാക്യം പരി ശോധിക്കാം: 'ഒരിക്കൽക്കൂടി നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്കു മട ങ്ങിപ്പോകുക'' എന്ന വാക്യത്തിലെ ക്രിയ പ്രകാരാടിസ്ഥാനത്തിൽ നിയോ ജകക്രിയയാണ്. യോജ്യതയുടെ അടിസ്ഥാനത്തിൽ ഇത് ഒരു നാമഖ ണ്ഡത്തെ മാത്രമേ സ്വീകരിക്കൂ. അതുകൊണ്ട് ഇതൊരു ഏകയോജ്യത ക്രിയയുമാണ്. ഒരു നിയോജകക്രിയയുടെ കർത്താവ് ഒരിക്കലും പ്രഥമ പുരുഷനാകില്ല. ആനന്ദ് വായനക്കാരനെ മറ്റൊരു അനുഭവപരിസരത്തി ലേക്ക് ക്ഷണിക്കാനാണ് ഈ നിയോജകക്രിയയുടെ പ്രയോഗത്തിലൂടെ ശ്രമിച്ചത്. എന്നാൽ ഭാഷാപരമായി ഇത് അസാധ്യമാണ്. കാരണം, ഇവിടെ കർത്താവ് പ്രഥമപുരുഷനാണ്. പ്രഥമപുരുഷ കേന്ദ്രീകൃതമായ ഒരു ആഖ്യ

ാനത്തിൽ വായനക്കാരനെ കൂടെക്കൊണ്ടുപോകാൻ അനുചിതമായ ക്രിയ...ആം എന്ന പ്രകാരപ്രത്യയത്തിലവസാനിക്കുന്ന പോകാം എന്ന പ്രകാരക്രിയയോ പോകേണ്ടതുണ്ട് എന്ന ക്രിയാരൂപമോ ആണ്. അതായത്, ഒന്നുകിൽ ഈ വാക്യം 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്കു മടങ്ങിപ്പോകാം' എന്നോ അല്ലെങ്കിൽ, 'ഒരിക്കൽക്കൂടെ നമുക്ക് അമേരിക്കൻ ഡസ്റ്റ്ബൗളിലേക്കു മടങ്ങിപ്പോകേണ്ടതുണ്ട്' എന്നോ പരിഷ്കരിക്കാം.

**4.5. യോജകങ്ങളുടെ ഉപയോഗം വാദങ്ങളുടെ സത്യസാധുതാപരിശോധന കൂട്ടും. അതുകൊണ്ട് സാധ്യമായിടത്തോളം യോജകങ്ങളെ ഉപയോഗിച്ച് സങ്കീർണ്ണവാക്യങ്ങൾക്കു പകരം ലളിതവാക്യങ്ങൾ ഉപയോഗിക്കുക.**

രണ്ടു വാക്യങ്ങളിലുള്ള ആശയങ്ങളെ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കുകളെയാണ് യോജകങ്ങളെന്നു പറയുക. യോജകങ്ങൾ എങ്ങനെയാണ് രണ്ടു വാക്യങ്ങളിലെ ആശയങ്ങളെ ബന്ധിപ്പിക്കുന്നതെന്ന് ഉദാഹരണം ശ്രദ്ധിക്കുക.

മഴ പെയ്തു, നദി നിറഞ്ഞു എന്നീ രണ്ടു സംഭവങ്ങളാണ് ഈ രണ്ടു വാക്യങ്ങളിൽ കൊടുത്തിട്ടുള്ളത്. ഈ വാക്യങ്ങളെ മലയാളത്തിലെ സാധാരണ യോജകങ്ങളുപയോഗിച്ച് ബന്ധിപ്പിച്ചിരിക്കുകയാണ്.

1. മഴ പെയ്തു. അതുകൊണ്ട് നദി നിറഞ്ഞു കവിഞ്ഞു.
2. മഴ പെയ്തു. അപ്പാൾ നദിയും നിറഞ്ഞു കവിഞ്ഞു.
3. മഴ പെയ്തു. ഒപ്പം നദിയും നിറഞ്ഞു കവിഞ്ഞു.
4. മഴ പെയ്തു. ഒപ്പംതന്നെ നദിയും നിറഞ്ഞു കവിഞ്ഞു.
5. മഴ പെയ്തു. അങ്ങനെ നദി നിറഞ്ഞു കവിഞ്ഞു.
6. മഴ പെയ്തു. തൽഫലമായി നദി നിറഞ്ഞു കവിഞ്ഞു.
7. മഴ പെയ്തു. എന്നിട്ടും നദി നിറഞ്ഞു കവിഞ്ഞില്ല.
8. മഴ പെയ്തു. എന്നിട്ടുപോലും നദി നിറഞ്ഞു കവിഞ്ഞില്ല.
9. മഴ പെയ്തു. എന്നിരുന്നാലും നദി നിറഞ്ഞു കവിഞ്ഞില്ല.
10. മഴ പെയ്തു. പക്ഷേ നദി നിറഞ്ഞു കവിഞ്ഞില്ല.

യോജകങ്ങൾ ബന്ധിപ്പിക്കുന്ന രണ്ടു വാക്യങ്ങളിലെ ആശയങ്ങളുടെ യുക്തിബന്ധത്തിന്റെ അടിസ്ഥാനത്തിൽ യോജകങ്ങളെ അഞ്ചായി തിരിക്കാം.

1. അനുമാനയോജകങ്ങൾ: അതുകൊണ്ട്, ആയതുകൊണ്ട്, ഇക്കാരണത്താൽ, ആയതിനാൽ, തൽഫലമായി, ഈ സാഹചര്യത്തിൽ

2. താരതമ്യ യോജകങ്ങൾ: അതുപോലെ, അതുപോലെതന്നെ, ഇത്തരത്തിൽ, ഇങ്ങനെ
3. സംയോജകങ്ങൾ: കൂടാതെ, ഒപ്പം, ഇതു കൂടാതെ, മാത്രവുമല്ല
4. ഊന്നൽ യോജകങ്ങൾ: തീർച്ചയായും, വസ്തുനിഷ്ഠമായി പറയുകയാണെങ്കിൽ, സത്യത്തിൽ, യഥാർത്ഥത്തിൽ, ശരിക്കും, വാസ്തവത്തിൽ
5. ഉദാഹരണ യോജകങ്ങൾ: ഉദാഹരണമായി
6. തുലനയോജകങ്ങൾ: അതോടൊപ്പം, അതിലുപരി, എല്ലാത്തിലുമുപരി
7. കാല യോജകങ്ങൾ: അപ്പോൾ, ആ സമയം, അന്നേരം, അങ്ങനെ
8. വിവരണ യോജകങ്ങൾ: അതായത്, അല്ലെങ്കിൽ, കുറച്ചുകൂടി വ്യക്തമാക്കിയാൽ,
9. നിഷേധയോജകങ്ങൾ: മറിച്ച്, എന്നിട്ടും, എന്നിരുന്നാലും, എങ്കിലും
10. അനുപൂരക യോജകങ്ങൾ: പകരം
11. ഉപസംഹാര യോജകങ്ങൾ: ചുരുക്കത്തിൽ, മേൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഉപസംഹാരമായി, അവസാനമായി

മേൽക്കൊടുത്തിട്ടുള്ള ഓരോതരം യോജകങ്ങളും രണ്ടു വാക്യങ്ങളെ ബന്ധിപ്പിക്കുന്നത് യുക്തിപരമായ ചില നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ഉദാഹരണമായി, അക്കാദമികഭാഷയിലെ പ്രധാനതരം യോജകമായ അനുമാനയോജകം പ്രവർത്തിക്കുന്ന രണ്ടു നിയമങ്ങളെ പരിശോധിക്കാം. എല്ലാത്തരം അക്കാദമിക അനുമാനങ്ങളും വസ്തുതകളെ സംബന്ധിച്ച പ്രസ്താവനകളുടെയോ അഭിപ്രായങ്ങളുടെയോ അടിസ്ഥാനത്തിലെത്തുന്ന തീർപ്പുകളാണ്. ഈ തീർപ്പുകൾ മൂന്നു തരത്തിലുള്ളവയാണ്. ഒന്ന്, അനുമാനം, രണ്ട്, സാമാന്യവത്കരണം. മൂന്ന്, ഫലം. ഓരോന്നിന്റെയും യുക്തിഘടനയും എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നു നോക്കാം.

### 4.5.1 അനുമാനനിയമം

| | |
|---|---|
| വാക്യം 1 സത്യമാണ് | മിക്കവാറും എല്ലാ സാഹചര്യങ്ങളിലും വാക്യം 1 ലെ കാര്യങ്ങൾ വാക്യം 2-ലെ കാര്യങ്ങളോടൊത്താണ് വന്നിട്ടുള്ളത്. |

വാക്യം 1 + (അനുമാനം + നിഗമനം) + വാക്യം 2

വാക്യം 1 സത്യമാണെന്ന് അനുമാനിക്കാൻ വാക്യം 2 സാധുവായ തെളിവാണ്.

ഉദാഹരണമായി, മേൽ കൊടുത്തിട്ടുള്ള തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വാക്യങ്ങളുടെ യോജകപ്രക്രിയയെ പരിശോധിക്കാം. (വാക്യം 1) സോനുവിന് നല്ല മാർക്കുണ്ട് (വാക്യം 2) അവൻ ബുദ്ധിമാനാണ്. അതുകൊണ്ട് എന്ന യോജകം ഉപയോഗിച്ച് ഈ വാക്യങ്ങളെ എങ്ങനെ ബന്ധിപ്പിക്കാം.

സോനുവിന് നല്ല മാർക്കുണ്ട്. അതുകൊണ്ട് അവൻ ബുദ്ധിമാനാണ്.

മലയാളത്തിലെ അക്കാദമിക രചനകളിൽ പ്രത്യേകിച്ചും സാഹിത്യനിരൂപണരചനകളിൽ യോജകങ്ങളുടെ പ്രയോഗം വളരെ കുറവാണ്. യോജകങ്ങളെ രണ്ടു വാക്യങ്ങളുടെ ഇടയിൽ ഞെരിച്ചമർത്തി സങ്കീർണ്ണവാക്യങ്ങളാക്കുന്ന രചനാശൈലിയാണ് സാധാരണ കണ്ടുവരുന്നത്. എന്നിരുന്നാലും ലഭ്യമായ ഒരുദാഹരണം ഇവിടെ അവതരിപ്പിക്കാം. പ്രദീപൻ പാമ്പിരിക്കുന്ന് (2012: 63-74) എഴുതിയ 'രണ്ടിടങ്ങഴിയുടെ ലാവണ്യശാസ്ത്രം' എന്ന ലേഖനം അവസാനിക്കുന്നത് ഇങ്ങനെയാണ്: 'ചുരുക്കത്തിൽ നാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയോടെ കേരളീയപൊതുസമൂഹം പൊതുവിൽ സ്വീകരിച്ചിട്ടുള്ള നവോത്ഥാനഭ്രമങ്ങളുണർത്തിവിട്ട ആശയങ്ങളെയോ അയ്യങ്കാളിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപരവും സാമൂഹികവുമായ മേഖലകളിൽ ദലിതർ നേടിയ അവബോധവികാസത്തെയോ രണ്ടിടങ്ങഴി പ്രതിനിധീകരിക്കുന്നില്ല. മറിച്ച് പറയരും പുലയരുമുൾപ്പെടെയുള്ള ചൂഷിതവർഗ്ഗങ്ങളെ വ്യക്തിപരമായും വർഗ്ഗപരമായും രാഷ്ട്രീയവത്കരിക്കുകയാണ് രണ്ടിടങ്ങഴി ചെയ്യുന്നത്. അതിനാൽ സരസ്വതീവിജയത്തിൽനിന്ന് (1892) ദലിത് അവബോധപരമായ വികാസം ചരിത്രപരമായി രണ്ടിടങ്ങഴിയിലെ ദലിതർ നേടുന്നുണ്ട് എന്നു വിലയിരുത്താൻ കഴിയില്ല.' ഇതുവരെ അവതരിപ്പിച്ച വസ്തുതകളിൽനിന്ന് രണ്ടിടങ്ങഴിയെക്കുറിച്ചുള്ള ചില അനുമാനങ്ങൾ അവതരിപ്പിക്കയാണ് വാക്യം 1. വാക്യം 2 ഉം വാക്യം 3 ഉം ചേർന്നാണ് ഇവിടെ പ്രധാന വാദം അവതരിപ്പിക്കുന്നത്. പറയരും പുലയരും ഉൾപ്പെടെയുള്ള ചൂഷിതവർഗ്ഗങ്ങളെ വ്യക്തിപരമായും വർഗ്ഗപരമായും *രണ്ടിടങ്ങഴി*യിൽ രാഷ്ട്രീയവത്കരിക്കുന്നതുകൊണ്ട് ആ കഥാപാത്രങ്ങളുടെ ദലിത് അവബോധപരമായ വികാസം സരസ്വതീവിജയത്തിൽനിന്നും മുന്നോട്ടുപോകില്ല. അതുകൊണ്ടാണ് അവിടെ ഉപയോഗിച്ച അതിനാൽ എന്ന യോജകം പ്രദീപന്റെ ഭാഷയെ അക്കാദമികഭാഷയുടെ സ്വഭാവത്തിലെത്തിക്കുന്നത്.

### 4.5.2 സാമാന്യവത്കരണ നിയമം

- വാക്യം 1 സത്യമാണ്

- വാക്യം 1 സാമാന്യസ്വഭാവമുള്ളതാണ്.

വാക്യം 1 + (അനുമാനം +സാമാന്യവത്കരണം) + വാക്യം 2
കാര്യങ്ങളോടൊത്താണു വന്നിട്ടുള്ളത്.

വാക്യം 2 സത്യമാണെന്ന് സാമാന്യവത്കരിക്കാൻ
വാക്യം 1 സാധുവായ തെളിവാണ്.

ഉദാഹരണമായി, (വാക്യം 1) സോനുവിന്റെ അമ്മയും ചേച്ചിയും ദയയുള്ളവരാണ്. അതുകൊണ്ട് (വാക്യം 2) മിക്കവാറും എല്ലാ സ്ത്രീകളും ദയയുള്ളവരാണ്. ഇവിടെ സോനുവിന്റെ അമ്മയും ചേച്ചിയും സ്ത്രീയെ ഒരേഗണത്തിൽ പെടുവരാണ് എന്ന ഒന്നാമത്തെ വാക്യത്തിന്റെ അടിസ്ഥാനത്തിലാണ് അവരുടെ ഗണത്തെയാകെ സാമാന്യവത്കരിച്ചിരിക്കുന്നത്. ഇങ്ങനെ അനുമാനം സാമാന്യവത്കരണം, ഫലം എന്നിവയെ കാണിക്കാനാണ് അനുമാനയോജകം ഉപയോഗിക്കുന്നത്.

യോജകങ്ങൾ ഭാഷയിൽ വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് ഭാഷയുടെ സാധാരണപ്രകടമായ രൂപിമ, വാക്യഘടനകളിലല്ല. തന്നെയുമല്ല, യോജകങ്ങളെ വ്യവഹാര സൂചകങ്ങളായി പരിഗണിക്കാനും കഴിയില്ല. പകരം യുക്തിഘടനയിൽനിന്നാണ് യോജകങ്ങൾ രൂപപ്പെടുന്നത്. അതുകൊണ്ട് യോജകങ്ങൾ പലപ്പോഴും ഭാഷയുടെ വാക്യഘടനയിൽ അങ്ങനെതന്നെ പ്രകടമാകില്ല. അതുകൊണ്ടാണ് യോജകങ്ങളുപയോഗിച്ച് യോജിപ്പിക്കേണ്ട രണ്ടു ലളിതവാക്യങ്ങളെ യോജകങ്ങളെ വാക്യഘടനയുടെ ഭാഗമാക്കി ഒറ്റ സങ്കീർണ്ണവാക്യമാക്കാൻ കഴിയുന്നത്. ഉദാഹരണമായി, രാമൻ വെള്ളം കുടിച്ചു, അതുകൊണ്ട് രാമനു ദാഹമില്ല. ഈ രണ്ടു വാക്യങ്ങളിലെ ആശയങ്ങൾ കാരണകാര്യക്രമത്തിൽ ബന്ധപ്പെട്ടിരിക്കുന്നത് അതുകൊണ്ട് എന്ന യോജകം വഴിയാണ്. എന്നാൽ വാക്യഘടനയുടെ ഭാഗമല്ലാത്ത അതുകൊണ്ട് എന്ന യോജകത്തെ വാക്യഘടനയുടെ ഭാഗമാക്കിക്കൊണ്ട് ഒരു സങ്കീർണ്ണവാക്യം നിർമ്മിക്കാൻ കഴിയും. രാമൻ വെള്ളം കുടിച്ചതുകൊണ്ട് രാമനു ദാഹമില്ല. എന്നോ വെള്ളം കുടിച്ചതുകൊണ്ട് രാമനു ദാഹമില്ല എന്നോ ഈ വാക്യങ്ങളെ അവതരിപ്പിക്കാം. ഇവിടുത്തെ പ്രധാന ചോദ്യം ഇതാണ്. അക്കാദമികഭാഷയിൽ സങ്കീർണ്ണവാക്യത്തിന്റെയും രണ്ടു ലളിതവാക്യങ്ങളെ യോജകങ്ങൾ ഉപയോഗിച്ച് യോജിപ്പിക്കുന്ന തിന്റെയും സങ്കീർണ്ണവാക്യമായും എഴുതാവുന്നതിന്റെയും സാധ്യതയുള്ളപ്പോൾ നമ്മളേതാണു സ്വീകരിക്കേണ്ടത്? ഇതിനുള്ള ഉത്തരം നമുക്ക് ഒരു യോജകപ്രയോഗ പരിശോധനയിലൂടെ കണ്ടെത്താം.

4.5.2.1. *കേരളപാണിനീയ*ത്തിൽ എ. ആർ. രാജരാജവർമ (1986 [2005] 13) മലയാളവും തമിഴും ഒരുകാലത്ത് ചരിത്രപരമായി ഒന്നാണെന്നു വാദി

ക്കുന്നതിനായി പ്രയോഗിക്കുന്ന ഒരു സങ്കീർണ്ണവാക്യം പരിശോധിക്കാം. മേൽക്കാണിച്ച പ്രകാരം തമിഴ്‌രാജ്യവും മലയാളരാജ്യവും ഒരേ രാജാവിന്റെ കീഴിൽ ഇരുന്നിടത്തോളംകാലം തമിഴ്ഭാഷയും മലയാളഭാഷയും ഒന്നു തന്നെ ആയിരുന്നു. ഈ സങ്കീർണ്ണവാക്യത്തെ ഒരു യോജകം ഉപയോഗിച്ച് ഇങ്ങനെ മാറ്റിയെഴുതാം. മേൽക്കാണിച്ച പ്രകാരം തമിഴ്‌രാജ്യവും മലയാളരാജ്യവും കാലങ്ങളോളം ഒരേ രാജാവിന്റെ കീഴിലിരുന്നു. അതുകൊണ്ട്, ആ കാലത്തെ തമിഴ്ഭാഷയും മലയാളഭാഷയും ഒന്നുതന്നെ ആയിരുന്നു. ഇതൊരു അനുമാനമാണ്. ഈ അനുമാനം യുക്തിപരമായി ശരിയാകണമെങ്കിൽ വാക്യം 2നെ സത്യമാണെന്ന് പൂർണ്ണമായി സാധൂകരിക്കുന്നതാകണം വാക്യം1. അതായത് സങ്കീർണ്ണഘടനയിലെഴുതിയ ഒരു വാക്യത്തിൽ എന്തെങ്കിലും വാദങ്ങളുണ്ടെങ്കിൽ ആ വാക്യത്തെ ആ വാദത്തിന്റെ യുക്തിയോജകം ഉപയോഗിച്ച് പിരിച്ചെഴുതി നോക്കുക. അങ്ങനെ നിങ്ങൾക്കു തീരുമാനിക്കാം ആ വാക്യം യുക്തിയോജകം ഉപയോഗിച്ച് രണ്ടായി എഴുതണമോ അതോ ഭാഷായോജകത്തെ ഉപയോഗിച്ച് സങ്കീർണ്ണവാക്യമായി എഴുതണമോ എന്ന്. യുക്തിയോജകത്തെ ഭാഷായോജകം ആക്കുമ്പോൾ വാക്യം സങ്കീർണ്ണമാവുകയും വാദത്തിന്റെ സത്യപരിശോധനാസാധ്യത കുറയുകയും ചെയ്യും. ഗവേഷകൻ അവതരിപ്പിക്കുന്ന അനുമാനങ്ങളുടെയും സാമാന്യവത്കരണങ്ങളുടെയും സത്യപരിശോധനാസാധ്യത കുറയുകയും ചെയ്യും. ഗവേഷകൻ അവതരിപ്പിക്കുന്ന അനുമാനങ്ങളുടെയും സാമാന്യവത്കരണങ്ങളുടെയും സത്യപരിശോധനാസാധ്യതയ്ക്കുള്ള പാരായണ അവസരം ഗവേഷണരചനയിൽ കൂടുതൽ ഉണ്ടാകുമ്പോഴാണ് ഗവേഷകന്റെ ഭാഷയും അക്കാദമികമാകുന്നത്. അതായത്, യോജകങ്ങൾ ഉപയോഗിച്ച് ലളിതവാക്യങ്ങളിലൂടെ വായനക്കാരനെ തന്റെ ഗവേഷണാനുഭവത്തിലേക്ക് ഗവേഷകൻ എത്തിക്കുന്നത് ഫുട്ട്ബോൾ കളിയിൽ നിരവധി പൂർവ്വപക്ഷ പാസ്സുകളുപയോഗിച്ചും പരപക്ഷ പ്രതിരോധശ്രമങ്ങളെ നേരിട്ടുകൊണ്ടും ഗോളടിക്കുന്നതുപോലെയാണ്. എന്നാൽ സങ്കീർണ്ണവാക്യങ്ങളുപയോഗിച്ച് ഗവേഷണാനുഭവം വിനിമയം ചെയ്യുന്നത് ഫുട്ട്ബോൾ കളിയിലെ പെനാൽറ്റി അവസരം ഉപയോഗിച്ച് ഗോളടിക്കുന്നതുപോലെയാണ്. പെനാൽറ്റി അടിച്ച് ഗോളടിക്കുമ്പോൾ പ്രതിരോധത്തിനുള്ള നിരവധി സാധ്യതകളാണ് കളിയിൽ നഷ്ടപ്പെടുക. സങ്കീർണ്ണവാക്യങ്ങൾ വായിക്കുമ്പോൾ വായനക്കാരന്റെ പ്രതിരോധത്തിനുള്ള നിരവധി അവസരങ്ങളാണ് നിഷേധിക്കപ്പെടുക. ലളിതമായ വാക്യങ്ങളെ യോജകങ്ങളുപയോഗിച്ച് യോജിപ്പിച്ച് അവതരിപ്പിക്കുന്ന ഒരു അക്കാദമികലേഖനം വായിക്കുമ്പോൾ ലേഖകൻ വായനക്കാരന് നിരവധി പ്രതിവാദസാധ്യതകളാണ് ഉണ്ടാക്കിക്കൊടുക്കുന്നത്. ഉണ്ടാകാവുന്ന എല്ലാ പ്രതിവാദസാധ്യ

തകളെയും നേരിട്ട് തന്റെ ഗവേഷണാനുഭവം വായനക്കാരനിൽ എത്തിക്കുന്ന ഒരു അക്കാദമിക രചന നല്ല ഫുട്ട്ബോൾ കളിക്കാരന്റെ ശ്രമകരമായ ഒരു ഗോളാണ് പരാജയപ്പെട്ട നിരവധി ഗോളടിശ്രമങ്ങളേക്കാൾ ഒരിക്കലും മഹത്തരമായിരിക്കില്ല. വീണുകിട്ടിയ ഒരു പെനാൽറ്റി ഗോൾ. പെനാൽറ്റി ഗോൾ ഒരു കളിയിൽ നിങ്ങളെ വിജയിപ്പിച്ചിരിക്കാം. പക്ഷേ അതൊരിക്കലും കളിയുടെ ചരിത്രത്തിന്റെ ഭാഗമാകില്ല. ഇതുതന്നെയാണ് ഗവേഷണാനുഭവത്തിന്റെ വിനിമയത്തിലും ഭാവിയിലെ ഏതു സത്യപരിശോധനയ്ക്കും തുറന്നുവെക്കപ്പെട്ടതാവണം ഗവേഷണാനുഭവത്തിന്റെ വിനിമയഭാഷയായ അക്കാദമികഭാഷ.

## 5. ചുരുക്കം:

മൂന്നു കാര്യങ്ങളാണ് ഈ ലേഖനത്തിൽ നമ്മൾ ചർച്ച ചെയ്തത്. ഒന്ന്, അക്കാദമിക അനുഭവം സാമാന്യ അനുഭവത്തിൽനിന്നും ഭിന്നമാണ് ഈ പ്രത്യേകാനുഭവത്തെ സാധാരണ അനുഭവമായി വിനിമയം ചെയ്യാനുള്ള ഗവേഷകരുടെ ശ്രമമാണ് ഭാഷയിൽത്തന്നെ അക്കാദമികമായ ഒരു ഭാഷാഅവസ്ഥ രൂപപ്പെടുത്തുന്നതിനു കാരണം, ഭാഷയുടെതന്നെ പ്രത്യേകതകളായ യുക്തിഘടന, വെളിപ്പെടുത്തൽ സ്വഭാവം എന്നിവയാണ് ഭാഷയിൽത്തന്നെ അക്കാദമികഭാഷയെ സാധ്യമാക്കുന്നത്. രണ്ട്, അക്കാദമികഭാഷ, ഒരു ഭാഷാ അവസ്ഥയാണ്. രണ്ടുതരം സങ്കേതങ്ങളാലാണ് അക്കാദമികഭാഷ വ്യവസ്ഥപ്പെടുത്തുന്നത്. ഒന്ന്, അനുഭവദ്വന്ദതയുടെ സമീകരണം, രണ്ട്, പൂർവ്വപര യുക്തി സമന്വയം. മൂന്നാമതായി, അക്കാദമിക ഭാഷാതത്ത്വത്തിന്റെയും സങ്കേതങ്ങളുടെയും അടിസ്ഥാനത്തിൽ മലയാളഭാഷ അക്കാദമികമായി ഉപയോഗിക്കാൻ കഴിയുന്നതിന് അഞ്ചു നിർദ്ദേശങ്ങളും അവതരിപ്പിച്ചു. നിർദ്ദേശങ്ങളെ കേവലമായി അവതരിപ്പിക്കുന്നതിനു പകരം ഈ നിർദ്ദേശങ്ങളിലേക്ക് ലേഖകൻ എങ്ങനെയെത്തി എന്നു മനസ്സിലാകത്തക്ക തരത്തിലാണ് നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. അക്കാദമിക ഭാഷയെക്കുറിച്ചുള്ള വളരെ പ്രാഥമികമായ ചില കാര്യങ്ങൾ മാത്രമേ ഇവിടെ ചർച്ച ചെയ്തിട്ടുള്ളൂ. അക്കാദമിക ഭാഷയുടെ സ്വഭാവം അതാതു വിഷയങ്ങളനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ ഓരോ വിഷയത്തിന്റെയും ഗവേഷണ പരിശീലനത്തോടൊപ്പം ആ വിഷയത്തിന്റെ അക്കാദമിക ഭാഷയിലുള്ള പ്രത്യേകമായ പരിശീലനവും അനിവാര്യമാണ്. ചുരുക്കത്തിൽ, അക്കാദമിക ഭാഷ എന്നാൽ ഫുട്ട്ബോൾ കളിയിലെ ഗോളടിക്കുന്നതുപോലെയാണ്. അതായത്, നിരന്തരമായുള്ള കായികപരിശീലനവും ഗവേഷണാനുഭവവും ഉണ്ടെങ്കിൽ മാത്രമേ യഥാക്രമം ഗോളടിക്കാനും നന്നായി അക്കാദമിക ഭാഷ ഉപയോഗിക്കാനും കഴിയുകയുള്ളൂ.

## കുറിപ്പുകൾ:

1. ഇംഗ്ലീഷിൽ കണക്ടീവ് എന്നു വിളിക്കപ്പെടുന്ന ഭാഷയിലെ യുക്തിഘടകത്തിനെ മലയാളത്തിൽ യോജകം എന്നു പറയാം. ഈ വാക്ക് നിർദ്ദേശിച്ചതിന് പ്രൊഫ. ടി. ബി. വേണുഗോപാലപണിക്കരോട് കടപ്പെട്ടിരിക്കുന്നു.

2. ഒരു വാക്യത്തിന്റെ വ്യാകരണപരതയും അർത്ഥവും തമ്മിൽ അനുപൂരകമായ ബന്ധം നിലവിലില്ല എന്നു തെളിയിക്കാൻ 1957-ൽ നോം ചോസ്കിയാണ് എന്ന ഇംഗ്ലീഷ് വാക്യം ഉദാഹരണമായി അവതരിപ്പിച്ചത്.

3. യുറേക്കാ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ഞാനതു കണ്ടെത്തി അഥവാ ഞാൻ കണ്ടെത്തി എന്നതിന്റെ പ്രഥമപുരുഷ സകർമ്മകരൂപം എന്നാണ്.

4. ശാസ്ത്രവിനിമയത്തിൽ നടത്തുന്ന ഇത്തരത്തിലുള്ള ഒരു സാഹിത്യസമാനശ്രമമാണ് സയൻസ് ഫിക്ഷൻ.

5. അതുകൊണ്ടാണ് ഗവേഷണലേഖനങ്ങളെ അക്കാദമികപ്രബന്ധമെന്നു വിളിക്കുന്നത്.

## ഗ്രന്ഥസൂചി:


| | | |
|---|---|---|
| Chicago University Library | 2012 | *Chicago Manuel of Style* 16th Edition. Chicago: Chicago University Press. |
| Harterly, James | 2008 | *Academic Writing and Publishing a Practical Handbook.* New York: Routledge. |
| Leuy, Beth | 2010 (1987). | *Hanbdbook for Academic Authors.* 5th Edition. |
| Russell, David R. | 2002 | *Writing in the Academic Disciplines: A Curricular History.* Carbondale: Southern Illinois University Press. |
| Williams Joseph, M. | 1990 | *Style: Towards Calrity and Grace.* Chicago: Chicago University Press. |
| അഷ്റഫ്, സി. | 2012 | എം.ടി.യുടെ മനുഷ്യലോകം. *ഭാഷാപോഷിണി,* 37.7 68-76. |
| ആനന്ദ്. | 2012 | സ്ഥാനം തെറ്റിയ വസ്തു, *മണ്ണു മുതൽ മനുഷ്യൻവരെ*, കോഴിക്കോട്: മാതൃഭൂമി. |

| | | |
|---|---|---|
| പ്രദീപൻ, പാമ്പിരിക്കുന്ന്. | 2012 | രണ്ടിടങ്ങഴിയുടെ ലാവണ്യശാസ്ത്രം, ഷാജി ജേക്കബ് (എഡി.). 2012 *തകഴി കാലഭൂപടങ്ങൾ*. കണ്ണൂർ: കൈരളി ബുക്സ്, 63-74. |
| ബാലചന്ദ്രൻ വടക്കേടത്ത്. | 2013 | ഇല്ല, തർക്കത്തിനില്ല വായനക്കാരേ *സമകാലികമലയാളം വാരിക* 16 41:56-61 |
| രാഘവൻ പയ്യനാട്. | 1998 | *ഫോക്‌ലോറിന് ഒരു പഠനപദ്ധതി*, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി. |
| രാമകൃഷ്ണൻ, ടി.ഡി. | 2001 | *ഫ്രാൻസിസ് ഇട്ടിക്കോര*, കോട്ടയം: ഡി.സി. ബുക്സ്. |
| രാജഗോപാലൻ, സി. ആർ. | 2012 | ഭാഷ ഒരു പ്രതിരോധമിത്ത്, എഴുത്തച്ഛൻ കൃതികളെ ആസ്പദമാക്കി ഒരു പഠനം. *ഭാഷാസാഹിതി* 25-14 2001 വൈകിപ്രസിദ്ധീകരിക്കുന്നു. |
| വേണുഗോപാലൻ പി. | 1999 | *ധർമ്മരാജാ: സ്വരൂപവും പഠനവും*, ധർമ്മരാജയുടെ 1999-ലെ ഡി. സി. പതിപ്പ്, കോട്ടയം: ഡി.സി. ബുക്സ് |
| രാജശേഖരൻ, പി. കെ. | 2006 | *ഏകാന്തനഗരങ്ങൾ* ഉത്തരാധുനിക മല യാളസാഹിത്യത്തിന്റെ സൗന്ദര്യ ശാസ്ത്രം, കോട്ടയം: ഡി.സി. ബുക്സ്. |
| രാജരാജവർമ്മ, ഏ.ആർ. | 2005 | (1986) കേരളപാണിനീയം, കോട്ടയം: ഡി.സി. ബുക്സ്. |

## വ്യാകരണങ്ങൾ:

| | | |
|---|---|---|
| Asher, R. E. and Kumari, T.C. | 1997 | *Malayalam,* London and New York: Routledge. |
| രവിശങ്കർ എസ്. നായർ. | 2011 | *വാക്യദർശനം, മലയാളത്തിന്റെ വിവര ണാത്മക വ്യാകരണം,* തിരുവനന്തപുരം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |

# Translating Identity: Apocalypse and Rebirth in Basheer's Ntuppuppa

**Mohamed Shafeeq K.**

ABSTRACT: *This paper is an analysis of Vaikkom Muhammad Basheer's novel Ntuppuppakkoranandarnnu. The paper argues that the tag of bourgeois reform associated with the novel comes at the cost of crucial elisions. Reading the novel closely, the paper tries to expose, in Basheer's language, the tears that are forsaken for a forced laughter in constructing new memories considered appropriate for the nation.*

> If there is a law that all Muslims in India should leave for Pakistan, I have found myself three names. I will accept one of those. They are the following: Vaikkom Mammada Bhattacharyar, Y.M.B. Namboothirippad, Vai. Mu.Ba. Panikkar. (Nerum Nunanyum p.28; DC Books)

Vaikom Muhammad Basheer (1908-1994) is one of the greatest and most translated Malayalam writers of the twentieth century. His writings are known for its everydayness and humour and are treated as a representation of Muslim life of the mid-twentieth century. Basheer is without doubt the most successful of the breed of writers the Muslim community of Kerala has produced. Through the various state and national awards (including Padma Shri in 1982) that he has received and through its finding place in the state school syllabus, Basheer has been elevated into the domain of the recognized culture. Basheer has also been read as a figure

of that strand in Muslim writing which is touted as nationalist and 'progressive'.

This paper is an exploration of one of Basheer's novels, Ntuppuppakoranandarnnu (originally published in 1951), in an attempt at locating the fissures within Basheer's fiction at variance with the orthodox fashion of casting him as a reformist, writing reformist novels couched in everyday humour. I shall read this novel for its tensions between modernization and a profound search for identity. Stated thus, it is a re-reading and recovery of Basheer. For purposes of this paper, the direct quotations are from the English translation by R.E. Asher and Achamma Coilparambil Chandrasekaran, "Me Grandad 'ad an Elephant!" Curiously, the ruptures I locate are exactly those questions, dilemmas, reminiscences which the translators did not have access to, because Basheer, late in his life, decided to emend the novel (Asher, 1999). In this sense too, it is a recovery of Basheer. I argue that it is the elision of these very fragments that is figured in Asher's comment on the novel as "a beautiful and happy ending story love story…Its message is to live in the present."(1)

First the narrative: Kunjupattumma is the only daughter of Vattan Adima, and Kunjutachumma, a well off family. The family wields enormous economic resources and is well placed in the community with their hold on activities connected to the mosque. In relation to religion, Vattan Adima even acts as the arbiter of justice. Kunjupattumma grows older with the myth of an elephant, a tusker that her mother's father owned. She is told by her mother that the black mole on her cheek is the proof of her belonging to the great lineage of someone owning the elephant, and hence she is different from all other Kunjupattummas in the world.

This world of economic and social security is lost as Vattan Adima loses a court case against his sisters and is forced to vacate. All they were left with was a hut in a far off place, away from the known people. As the family stability worsens and fights between the spouses become common affair for the people to joke about, Kunjupattumma is exploring her surroundings. She soon meets Nisar Ahmed, the city-bred poet, though he remains

anonymous to her. Soon Kunjupattumma befriends his sister Ayisha, without knowing it to be his sister.

The new family from the city has enormous impact on the family and especially on Kunjupattumma, first as a shock, and then as objects of desire. Ayisha wears bodice under her clothes, flowers in her head, knows how to read and write Malayalam, all of which was earlier forbidden to Kunjupattumma, for they were supposed to be the markers of kaffirs, the infidels, and a Muslim was always supposed to show his/her distinction from a kaffir. All the more shocking, this family, consisting of Zainul Abid, a college professor, the father, his wife, Ayisha the daughter, and Nisar Ahmed her elder brother, all of whose names themselves were so alien to Kunjupattumma, claimed that they were the true Muslims. The family then sets about reforming Kunjupattumma's household, which starts with building a toilet for the house and ends with Nisar Ahmed marrying Kunjupattumma.

> It was not the Kunjupattumma who went in that came back. She had on a slip and a bodice. She wore a blouse and a green sari. Her hair was beautifully done and had flowers in it. Her head was covered with one end of the sari. In addition to all that she was wearing a pair of slippers. She was made to walk a hundred times back and forth in the room, so that she would know how to walk properly, before she went back. (p.117-8)2

## Mission Modernization?

The last chapter of the book is titled "The new generation is talking", and narrates the children from the neighbourhood making fun of the myth of the elephant. It is worthwhile here to quote Asher's translation and the modification I have made to it after reading the Malayalam version.

Asher's translation reads:

> Kunjupattumma asked again. In the end umma, tearful and stammering, said, 'They s-s-say your uppuppa's…huge elephant…was an elephant ant!...an elephant ant!' (p.119)

Now, to modify this with the added sentences:

> Kunjupattumma asked again. She looked at Kunjupattumma, standing gorgeous. She thought of the able Nisar Ahmed. They have just stepped into the bright future by the grace of God. The Lord, Master of the Universes, Rabbul Aalameen, will set everything right. History is definitely history...In the end umma, tearful and stammering, said, 'They s-s-say your uppuppa's...huge elephant...was an elephant ant!...an elephant ant!'

History is definitely history! It is the invention of "certain" (in both its meanings, selective and claiming as true) histories that nation states projects itself into the past, gains its essence. Basheer's own stated intention is the need to overcome the shadow of history and to live in the present, "to project the glory of the bygone days of Islam and at the same time to point out the failure of present-day Muslims to adjust to the modern life because of this mythical past. Every beggar and every butcher even now claims that he is a direct descendant of Akbar the Great. The elephant is the symbol of that obvious past." (x) Going by this authorial intention, the translators as well as the common sense of this novel as an appeal to the Muslims to modernise remains vindicated.

But the novel needs to be read for more than its authorial intentions. More importantly, it has to be seen if Basheer is doing something which he is not saying. In other words, there still remains room for us to engage with this novel for its ideological slips, codings and maskings. Adopting such a position, I argue, would tell us more about the existential anxieties of the Muslim community in the national formation.

Let us then have a look at the form of the novel. The novel has three parts; the first, from the introduction to Kunjupattumma and their secure and solipsistic existence to their exile from the familiar world; the second, from the starting of life in the new neighbourhood and life conditions to the marriage between Kunjupattumma and Nisar Ahmed; and the third, the incident of the children making fun of the memory of elephant ending with the paragraph I quoted above.

A quick reading of the first part gives an impression that it is not just an introduction to Kunjupattumma's life, but also to the shared beliefs of Muslim life. There are detailed descriptions about the creation of the world, the original disobedience of Satan, and the end of the world. These descriptions, I argue, is more important than just an indulgence in exoticisation, or a programme to educate the readers of the closed world of Muslims. Rather, this is the very structure in which the novel is framed, a frame rendered invisible by the frame of modernisation and nation building.

Let us take the first section and look for correspondences: the elephant precedes the arrival of Kunjupattumma on earth and is symbolised by the mole on her cheek, the elephant being the reason for her distinction; the Prophet is prefigured by the creation of his light which precedes his corporeal existence3, this very pre-existence certifying his eminence. The disobedience is narrated through the incident of a boy who crops his hair against religious sanctions and is punished; and the final destruction of the world, symbolised by the exit of the family from the world of their familiarities, their turn to deprivation and insignificance, and more importantly, the exit of Kunjupattumma from the closed spaces to the open fields. But here is the interesting twist, in the paragraph following their exit from the house:

> Nothing has happened to the world. But...their past, present and future are all shattered. Yet...the river and the sands lie glittering in the moonlight....people are bathing in the water....On the sand some are sitting together and enjoying the fun of gossip....nothing has happened to the world. But Vattan Adima's and his wife's and his daughter's life seemed shattered.
>
> Nothing has happened to the world. (p.31)

Let us then take a detour to the explanation on the end of the world given by Basheer in the novel.

> One day this world will be destroyed. There are some signs by which one can know about it in advance. Kunjupattumma will go into this in detail...Those of low

> estate will rise. Those of high estate will go down. Evil will prevail. Faith in God will fade. Religions will disappear. Parents will not be obeyed. Teachers will not be respected. Old people will be mocked. Women will lose modesty and shame. Nobody will have respect for anyone. Love will disappear. Jealousy will increase. There will be terrible wars....Even then the world will not be destroyed. Only Allah can destroy it. Very many years before qiyamat, men will fall into the confused state of forgetfulness...Then one day, as soon as the sun is up, while men are in the midst of getting ready for their daily work, the people of the world will hear a long protracted sound. (p.65)

And a few paragraphs later:

> Everything will perish. Not a trace of the heavens or the earth will remain…Like this millions of ages will pass during which God alone will be…Again he will create the world. There will be sun, moon and stars. He will raise all souls to life again. Then punishment, salvation… Kunjupattumma will recite all this in detail. She knows all of it by heart. (p.66)

Indeed, the apocalypse is followed by the resurrection. This is what allows the story to continue in its cycle of creation, disobedience and apocalypse. Now let us take the second portion. The arrival in the new world corresponds to creation; the disobedience is narrated through a whole lot of incidents -the fight between the spouses, the refusal of Kunjupattumma's mother to pray, indeed her fading belief in God, the low estate of the once influential family, the desirability of those activities which they earlier considered below them…; and the apocalypse is the marriage itself, the destruction of all known ways of life, the conquest by the regime of slips and bodice and flowers. But what exactly is the potential of a recreation? Where is the absolute negativity that will allow this dialectic to freeze and then take a rebirth? Wherein lies the possibility of a paused time and the potential of redemption? Where exactly is the suspension of movement in a

homogenous empty time of the conquerors and the replacement of it by the incessant repetition of a beginning ex nihilo in which the past itself is restricted towards a redemptive future?

Here we come to the question of memory and history. Basheer novel is a discussion on history and memory itself. While history seeks for itself the knowledge of what is known, the claim of memory is its communitarian nature, its shared valency. History is that which validates the question "What is the proof?" The advent of history is the advent of rationality/modernity. But even rationality hides beyond its facade certain unquestioned beliefs, the kernel which drives it forward. The relevance of this in Basheer's novel requires two quotes (again unavailable to the English translators):

> This was before the creation of the world. the story that has been handed down goes like this: before all other living beings Allah created the light of Muhammad Nabi. *Where is the source of this knowledge? It is not in Qur'an. No one had asked the mullahs. They believe what they hear.* (translation modified, italics denote the left out portion; p.61)

And

> During his last days, in accordance with the commandment of God Almighty, Ali threw his sword into the ocean. It cut the necks of all the fish. That is why a cut is seen on either side of the gullet of all fish. It is from that day that fish has become 'halal' to the Muslims and so can be lawfully eaten. *So weren't there fish with gills before Caliph Ali? It is said that God asked him to throw the sword. But does God speak? May be it is a myth. What is true and what is a lie? Kunjupattumma doesn't know.* (translation modified, italics denote the left out portion; p.18)

The story of the Prophet's light, of the gilled fish, stays questioned, in the very modern spirit. But there is another myth that lies unquestioned in the story -the myth of the elephant. What exactly

is the veracity of this elephant other than narratives. But this unquestioned myth is crucial exactly because it is the very identity of Kunjupattumma. It is the mole, with its link to the ancestral glory that separates her from all other Kunjupattummas in the world. It is indeed the hidden myth behind the very history.

Re-reading the last paragraph in the above light, especially "History is definitely History" will then speak volumes of the perpetuation of identity even when the subject makes a desperate attempt to move from the primary identification of the community to the secondary identification of the nation. Instead of reading the final words of Kunjupattumma's mother as the farcical second death of the elephant, it would then force us to read it as exactly that point of frozen time where all past significations resurface in an attempt of redemption. Walter Benjamin designates the difference between the ruling class and the oppressed class in terms of two modes of temporality: while the ruling class evoke the notion of time as homogenous and empty, the oppressed classes operate with a 'filled' time of discontinuity. The past already contains the potential for a redemptive future Each attempt at revolution brings to surface the earlier failed ones, and the success of the present leads to the redemption all past failures. In other words, the narrative of the marginalised is cyclical, with failure not being an end in itself but just a precursor to another cyclical turn aiming at redemption (Benjamin 2006).(4)

## Translating Identity

The unresolved crisis of the memory of the verity of the elephant is a moment pregnant with possibilities. The question there is between redemption and apocalypse; between the assertion that nothing has happened to the world and between the loss of a loss, where instead of an act of safeguarding, the very object to be safeguarded erodes away in the loss of the fantasmatic support.(5) The elephant, or rather the unquestioned memory of it, is the fantasmatic support, for the very notion of difference. The erasure or the denial of the memory, rather than producing a subject which retains its distinctness but is rooted in the contemporary, loses that very distinctness. However, the second death of the elephant, this time the symbolic, fails. In other words, "History is definitely

History", this evocation of the non-historical myth of the elephant itself, is at the same time a declaration of the impossibility to slip out of history and its imposed identities and the of the very moment of the possibility of redemption, a retroactive conferring of meaning on those marginalised by the victors, rather than apocalypse, the moment of the second and final death (Zizek, 2008). Indeed, "History is definitely History" is where the story begins:

> It all seems to have happened countless thousands years ago. For, isn't childhood a long way off? Since then many things have happened. Kunjupattumma can recollect it all only as some kind of a joke. Raw, green life. These are of course eternal, irresolvable mysteries. Nothing is really in one's grasp, is it? What does one do? One feels like heaving sobs; and also to laugh one's heart out. Isn't laughter better than weeping? So recollect and smile. (p.53; translation modified by Poduval(6)

It is the cyclical nature of the form coded in this statement that affords Basheer to tell the story of Kunjupattumma. The very narration is thus redemption of past failures. The millions of years in which God subjects everyone else to incubation is over. Now is the time for salvation.

What we see here, is not a silence, or resignation to the unspeakable kernel of the margins of the Indian politics of the early postcolonial state. Instead, it is the submission of the story to the cycle, which is a repetition of representations, a proliferation of the chance of realization by ever repeating the moment of enunciation. Therefore, this story has not be read as the attempt of a citizen-executive, rather, my rereading of the story has attempted to bring to light the Muslim subjective position of the enunciation itself. This is the story of a marginal identity as it speaks of itself. It is this very constitutive position of the author which has enabled the story to overcome the moment of silence and assert that "history is definitely history." The translation, as we saw, is then an attempt to relocate this constitutive position. And the translation is just another rendering of the dominant appropriation of this minority literature.

The question then arises, of course, of those readers who had access to the text in its original itself. How could they have read it differently from this? In other words, what accounts for the dominance of the dominant reading? A possible answer might lie in how, for the cultural elite of Kerala, the direct authorial word of the state had already found itself capable of exerting a control over the vertical axis of the narrative itself. In such a reading, the constitutive space that we symbolically identify with is already the State. In stressing the breakdown of the classic realist structure in Basheer, what I have intended is to show that the dominants readings have conferred on State the hegemony, while State was just one dominant force among many others in the early postcolonial Indian experience, each of which was vying for hegemony.

The national imagination in its essentialising bid has drawn the religious identities into neatly essentialised pigeonholes. The contestation of this helps us to recover those points in history which made it possible for communities to imagine themselves other than by their scripturally identified religious core authorised by the nation. My rereading of Basheer is such an attempt to trace the origins of a distinct Malayali Muslim identity, the emergence of which can only happen from the constitutive position of the community and not that of the state.

## Notes:

1. R.E.Asher, as quoted on the end cover of Ntuppuppakoranandarnnu. Kottayam: DC Books, 2008. Translation mine. The original that I refer to, to indicate the untranslated portions, in the course of my paper are from this.
2. Basheer, Vaikom Muhammad. "*Me Grandad 'ad an Elephant!*" R.E.Asher and Achamma Coilparampil Chandrasekaran (trans.). UNESCO, 1980. All subsequent quotes from this translation. Modification in consultation with the Malayalam version published by D C Books, 2008, unless otherwise mentioned.
3. The translators overlook the fact that "olivu" is just the light and not the body itself. See p.61
4. Several things are of interest in Benjamin’s exposition of the difference between historicism, which posist present in a causality of a linear time of eternal past; and historical materialism, which is an attempt at capturing the

flashes of past that reappear in moments of danger (for the ruling class's time. Benjamin, to cite just one of the interesting manoeuvres, draws an analogy between the Jewish historical memory and historical materialism.

5. In the sense that it is a *sinthome*. "symptom, conceived as *sinthome* (a signifier that is the bearer of enjoyment), is literally our only substance, the only positive support of our being, the only point that gives consistency to the subject." Zizek (1989:81)
6. Poduval, Satish. "The Memory of Elephants: Identity and Method in Basheer's Fiction" *forthcoming*. I take this opportunity to express my gratitude to him for his support towards writing this paper.

## Works Cited

Asher, R.E. Basheer: *Malayalathinte Sargavismayam*, Kottayam: DC Books, 1999.

Basheer, Vaikom Muhammad. "*Me Grandad 'ad an Elephant*!" R.E.Asher and Achamma Coilparampil Chandrasekaran (trans.). Unesco, 1980.

Basheer, Vaikkom Muhammad. *Ntuppuppakoranandarnnu*. Kottayam: DC Books, 2008.

Basheer, Vaikkom Muhammaad. *Nerum Nunayum*. Kottayam: DC Books.

Benjamin, Walter. Trans. Harry Zohn "On the Concept of History" in Howard Eiland and Michael W. Jennings (ed.) Edmund Jeffcott and others (trans.), *Walter Benjamin Selected Writing Volume* 4, 1938-1940, Cambridge and London: The Belknap Press of Harvard University Press, 2006. p.389-400.

Zizek, Slavoj. The Sublime Object of Ideology. Navayana, 2008. Originally published by Verso, 1989.

കൈരളി 1097 [illegible]

# "വീട്ടിലും പുറത്തും" •

ഞാൻ ഇതുപ്പോളെഴുതിവരുന്ന ലേഖനങ്ങൾ വളരെപ്പേർക്ക് സുഖപ്രദമാകുന്നില്ല. ഈ കാര്യം ഏതൊരു പ്രത്യേകഭാഷയിൽ എന്നെ ബോധിപ്പിക്കുവാൻ അവരുദ്യമിക്കുന്നുവോ ആ ഭാഷാരീതി ഉപയോഗിപ്പാൻ എനിക്ക് പരിചയമില്ലാത്തതിനാലാണ് അങ്ങിനെയുള്ള മറുപടികൾ അവർക്ക് കൊടുപ്പാൻ എനിക്ക് സാധിക്കാത്തത്. ഇങ്ങിനെയിരിക്കെ ഒരു സ്ത്രീയുടെ പക്കൽനിന്നും ഇയ്യിടയിൽ എനിക്കൊരെഴുത്തു കിട്ടുകയുണ്ടായി. അഭിയോഗവും ആക്ഷേപവും അതിലുണ്ടെങ്കിലും അവമാനകരമായ പ്രസ്താവങ്ങളൊന്നുമില്ല. എന്നുമാത്രമല്ല, സ്ത്രീജനോചിതമായ സൌജന്യവും സംയമനവും മാതൃയോഗ്യമായ കരുണയും അതിൽ പ്രകാശിക്കുന്നുണ്ടുതാനും. അവർ അനേകം സംഗതികളെക്കുറിച്ചു ദുഃഖിക്കുന്നുണ്ടെങ്കിലും എന്നെ സങ്കടപ്പെടുത്തുവാൻ വിചാരിക്കുന്നില്ല. ലേഖനകർത്രിയുടെ മേൽവിലാസം അതിൽ ചേർത്തുകാണായ്കയാൽ അവർ പൊതുജനങ്ങൾക്കു വേണ്ടിയാണ് അതയച്ചിട്ടുള്ളതെന്നും അതേനിലയിലുള്ള ഒരു മറുപടിയെത്തന്നെയാണ് പ്രതീക്ഷിക്കുന്നതെന്നും ഞാൻ വിശ്വസിക്കുന്നു. ആകയാൽ അവരുടെ ആക്ഷേപങ്ങൾക്കുള്ള സമാധാനം ഈ 'സബുജപത്രം' മുഖേനതന്നെ വെളിവാക്കിക്കൊള്ളുന്നു. സാഹിത്യത്തെ സംബന്ധിച്ചു നമ്മുടെ നാട്ടുകാർക്കുള്ള ചില ധാരണകളെപ്പററിയും ഈ സന്ദർഭത്തിൽ സ്വല്പമൊന്നു ചിന്തിക്കുന്നത് അനുചിതമാകയില്ലല്ലോ.

---

• ബങ്കാളി ഭാഷയിലെ 'സബുജപത്രം' എന്ന മാസികയിൽ ഈ ആഖ്യായിക ടാഗോർ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിരുന്ന കാലത്തു അതിന്റെ ഉദ്ദേശമെന്തെന്നു പലരും അദ്ദേഹത്തോടെഴുതിച്ചോദിക്കയും പലരും മററും അതിനെപ്പററി ആക്ഷേപലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. ഒടുവിൽ അദ്ദേഹത്തിന് ഒരു സ്ത്രീയുടെ എഴുത്തു കിട്ടി. അതിനു മറുപടിയായി അദ്ദേഹം എഴുതി പ്രസ്തുതപത്രത്തിൽതന്നെ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രത്യാഖ്യാനത്തിന്റെ തർജ്ജമയാണിത്. ശ്രീമതി. ടി. ബി. കല്യാണിഅമ്മ അവർകൾ (ബി. ഏ; എൽ. ടി) ഈ പുസ്തകം മലയാളത്തിൽ തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ഈ ലേഖനം വായനക്കാർക്കുപയോഗപ്പെടുമെന്നു വിശ്വസിക്കുന്നു.

(ലേഖകൻ)

" 'വീട്ടിലും പുറത്തും' എന്ന ആഖ്യായികയുടെ ഉദ്ദേശമെന്ത്?" എന്നാണ് പ്രശ്നോത്തരപംക്തിയിൽ ചെയ്തിട്ടുള്ള പ്രഥമപ്രശ്നം. 'ആഖ്യായിക എഴുതുന്നതിന്റെ ഉദ്ദേശം ആഖ്യായിക എഴുതുകതന്നെ' എന്നാണ് ഇതിന്റെ ശരിയായ ഉത്തരം. പച്ചയിൽപ്പറയുന്നതാണെങ്കിൽ കഥയെഴുതുന്നത് എനിക്കിഷ്ടമായൊരു പ്രവൃത്തിയാകുന്നു എന്നുമാത്രം. പക്ഷേ ഇത് ഉദ്ദേശമല്ലല്ലോ. എന്തെന്നാൽ 'ഇഷ്ടം' എന്നത് ഉദ്ദേശത്തെ സ്വീകരിക്കുന്ന ഒരു മനോഭാവം മാത്രമാണ്.' അതിനാൽ ചോദ്യകർത്താക്കൾ ഉദ്ദേശത്തെപ്പറ്റി ചോദിക്കുമ്പോൾ 'ഒന്നുമില്ല' എന്നുത്തരം പറഞ്ഞാൽ അതൊരുത്തരം ഉദാസീനമായാണെന്നു തോന്നിയേക്കാം. എന്നാൽ പലപ്പോഴും 'ഉദ്ദേശം' പുറത്തുനിന്നുതന്നെ കാണാവുന്നതാണ്.

ഹരിണത്തിന്റെ ദേഹത്തിൽ പുള്ളികളുണ്ടായിരിക്കുന്നതെന്തിനാണെന്ന് ആ ജന്തു പിന്നറിഞ്ഞുകൂടാ. എന്നാൽ മാനിനെപ്പറ്റി പുസ്തകമെഴുതുന്നവരെല്ലാം വനത്തിലെ വെളിച്ചത്തിലും നിഴലിലും ഒളിച്ചുവെന്ന് ആ ജന്തുവിനെ ദുഷ്ടമൃഗങ്ങളുടെ ബാധയിൽനിന്നു രക്ഷിപ്പാനുദ്ദേശിക്കപ്പെട്ടവയാണ് ആ പുള്ളികളെന്നു സമർത്ഥിക്കുന്നു. ഈ അഭിപ്രായം വാസ്തവമോ അവാസ്തവമോ ആയിരിക്കാം. എന്നാൽ ഈ ഉദ്ദേശം ഹരിണത്തിന്റെ മനസ്സിലില്ലെന്ന കാര്യം എല്ലാവരും സമ്മതിക്കേണ്ടതാണ്. ഉദ്ദേശം ഹരിണത്തിനില്ല; പക്ഷേ അതിന്റെ അകത്തുകൂടി ജഗദീശ്വരൻ ഒരുദ്ദേശം പ്രദർശിപ്പിക്കുന്നുണ്ട്. അതുപോലെതന്നെ ലേഖകൻ ഏതുകാലത്തു ജീവിച്ചിരിക്കുന്നുവോ ആ കാലം അതിന്റെ ഉദ്ദേശത്തെ അദ്ദേഹം മുഖാന്തരം സ്ഫുരിപ്പിക്കുന്നു. ഇതിനെ ഉദ്ദേശമെന്നു വിളിക്കുന്നതായാലും ഇല്ലെങ്കിലും ലേഖകന്റെ കാലം ആയാളുടെ ഹൃദയത്തിനുള്ളിൽ സ്ഥൂലമായും സൂക്ഷ്മമായും പ്രവർത്തിക്കുന്നുവെന്നതിന്നു പക്ഷാന്തരമില്ല. ലേഖകന്റെ മനസ്സിലുണ്ടാകുന്ന ഈ പ്രഭാവം ശില്പവേലപോലെയാകുന്നു. ശിക്ഷാദാനം ഇതിലുൾപ്പെടുന്നില്ല. കാലം അവരുടെ ഹൃദയങ്ങളിൽ വിവിധവർണ്ണത്തിലുള്ള ചായങ്ങളാൽ ഒരു ചിത്രമെഴുതുന്നു. ഇതാണ് അതിന്റെ സൃഷ്ടി. ഇതിൽനിന്നു നമുക്കു വല്ല ലബ്ധിയുമുണ്ടാകണമെന്നു നാം വിചാരിക്കുന്നുവെങ്കിൽ ആ 'ഉദ്ദേശം' നമ്മുടേതുമാത്രമേ ആകുന്നുള്ളൂ. നമ്മുടെ ദേശത്തിലെ ലേഖകന്റെ ഹൃദയത്തിൽ ആധുനികകാലം ഗോപ്യമായി എന്തെല്ലാം രേഖപ്പെടുത്തുന്നുവോ അവയുടെയെല്ലാം ചിഹ്ന

ങ്ങും വീട്ടിലും പുറത്തും എന്ന ആഖ്യായികയിൽ കാണാവുന്നതാണ്. എന്നാൽ ഇങ്ങിനെ 'പ്രദർശിപ്പിക്കുക' എന്നതു കേവലം ഒരു ശില്പവിദ്യയായി മാത്രം കരുതിയാൽ മതി. ഇതിൽനിന്നു സുശിക്ഷയോ, കുശിക്ഷയോ ലഭിക്കുന്നുണ്ടെങ്കിൽ അതു തീൎച്ചയായും ലേഖകന്റെ ഉദ്ദേശത്തിൽപ്പെട്ടതല്ല.

കവിശ്രേഷ്ഠനായ ഷേക്സ്പിയരുടെ 'ഒഥെല്ലോ' എന്ന കൃതിയെ ഉദാഹരണമായെടുക്കുക. ഈ കൃതിയെഴുതിയതിന്റെ ഉദ്ദേശത്തെപ്പറ്റി കവിയോടു ചോദിച്ചാൽ അദ്ദേഹം വലിയ കുഴക്കിലാവുകയേയുള്ളു. എന്തെങ്കിലും ഒന്നാലോചിച്ചുണ്ടാക്കിപ്പറഞ്ഞാൽപ്പോലും അതു നല്ല ശരിയാകയില്ല.

ഞാൻ ആഭിജാത്യംതികഞ്ഞ ഒരു ബ്രാഹ്മണനോ കുലീനനോ ആണെങ്കിൽ വൎണ്ണാന്തരങ്ങളെ നിലനിൎത്തേണ്ടതാണെന്നു ലോകത്തിനു സദുപദേശം കൊടുക്കുവാനാണ് ഷേക്സ്പിയർ ആ കൃതികൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നു പറയും. ഘോഷാമുറയെ നിലനിൎത്തണമെന്ന പക്ഷക്കാരനാണെങ്കിൽ പരപുരുഷദൎശനം സ്ത്രീകൾക്കു നിഷിദ്ധമെന്നു സ്ഥാപിക്കുന്നതാണ് കവിയുടെ ഉദ്ദേശമെന്നു സിദ്ധാന്തിക്കും. ഇനി കവിയുടെ സൽബുദ്ധിയേയോ ധൎമ്മബോധത്തേയോപറ്റി വല്ല സംശയവുമുള്ള പക്ഷം, ഷേക്സ്പിയർ ഏകനിഷ്ഠയോടുകൂടിയ പാതിവ്രത്യത്തെ ഭയങ്കരമായ പരിണാമത്തിൽ പതിപ്പിച്ചുകാണിച്ചിട്ടുള്ളതിനാൽ അദ്ദേഹം സതീകുലത്തിന്റെ മുഖത്തിൽത്തന്നെ കുഠാരാഘാതം ചെയ്തിരിക്കുന്നുവെന്നും പറയാം. അല്ലെങ്കിൽ, 'ഇയാഗോ'വിന്റെ ദുഷ്പ്രവൃത്തികളെ അന്ത്യംവരെ ജയിപ്പിച്ചു കൊണ്ടുവന്നതിനാൽ കവി സരളസ്വഭാവത്തിനു വിരോധമായി വിദ്വേഷം പ്രദൎശിപ്പിച്ചിരിക്കയാണെന്നും സമൎത്ഥിക്കാം.

പക്ഷേ ഇതിൽ വാസ്തവമായ സംഗതി അദ്ദേഹം ഉത്തമമായ ഒരു നാടകമെഴുതിയിരിക്കുന്നുവെന്നതു മാത്രമേയുള്ളു. കവിക്കരസവും നീരസവുമുള്ള പല സംഗതികളും കാലദേശങ്ങളുടെ പ്രഭാവം വഴിയായി അതിൽ സ്ഥലംപിടിച്ചിട്ടുണ്ട്. പക്ഷേ ഇതു തത്വങ്ങളുടേയോ ഉപദേശങ്ങളുടേയോ രൂപത്തിലല്ല; വെറും കലാരൂപത്തിൽമാത്രം. നാം ഒരു ബങ്കാളിയെക്കാണുമ്പോഴും ആ മനുഷ്യനോടുകൂടി അയാളുടെ ജാതി ബന്ധുവൎഗ്ഗം എന്നിവയുടെയെല്ലാം സചിത്രപരിബോധം എങ്ങിനെ സമ്മിളിതമായി നമ്മുടെ മനസ്സിൽ പ്രകാശിക്കുന്നുവോ അതുപോലെതന്നെ കാവ്യവിഷയങ്ങളിലും കവിയുടെ

പൂർണ്ണസ്വാതന്ത്ര്യശക്തിയോടുകൂടി ദേശകാലങ്ങളും അവരുടെ ഭാ ണ്ണും യോജിച്ചുകിടക്കണം. അതുകൊണ്ടാണ് 'വീട്ടിലും പുറത്തും' എന്ന ആഖ്യായിക എഴുതുമ്പോൾ കാലത്തിന്റെ നിർദ്ദേശശക്തി അതിൽ ധാരാളമായി പ്രവർത്തിച്ചിട്ടുണ്ടെന്നും ലേഖകനു സ്വപ്രഭാവാതീതപ്രഭാവമായ പല സംഗതികളും നെയ്തുചേർന്നുകിടക്കുന്നുണ്ടെന്നും പക്ഷേ പലനിറങ്ങളുള്ള ഈ നൂലുകളെയെല്ലാം ശില്പകലയുടെ ഉപകരണമായിട്ടു മാത്രമേ പൊതുജനങ്ങൾക്ക കരുതുവാൻ പാടുള്ളുവെന്നും ഞാൻ പറഞ്ഞത്. ഇതല്ലാതെ വേറെ വല്ല ഉദ്ദേശത്തിനോ ആവശ്യത്തിനോ അവയെ ഉപയോഗിക്കുന്നുവെങ്കിൽ അതു ലേഖകന്റേതല്ല; വ്യാഖ്യാനക്കാരന്റേതാണ്.

പിന്നത്തെ സംഗതി 'ഗ്രന്ഥകർത്താവിന്റെ ഏറ്റമേറും വായനക്കാരുടേതിൽനിന്നു ഭിന്നിക്കുമ്പോൾ നിശ്ചയമായും വായനക്കാർ ആ കൃതിയെ ആക്ഷേപിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നവരുമാതാണ്. തെറ്റിവീണതിനു ഭൂമിയെ കോപംകൊണ്ടു പ്രഹരിക്കുന്ന ശിശുവിനെപ്പോലെ ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ വായനക്കാർ ഗ്രന്ഥകർത്താവിനെ കഠിനമായാക്ഷേപിക്കുന്നത് ഒരു പതിവാണെന്നെനിക്കു നല്ലവണ്ണം മനസ്സിലായിട്ടുണ്ട്. പക്ഷേ അതുകൊണ്ട്, ആക്ഷേപിക്കുന്നവരുടെ ആക്ഷേപങ്ങൾ സാരവത്തായതാണെന്നോ പറയുവാൻ തരമില്ലല്ലോ. ഭൂതങ്ങളെയോ പിശാചുക്കളെയോ ഞാൻ വിശ്വസിക്കുന്നില്ല. ഭൂതങ്ങളെപ്പറ്റിയുള്ള ഭയം അസ്ഥിരകാരണമാണെന്ന് എനിക്ക് അറിയുകയും ചെയ്യാം. എങ്കിലും ഭൂതങ്ങളുണ്ടാക്കിയ ഭയത്തെപ്പറ്റിയുള്ള കഥ വായിക്കുമ്പോൾ ഭൂതമില്ലാത്ത സംഗതി മനസ്സിൽവെക്കുവാൻ എനിക്കു യാതൊരാവശ്യവുമില്ല. ഇവിടെ മതമല്ല ആലോചനാവിഷയം; സാന്ദ്രശ്രുതി മാത്രമാണ്. എന്തെങ്കിലും ഒരു ക്രിസ്ത്യീയസഹോദരൻ ഒരു ഹിന്ദു ചിത്രലേഖകൻ എഴുതിയിട്ടുള്ള ദേവിയുടെ പടത്തെപ്പറ്റി ആലോചിക്കുമ്പോൾ അതൊരു 'മിഷ്യനറി'യാണെന്ന സംഗതി അയാൾ വിസ്മരിക്കേണ്ടതാണ്. അല്ലാതെ ആ സംഗതിയെ സ്മരിച്ചുകൊണ്ടു മറ്റൊരു ചിത്രലേഖകനെ കുറ്റപ്പെടുത്തുന്നതു ശരിയായിരിക്കയില്ല. ഒരു ഹിന്ദുവിനു തന്റെ സ്വന്തം മതത്തെയും വിശ്വാസത്തെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടു മാത്രമേ ചിത്രമെഴുതുവാൻ സാധിക്കയുള്ളൂ. പക്ഷേ എന്തുകാരണങ്ങളാൽ അതു ശരിയായ പടമായിത്തീർന്നുവോ അതേകാരണങ്ങൾകൊണ്ടുതന്നെ, മ

**ഫീഷർ** **കൈരളി**

അവിശ്വാസസംസ്കാരങ്ങൾക്കതീതമായ ഒരു വസ്തു ചിത്രത്തിൽ അന്തർഭവിച്ചുകിടപ്പുണ്ടെന്നു തീർച്ചയാണ്. അതാകുന്നു രസം. ഇതൊരു ഹിന്ദുവല്ലാത്തവന് അനുഭവമാകുന്നില്ലെങ്കിൽ ഒരുപക്ഷെ ആയാൾ രസജ്ഞാനമില്ലാത്തവനായിരിക്കണം; അല്ലെങ്കിൽ ചൈത്രചിത്രകാരൻ ആ പ്രവൃത്തിയിൽ അസമർത്ഥനായിരിക്കണം. എന്നാലും രസം ഒരുവിധത്തിലും മതത്തെ അവലംബിച്ചു നിൽക്കുന്നില്ല. ഹിന്ദുക്കളുടേയും ഇംഗ്ലീഷുകാരുടേയും ഇടയിൽ നടപ്പുള്ള വിളക്കുകൾക്ക തമ്മിൽ അന്തരമുണ്ടായിരിക്കാം. നമ്മുടെ ഇടയിൽത്തന്നെ മുമ്പും ഇപ്പോഴും ഉപയോഗത്തിലിരിക്കുന്ന വിളക്കുകൾക്ക തമ്മിൽത്തന്നെ അന്തരമുണ്ടായേക്കാം. എന്നാൽ വെളിച്ചമെന്നുള്ളത് എവിടേയും വെളിച്ചംതന്നെ.

രാജ്യചരിത്രത്തെക്കുറിച്ച് എനിക്കും എന്റെ വായനക്കാർക്കും തമ്മിൽ പല സംഗതികളിലും അഭിപ്രായഭേദമുണ്ടായേക്കാം. പക്ഷേ കഥാപുസ്തകത്തെ മതമെന്നോ അഭിപ്രായമെന്നോ കരുതി ആക്ഷേപിക്കുവാൻ കാരണമോ ആവശ്യമോ ഇല്ല. അതിനെ ഒരു കഥയോ ആഖ്യായികയോ ആയി മാത്രമേ ആലോചിക്കേണ്ടതുള്ളൂ.

എന്നാൽ ആഖ്യായികാ കർത്താവിന്റെ മതം രാജ്യത്തിലെ ആന്തരമായ മതത്തിനോ വിശ്വാസത്തിനോ വിരോധമായി വരുന്നതായാൽ അതു വായനക്കാരിൽ ഗ്രന്ഥകർത്താവും പ്രതീക്ഷിക്കുന്ന രസാനുഭൂതിയുണ്ടാക്കുവാൻ പര്യാപ്തമാകാതെ പോയേക്കാമെന്നാണ് ചിലർ പറയുന്നത്. അങ്ങിനെ വരുമ്പോൾ വായനക്കാരുടെ വ്യസനം കഥയിലെ വ്യസനത്തെ അതിക്രമിക്കുന്നു. അപ്പോൾ 'രസ'ത്തെസ്സംബന്ധിച്ച ആലോചനയെക്കാൾ 'രസ'ഭംഗമാക്കിത്തീർക്കുന്ന വിഷയത്തെപ്പറ്റിയുള്ള ആലോചനയും ആക്ഷേപവും അധികമാകാതിരിപ്പാൻ തരമില്ലെന്നാകുന്നു ഇവരുടെ അഭിപ്രായം. ശരി; ഇതു സ്വീകരിക്കാം. ഇവിടെ ഗ്രന്ഥകർത്താവിനു സിദ്ധിക്കുന്ന ഉപദേശമെന്താണ്? നല്ലതാണെന്നു താൻ വിചാരിക്കുന്ന സംഗതികളെ വായനക്കാരുടെ ആവശ്യം പ്രമാണമാക്കി ചീത്തയും അനുചിതവുമാണെന്നു കരുതണമെന്നല്ലേ? കഥയുടെ ശരിയായ രസാസ്വാദനത്തിനുവേണ്ടി സ്വാഭിപ്രായം കുറച്ചുനേരത്തേക്കു മാററിവെച്ചു കഥ വായിപ്പാൻ വായനക്കാരനു നിവൃത്തിയില്ലെങ്കിൽ ലേഖകൻ അതു വായനക്കാരുടെ രസികത്വത്തിനുവേണ്ടി ഒരിക്കലും ചെയ്യുന്ന

ല്ല. വാസ്തവത്തിൽ ആവശ്യം കഥയുടേതാണ്. വായനക്കാരന്റേയോ ഗ്രന്ഥകർത്താവിന്റേയോ അല്ല. കഥയുടെ ഈ ആവശ്യത്തെ അനുസരിച്ചും സ്വന്തം മനസ്സാക്ഷിയെ അവലംബിച്ചും ലേഖകൻ എഴുതണമെന്നും വായനക്കാരൻ കഥയുടെ ആവശ്യത്തെത്തന്നെ അനുസരിച്ച് അതിലുള്ള 'രസം' ആസ്വദിക്കേണ്ടതുമാകുന്നു.

ഇനി കഥയുടെ ആവശ്യത്തെക്കാൾ രാജ്യത്തിലെ ആവശ്യമാണ് വലുതെന്നു പറകയാണെങ്കിൽ ആ സംഗതി വായനക്കാരെയും ഗ്രന്ഥകർത്താവിനെയും ഒരുപോലെ ബാധിക്കേണ്ടതാണ്. താൽക്കാലികമായി ഒരുക്കൂട്ടം വായനക്കാർ തന്റെ പുസ്തകങ്ങളെ ആദരിക്കയോ അനാദരിക്കയോ ചെയ്യുന്നതാണോ എന്നു ഗ്രന്ഥകർത്താവപേക്ഷിക്കേണ്ടതില്ല. കൃതി ശരിയായവിധത്തിൽ വളർന്നുവന്നിട്ടുണ്ടോ എന്നുമാത്രമേ നോക്കേണ്ടതുള്ളു. അതും ശരിയല്ലെന്നു പറയുന്ന പക്ഷം, രാജ്യത്തിനു ഗുണപ്രദമായിട്ടുള്ളതേതാണെന്നു സ്വയമായി തിരഞ്ഞെടുക്കുവാനല്ലാതെ നാട്ടുകാർതന്നെ പ്രശംസിക്കുന്നതേതോ എന്നു നോക്കേണ്ടുന്ന ചുമതല ഗ്രന്ഥകർത്താവിനില്ലതന്നെ.

'വീട്ടിലും പുറത്തും' എന്ന ആഖ്യായിക കേവലം കല്പിതമാണതോ വല്ല യഥാർത്ഥസംഭവങ്ങളേയും അവലംബിച്ചെഴുതിയതോ എന്നാണ് ലേഖനകർത്തി ഒന്നാമതായി എന്നോടു ചോദിക്കുന്നത്. യഥാർത്ഥസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ അവയെ പാശ്ചാത്യവിദ്യാഭ്യാസശാലികളായ ആധുനികകുടുംബങ്ങളിൽനിന്നോ അതോ പ്രാചീനഹിന്ദുകുടുംബങ്ങളിൽനിന്നോ സംഗ്രഹിച്ചതെന്നും അവർക്കറിയേണമെന്നുണ്ട്. കഥയിലെ അധികഭാഗവും മററാഖ്യായികളിലെപ്പോലെതന്നെ എന്റെ കല്പിതമാണ്. എന്നാൽ പ്രാചീനഹിന്ദുകുടുംബങ്ങളിൽ ഇതെല്ലാം അസംഭാവ്യമാണെന്നുകൂടി ഈ ചോദ്യത്തിൽ ധ്വനിക്കുന്നതിനാൽ ഇത്രമാത്രം പറഞ്ഞതുകൊണ്ട് അതിന്റെ ഉത്തരം പൂർത്തിയാകുന്നില്ല. എന്തെങ്കിലും ഒരു കഥയിലെ സംഭവം അതിനനുരൂപമായ ഒരവസ്ഥയുടെ മദ്ധ്യത്തിലേ സംഭവിക്കയുള്ളു. അല്ലാതെ പ്രാചീനമോ നവീനമോ ഹിന്ദുവോ അഹിന്ദുവോ ആയ കുടുംബങ്ങളിലല്ല. ആകയാൽ ഏതെങ്കിലും ഒരു പ്രത്യേകകുടുംബത്തിൽ നടന്ന സംഭവങ്ങളെ അവലംബിച്ചുകൊണ്ട് ഒരു കഥയെഴുതുവാൻ പാടുള്ളതല്ലേ. കവി മനുഷ്യസ്വഭാവത്തിലുള്ള സംഭാവ്യാവസ്ഥകളെ ഘടനാവൈചിത്ര്യംമൂലം വിചിത്രമാക്കി കഥകളിലും നാടകങ്ങളിലും സൃഷ്ടിപ്പിക്കേണ്ടതാ

ണ്. മനുഷ്യസ്വഭാവത്തിൽ ചിന്തനീയമുണ്ട്. എന്നാൽ ഒരു പ്രത്യേകഘടനയിലോ സംഭവത്തിലോ ഇതൊരിക്കലും കാണുന്നതല്ല. സംഭവങ്ങൾ പല ആകൃതിയിലും പല സ്ഥലങ്ങളിലുമുണ്ടാകുന്നു. ഒരേ സംഭവം രണ്ടു സന്ദർഭങ്ങളിൽ ഒരുപോലെയുണ്ടാകുന്നതല്ല. എന്നാൽ അവയുടെയെല്ലാം അടിസ്ഥാനമായിരിക്കുന്ന മനുഷ്യസ്വഭാവം അഥവാ 'മാനവചരിത്രം' ചിരകാലം സകലതിലും ഒരുപോലെ പ്രകാശിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അതുകൊണ്ടാണ് ഗ്രന്ഥകാരൻ മനുഷ്യസ്വഭാവത്തിന്മേൽ ദൃഷ്ടിവെക്കുന്നത്, അല്ലാതെ യാതൊരു സംഭവത്തിന്റെയും പകർപ്പെടുക്കുവാനല്ല.

ഇനി, പ്രാചീനഹിന്ദുകുടുംബങ്ങളിലെ മനുഷ്യസ്വഭാവം അല്ലെങ്കിൽ മാനവചരിത്രം എല്ലാ ദിക്കിലും ഒരുപോലെ മനുസംഹിതയിലെ ആജ്ഞകളെ അനുസരിച്ചുതന്നെയാണോ നിൽക്കുന്നതെന്ന കാര്യവും ഇവിടെ സൂചിപ്പിക്കേണ്ടതാണ്. വൈദികപൗരാണികകാലങ്ങൾതൊട്ടുതന്നെ കഠിനമായ ശാസ്ത്രനിയമവും, ഉദ്ദാമമായ മനുഷ്യപ്രകൃതിയുംതമ്മിൽ കഠിനമായ പോരാട്ടം നടന്നുകൊണ്ടുവരുന്നുണ്ടെന്നു തീർച്ചയാണ്. ഇതിൽ ചിലപ്പോൾ നിയമവും ശാസനവും വിജയം പ്രാപിക്കുന്നു. ചിലപ്പോൾ പ്രകൃതിയും വിജയം പ്രാപിക്കുന്നു. ഈ യുദ്ധം പ്രാചീനഹിന്ദുകുടുംബങ്ങളിൽ അസംഭാവ്യമാണെന്നു പറയുന്നപക്ഷം അങ്ങിനെയുള്ള കുടുംബം എവിടെയുണ്ടെന്നന്വേഷിച്ചു കണ്ടുപിടിക്കേണ്ടതായി വന്നിരിക്കുന്നു. എവിടെ ദോഷം തീരെ ഇല്ലാതിരിക്കുന്നുവോ അവിടെ ഗുണവും ഒരിക്കലും ഉണ്ടാവാൻ പാടില്ലെന്ന തത്വം ഇവിടെ സ്മർത്തവ്യമാണ്. പ്രാചീനഹിന്ദുകുടുംബങ്ങളിൽ ദോഷത്തിന്റെ സ്പർശംപോലുമില്ലെന്നു പറയുന്നപക്ഷം അവർ വാസ്തവത്തിൽ ദോഷവും ഗുണവുമില്ലാതെ മനുസംഹിതയുടെ വെറും യന്ത്രപ്പാവകളായി വർത്തിക്കുന്നവരെന്നു സമ്മതിക്കേണ്ടിവരും. ഗുണദോഷങ്ങളുടെ സംഘട്ടനത്തിൽ തന്റെ വിവേകമുപയോഗിച്ചു ഗുണങ്ങളെ തിരഞ്ഞെടുക്കുന്നതിലാണ് ശരിയായ മനുഷ്യത്വം കിടക്കുന്നത്; പഴയ പ്രഥയെയോ ആജ്ഞയെയോ അവലംബിക്കുന്നതില്ല.

പ്രാചീനസംസ്കൃതകവിതകളിലെപ്പോലെയുള്ള കല്പിതമായ സ്ത്രീനിന്ദ ആധുനികപണ്ഡിതന്മാരുടെ കൃതികളിൽ കാണുന്നില്ല. ആധുനികകവികൾക്കു സ്ത്രീവർഗ്ഗത്തോടുള്ള ആന്തരമായ ബഹുമാനമാണ് ഇതിനുള്ള കാരണം. പ്രസ്താവത്തിലെ സ്ത്രീനിന്ദമുഴുവനും

സ്ത്രീവൎഗ്ഗത്തെക്കൊണ്ടു സാധിപ്പിടത്തോളം തിട്ടമായും അപവാദപൂൎവ്വം തന്നെ. പക്ഷെ പ്രാചീനസ്ത്രീകളെക്കുറിച്ചും അവ സത്യമല്ലെങ്കിൽ ഈ നില എങ്ങിനെയുണ്ടായി?

അതുകൊണ്ട്, നിയമലംഘനം ചെയ്യാനുള്ള ഈ ആഗ്രഹത്തെ സാഹിത്യത്തിൽ എടുത്തു വൎണ്ണിപ്പാൻ പാടുണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇവിടുത്തെ ശരിയായ വാദമുഖം. ലോകത്തിലെ സകല സാഹിത്യങ്ങളും ഈ ചോദ്യത്തിന്റെ പ്രത്യക്ഷരൂപത്തിലുള്ള ഉത്തരങ്ങളാകയാൽ ഇനി ഞാനിവിടെ പ്രത്യേകമായൊരു സമാധാനം പറവാൻ വിചാരിക്കുന്നില്ല.

നിൎഭാഗ്യവശാൽ നമ്മുടെ നാട്ടിലെ മിക്കവാറും നിരൂപകന്മാർ സാഹിത്യചിന്തയെ ധൎമ്മശാസ്ത്രചിന്തനത്തിന്റെ ഒരംശമായി ഗണിച്ചുവരുന്നു. ബങ്കിമചന്ദ്രചട്ടോപാദ്ധ്യായന്റെ ഏതു നായിക ശരിയായ ഹിന്ദുസ്ത്രീയുടെ നിലയിൽ എത്രത്തോളം ഉൽക്കൎഷം പ്രാപിച്ചിട്ടുണ്ടെന്ന കാൎയ്യം നിരൂപകന്മാരുടെ ഇടയിൽ ഒരു വലിയ വാദവിഷയമായിത്തീൎന്നിരിക്കുന്നു. ഭ്രമർ തന്റെ ഭൎത്താവിന്റെ നേരെ അഭിമാനം പ്രദൎശിപ്പിച്ചതിനാൽ അവളുടെ 'ഹൈന്ദവസതീത്വം' എത്രത്തോളം ദുഷിച്ചിട്ടുണ്ട്, സൂൎയ്യമുഖി തന്റെ ഭൎത്താവിനു പ്രിയപ്പെട്ടവളും സപത്നിയുമായ കുന്ദനന്ദിനിയെ സ്നേഹിക്കയാൽ അവളുടെ 'ഹൈന്ദവരമണീത്വ'ത്തിന് എത്രത്തോളം ലാഘവം വന്നിട്ടുണ്ട്, ശകുന്തള എത്രത്തോളം ആദൎശയോഗ്യയായ ഹിന്ദുസ്ത്രീയാണ്, ദുഷ്യന്തന്റെ ഹൈന്ദവപുരുഷത്വം എത്രത്തോളം ശരിയായിട്ടുണ്ട് എന്നിങ്ങിനെയുള്ള വാദങ്ങൾ ശരിയായ സാഹിത്യചിന്തനത്തിന്റെ പൊതം ധരിച്ചു ഗാംഭീൎയ്യം നിലനിൎത്തിക്കൊണ്ടു പോകുന്നതു നമ്മുടെ രാജ്യത്തല്ലാതെ മറ്റു വല്ലേടത്തും കാണ്മാൻ കഴിയുമോ എന്ന സംശയമാണ്. ഷേക്സ്പിയർ മഹാകവി എത്രയോ നായികകളെ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അവരുടെ 'ആംഗലസ്ത്രീത്വം' എത്രത്തോളം പ്രകാശമാനമായിട്ടുണ്ടെന്നു പാശ്ചാത്യനിരൂപകന്മാർ ചിന്തിക്കുന്നതായിക്കാണുന്നില്ല. എന്നമാത്രമല്ല ക്രിസ്ത്യൻപാതിരിമാർപോലും ആ നായികമാരുടെ 'ക്രൈസ്തവസ്ത്രീത്വ'ത്തെ അളന്നു കണക്കാക്കി ഒന്നാമത്തേതു രണ്ടാമത്തേത് എന്നു നമ്പറിട്ട് അവരെ ഭാഗിച്ചിരിക്കുന്നതും കാണുന്നില്ല.

പക്ഷേ ഞാൻ ഈ പ്രസംഗത്തിൽ ഇവിടെ പ്രസ്താവിക്കുന്നതനുചിതമായേക്കാം. എന്തെന്നാൽ ലോകത്തിൽ മറ്റൊരേടത്തുമില്ലാത്തതു

ഭാരതവർഷത്തിലുള്ളതെന്നതാണ് ബങ്കാൾനിവാസികളുടെ പ്രത്യേകഗർവ്വത്തിനുള്ള ഒരു വിഷയം. എന്നാൽ ഭാരതവർഷം ബങ്കാളികളുടെ സൃഷ്ടിയല്ലല്ലോ. നാം ഇവിടെ സാഹിത്യചിന്ത തുടങ്ങുന്നതിനു മുമ്പുതന്നെ ഭാരതവർഷമുണ്ട്. ആ ഭാരതവർഷത്തിലെ അലങ്കാരശാസ്ത്രത്തിൽ നായികകളുടെ ഇനങ്ങളെ മനു പരാശരൻ എന്നിവരുടെ ധർമ്മശാസ്ത്രസിദ്ധാന്തങ്ങൾകൊണ്ട് അളന്നുകാണിച്ചിട്ടില്ല. മനുഷ്യസ്വഭാവത്തിന്റെ വൈചിത്ര്യത്തെ അനുസരിച്ചുമാത്രമേ അവരെ വിശദപ്പെടുത്തി തരംതിരിച്ചിട്ടുള്ളു. സാഹിത്യം അങ്ങിനെയുള്ള ഒരു ശാസ്ത്രമല്ല. സാഹിത്യത്തിലെ നായികാനായകന്മാരെ ശ്രേണീവിഭാഗം ചെയ്യാൻ സാഹിത്യലോകം പാവകളുടെ രാജ്യമായിത്തീരുന്നതും അതിലെ ശരിയായ ജീവനശക്തി നശിച്ചുപോകുന്നതുമാണ്. എങ്കിലും ശ്രേണീവിഭാഗം ചെയ്യാനുള്ള ആഗ്രഹം തീർത്തീരൂ എന്നാണെങ്കിൽ ധർമ്മശാസ്ത്രനിർദ്ദിഷ്ടമായ ഹിന്ദു അഹിന്ദു എന്ന വിഭാഗങ്ങളെയെടുക്കാതെ മനുഷ്യസ്വഭാവത്തെ അനുസരിച്ചുള്ള തരങ്ങളാക്കിമാത്രം തിരിക്കുന്നതാണ് നമ്മുടെ കർത്തവ്യമെന്നുമാത്രം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഞാനും എന്റെ ജന്മദേശത്തെ സ്നേഹിക്കുന്നവനെന്ന സംഗതിയാണ് ലേഖനകർത്താവിനോട് എനിക്കവസാനമായിപ്പറവാനുള്ളത്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ ബഹുജനപ്രിയനായിത്തീരുവാൻ എനിക്കൊട്ടും പ്രയാസമുണ്ടായിരുന്നില്ല. സത്യമായ സ്വദേശസ്നേഹത്തിന്റെ മാർഗ്ഗം ഒട്ടും സുഗമമല്ല; ദുർഗ്ഗമമായിട്ടുള്ളതാണ്. സിദ്ധിലാഭം എല്ലാവർക്കും ആശിക്കത്തക്കതുമല്ല. രാജ്യസ്നേഹംനിമിത്തം ദുഃഖവും അവമാനവും അനുഭവിക്കേണ്ടിവരുമ്പോൾ എന്നെ സാന്ത്വനപ്പെടുത്തുന്നത് ഒരു വിചാരംമാത്രമാണ്. അതെന്തെന്നാൽ ദുർമ്മാർഗ്ഗത്തിൽ കിടക്കുന്ന മുള്ളുകളെയും ദുഃഖങ്ങളെയും ഭയപ്പെട്ട് മനസ്സാക്ഷിയ്ക്കെതിരായും മിഥ്യയായും ഉള്ള പ്രവൃത്തികൾ ഞാൻ ചെയ്യുന്നില്ലെന്നുള്ള കൃതാർത്ഥതതന്നെയാണ് അത്. കഷ്ടപ്പാടുകൾ എനിക്കും വളരെ നേരിടുന്നുണ്ട്. പക്ഷേ എനിക്കതിൽ ദുഃഖമില്ല. എന്നാൽ എന്തിനെ ഞാൻ സത്യമെന്നു മനസ്സിൽ വിചാരിച്ചുവരുന്നുവോ അതിനെ പ്രദർശിപ്പിക്കുന്നതിൽ പ്രസ്തുതലേഖനകർത്താവിനെപ്പോലെയുള്ള അനേകം സരളസ്വഭാവികളുടെയും ദേശഭക്തന്മാരുടെയും ഹൃദയത്തിനു വേദനയുണ്ടാകുന്നുവെന്നുള്ള വിചാരം ഒന്നുമാത്രമാണ് എന്നെ എല്ലാററിലുംവെച്ചധികം ക്ലേശിപ്പിക്കുന്നത്. ഇതെന്റെ നിർഭാഗ്യംതന്നെ. പക്ഷേ അതൊരപരാധമായോ തെററായോ ഞാൻ ഒരിക്കലും കരുതുന്നതല്ല.

എൻ. വി. രാമസ്വാമിഅയ്യർ ബി. എ., ബി. എൽ.

## ഗവേഷണരംഗം

**കേരളപഠനസംബന്ധമായ വിഷയങ്ങളിൽ വിവിധ സർവകലാശാലകളിൽനിന്നു ഡോക്ടർ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങൾ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. വിവിധ പഠനവകുപ്പുകളിൽനിന്നു കേരളപഠനവിഷയങ്ങളിൽ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ക്ഷണിക്കുന്നു.**

# കൊടുങ്ങല്ലൂരിന്റെ സാംസ്കാരികത്തനിമയും കേരളീയാവബോധവും

**ആദർശ് സി.**
മാർഗ്ഗദർശി : ഡോ. കെ.വി. ദിലീപ്കുമാർ
ഗവേഷണകേന്ദ്രം: ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

**രാഘവൻ പയ്യനാട്**

നെടുനാളത്തെ അന്വേഷണത്തിന്റെയും ലക്ഷ്യബോധത്തോടെയുള്ള യുക്തിഭദ്രമായ സംവാദത്തിന്റെയും ഫലമാണ് ആദർശ് സി. എഴുതിയ കൊടുങ്ങല്ലൂരിന്റെ സാംസ്കാരികത്തനിമയും കേരളീയാവബോധവും എന്ന ഗവേഷണപ്രബന്ധം.

ഗവേഷണത്തിന്റെ ആശയരൂപീകരണം തൊട്ട് ദത്തസമാഹരണം, ദത്തവിശകലനം, വ്യാഖ്യാനംവരെയുള്ള വ്യത്യസ്ത ഘട്ടങ്ങളുടെ പരിണിതഫലമാണല്ലോ എഴുതപ്പെടുന്ന പ്രബന്ധം. നിറവേറ്റപ്പെട്ട ദൗത്യത്തിന്റെ മൂർത്തരൂപമായിരിക്കും അത്. ഇതിലേക്കെത്തിച്ചേർന്ന ഗവേഷണത്തിന്റെ വഴികളൊക്കെ ഒളിഞ്ഞും തെളിഞ്ഞും ഗവേഷണപ്രബന്ധത്തിൽ വ്യക്തമാകുന്നുണ്ട്. മേൽപറഞ്ഞ കാര്യങ്ങളൊക്കെ പരിഗണിച്ചുകൊണ്ടുള്ളതായിരിക്കണം ഗവേഷണപ്രബന്ധത്തിന്റെ വിലയിരുത്തൽ.

ഭാഗം ഒന്നിനു മുമ്പ് 0.0 മുതൽ 0.5 വരെയാണ് ആശയരൂപീകരണത്തിന്റെ ഭാഗമായ പ്രശ്നാവതരണവും ലക്ഷ്യനിർദ്ദേശവും പഠനപദ്ധതിയും വിശദമാക്കിയിട്ടുള്ളത്. കൊടുങ്ങല്ലൂരിന്റെ സാംസ്കാരികത്തനിമ

എന്നത് കേവലമായ ഒരു യാഥാർത്ഥ്യമല്ല. കേരളീയാവബോധത്തിൽ അങ്ങനെയൊന്നു സൃഷ്ടിക്കപ്പെട്ടത് ഭൂമിശാസ്ത്രത്തെക്കുറിച്ചുള്ള അറിവും അറിവിന്റെതന്നെ അറിവും കാരണമാണെന്നാണ് ഗവേഷകന്റെ പരികല്പന. അത്തരം അറിവുകൾ സൃഷ്ടിക്കുന്നതിൽ അധികാരത്തിന്റെ ഇടപെടലുകളുമുണ്ടായിട്ടുണ്ട്. ഗവേഷണത്തിന്റെ ലക്ഷ്യം ഇന്നതാണ് എന്നു ഗവേഷകൻ കൃത്യമായി വ്യക്തമാക്കുന്നുമുണ്ട്. കേരളീയതയെക്കുറിച്ച് നിലവിലുള്ള ബോധത്തിന്റെ പൊളിച്ചെഴുത്താവും ദേശചരിത്ര പഠനം. (ഇത് ഒരു ദേശചരിത്രപഠനമാണെന്നു സൂചന) എന്നും പാരമ്പര്യവ്യാഖ്യാനങ്ങളെ ഉപാദാനങ്ങളായി സ്വീകരിക്കുമ്പോൾ അതു നിലനിൽക്കുന്ന ചരിത്രബോധത്തെ ഇളക്കും എന്നും കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള ഈ പഠനം നിലനില്ക്കുന്ന ചരിത്രധാരണകളുടെ വിചിന്തനമാകും എന്നും പറയുന്നിടങ്ങളിൽ ഇത് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

കൊടുങ്ങല്ലൂരിന്റെ തനിമയെക്കുറിച്ചുള്ള കേരളീയാവബോധം സൃഷ്ടിക്കപ്പെട്ടത് പ്രദേശത്തെക്കുറിച്ചും അവിടത്തെ സമൂഹത്തിന് സംഭവിച്ച പരിണാമത്തെക്കുറിച്ചും സാമ്പ്രദായികചരിത്രം ഉണ്ടാക്കിയെടുത്ത അറിവുകളുടെ ഫലമായിട്ടാണ്. ആ അറിവുകളെ പാരമ്പര്യാഖ്യാനങ്ങളുടെ വ്യാഖ്യാനത്തിലൂടെ പുനർവിചിന്തനത്തിനു വിധേയമാക്കി പുതിയ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ഗവേഷണത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യമെന്നു കരുതാം. സാമ്പ്രദായിക ചരിത്രരചനയോടു കലഹിക്കുന്നതാണ് ഈ പ്രബന്ധം.

തനിമ എന്നത് ഒരു തിരിച്ചറിവാണെന്നും കൊടുങ്ങല്ലൂരിനെ സംബന്ധിച്ച് ആ തിരിച്ചറിവ് കൊളോണിയൽ കാലഘട്ടത്തിൽ ആധുനികതയുടെ കമ്മട്ടത്തിൽ രൂപം പ്രാപിച്ച ചരിത്രപഠനത്തിന്റെ സൃഷ്ടിയാണെന്നും ആയതിനാൽ സുഘടിതമായി വ്യാഖ്യാനിക്കപ്പെട്ട ഉപാദാനങ്ങളെ പുനർവായനയ്ക്ക് വിധേയമാക്കിക്കൊണ്ടും ക്രമപ്പെടുത്തലുകളിലെ ക്രമമില്ലായ്മകളെ വിശദമാക്കിക്കൊണ്ടും മറ്റൊരു രീതിശാസ്ത്രം ചിട്ടപ്പെടുത്താനുള്ള ശ്രമംകൂടിയാണ് ഈ പ്രബന്ധം. ഇതു സാധിച്ചെടുക്കുന്നത് പാരമ്പര്യ വ്യാഖ്യാനങ്ങളെ ഉപാദാനങ്ങളായി സ്വീകരിച്ചുകൊണ്ടും സാമ്പ്രദായിക ഉപാദാനങ്ങളുമായി സംവാദത്തിലേർപ്പെട്ടുകൊണ്ടുമാണ്. അതോടൊപ്പം സമകാലീനമായ ജ്ഞാനമാതൃകകളോട് വിമർശനാത്മകമായി ഇടപെടുന്നതിലൂടെയുമാണ്. അതുകൊണ്ട് കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള പഠനം പ്രാഥമികമായും നിലവിലുള്ള ചരിത്രധാരണകളുടെ പുനർവിചിന്തനത്തിനുള്ളതായിരിക്കണം എന്നു സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. അതുകൊണ്ട് പ്രശ്നം, ലക്ഷ്യം, പഠനരീതി എന്നിവ വ്യക്തമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഈ പഠനത്തിനുള്ള ഉപാദാനങ്ങൾ പാരമ്പര്യാഖ്യാനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനം പ്രാഥമിക സ്രോതസ്സിൽ നിന്നുള്ളതാണ്. ചരിത്രപാഠങ്ങൾ ദ്വിതീയ സ്രോതസ്സിൽനിന്നു ലഭിക്കുന്നതുമാണ്. ഇവ രണ്ടും

വേണ്ടത്ര സമാഹരിക്കുകയും പ്രബന്ധശരീരത്തിൽ ഉദ്ഗ്രഥിക്കാവുന്ന രീതിയിൽ വിശകലനത്തിനു വിധേയമാക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതിന് പ്രബന്ധംതന്നെ തെളിവാണ്.

0.5 അവസാനിക്കുന്നത് ഇങ്ങനെയാണ്: 'അതുകൊണ്ടുതന്നെ കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള പഠനം കൊടുങ്ങല്ലൂർ എന്ന പ്രദേശത്തിന്റെ പഠനം മാത്രമല്ല, അതു നിലനിൽക്കുന്ന സമൂഹത്തിന്റെ, കേരളീയ സമൂഹത്തിന്റെ ജ്ഞാനതലത്തെക്കുറിച്ചുള്ള പഠനം കൂടിയായിത്തീരും. അങ്ങനെ കേരളീയാവബോധത്തെക്കുറിച്ച് ഒരു കേരളപഠനമാതൃക അവതരിപ്പിക്കുക എന്നതാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്.'

ഇത് ഒരു കാര്യം വ്യക്തമാക്കുന്നു: പ്രബന്ധവിഷയത്തേക്കാളുമുപരി ഈ പ്രബന്ധം ലക്ഷ്യമിടുന്നത് 'ഒരു കേരളപഠനമാതൃക' അവതരിപ്പിക്കുക എന്നതാണ്.

ആധുനികപൂർവ്വ കൊടുങ്ങല്ലൂരിന്റെ സ്വത്വത്തെക്കുറിച്ചാണ് ഒന്നാം ഭാഗത്തു ചർച്ചചെയ്യുന്നത്. സാമ്പ്രദായിക ചരിത്രത്തിന്റെ ഉപാദാനങ്ങൾതന്നെയാണ് ഇവിടെ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. അവയുടെ സഹായത്തോടെ ആരാധനാസമൂഹങ്ങളുടെ കേന്ദ്രം എന്ന നിലയിൽ കൊടുങ്ങല്ലൂരിന് സാമൂഹികചരിത്രത്തിൽ പ്രാധാന്യമുണ്ട് എന്നും കച്ചവടബന്ധത്തിന്റെ ചരിത്രപരമായ തെളിവുകളുടെ വെളിച്ചത്തിൽ കൊടുങ്ങല്ലൂരും മുസിരിസും ഒന്നാണെന്നും തീരുമാനത്തിലെത്തുന്നുണ്ട്. കൂടാതെ, കുലശേഖരപെരുമാളിന്റെ കാലഘട്ടത്തിന്റേതായ ധാരാളം തെളിവുകൾ ഇന്നും നിലനിൽക്കുന്നുണ്ട് എന്നും പ്രസ്താവിക്കുന്നു. കേരളത്തിലെ സമൂഹികമാറ്റങ്ങളുടെ തുടക്കങ്ങൾ കൊടുങ്ങല്ലൂർ കളരിയിൽ കാണാൻ സാധിക്കുന്നു എന്നതും ചരിത്രബോധത്തിന്റെ ഭാഗമാണ്. ഈ രീതിയിൽ കൊടുങ്ങല്ലൂരിന്റെ തനിമയുടെ സൃഷ്ടിയിൽ അറിവു വഹിച്ച പങ്ക് അറിയാനുള്ള ശ്രമമായിത്തീരുന്നു, ഒന്നാംഭാഗം.

വാമൊഴിയിലെ വൈവിധ്യങ്ങളെയും പരിണാമങ്ങളെയുമാണ് രണ്ടാം ഭാഗത്തിൽ വിശകലനത്തിനു വിധേയമാക്കിയത്. ഇതിലൂടെ കൊടുങ്ങല്ലൂർകാവ് മൊത്തം കീഴ്ജാതിവിഭാഗങ്ങളുടെ സാംസ്കാരിക പ്രഭവസ്ഥാനമാണെന്നും കൊടുങ്ങല്ലൂർ ഭരണി അതിന്റെ പ്രത്യക്ഷോദാഹരണമാണെന്നുമുള്ള വാദം മുന്നോട്ടുവയ്ക്കുന്നു. അനുഷ്ഠാനങ്ങളുടെ പിൻബലത്തോടെ കാവുമായി ബന്ധപ്പെട്ട ജാതിവിഭാഗങ്ങൾ അവരുടെ ജാതിസ്വത്വത്തിന്റെ ഭാഗമായി കാവിനെ കാണുന്നുണ്ട്. കൂടാതെ സാമൂഹികമായ പാരമ്പര്യം ഉണ്ടാക്കുന്നതിലും കാവ് പങ്കുവഹിക്കുകമാത്രമല്ല, അതിന്റെ കേന്ദ്രമായി വർത്തിക്കുകയും ചെയ്തിട്ടുണ്ട്. ജൂത, ക്രിസ്തു, ഇസ്ലാംമതങ്ങളെ സംബന്ധിച്ചിടത്തോളം കൊടുങ്ങല്ലൂർ വിശുദ്ധസ്ഥലമായി കണക്കാക്കുക മാത്രമല്ല, കേരളത്തിന്റേത് എന്നു പറയാവുന്ന ഒരു സമൂഹനിർമ്മിതിയിൽ പങ്കാളികളാവുകയാണു ചെയ്യുന്നത്.

ഭാഗം ഒന്നിൽ ചരിത്രത്തിന്റെ ഉപാദാനങ്ങളിലൂടെ കൊടുങ്ങല്ലൂരിനെ അറിയാനും ഭാഗം രണ്ടിൽ വാമൊഴി പാരമ്പര്യത്തിൽ കൊടുങ്ങല്ലൂർ എങ്ങനെ തനിമ നിലനിർത്തുന്നു എന്ന് അറിയാനും ശ്രമിച്ചു. മൂന്നാം ഭാഗത്തിലാകട്ടെ, ഒന്നും രണ്ടും ഭാഗങ്ങളിൽ കൊടുങ്ങല്ലൂരിന്റെ സവിശേഷതകളായി വിശേഷിപ്പിക്കുകയോ കണ്ടെത്തുകയോ ചെയ്തു. പ്രത്യയശാസ്ത്ര ത്തിന്റെ പിൻബലമുള്ള ജ്ഞാനമാതൃകകളെ വിശകലനം ചെയ്യാനാണു ശ്രമിക്കുന്നത്. പാരമ്പര്യത്തിൽ സംഭവിക്കുന്ന ഉൾച്ചേർക്കലുകളും പരിണാമങ്ങളും സ്വയമേവ സംഭവിക്കുന്നതല്ല. അധികാരരാഷ്ട്രീയത്തിന്റെ ഭാഗമായി സംഭവിക്കുന്നതാണ്. പെരുമാളെ സംബന്ധിച്ച പാരമ്പര്യവ്യാഖ്യാനങ്ങളാണ് കൊടുങ്ങല്ലൂരിനെ രാഷ്ട്രീയമായും സാംസ്കാരികമായും മറ്റു സ്ഥലങ്ങളെക്കാൾ വിശുദ്ധമാക്കിത്തീർക്കുന്നത്. വർത്തമാനകാലം അതിനെ കണ്ടെത്തുകയും ഉപയോഗിക്കുകയും ചെയ്യുന്നു. അതുപോലെ ചരിത്രത്തിൽ ഒരു സ്ഥലം ആശയപരമായി എങ്ങനെയെല്ലാം നിർമ്മിക്കപ്പെടുന്നു എന്നതിനുള്ള മാതൃകയാണ് മുസിരിസ്. വെറുമൊരു കച്ചവടകേന്ദ്രമായിരുന്ന മുസിരിസ് ഒരു വിശുദ്ധസ്ഥലമാക്കി മാറ്റപ്പെടുന്ന പ്രക്രിയയാണ് കൊടുങ്ങല്ലൂരുമായി അതിനെ ബന്ധപ്പെടുത്തിക്കൊണ്ടുണ്ടായ മുസിരിസ് ചർച്ച. തനിമ എന്നത് കേവലമായ ഒരു യാഥാർഥ്യമല്ല. ആവശ്യത്തിനനുസരിച്ച് വർത്തമാനകാലം നിർമ്മിച്ചെടുക്കുന്നതാണ് അത്. ചരിത്രരചനയും ഇതിൽനിന്നു ബാഹ്യമായ ഒന്നല്ല. അതുകൊണ്ട് അറിവിന്റെ ചരിത്രരചന സമകാലികതയെ മുൻനിർത്തിക്കൊണ്ടേ സാധിക്കൂ. ആധുനിക കമ്പോളവത്കൃതസമൂഹത്തിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് മുസിരിസ് പദ്ധതിപോലും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്.

അതുകൊണ്ട് പാരമ്പര്യമെന്നത് വർത്തമാനം കണ്ടെത്തുന്ന പഴമയാണ് എന്നതോടൊപ്പം ചരിത്രത്തിന്റെ ഉപാദാനമായ അതിനെ പ്രത്യയശാസ്ത്രപരമായ രീതിയിൽ സമീപിക്കുകയും പുനർനിർമ്മിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നുണ്ട്. അധികാരത്തിന്റെ ഇടപെടലിലൂടെയാണ് ഇതൊക്കെ സംഭവിക്കുന്നതും. ഈ ഒരു ചുറ്റുപാടിൽ പാരമ്പര്യവ്യാഖ്യാനങ്ങളെ ഉപാദാനങ്ങളായി സ്വീകരിക്കുകയും സൃഷ്ടിക്കപ്പെട്ട ചരിത്രത്തിൽ അതിന് ഇടപെടാൻ സാധിക്കുകയും ചെയ്യുമ്പോൾ ഏതൊരു സംസ്കാരത്തനിമയെക്കുറിച്ചും സൃഷ്ടിക്കപ്പെട്ട അവബോധത്തിൽനിന്ന് വ്യത്യസ്തമായ ഒരു അവബോധം രൂപപ്പെട്ടുവരും. അധികാരം പഴമയിലകപ്പെട്ടുകൊണ്ട് പാരമ്പര്യത്തെ പുനർസൃഷ്ടിച്ചുകൊണ്ടിരിക്കുമ്പോഴും 'ഭരണി' യിലെ ജനകീയഇടങ്ങൾപോലുള്ള കാര്യങ്ങൾ അതിനെ പ്രതിരോധിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നും ഈ പ്രബന്ധം ഓർമ്മിപ്പിക്കുന്നുണ്ട്. മേൽസൂചിപ്പിച്ച രീതിയിലുള്ള പഠനത്തിനുള്ള ഒരു മാതൃകയാണ് ഈ ഗവേഷണപ്രബന്ധം.

വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നുവരുന്ന ഗവേഷണം ഒടുവിൽ എത്തിച്ചേരുന്നത് ആവിഷ്കാരത്തിലാണ്, പിഎച്ച്.ഡി. തീസിസ് എന്ന

നിലക്ക് ഗവേഷണപ്രബന്ധം സംവദിക്കേണ്ടത് അക്കാദമികസമൂഹത്തോടാണ്. ഗവേഷണത്തിന്റെ വിഷയാവതരണത്തിൽ ആരംഭിച്ച സ്വീകരിക്കപ്പെട്ട പഠനരീതിയിലൂടെ ഗവേഷണലക്ഷ്യം നിറവേറ്റുന്നതാണ് പ്രബന്ധം. 0.0 ത്തിലാരംഭിച്ച് (1.0 മുതൽ 1.4.8 വരെയുള്ള ഒന്നാംഭാഗം; 2.0 ത്തിൽ ആരംഭിച്ച് 2.5.4 ൽ അവസാനിക്കുന്നു രണ്ടാംഭാഗം. 3.0 ത്തിൽ ആരംഭിച്ച് 3.3.6 ൽ അവസാനിക്കുന്നു മൂന്നാംഭാഗം; പേജ് 331 മുതൽ 335 വരെ ഉപസംഹാരം) 3.3.6 ൽ അവസാനിക്കുന്നതാണു പ്രബന്ധം. ഇതോടൊപ്പം 3 അനുബന്ധങ്ങളും ഗ്രന്ഥസൂചിയും ഉണ്ട്. എല്ലാ അധ്യായങ്ങൾക്കു പിന്നിലും കുറിപ്പുകൾ ചേർത്തിട്ടുണ്ട്.

ഈ പ്രബന്ധരചനയ്ക്കുപയോഗിച്ച ഭാഷയെക്കുറിച്ച് എടുത്തുപറയേണ്ടതുണ്ട്. അല്പംപോലും ക്ലിഷ്ടത തോന്നാത്ത രീതിയിൽ പ്രസാദാത്മകമായിട്ടാണ് വാക്യപ്രയോഗം. വാക്യവും വാക്യവും തമ്മിലും ഖണ്ഡികയും ഖണ്ഡികയും തമ്മിലുമുള്ള നിരപ്പും തുടർച്ചയും പ്രബന്ധത്തെ ഒഴുക്കുള്ളതാക്കിത്തീർക്കുന്നുണ്ട്. സാങ്കേതികമായി വന്നുചേർന്ന ഒരു പൊരുത്തക്കേട് ഇവിടെ സൂചിപ്പിക്കേണ്ടതായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ 0.0 ൽ ആരംഭിച്ച് 3.3.6 ൽ അവസാനിക്കുന്നതാണ് പ്രബന്ധം. ഇവയിൽ ഒന്നാംഭാഗത്ത് എവിടെയും ഉപശീർഷകം നല്കിക്കണ്ടില്ല. എന്നാൽ, രണ്ടാംഭാഗത്ത് 2.2.2 മുതൽ 2.2.12 വരെ ഉപശീർഷകം നല്കിയിരിക്കുന്നു. 2.2.13 നും 2.2.14 നും നല്കിയിട്ടുമില്ല. രണ്ടാംഭാഗം മൂന്നാം അധ്യായത്തിൽ 2.3.1 മുതൽ 2.3.9 വരെ ഉപശീർഷകം കൊടുത്തപ്പോൾ 2.3.10 ന് കൊടുത്തുകാണുന്നില്ല. പതിവിനു വിപരീതമായി 2.3.7.1 ന് ഉപശീർഷകം കൊടുത്തിരിക്കുന്നു; 2.3.7.2 ന് കൊടുത്തിട്ടുമില്ല. ഭാഗം 2 നാലാം അധ്യായത്തിൽ 2.4.1; 2.4.6 എന്നിവയ്ക്കും അഞ്ചാം അധ്യായത്തിൽ 2.5.4 നും മൂന്നാംഭാഗം രണ്ടാം അധ്യായത്തിൽ 3.3.1 നും ഉപശീർഷകം കൊടുത്തിട്ടില്ല.

ആരാധനാകേന്ദ്രമായ കൊടുങ്ങല്ലൂർ; ആദ്യകാലത്ത് മുസിരിസ് എന്ന പേരിൽ കച്ചവടകേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ; പെരുമാക്കന്മാരുടെ തലസ്ഥാനമായിരുന്ന കൊടുങ്ങല്ലൂർ; പരിണമിക്കുന്ന കേരളസമൂഹത്തിന്റ നാന്ദിയായിരുന്ന കൊടുങ്ങല്ലൂർ കളരിയുടെ കൊടുങ്ങല്ലൂർ; എന്നിങ്ങനെ ചരിത്രം ജ്ഞാനമാതൃകകൾക്കനുസൃതമായി രൂപപ്പെടുത്തിയ കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള കേരളീയാവബോധമാണ് ഒന്നാംഭാഗത്തിൽ യുക്തിഭദ്രമായി ചർച്ച ചെയ്യുന്നത്.

കേരളത്തിന്റെ മൊത്തം കീഴ്ജാതിവിഭാഗങ്ങളുടെ പ്രഭവസ്ഥാനമായ കൊടുങ്ങല്ലൂർകാവും കൊടുങ്ങല്ലൂർ ഭരണിയും കാവുമായി ബന്ധപ്പെട്ട ജാതിവിഭാഗങ്ങളുടെ ജാതിസ്വത്വത്തിന്റെ ഭാഗമായ കൊടുങ്ങല്ലൂർകാവ്, സാമൂഹികപരമായ പാരമ്പര്യങ്ങളെ ഉണ്ടാക്കുന്നതിന്റെ കേന്ദ്രമായി പ്രവർത്തിച്ച കൊടുങ്ങല്ലൂർകാവ്; ജൂത, ക്രിസ്തു, ഇസ്ലാംമതങ്ങൾ കേരള

ത്തിന്റെ സമൂഹനിർമ്മിതിയിൽ പങ്കുവഹിച്ചു എന്ന് തെളിയിക്കുന്ന കൊടുങ്ങല്ലൂർ എന്നിങ്ങനെ കൊടുങ്ങല്ലൂരിന്റെ തനിമയെ പാരമ്പര്യാഖ്യാനങ്ങളിലൂടെ കണ്ടെത്തുന്നതാണ് രണ്ടാംഭാഗം. വർത്തമാനകാലം സ്വന്തം ആവശ്യാനുസരണം പെരുമാളിനെക്കുറിച്ചുള്ള പാരമ്പര്യാഖ്യാനങ്ങളിലൂടെ കണ്ടെത്തുകയും സാംസ്കാരികമായും രാഷ്ട്രീയമായും മറ്റു സ്ഥലങ്ങളിൽനിന്നു വ്യത്യസ്തമായ തനിമ അതിനു നൽകുകയുമാണ് ഉണ്ടായത്. മുസിരിസ് ചർച്ച കേവലമായ ജ്ഞാനോത്പാദനത്തെ ഉദ്ദേശിച്ചുകൊണ്ട് മാത്രമുണ്ടായതല്ല. ഒരു കച്ചവടകേന്ദ്രത്തെ ചരിത്രപ്രക്രിയയിലൂടെ വിശുദ്ധപദവി നല്കി പുതിയ തനിമ അതിനു കൈവരുത്തുകയാണു ചെയ്തത്. അറിവിന്റെ ചരിത്രരചന സമകാലികതയെ മുൻനിർത്തിക്കൊണ്ടേ സാധ്യമാകൂ എന്ന് പാരമ്പര്യത്തിന്റെ പഴമയിൽനിന്നു വർത്തമാനകാലത്തെ സൃഷ്ടിക്കുന്ന പ്രക്രിയയിലൂടെ മനസ്സിലാക്കാം.

തെളിച്ചമുള്ള വ്യാഖ്യാനങ്ങളാണ് പ്രബന്ധത്തിന്റെ ഓരോ ഭാഗത്തിലുമുള്ളത്. അധികാരത്തിന്റെ ഇടപെടലുകളിലൂടെ, കീഴ്ജാതികളുടേതായ കൊടുങ്ങല്ലൂർകാവ് ക്രമേണ ക്ഷേത്രസംസ്കാരം സ്വീകരിക്കപ്പെടുന്നതിലൂടെ, കാവിലെ അവരുടെ പങ്ക് നാമമാത്രമായിത്തീർന്നു എന്നും പുതിയ മുസിരിസ് ചർച്ചയിലൂടെ കൊടുങ്ങല്ലൂരിന്റെ തനിമ കച്ചവടസമൂഹത്തിന്റെ ആവശ്യം നിറവേറ്റുന്ന രീതിയിൽ മറ്റൊന്നായി മാറുന്നുണ്ട് എന്നും സ്ഥാപിക്കുന്നതിലൂടെ കൊടുങ്ങല്ലൂരിന്റെ സംസ്കാരത്തനിമയെക്കുറിച്ചുള്ള കേരളീയന്റെ അവബോധം എങ്ങനെ മാറ്റിമറിക്കപ്പെടുന്നു എന്ന് വ്യക്തമാകുന്നുണ്ട്. എന്നാൽ, ഓരോ ഭാഗത്തിലെയും കണ്ടെത്തലുകളെ മൂന്നാംഭാഗത്തിൽ ഉൾച്ചേർത്ത് സംവാദത്തിലൂടെ സാമ്പ്രദായികചരിത്രം സൃഷ്ടിച്ച അവബോധത്തെ അക്കമിട്ടു നിരത്തുകയും എന്നിട്ടതിനെ ഖണ്ഡിക്കുകയോ പരിഷ്കരിക്കുകയോ ചെയ്ത് പുതിയ കണ്ടെത്തലുകളെ യുക്തിപൂർവം മുന്നോട്ടുവെക്കുകയും ചെയ്യണമായിരുന്നു. അത്തരത്തിലുള്ള ഒരു രീതിയല്ല ഈ പ്രബന്ധത്തിൽ അനുവർത്തിച്ചിട്ടുള്ളത്.

യഥാർത്ഥത്തിൽ ഇങ്ങനെ സംഭവിച്ചത് ഗവേഷണത്തിന്റെ വ്യത്യസ്തതലങ്ങളിൽ സംഭവിച്ച അപാകതമൂലമല്ല; വ്യാഖ്യാനങ്ങളെ പ്രബന്ധമായി അവതരിപ്പിക്കുന്നതിൽ വന്നുകൂടിയതാണ്. സാങ്കേതികമായി പറഞ്ഞാൽ വ്യാഖ്യാനം പ്രബന്ധാവതരണമായി പരാവർത്തനം ചെയ്യുമ്പോൾ സംഭവിച്ച പരിമിതിയാണ്.

ഇനി ഒരുകാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ആമുഖത്തിന്റെ ഒടുവിലായി (0.5) ഇങ്ങനെ പറഞ്ഞിരിക്കുന്നു: അങ്ങനെ കേരളീയാവബോധത്തെക്കുറിച്ചു പഠിച്ചുകൊണ്ട് ഒരു കേരളപഠനമാതൃക അവതരിപ്പിക്കുക എന്നതാണ് ഈ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്. അങ്ങനെയാണെങ്കിൽ ഉപസംഹാരത്തിൽ സൃഷ്ടിച്ച മാതൃക എന്താണെന്ന് ചുരുക്കി വിവരിക്കണമായിരുന്നു. അതുണ്ടായില്ല. ഈ ഒരു ഉദ്ദേശ്യം പൂർണ്ണമായി നിറവേറ്റാൻ

ഈ ഗവേഷണപ്രബന്ധത്തിനു സാധിച്ചതായി കരുതാനും ന്യായമില്ല. കാരണം, കൊടുങ്ങല്ലൂരിനെ സംബന്ധിച്ചിടത്തോളം സാമ്പ്രദായികമായി ചരിത്രത്തിന്റെ ഇടപെടലിലൂടെ ശക്തമായ ഒരു അവബോധം കേരളീയ മനസ്സിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അത് പാരമ്പര്യാഖ്യാനങ്ങളെ സ്വാധീനിച്ചിട്ടുമുണ്ട്. അങ്ങനെ ഒരു ഇടപെടൽ സാധ്യമായത് അതിനുവേണ്ട ഉപാദാനങ്ങൾ നിലവിലുണ്ട് എന്നതുകൊണ്ടാണ്. ഈ ബൃഹത്വ്യാഖ്യാനങ്ങൾക്ക് സമാന്തരമായി പാരമ്പര്യാഖ്യാനങ്ങൾ മറ്റ് ഉപാദാനങ്ങളെക്കാൾ വിപുലമായ രീതിയിൽ ഇന്നും നിലനിൽക്കുന്നുണ്ട്. ഈ ഒരു ചുറ്റുപാടിലാണ് ബൃഹദാഖ്യാനത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട അവബോധത്തെ പരിഷ്കരിക്കുന്ന രീതിയിൽ പാരമ്പര്യാഖ്യാനങ്ങളെ ഉപാദാനങ്ങളായി സ്വീകരിച്ചുകൊണ്ടുള്ള ഒരു പഠനം സാധ്യമാകുന്നത്. കൊടുങ്ങല്ലൂരുമായി സാദൃശ്യമുള്ള മറ്റൊരു പ്രദേശവും കേരളത്തിലില്ല. അതുകൊണ്ടുതന്നെ കൊടുങ്ങല്ലൂരിനെക്കുറിച്ചുള്ള പഠനം മറ്റു കേരളചരിത്രപഠനങ്ങൾക്കു മാതൃകയായിത്തീരാൻ പ്രയാസമാണ്.

## COMPLEMENTING THE BOOKS

## പുസ്തകപൂരണം

കേരളപഠനസംബന്ധമായ പുതിയ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു വായനക്കാരോ ഗ്രന്ഥകർത്താക്കളോ എഴുതുന്ന പൂരണക്കുറിപ്പുകൾ ഈ പംക്തിയിലേക്കു ക്ഷണിക്കുന്നു.

- പത്രാധിപർ



**മലയാളവ്യാകരണം – ചില വീണ്ടുവിചാരങ്ങൾ**

പ്രൊഫ. പി. ടി. ഏബ്രഹാം

കറന്റ് ബുക്സ്
(2006) പുറം 156, വില 110 രൂപ

**വേണുഗോപാലപ്പണിക്കർ**

മലയാളവ്യാകരണസംബന്ധിയായ പഠനങ്ങൾ ഇപ്പോഴും എണ്ണത്തിലും വ്യാപ്തിയിലും കുറവാണ്. പ്രൊഫ. എൻ. രാജശേഖരനുമായിച്ചേർന്ന് ശ്രീ. എൽ. എസ്. രാമയ്യ പ്രസിദ്ധം ചെയ്ത *Malayalam Language and Linguistics* എന്ന ഗ്രന്ഥസൂചി (2001) പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ഈ പുസ്തകം പുറത്തുവന്ന് ഒരു പതിറ്റാണ്ടായിട്ടും സ്ഥിതി ഏറെയൊന്നും മാറിയിട്ടില്ല. തീർച്ചയായും സാമൂഹികഭാഷാശാസ്ത്രപരമായും മറ്റും ഉള്ള പഠനങ്ങൾ ഒട്ടൊക്കെ നടന്നിട്ടുണ്ട്. ചരിത്രപരവും താരതമ്യപരവുമായ പഠനങ്ങളും ഉണ്ട്. സൈബർയുഗത്തിലേക്ക് മലയാളഭാഷയെ പാകപ്പെടുത്താനുള്ള ശ്രമങ്ങളും തകൃതിയായി നടക്കുന്നു. വ്യാകരണപഠനങ്ങളാണു കുറവ്. തനി വ്യാകരണത്തിൽ പുതിയ മട്ടിൽ പഠിച്ചു വന്നവർ ഏറെ ശ്രദ്ധിക്കുന്നില്ല. പഴയ വ്യാകരണം പഠിച്ചു വന്നവരാകട്ടെ ഗതാനുഗതികത്വത്തിന്റെ ചാലിൽ കുരുങ്ങിക്കിടക്കുകയും. ഈ നിലയിൽ ആണ് ആധുനികഭാഷാശാസ്ത്രനിഷ്ണാതനായ പ്രൊഫസർ പി. ടി. ഏബ്രഹാമിന്റെ ഈ പുതിയ പുസ്തകം സംഗതമാകുന്നത്.

അന്യസ്വാധീനങ്ങൾ എത്രതന്നെ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇന്ത്യൻ പാരമ്പര്യം വിടാത്ത കൃതികളാണല്ലോ *കേരളപാണിനീയ*വും *മലയാഴ്മയുടെ വ്യാകരണ*വും. ഈ നിലയ്ക്ക് ഈ കൃതികളിൽ ഉന്നയിച്ച വ്യാകരണപ്രശ്നങ്ങൾ സാമ്പ്രദായികതയ്ക്ക് ഉന്നയിക്കാൻ കഴിഞ്ഞവതന്നെ. നമ്മുടെ ഈ തറവാട്ടുമുതൽ എല്ലാം പഴമയുടെ പതിരെന്ന് ഒറ്റത്താപ്പിൽ അളന്നുമറിച്ചുകളയാതെ ചിലതിനിയുമുണ്ടോ എന്നു ചികഞ്ഞുനോക്കുകയും കൊള്ളാവുന്നവ കൊണ്ടുകൊണ്ട് പുതിയ അറിവിന്റെ വെളിച്ചത്തിൽ പുഷ്ടിപ്പെടുത്തുകയും ചെയ്യുകയാണ് ഏബ്രഹാം ചെയ്യുന്നത്. ഒപ്പം അദ്ദേഹം പുതിയ ചോദ്യങ്ങൾ ചോദിച്ച് പുതിയ ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. പണ്ടേ ഉന്നയിച്ച പ്രശ്നങ്ങൾക്കു കൂടുതൽ തൃപ്തികരമായ ഉത്തരം നൽകാൻ കഴിയുന്നത് പുതിയ അറിവിന്റെ സാധൂകരണമാണ്. പുതിയ ചോദ്യങ്ങൾ ചോദിക്കുന്നത് അതിന്റെ നിലനില്പിന് ആവശ്യവുമാണ്.

പുതിയ കാഴ്ചപ്പാടു സ്വീകരിക്കുന്നവർ എടുത്തുപറയുന്ന പലതും പഴയ വ്യാകരണകൃതികളിൽ നിലീനമായിട്ടുണ്ട് എന്ന് പ്രൊഫ. ഏബ്രഹാം കണ്ടെത്തുന്നത് പ്രയോജനമുള്ള കാഴ്ചയാണ്. അങ്ങനെ ഈ നിരൂപണം ഗതാനുഗതികപാണ്ഡിത്യത്തിന് എത്തിപ്പെടാൻ ആകാത്ത ആഴങ്ങളിൽ എത്തിച്ചേരുന്നു. പഴയ വ്യാകരണകൃതികളുടെ സാക്ഷത്തായ മൂല്യം നമുക്ക് അനുഭവപ്പെടുത്തുന്നു. രൂപസൃഷ്ടിവിഷയകമായ വിഭക്തിയും പ്രയോജകവും മറ്റും വാക്യവിഷയവും കൂടിയാണെന്ന് പഴയ വ്യാകരണകാരന്മാർ അറിഞ്ഞിരുന്നു. പഴയ വ്യാകരണകൃതികളെ നിരൂപണദൃഷ്ട്യാ വിലയിരുത്തുമ്പോൾ വാക്യരചനാതത്ത്വങ്ങളെ ആശ്രയിക്കേണ്ടതുണ്ട് എന്ന് ഏബ്രഹാം നമ്മെ ബോധ്യപ്പെടുത്തുന്നു.

ആധാരിക ഏതെല്ലാം തരമുണ്ട്? ഗതി ചേർന്ന ആധാരികയ്ക്ക് അർഥപരമായും വാക്യരചനാപരമായും എന്തു മാറ്റം വരുന്നു? സംബന്ധികയും ആധാരികാഭാസം എന്നു വിളിച്ചുവരുന്ന ദേശകാലസംബന്ധികയും തമ്മിലുള്ള പൊരുത്തം എന്താണ്? നാമഭേദകങ്ങളുടെ പ്രക്രിയാവിശേഷതകൾ എന്തെല്ലാം? പേരെച്ചത്തിൽ ഉള്ളടക്കാവുന്ന കാരകബന്ധങ്ങൾ ഏവ? കാരകബന്ധങ്ങളെ ഉപവിഭാഗങ്ങളായി പിരിക്കാമോ? സംയോഗധാതുക്കളുടെയും അവയുടെ നിഷേധങ്ങളുടെയും ധർമ്മങ്ങൾ എന്തൊക്കെ? പ്രയോജകപ്രകൃതിസൃഷ്ടിയുടെ രൂപപരവും വാക്യപരവും അർഥപരവുമായ സ്വഭാവങ്ങൾ എന്തെല്ലാം? ഇങ്ങനെ മൗലികമായ പ്രശ്നങ്ങളാണ് ഈ ചെറുകൃതിയിലെ ആറു ലേഖനങ്ങളിൽ ഉൾക്കൊള്ളുന്നത്. നമ്മുടെ വ്യാകരണചിന്തയ്ക്ക് ഗണ്യമായി മുതൽകൂട്ടുന്ന ഈ കൃതി പരപ്പല്ല കാര്യം എന്ന് ഒന്നുകൂടി നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രതിപാദനം സാങ്കേതികകാലുഷ്യമില്ലാതെ സാധിക്കുന്നു എന്നതും നേട്ടംതന്നെ.

പ്രൊഫ. ഏബ്രഹാം ഇത്തരം ഒരു അന്വേഷണം നടത്താൻ എല്ലാ നിലയ്ക്കും കഴിവുറ്റ ആളാണ്. വാക്യരചനാതത്ത്വങ്ങളിൽ

സൈദ്ധാന്തികപരിശീലനം നേടിയ ഇദ്ദേഹം മലയാളവാക്യരചന സവിശേഷ പഠനമേഖലയായി തെരഞ്ഞെടുത്ത ആളാണ്. ഇന്ത്യയിലെ വടക്കുകിഴക്കൻമേഖലയിലെ ആദിവാസിഭാഷകളിൽ ഗവേഷണപരിചയം, ഹിന്ദി, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ സാമാന്യപരിചയം ഇവയും ഈ ഭാഷാശാസ്ത്രകാരൻ നേടിയിട്ടുണ്ട്.

സൂക്ഷ്മവായന ആവശ്യപ്പെടുന്ന ഈ പുസ്തകം ചർച്ചകളിലൂടെയാണ് സാഫല്യം നേടുന്നത്. താഴെ അക്കമിട്ടു കുറിക്കുന്ന സംശയങ്ങൾ അതിനുള്ള തുടക്കമാകട്ടെ.

(1) ഒന്നാം ലേഖനത്തിൽ –ഇൽ പ്രത്യയത്തിനുമേൽ *വരെ* എന്ന ഗതി വരികയില്ലെന്ന്

7 (i) *ഗോപി കവലയിൽവരെ നടന്നു.

എന്ന വ്യാകരണസാധുത ഇല്ലാത്ത വാക്യം ഉദാഹരിച്ചു സമർഥിക്കുന്നു. ചലനക്രിയകൾ അല്ലെങ്കിൽ ആ സാധ്യതയും ഉണ്ടെന്നതാണു വസ്തുത.

കർപ്പൂരത്തി*ൽവരെ* ഇപ്പോൾ മായം ഉണ്ട്.
എന്റെ വാക്കി*ൽവരെ* ചതി ഉണ്ടോ?
ദൈവത്തിന്റെ നന്മയി*ൽവരെ* നീ അവിശ്വസിക്കുന്നു!

(2) അതേ ലേഖനത്തിൽ –(അ)ത്ത് ചേരുന്ന ആധാരികകൾ ദേശാർഥകമായ പദങ്ങളോടു ചേരുമ്പോഴേ ദേശാർഥം തരൂ എന്നും *കാറ്റത്ത്* 'കാറ്റുള്ള ഇടത്തിൽ' അല്ല 'സമയത്ത്' ആണ് എന്നും സമർഥിക്കുന്നു. *നിലാവത്ത്, വെയിലത്ത്* തുടങ്ങിയവയും ഇങ്ങനെതന്നെ എന്നു വാദിക്കുന്നു.

*ഇരുട്ടത്തുനിന്നു* മാറി *വെളിച്ചത്തു* വരിക.
*നിലാവത്ത്* അഴിച്ചുവിട്ട കോഴി

ഇവയിലൊക്കെ ദേശാർഥമല്ലേ തോന്നൂ? ഏബ്രഹാമിന്റെ ഉദാഹരണത്തിൽ കാലാർഥം മാത്രം സ്ഫുരിക്കുന്നു എന്നതു ശരിതന്നെ.

18. കായലിൽവച്ച് കാറ്റത്ത് വഞ്ചി ഉലഞ്ഞു.

എവിടെയാണ് വഞ്ചി എന്നു വാക്യത്തിൽ പറയുന്നതുകൊണ്ടല്ലേ ദേശാർഥമില്ലാതെ കാലാർഥനിയമനം ('കാറ്റുള്ളപ്പോൾ' എന്നത്) സാധിക്കുന്നത്? വ്യാകരണമനുവദിക്കുന്ന സാധ്യതകളിൽനിന്ന് പ്രകരണനിർധാരണം (pragmatic filter) വഴി ഈ അർഥനിയമനം സിദ്ധിക്കുന്നു.

(3) പുറ-ആധാരികകൾ ഉള്ള വാക്യത്തെ വിനയെച്ചരൂപങ്ങൾ ഉപയോഗിച്ചു പരാവർത്തനം ചെയ്യാം എന്നും

28. അവൻ പറമ്പിൽവെച്ച് ഒരു കടുവയെക്കണ്ടു.

എന്നത് അവൻ പറമ്പിൽ ആയിരിക്കെ... എന്നതിനോട് തുല്യാർഥമാണെന്നും വന്നാൽ ഈ ഗതി, ക്രിയാത്വത്തിൽനിന്നു മുഴുവനായി വിട്ടുവന്നിട്ടില്ലെന്നുകൂടി കരുതേണ്ടിവരുമോ? എങ്കിൽ വാക്യം 28 സങ്കീർണവാക്യമായും വ്യാഖ്യാനിക്കാമോ?

(4) "കുളത്തിലേക്ക്" എന്നും മറ്റുമുള്ള ദ്വിവിഭക്തിരൂപങ്ങളെപ്പറ്റി ഒന്നാമധ്യായത്തിൽ വിശദീകരിക്കുമ്പോൾ അത് ഉദ്ദേശ്യ-ദിശാഭാവം കാണിക്കുന്നതായി ഏബ്രഹാം വിശദീകരിക്കുന്നു. "കുളത്തിൽ വീണ കല്ല്" അധികരണത്തിൽ എത്തിയതിനാൽ *സിദ്ധാധികരണ*മാണ് — "വീഴുന്ന കല്ല്" എന്നു വർത്തമാനമായാൽപ്പോലും. എന്നാൽ "കുളത്തിലേക്കു വീണ കല്ല്" അവിടെ എത്താതിരിക്കാം. അതിനാൽ അധികരണം സാധ്യംമാത്രം — *സാധ്യാധികരണം*. ഇങ്ങനെയല്ലേ വ്യാവർത്തിപ്പിക്കേണ്ടത്?

(5) ആധാരികയും ഉദ്ദേശികയും മാറിവരാവുന്ന ചില ഉദാഹരണങ്ങൾ ഏബ്രഹാം നൽകുന്നു. ഇവിടെ അർഥഭേദമില്ലെന്നും പറയുന്നു. 'അർഥം' എന്നാൽ 'ഭൗതികസംഭവം' എന്നാണോ ഉദ്ദേശ്യം? ഒരേ സംഭവത്തെ വ്യത്യസ്തമായ കാഴ്ചപ്പാടിൽ കാണുകയാൽ കാരകബന്ധവും അതുവഴി വിഭക്തിരൂപവും മാറുന്നു എന്നല്ലേ പറയേണ്ടത്.

75. (i) അവൾ കറിയിൽ ഉപ്പ് ഒഴിച്ചു.
(ii) അവൾ കറിക്ക് ഉപ്പ് ഒഴിച്ചു.

എന്നതു രണ്ടും തുല്യാർഥകമാണെങ്കിൽ

രാമൻ സീതയുടെ *കൈയിൽ* പിടിച്ചു — അധികരണം
രാമൻ സീതയുടെ *കൈക്കു* പിടിച്ചു — ഉദ്ദേശിക
രാമൻ സീതയുടെ *കൈ* പിടിച്ചു — പ്രതിഗ്രാഹിക

ഇവയെല്ലാം തുല്യാർഥകമാകുമോ? വാക്യപരമായ നിർധാരണസാധ്യത (അതല്ലേ "വിവക്ഷ"?) അനുസരിച്ച് കാരകം ഏതെന്നു തെരഞ്ഞെടുക്കാമെന്നും അതതുകാരകത്തിന് അതതുവിഭക്തിരൂപം വരും എന്നുമാണോ പറയേണ്ടത്?

(6) നാമഭേദകങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന മൂന്നാം അധ്യായത്തിൽ വല്ല... ഉം, മിക്ക... ഉം, എല്ലാ... ഉം ഇവയെപ്പറ്റി വിശദമാക്കുന്നുണ്ട്. വാസ്തവത്തിൽ സകല... ഉം എന്നും പല... ഉം എന്ന് ഉം ചേർത്തടുക്കയും അപൂർവമായി അതു ലോപിച്ചും വരും എന്നു പറയുകയുമല്ലേ വേണ്ടത്?

പല ആളുകളും വന്നു.
പല ആളുകളെയും വിളിച്ചു.

പല ആളുകൾക്കും കൊടുത്തു.
പല ആളുകളോടും പറഞ്ഞു.
പല ആളുകളെക്കൊണ്ടും പറയിച്ചു.
പല ആളുകളുടെയും വാക്കു കേട്ടു.
പല ആളുകളെക്കാളും അയാൾ മെച്ചമാണ്.

(7) (a) നാമഭേദകങ്ങളായി കല്പിച്ച ചിലതിനെപ്പറ്റിയാണ് ഇനിയൊരു സംശയം. അഗണനീയ-പരിണാമ-ഭേദകം എന്ന വകുപ്പിൽപ്പെടുത്തിയ ചിലതു നാമത്വമുള്ളവയല്ലേ?

സ്വല്പം സ്വല്പമായി പകർന്നു.
അല്പമായ ഈ കാണിക്ക
ഇത്തിരിക്ക് ഒരു ആശ്വാസം
ഇത്തിരിയോളം ബുദ്ധി

(b) ചിലതിന്റെ സാന്നിധ്യം വിശേഷ്യത്തിന്റെ അർഥസ്വഭാവമാണ്. ദ്രവവസ്തുക്കളേ ഇറ്റുകയുള്ളൂ എന്നതിനാൽ ഇറ്റ് ഇറ്റുന്നവയുടെ വിശേഷണമായേ വരൂ.

ഇറ്റു കഞ്ഞി, വെള്ളം, കണ്ണീർ, തേൻ . . . ദ്രവത്വം ആരോപിക്കുകവഴി "ഇറ്റു കനിവ്, സ്നേഹം. . ." എന്നിങ്ങനെയും.

കുറേ (<കുറയവേ < കുറയ – ഏ) കുറച്ച് അല്ല, 'ഏറെ' ആണ്. വിപരീതലക്ഷണയുടെ പ്രവൃത്തി. കോശാർഥത്തിൽ ഭാഷാചരിത്രം ഇടപെടുന്നു.

(8) നാമഭേദകങ്ങളുടെ വിശദീകരണത്തിനിടയ്ക്ക് *വെള്ള* ഭേദകമാണെന്നു പറയുന്നു. എന്നാൽ *വെളുത്തതാമര*യിൽ ഇല്ലാത്ത തകാരദ്വിത്വം എന്താണ് വെള്ളത്താമരയിൽ? കൂടാതെ,

ഇതു വെള്ളയാണ്, കറുത്തതല്ല

എന്നും മറ്റും വെളിവാക്കുന്നത് വെള്ള = വെളുത്തത് എന്നല്ലേ? അതുകൊണ്ട് *വെള്ള*, *പച്ച*, *നീല*, *മഞ്ഞ* ഇവയൊക്കെ *ചീത്ത*പോലെ നാമത്വം ആവഹിക്കുന്നവയാണ് എന്നു സങ്കല്പിക്കേണ്ടേ?

(9) പേരെച്ചത്തിന്റെ കാലഭേദത്തെപ്പറ്റി പ്രതിപാദിക്കുന്നതിനിടയ്ക്ക് (അധ്യായം 4, നാമാധേയങ്ങൾ) കാലാർഥകമായ *ഓടിയപ്പോൾ*, ഓടുമ്പോൾ പോലെ **ഓടുന്നപ്പോൾ* ഇല്ല എന്ന വസ്തുത ഓർക്കേണ്ടിയിരുന്നുവെന്നു തോന്നുന്നു. വർത്തമാനവും ഭാവിയാൽ കുറിക്കുന്ന സ്ഥിതി. ഈ പഴയ സ്ഥിതിമൂലമാണ് *വരുംകാലം*, *പോകുംനേരം* എന്നീ സിദ്ധമായ ചേരുവകളിൽ അപാകത തോന്നാത്തപ്പോൾ *വേണും ദിക്ക്*, *കാണും വസ്തു*, *അപേക്ഷിക്കേണ്ടും മേൽവിലാസം* ഇവയിൽ പഴക്കം ചുവയ്ക്കുന്നത്.

(10) പേരെച്ചസമാസങ്ങളെന്നു വിളിച്ചവയെപ്പറ്റിയും ചില വിപ്രതിപത്തികൾ ഉണ്ട്. *പെറ്റ അമ്മ, പിറന്ന നാൾ* ഇവ വാമൊഴിയിൽക്കൂടിയാണ് പേരെച്ചത്തിന്റെ അകാരം പോയി സമസ്തരൂപത്തിലായത്. എന്നാൽ *വാട്ടിയ കപ്പ* സമാസിച്ച് *വാട്ടുകപ്പ*യാകുന്നത് അവ്വിധമല്ല. *മുറിഞ്ഞ അരി മുറിയരി* ആകുംമട്ടിൽ ധാതുപൂർവസമാസങ്ങൾ മറ്റൊരു വകയാണ്. ആ വകുപ്പിന് അത്രയൊന്നും പ്രത്യുൽപാദനശേഷിയില്ലെങ്കിലും സിദ്ധമായ പഴയ സമസ്തപദങ്ങൾ ഏറെയുണ്ട്. *നീൾമിഴി, കുടിനീർ, കുളിർനിലാവ്, എരിതീ, ഉതിർമണി, വെട്ടുവഴി... പുഴുക്കൽ, ഉണക്കൽ* ഇവയിൽനിന്നാണ് *പുഴുക്കലരി, ഉണക്കമീൻ* (വെറുതെ *ഉണക്കൽ* എന്നും) ഇവ. പേരെച്ചവുമായി ബന്ധമില്ല. നിഷേധപേരെച്ചത്തിൽനിന്നാണ് *കെടാവിളക്ക്, വീടാക്കടം, കീറാമുട്ടി, ഉണ്ണാവ്രതം, കാണാമറയത്ത്, തീരാദുഃഖം...* മുതലയാവ. കാലത്തിന്റെ രൂപിമസ്ഥാനത്താണ് നിഷേധം കാണിക്കുന്ന - ആ - എന്ന പ്രത്യയത്തിന്റെ നില്പ്.

(11) (a) കേരളപാണിനീയത്തിലെ കർമ്മയോഗം എന്ന ഉപാധിയെ ഏബ്രഹാം പ്രയോജകത്തിൽ അന്തർഭവിപ്പിക്കുന്നു (അധ്യായം -6). എന്നാൽ "പ്രയോജകീകരണഫലമായി അകർമ്മകങ്ങൾ പ്രയോജകമായിച്ചമഞ്ഞു പ്രജനിക്കുന്ന സമകർമ്മകങ്ങൾ ഒരു പ്രത്യേകവിഭാഗമാണെന്ന് അദ്ദേഹത്തിനു സമ്മതിക്കേണ്ടിയും വരുന്നു (പു. 132), കേരളപാണിനി രൂപസൃഷ്ടിയുടെ പക്ഷത്തുനിന്നു തിരസ്കരിക്കയും വാക്യരചനാപക്ഷത്തുനിന്നു സ്വീകരിക്കാൻ ഒട്ടൊന്ന് ആലോചിക്കയും ചെയ്ത ദിക്കിലേക്കാണ് ഏബ്രഹാം എത്തിച്ചേർന്നതെന്നു സാരം!

(b) ആട്ടുന്നു (തൊട്ടിൽ ആട്ടുന്നു) - ആടിക്കുന്നു (ദാസിയെ നൃത്തം ആടിക്കുന്നു) എന്ന തരം പദരൂപപരവും വാക്യപരവുമായ വ്യാവർത്തനം വിശദീകരിക്കാൻ കേരളപാണിനി അചേതന-ചേതനവ്യാവർത്തനം പ്രയോജ്യനിൽ ആരോപിക്കുന്നു. ഏബ്രഹാം നിർദ്ദേശിക്കുന്ന വ്യാവർത്തനം പ്രയോജ്യകർത്താവിനോ പ്രയോജകകർത്താവിനോ പ്രാധാന്യം ലഭിക്കുന്നതെന്നതിന്റെ അടിസ്ഥാനത്തിലാണ്. രസകരമായ വസ്തുത, കേരളപാണിനീയത്തിൽ ഒരിടത്ത് ഈ വീക്ഷണത്തിന്റെ അടുത്തുവരെ വരുന്നു എന്നതാണ്. പ്രയോജകരൂപത്തിൽ വരുന്ന ക്രിയയുടെ ഫലോപഭോക്താവായി ആരെ കല്പിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വ്യാവർത്തനം സംഗതമാണെന്ന് കാരിക 85-ന്റെ വിവരണത്തിൽ കാണാം.

(c) നീക്കിപ്പിക്കുക, മുക്കിപ്പിക്കുക, ആട്ടിപ്പിക്കുക, കുളിപ്പിപ്പിക്കുക, കേൾപ്പിപ്പിക്കുക... എന്നിങ്ങനെ ഇരട്ടിപ്പടിരൂപങ്ങൾ ഏബ്രഹാം അനുവദിക്കുന്നു. ഇവ പറഞ്ഞും എഴുതിയും കാണാറുണ്ടെന്നതു ശരി

യാണെങ്കിലും കേരളപാണിനി പറഞ്ഞതുപോലെ അനാവശ്യകംത ന്നെയല്ലേ? *ചെയ്യിച്ചു* തന്നെയല്ലേ *ചെയ്യിപ്പിച്ചു*? -ഇ-അകാരിതത്തിൽ -പ്പി-കാരിതത്തിൽ- ഇവ രണ്ടും ചേർന്നാൽ പിന്നെയുള്ള രൂപ സൃഷ്ടി (-ഇപ്പി-, -പ്പിപ്പി-) വ്യർഥംതന്നെയാണ്.

19 (ii) വൈദ്യൻ അവളെക്കൊണ്ട് കുട്ടിയെ നടത്തിപ്പിച്ചു
എന്ന വാക്യവും

വൈദ്യൻ അവളെക്കൊണ്ട് കുട്ടിയെ നടത്തിച്ചു എന്ന വാക്യവും തമ്മിൽ എന്തു വ്യത്യാസം?

പോലീസുകാർ കള്ളനെക്കൊണ്ടു സത്യം പറയിക്കും.
പോലീസുകാർ കള്ളനെക്കൊണ്ടു സത്യം പറയിപ്പിക്കും.

ഇവ തമ്മിൽ വ്യത്യാസമെന്ത്?

(12) വ്യാകരണസാധുത ഇല്ലാത്തതായി ഏബ്രഹാം വിധിക്കുന്ന പ്രത്യുദാഹരണങ്ങൾ സന്ദർഭത്തിന് ഇണങ്ങുന്ന പ്രത്യുദാഹരണ ങ്ങൾ തന്നെ. എന്നാൽ മറ്റു ചില സന്ദർഭങ്ങളിൽ അവ വ്യാകരണ സാധുക്കളാകുന്നില്ല എന്നു സംശയം തോന്നുന്നു. മൂന്നാമധ്യായ ത്തിൽ

31 (i) വലിയ കുട

ഇതിന്റെ നിഷേധം

31 (i) ചെറിയ കുട

ശരിതന്നെ. എന്നാൽ വലുതു-ചെറുതുകൾക്കു മധ്യേ വലുതല്ലാത്തതും ചെറുതല്ലാത്തതും നിലകൊള്ളുന്നു.

അത്ര വലുതല്ലാത്ത തെറ്റുകൾ ക്ഷമിച്ചേക്കൂ.
ചെറുതല്ലാത്ത ശമ്പളം വാങ്ങുന്നവർ

എന്നൊക്കെ വ്യാകരണസാധുവായ വാക്യങ്ങളും വാക്യഭാഗങ്ങളും ഉണ്ട ല്ലോ.

ഇത്രയും വിസ്തരിച്ച് സന്ദേഹചർച്ച നടത്താൻ കാരണം ഈ കൃതി അത്രമേൽ ശ്രദ്ധയും താല്പര്യവും ആവശ്യപ്പെടുന്ന ഒന്നാണ് എന്നതുതന്നെ. ഇതിലെ ലേഖനങ്ങൾ ഓരോന്നും ഓരോ മോണോഗ്രാഫ് ആണ്. ഓരോന്നും ഇതുവരെയുള്ള മുഖ്യപഠനങ്ങൾ സമാഹരിച്ചും പ്രതി സംസ്കരിച്ചും നീങ്ങുന്നു. സമഗ്രതയാണു ലക്ഷ്യം. ആവർത്തിച്ചുള്ള ചർവണയും മനനവും അർഹിക്കുന്ന കൃതിയാണിത് — A book to be chewed and digested.

താപസം
TAPASAM
A Quarterly Journal for
**Kerala Studies**
in Malayalam - English

## അടുത്ത ലക്കത്തിൽ

**ഏഴാം വാല്യം, മൂന്ന്- നാല് ലക്കങ്ങൾ**

| | |
|---|---|
| **Albrecht Frenz** | The Protestant Mission in South India: Gundert's Work in Kerala |
| **സി. ആദർശ്** | കൊടുങ്ങല്ലൂരും ആരാധനാസമൂഹങ്ങളും |
| **എൻ. അജയകുമാർ** | മാരാരുടെ സാഹിത്യചിന്ത |
| വേണുഗോപാലപ്പണിക്കർ | പ്രാതിശാഖ്യപാരമ്പര്യവും തൊൽകാപ്പിയവും |
| **കെ. വി. ശശി** | ഇരുളിൽ തൊട്ട വെളിച്ചത്തിന്റെ പൊട്ട് വൈലോപ്പിള്ളിക്കവിത വിമർശനങ്ങളിലൂടെ |
| M. G. S. Narayanan | The Arabian Sea and the Cultural Personality of Kerala |
| **സജിത കെ. ആർ.** | ഉണ്ണിയാർച്ച: പ്രതിനിധാനത്തിന്റെ പ്രശ്നങ്ങൾ |
| ***രേഖാശേഖരത്തിൽനിന്ന്*** | |
| **വേണുഗോപാലപ്പണിക്കർ** | സുകുമാരിയുടെ ദീനം<br>പ്രൊഫ. എൽ. വി. രാമസ്വാമിഅയ്യർ |
| ***ഗവേഷണരംഗം*** | നസ്രാണിസഭയുടെ മലയാളരേഖാപാരമ്പര്യം പടിയോലകൾ മുൻനിർത്തിയുള്ള പഠനം<br>അഡ്വ. പി.സി. മാത്യു /ഡോ. സ്കറിയാ സക്കറിയ |
| ***പുസ്തകപൂരണം*** | |
| **സ്കറിയാ സക്കറിയ** | ഗവേഷണപഠനത്തിന്റെ സന്മാതൃകകൾ<br>/എഡി. കെ.വി. ശശി |

**ഇഷ്യൂ എഡിറ്റർ: എൻ. അജയകുമാർ**

NATIONAL INSTITUTE OF SCIENCE COMMUNICATION AND INFORMATION RESOURCES
(Council of Scientific and Industrial Research)
14, Satsang Vihar Marg, New Delhi 110 067 &
Dr. K. S. Krishnan Marg (Near Pusa Gate) -110 012

**Ms. V. V. Lakshmi, Head, National Science Library**
**Phone:91-11-2686 3759**
E-mail: vvlakshmi@niscair.res.in websiute:www.niscair.res.in

NSL/ISSN/INF/2011 Date: 27.10.2011

Dr. Scaria Zacharia
Secretary Association for Comparative Studies
Karikkampally, Perunna, Changanassery

Dear Sir/ Madam,

We are happy to inform you that the following serial(s) published by you has been registered and assigned ISSN (Print)

ISSN 2249-9873 Tapasam

It is important that the ISSN should be printed on every issue preferably at the right hand top corner of the cover page.

The Indian National Centre will be responsible for monitoring the use of ISSN assigned to Indian Serials and for supplying up to-date data of the same to the International Centre for ISSN, Paris. For this purpose we request you to send us the forth coming issue of your serial on complimentary basis.

We solicit your co-operation in this regard.

Yours sincerely,

(V.V. Lakshmi)
Head
National Science Library

Please don't forget to send a sample issue of the journal/URL with ISSN printed on it.
Contact : Ms. Shobhna Vij
e-mail : issn.india@niscair.res.in phone : 011-26516672

## താപസത്തിന്റെ പുസ്തകങ്ങൾ

1. *മൊഴിവഴികൾ* - ഡോ. കെ. എം. പ്രഭാകരവാരിയർ Rs.90/-
2. *കേരളത്തിലെ ബുദ്ധമതപാരമ്പര്യം നാട്ടറിവുകളിലൂടെ*
   - ഡോ. അജു നാരായണൻ Rs.150/-
3. *അഞ്ഞൂറുവർഷത്തെ കേരളം* (മൂന്നാം പതിപ്പ് അച്ചടിയിൽ)
   എഡി: വി. ജെ. വർഗീസ്, ഡോ.എൻ. വിജയമോഹനൻ പിള്ള
4. *മലയാളത്തിലെ നാമവർഗം*
   - കെ. ശ്രീകുമാരി Rs.75/-
5. *എടനാടൻ പാട്ട്* - കെ. ആർ. സജിത Rs.50/-
6. *അഞ്ചടി, ജ്ഞാനപ്പാന, ഓണപ്പാട്ട്*
   - എഡി: മനോജ് കുറൂർ Rs.35/-
7. *തർജമ സിദ്ധാന്തവും പ്രയോഗവും*

താപസം പ്രസിദ്ധീകരണങ്ങളുടെ പൊതുവിതരണം
കറന്റ് ബുക്സ് കോട്ടയവും ശാഖകളും

## താപസത്തിന്റെ പുതിയ പുസ്തകം

**ഡോ. എൻ. കെ. മേരിയുടെ**

**മലയാളവ്യാകരണസിദ്ധാന്തങ്ങൾ**
**കേരളപാണിനീയത്തിനുശേഷം**

മലയാളവ്യാകരണം പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ഗവേഷകർക്കും വിജ്ഞാനകുതുകികളായ വായനക്കാർക്കും വിലപ്പെട്ട ഗ്രന്ഥം. കൃത്യമായ വിവരങ്ങൾ ലളിതമായ ശൈലിയിൽ ചിട്ടയായി വിവരിക്കുന്ന കൈപ്പുസ്തകം. വിപുലമായ വായനയുടെയും വിശദമായ അന്വേഷണത്തിന്റെയും ശ്രദ്ധാപൂർവ്വമായ അധ്യാപനത്തിന്റെയും ക്രമമായ ഗവേഷണത്തിന്റെയും സദ്ഫലം.

## NOTES ON CONTRIBUTORS

**Dr Dileepkumar K.V.**

Associate Professor, Department of Malayalam
Sree Sankaracharya University of Sanskrit, Kalady.

**Dr T. B. Venugopala Panicker**.

UGC Emeritus Fellow, Department of Malayalam
University of Calicut.

**Dr P. T. Abraham**

Language Researcher*, Formerly* Head, Department of Tribal Studies, Rajiv Gandhi Central University; Director, Arunachal Institute of Tribal Studies

**Dr Scaria Zacharia**

*Formerly* Professor & Head, Department of Malayalam, Sree Sankaracharya University of Sanskrit, Kalady - 683574
*Currently* Visiting Professor, School of Letters, Mahatma Gandhi University, Kottayam, Kerala.

**P. Sreekumar**

Assistant Professor, Department of Dravidian and Computational Linguistics, Dravidian University, Kuppam, Chittoor, Andhra Pradesh

**Mohamed Shafeeq K**

Mohamed Shafeeq K. submitted his PhD Dissertation with the Dept. of Cultural Studies, EFL U, Hyderabad. Shafeeq has published on music, football and minority politics.